PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

Second Session—1955

Saturday, the 28th March 1955.

Vol. XIII] **OFFICIAL REPORT** **[No. 7.**

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Saturday, the 28th March, 1955 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

ശ്രീ. എൻ. ജി. ചാക്കോ: സർ, പ്രാദേശികാവശ്യങ്ങളെ അടിസ്ഥാനമാക്കി ധാരാളം അൺസ്റ്റാർഡ് ക്വസ്റ്റ്യൻസ് അയച്ചിരുന്നു. അതൊന്നുംതന്നെ ഈ ലിസ്റ്റിൽ കാണുന്നില്ല. അതിനു കാരണമെന്താണെന്ന് അറിഞ്ഞാൽക്കൊള്ളാം.

Mr. Speaker: I will tell you later.

ഗ്രന്ഥശാലാസംഘത്തിനു വിട്ടുകൊടുത്തിരിക്കുന്ന സ്ഥലം.

*129. [1] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാ സംഘത്തിന്റെ ഉപയോഗത്തിനുവേണ്ടി ഇപ്പോൾ വിട്ടുകൊടുത്തിരിക്കുന്ന സ്ഥലം സംഘത്തിന്റെ ആവശ്യത്തിനു തീരെ പോരാത്തതാണെന്നു കാണിച്ച് വല്ല പരാതിയും കിട്ടിയിട്ടുണ്ടോ;

(ബി) ഈ രാജ്യത്തെ ഗ്രന്ഥശാലാ പ്രവർത്തനത്തിനു മുഴുവൻ നേതൃത്വം കൊടുക്കുന്ന കേന്ദ്രസ്ഥാപനമായ സംഘത്തിന്റെ ആവശ്യത്തിലേയ്ക്ക് കൂടുതൽ സൗകര്യപ്രദമായ ഒരു കെട്ടിടം നൽകുവാൻ ഗവണ്മെന്റ് തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാ സംഘത്തിന്റെ ഉപയോഗത്തിനുവേണ്ടി ഇപ്പോൾ വിട്ടുകൊടുത്തിരിക്കുന്ന സ്ഥലം സംഘത്തിന്റെ ആവശ്യത്തിനു തീരെ പോരാത്തതാണെന്നു കാണിച്ച് പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഇതിനെപ്പററി പര്യാലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കൃഷ്ണപിള്ള : പരാതികിട്ടിയതു് എന്നാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഏഴ്, എട്ട് മാസത്തിനു മുൻപാണ്.

ശ്രീ. കെ. കൃഷ്ണപിള്ള : ഇതിനകം എന്തു നടപടികളാണ് എടുത്തിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതിനകം നടപടികൾ എടുത്തിട്ടുള്ളതായി കാണുന്നില്ല. ഇതിലേയ്ക്കു് വേറെ സ്ഥലം എടുക്കാൻ സാധിക്കുമോ എന്നു നോക്കാൻ ചീഫ് ഇൻജിനീയരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : ഇതു തീരുമാനിക്കാൻ എത്ര കാലതാമസം വരും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കഴിയുന്നതും വേഗം തീരുമാനം ഉണ്ടാക്കാനാണ് ആലോചിക്കുന്നതു്.

പത്രപ്രതിനിധികൾ.

* 130. [2] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഗവണ്മെൻറംഗീകാരം സിദ്ധിച്ച എത്ര പത്രപ്രതിനിധികൾ ഉണ്ട്;

(ബി) ഏതു വ്യവസ്ഥയിലാണ് അവക്ക് അംഗീകാരം കൊടുത്തിട്ടുള്ളതു്;

(സി) ഈ കാര്യത്തിൽ പ്രസ്സ് അഡ്വൈസററി ബോർഡിന്റെ നിർദ്ദേശം സ്വീകരിക്കാറുണ്ടോ;

(ഡി) പത്രപ്രതിനിധികൾക്ക് എന്തെല്ലാം സൗകര്യങ്ങൾ അനുവദിച്ചുകൊടുത്തിട്ടുണ്ട്;

(ഇ) വിശേഷാൽ സംഭവങ്ങൾ റിപ്പോർട്ടുചെയ്യുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തിരുവനന്തപുരത്ത് ഗവണ്മെൻറംഗീകാരം സിദ്ധിച്ച 39 പത്രപ്രതിനിധികൾ ഉണ്ട്.

(ബി) ഈ പ്രതിനിധികൾക്ക് അംഗീകാരം നൽകുന്നതു സംബന്ധിച്ച് പ്രസ്സ് അഡ്വൈസറി ബോർഡ് അംഗീകരിച്ചിട്ടുള്ള നിശ്ചിത

മായ വ്യവസ്ഥകൾ നിലവിലുണ്ട്. ഇതനുസരിച്ച് അംഗീകാരം ലഭിക്കേണ്ട പത്രപ്രതിനിധി തലസ്ഥാനത്ത് താമസക്കാരനായിരിക്കുകയും, അഞ്ചു വർഷത്തിൽ കുറയാതെ പത്രപ്രവർത്തനത്തിൽ പരിചയമുണ്ടായിരിക്കുകയും, ഈ പ്രവർത്തനത്തിൽ മുഴുവൻ സമയവും ഏർപ്പെട്ടിരിക്കുകയും വേണം. അംഗീകാരത്തിനുള്ള അപേക്ഷ പത്രാധിപരാണ് പബ്ലിക്ക് റിലേഷൻസ് ഡയറക്ടറക്ക് അയക്കേണ്ടതു്.

(സി) ഈ കാര്യത്തിൽ പ്രസ്സ് അഡൈ്വസറി ബോർഡിന്റെ നിർദ്ദേശം സ്വീകരിക്കാറുണ്ട്.

(ഡി) പ്രതിനിധികൾക്ക് അനുവദിച്ചുകൊടുത്തിട്ടുള്ള സൗകര്യങ്ങൾ താഴെ പറയുന്നു—

1. എല്ലാ പ്രസ്സുനോട്ടുകളുടേയും പ്രസ്സ്റിലീസുകളുടേയും പ്രതികൾ ഓരോ പത്രപ്രതിനിധിക്കും പബ്ലിക്ക് റിലേഷൻസ് വകുപ്പിൽ നിന്നും അപ്പോഴപ്പോൾ നൽകുന്നുണ്ട്.

2. സെക്രട്ടറിയേററിലെ പ്രസ്സുറൂമിൽ ഇരുന്ന് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ടെലിഫോൺ ഉൾപ്പെടെ വേണ്ട എല്ലാ സൗകര്യങ്ങളും നൽകുന്നുണ്ട്.

3. ഗവണ്മെൻറാഫീസുകളിൽ പ്രവേശിച്ച് വാർത്തകൾ ശേഖരിക്കുന്നതിന് പത്രപ്രതിനിധികൾക്ക് പരമാവധി സൌകര്യം നൽകുന്നുണ്ട്.

4. സ്റ്റേററ് ട്രാൻസ്പോർട്ട് ബസ്സുകളിൽ സംസ്ഥാനമൊട്ടാകെ സൌജന്യമായി യാത്രചെയ്യുവാൻ പാസ്സുകൾ നൽകിയിട്ടുണ്ട്.

5. ഗവണ്മെൻറിന്റെ എല്ലാ പ്രസിദ്ധീകരണങ്ങളും സൌജന്യമായി നൽകിവരുന്നു.

(ഇ) വിശേഷാൽ സംഭവങ്ങൾ റിപ്പോർട്ടുചെയ്യുന്നതിനായി അതതു സ്ഥലങ്ങളിൽ പോകുന്നതിനു പ്രത്യേകം വാഹനസൗകര്യം സൌജന്യമായി ഏർപ്പാടുചെയ്തുകൊടുക്കുന്നുണ്ട്. മററു സൌകര്യങ്ങൾ ഏർപ്പാടു ചെയ്യുന്നതിനായി പബ്ലിക്ക് റിലേഷൻസ് വകുപ്പിൽ നിന്നും ഒരുദ്യോഗസ്ഥനേയും നിയോഗിക്കാറുണ്ട്.

ശ്രീ. പി. ഗോപാലൻ: അവർക്ക് അസംബ്ലി പ്രൊസീഡിംഗ്സ് നൾകാനും, ലജിസ്ലേററിവ് ലൈബ്രറി ഉപയോഗിക്കാനുംകൂടി ഏർപ്പാടു ചെയ്യുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി ഇതേവരെ ആലോചിച്ചിട്ടില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള: ഇവിടെ അച്ചടിച്ച് ഞങ്ങൾക്കു തരുന്ന ചോദ്യങ്ങൾകൂടി തലേദിവസം തന്നെ പത്രപ്രതിനിധികൾക്കു ലഭിക്കുന്നതിനുള്ള ഏർപ്പാടു ചെയ്യുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഗവണ്മെൻറു ചെയ്യേണ്ടുന്നുള്ള കാര്യമല്ല, ലജിസ്ലേച്ചർ സെക്രട്ടറിയേററുവേണം അതു തീരുമാനിക്കാനുള്ളതു്. ഇക്കാര്യം സ്പീക്കറുംകൂടി കേട്ടിട്ടുണ്ടല്ലോ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: തിരുവിതാംകൂർ-കൊച്ചിക്കൊട്ടാകെ പത്രപ്രതിനിധികൾക്ക് യാത്രചെയ്യുന്നതിനുള്ള പാസ്സുകൾ നൽകിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടെന്നാണ് പറഞ്ഞത്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഒരു പത്രത്തിന്റെ എത്ര പ്രതിനിധികൾക്ക് പാസ്സു കൊടുത്തിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരു പത്രത്തിനു് ഒന്നിലധികം അംഗീകാരമുള്ള പ്രതിനിധികളുണ്ടെങ്കിൽ അവർക്ക് കൊടുക്കും. അംഗീകാരമുള്ള പത്രപ്രതിനിധികൾക്കാണ് പാസ്സ്. അല്ലാതെ പത്രത്തിനല്ല.

മലയാളദിനപത്രങ്ങൾ.

✱ 131. [3] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു എത്ര മലയാളദിനപ്പത്രങ്ങളും തമിഴ് ദിനപ്പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളുമുണ്ട്;

(ബി) പത്രങ്ങളിൽ കാണുന്ന ശ്രദ്ധിക്കേണ്ട പ്രതിദിന റിപ്പോർട്ടുകൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ള നടപടി എന്താണ്;

(സി) ഏതെല്ലാം മാസികകളുടെ മേൽ ഇൻഡ്യൻ പീനൽകോഡു് അനുസരിച്ചു് നടപടി എടുത്തിട്ടുണ്ട്;

(ഡി) പ്രസ്സ് അഡ്വൈസറി ബോർഡിന്റെ നിർദ്ദേശങ്ങൾ ഇത്തരം കാര്യങ്ങളിൽ സ്വീകരിക്കാറുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് 19 മലയാള ദിനപ്പത്രങ്ങളും, 2 തമിഴ് ദിനപ്പത്രങ്ങളും ഉണ്ട്. മററ ആനുകാലികപ്രസിദ്ധീകരണങ്ങൾ 200 ഉണ്ടെന്നാണ് കാണുന്നതു്.

(ബി) ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട പത്രറിപ്പോർട്ടുകൾ മന്ത്രിമാർക്കും ഗവണ്മെൻറ സെക്രട്ടറിമാർക്കും, വകുപ്പദ്ധ്യക്ഷന്മാർക്കും പബ്ലിക് റിലേഷൻസ് വകുപ്പിൽനിന്നും അതാതു ദിവസങ്ങളിൽ തന്നെ അയച്ചുകൊടുക്കുന്നുണ്ട്.

(സി) ഇൻഡ്യൻ പീനൽകോഡനുസരിച്ചു് തനിനിറം, രാസരസം, രതിരസം, ഗസ്സപ്പോ, രതി, തിരശ്ശീല, കേരളാമെയിൽ, കാമനി, മധുവിധു എന്നീ പ്രസിദ്ധീകരണങ്ങളുടെ പേരിൽ നടപടി എടുത്തിട്ടുണ്ട്.

(ഡി) പ്രസ്സ് അഡ്വൈസറി ബോർഡിന്റെ നിർദ്ദേശങ്ങൾ ഈ കാര്യങ്ങളിൽ സ്വീകരിക്കാറുണ്ട്.

ശ്രീ. കെ. സി. ജാർജ്ജ് : ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട പത്രറിപ്പോർട്ടുകൾ എന്നു പറയുന്നതിനു് ഡെഫനിഷൻ എന്തെങ്കിലും ഉണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു ഡഫനിഷൻ ഒന്നുമില്ല. ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു കാണുകയാണെങ്കിൽ , അതിലേയ്ക്കു ചുമതലപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അതു് ഗവണ്മെന്റിന്റെ നോട്ടീസിൽ കൊണ്ടുവരും എന്നേയുള്ളു.

ശ്രീ. കെ. സി. ജാൎജ്ജ്: ആ ഉദ്യോഗസ്ഥനു് ഇതു സംബന്ധിച്ചു എന്തെങ്കിലും പ്രത്യേകം നിർദ്ദേശം ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ നിർദ്ദേശം ഒന്നും ഇല്ല.

ശ്രീ. കെ. സി. ജാൎജ്ജ്: ഈ സഭയിൽതന്നെ, ചില പത്രവാൎത്തകളെ പററിയും മററും, ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നു ചോദ്യങ്ങൾ ചോദിക്കാറുണ്ടു്. അങ്ങനെയുള്ള വാൎത്തകൾകൂടി മന്ത്രിമാരുടെ ശ്രദ്ധയിൽ പെടുത്തുവാൻ വേണ്ട നിർദ്ദേശം കൊടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊടുക്കാം.

ശ്രീ. പ്രാക്കുളം ഭാസി: മുഖ്യമന്ത്രി ഏതെങ്കിലും ദിനപത്രങ്ങൾ വായിക്കാറുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില പത്രങ്ങൾ വായിക്കാറുണ്ടു്.

സോവിയററ സാംസ്കാരികസംഘം.

*132. [4] ശ്രീ. സി. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

തിരുവിതാംകൂർ-കൊച്ചി സന്ദർശിച്ച സോവിയററ സാംസ്കാരിക സംഘം ഏതെല്ലാം സ്ഥലങ്ങൾ സന്ദർശിച്ചു; ഏതെല്ലാം സംഘടനകൾ സ്വീകരണം നൽകി?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

തിരുവിതാംകൂർ-കൊച്ചി സന്ദർശിച്ച സോവിയററ സാംസ്കാരിക സംഘം എറണാകുളം, തൃശ്ശൂർ, ചെറുതുരുത്തി, തിരുവനന്തപുരം, കന്യാകുമാരി എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. ചെറുതുരുത്തിയിലുള്ള കലാമണ്ഡലം അവൎക്കു് ഒരു സ്വീകരണം നൽകുകയുണ്ടായി.

ശ്രീ. എം. വി. ചെറിയാൻ: അതിനുവേണ്ടി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പബ്ലിക്കു് റിലേഷൻസ് ഡയറക്ടർ, എഡ്യൂക്കേഷൻ ഡയറക്ടർ എന്നിവർ അവൎക്കുവേണ്ട എല്ലാ സൌകൎയ്യങ്ങളും ചെയ്തുകൊടുക്കുകയുണ്ടായി.

ശ്രീ. എം. വി. ചെറിയാൻ: നമ്മുടെ രാജ്യത്തെ പ്രധാന സ്ഥലങ്ങൾ കാണിച്ചുകൊടുക്കുക, സാംസ്കാരിക കേന്ദ്രങ്ങൾ കാണിച്ചുകൊടുക്കുക മുതലായ കാൎയ്യങ്ങൾക്ക ഗൈഡുകൊടുത്തിട്ടുണ്ടോ എന്നാണു ചോദിച്ചതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പബ്ലിക്കു് റിലേഷൻസ് ഡയറക്ടറും, എഡ്യൂക്കേഷൻ ഡയറക്ടറും കൂടെ ഉണ്ടായിരുന്നു. കൂടാതെ എന്നെയും, മററു മന്ത്രിമാരെയും അവർ സന്ദർശിക്കുകയുണ്ടായി. ഈ രാജ്യത്തെ സാംസ്കാരിക പ്രവൎത്തനങ്ങളെപ്പററി അവർ അന്വേഷണം നടത്തുകയും, അതിനു് എനിക്കറിയാവുന്ന വിധത്തിലുള്ള വിവരങ്ങൾ

നൽകുകയും ചെയ്തു. റഷ്യയിലുള്ള പല കാര്യങ്ങളെപ്പററിയും അവരോടു ചോദിച്ചു. അതിന് അവർ മറുപടി പറഞ്ഞു. പൊതുവെ ഈ രാജ്യത്തെപ്പററി അവർക്കു വലിയ മതിപ്പുണ്ടായിട്ടുണ്ടെന്നാണു മനസ്സിലാക്കുന്നതു്.

ശ്രീ. ടി. എ. മജീദ്: പൊതുജനങ്ങളുമായി സമ്പർക്കം പുലർത്തുന്നതിന് അവർക്ക് എന്തെങ്കിലും സൗകര്യം ചെയ്തുകൊടുത്തിട്ടുണ്ടായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പൊതുജനങ്ങളുമായി സമ്പർക്കം പുലർത്തുക എന്നുള്ളതു് അവരെ സംബന്ധിച്ച കാര്യമാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: റഷ്യൻ സാംസ്കാരികസംഘത്തിന്റെ പര്യടനം കൊണ്ട്, നമ്മുടെ രാജ്യത്തെപ്പററി റഷ്യയിൽ മതിപ്പു വർദ്ധിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായിരിക്കാം.

മുനിസിപ്പൽ കമ്മീഷണറന്മാർ.

❋ 133. [5] ശ്രീ. ആർ. പ്രകാശം: താഴെ പറയുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടിനൽകുമോ:

സംസ്ഥാനത്തെ മുനിസിപ്പൽ കമ്മീഷണറന്മാരുടെ ഗ്രഡേഷൻ സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

സംസ്ഥാനത്തെ മുനിസിപ്പൽ കമ്മീഷണറന്മാരുടെ ഗ്രഡേഷൻ സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയായിട്ടില്ല.

തോട്ടം തൊഴിലാളികൾ.

❋ 134. [6] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ പല തോട്ടങ്ങളിൽ നിന്നും ദീർഘകാലത്തെ സർവ്വീസുള്ള പല തൊഴിലാളികളേയും മാനേജുമെന്റ പിരിച്ചുവിട്ടുവരുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ചില തോട്ടങ്ങളിൽ തൊഴിലാളികളെ പിരിച്ചുവിട്ടതായി പരാതികൾ ലഭിച്ചിട്ടുണ്ട്. അവരുടെ കൂട്ടത്തിൽ ദീർഘകാലസർവീസുള്ളവരുമുണ്ട്.

(ബി) പരാതികളിന്മേൽ ആവശ്യവും നിയമാനുസൃതവും ആയ എല്ലാ നടപടികളും എടുത്തിട്ടുണ്ട്.

ശ്രീ. ആർ. സുഗതൻ: എ. സി. എം. അന്ത്രപ്പേരുടെവക സ്കിന്നർപുരം (Skinner purom) എസ്റ്റേററിൽനിന്നും 130-ഓളം തൊഴിലാളികളെ പിരിച്ചുവിട്ടതായി പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്. അതു അഡ്ജുഡിക്കേഷനു വിട്ടിരിക്കുകയാണ്.

ശ്രീ. പ്രാക്കുളം ഭാസി: ടെമ്പററിവർക്കേഴ്സായി പരിഗണിച്ചു മാസംതോറും കൂലികൊടുത്തിട്ട് പാവപ്പെട്ട തോട്ട തൊഴിലാളികളെ ചില തോട്ടം ഉടമകൾ പിരിച്ചുവിടുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരുപക്ഷെ പിരിച്ചുവിട്ടിട്ടുണ്ടായിരിക്കാം.

ശ്രീ. പ്രാക്കുളം ഭാസി: പെർമനൻറാക്കിയാൽ, പ്രസവകാലവേതനം, തുടങ്ങി പല അവകാശാനുകൂല്യങ്ങൾ ചെയ്യേണ്ടിവരുമെന്നു വിചാരിച്ചാണു ഇങ്ങനെ ടെമ്പററിയായി പരിഗണിക്കുന്നതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവൺമെൻറിൻെറ നിയമം അനുസരിച്ചും, നയമനുസരിച്ചും തൊഴിലാളികൾക്ക്, ദീർഘകാലതൊഴിലാളികളാണെങ്കിൽ കിട്ടാനിടയുള്ള ആനുകൂല്യങ്ങൾ കിട്ടാതിരിക്കുവാൻ വേണ്ടി ആയിരിക്കാം.

ശ്രീ. പ്രാക്കുളം ഭാസി: ടെമ്പററി വർക്കേഴ്സിനെ പിരിച്ചുവിടുന്നതിനെപ്പററി ലേബർ ഡിപ്പാർട്ടുമെൻറ പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലേബർ ഡിപ്പാർട്ടുമെൻറ മാത്രമല്ല, ഗവൺമെൻറും ഈ കാര്യത്തിൽ ശ്രദ്ധിക്കുന്നുണ്ട്.

പ്ലാൻേറഷൻ ലേബർ ആക്ററ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. അതിനൊരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചുകഴിഞ്ഞു. എല്ലാ എസ്റ്റേററുകളിലും, പ്ലാൻേറഷനുകളിലും ഉള്ള മുതലാളിമാരും തൊഴിലാളികളും തമ്മിലുള്ള എല്ലാ തർക്കങ്ങളും എൻക്വയറി നടത്തുന്നതിനു ഒരു സ്പെഷ്യൽ ട്രിബ്യൂണലിനെ നിയമിക്കാൻ ആർഡർചെയ്തിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: ഈ ആക്ററ് കേന്ദ്രഗവൺമെൻറ അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കാര്യത്തിൽ, കേന്ദ്രഗവൺമെൻറിൻെറ അംഗീകാരത്തിനു അയച്ചുകൊടുക്കാതെ, ഇവിടത്തെ ലേബർഡിപ്പാർട്ടുമെൻറിൻെറയും, ലേബർ മിനിസ്റ്ററുടെയും യുക്തം അനുസരിച്ചു പ്രസിദ്ധപ്പെടുത്തിക്കൊള്ളാൻ, ഡപ്യൂട്ടി ലേബർ മിനിസ്റ്ററിൽ നിന്നും എനിക്കു ഒരു ഡി. ഒ. കിട്ടിയിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: എന്നത്തേയ്ക്കു നടപ്പിൽ വരും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റൂളുകൾ നടപ്പിൽ വരുന്നതിനു, ഗസററിൽ പ്രസിദ്ധപ്പെടുത്തിയതിനുമേൽ ഇത്ര ദിവസം കഴിയണം എന്നു നിയമമുണ്ട്.

ശ്രീ. കെ. കരുണാകരൻ: അഡ്ജുഡിക്കേഷനു വിട്ടിരിക്കുമ്പോഴും തോട്ടം ഉടമ തൊഴിലാളികളെ പിരിച്ചുവിട്ടിട്ട് പുതുതായി തൊഴിലാളികളെ എടുത്തതായി പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ശ്രീ. കെ. കരുണാകരൻ: അതിനെസംബന്ധിച്ച് എന്തു നടപടി നടത്തി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി ലേബർ ഡിപ്പാർട്ടുമെൻറു അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ആർ. മാധവൻ പിള്ള: ഏതെല്ലാം പ്രശ്നങ്ങളാണു അഡ്ജൂഡിക്കേഷനു വിട്ടിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസു വേ ം.

ശ്രീ. എൻ. ചന്ദ്രശേഖരൻനായർ: ഒരു എസ്റ്റേററിൽ ജോലി ചെയ്തുകൊണ്ടിരിക്കവേതന്നെ തൊഴിലാളികളെ പിരിച്ചുവിടുന്ന നടപടി ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശരിയല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: തൊഴിലാളികൾ തോട്ടം ഉടമസ്ഥന്മാരെ കൊല്ലാൻ ശ്രമിക്കുന്നതെന്നറിയാമോ?

മി. സ്പീക്കർ: ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. എം. വി. ചെറിയാൻ: ദീർഘകാലം സേവനം നടത്തുന്ന തൊഴിലാളികളെ, അന്നുതന്നെ അല്ല, രാജ്യത്തെ ഏതെങ്കിലും തോട്ടം ഉടമകൾ പിരിച്ചുവിട്ടാലും അതിന്മേൽ കർശനമായ നടപടി എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറു അതിനു തയ്യാറാണ്, അങ്ങനെ നടപടി എടുത്തിട്ടുണ്ട്.

ശ്രീ. സി. എ. മാത്യു: ആറുമാസം ടെമ്പററിയായി ജോലിനോക്കുന്നവരെ പെർമനൻറാക്കണമെന്നു നിയമമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിൻെറ വ്യവസ്ഥകൾ ഓർമ്മയില്ല.

ശ്രീ. പി. ആർ. മാധവൻ പിള്ള: ഒത്തുതീർപ്പു വ്യവസ്ഥ ലംഘിച്ചതായി പരാതിപ്പെട്ടിട്ടുണ്ടെങ്കിൽ, തോട്ടം ഉടമസ്ഥൻെറ പേരിൽ നടപടിയെടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി സംശയം ഉണ്ടാകേണ്ട കാര്യമില്ല. ലേബർ നിയമങ്ങളെസംബന്ധിച്ചിടത്തോളം ഗവണ്മെൻറു സംശയരഹിതമായ നടപടി എടുക്കുന്നതാണ്.

ശ്രീ. പി. ആർ. മാധവൻപിള്ള: ഇതിനെപ്പററി ബഹുമാനപ്പെട്ട മന്ത്രിക്കു കഴിഞ്ഞമാസത്തിൽ ഒരു കത്തു എഴുതിയിട്ടുള്ളതു ഓർമ്മയുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്. അതു്, ലേബർഡിപ്പാർട്ടുമെൻറിലേയ്ക്കു അയച്ചിട്ടുണ്ട്.

ശ്രീ. എം. പി. മേനോൻ: പിരിച്ചുവിടൽ നിയമവിരുദ്ധമാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിയമവിരുദ്ധമല്ല.

ശ്രീ. എം. പി. മേനോൻ: പിരിച്ചുവിടൽ നിയമവിരുദ്ധമായി നിയമനിർമ്മാണം നടത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിയമനിർമ്മാണം സാദ്ധ്യമാണോ എന്നു സംശയമുണ്ട്.

ശ്രീ. എം. പി. മേനോൻ: പിരിച്ചുവിടൽ നിയമവിരുദ്ധമാക്കണമെന്നു കാൺഗ്രസ്സ് പാർട്ടിയുടെ മാനിഫെസ്റ്റോയിൽ ആവശ്യപ്പെട്ടിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആവശ്യപ്പെട്ടിട്ടുണ്ടായിരിക്കും.

ശ്രീ. സി. കൊച്ചുകുഞ്ഞു: സ്റ്റാന്നർപുരം തോട്ടം ഉടമയുടെ പേരിൽ ഇതിനകം എത്ര പരാതികൾ കിട്ടിയിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുകൂടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. പ്രാക്കളം മാസി: പ്ലാന്റേഷൻ ആക്റ്റ് നടപ്പിൽവരുമ്പോൾ അതിലേക്കുമാത്രം ഒരു ലേബർ ആഫീസറെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആവശ്യമുണ്ടെന്നു കാണുന്ന പക്ഷം ആലോചിക്കാം.

കുടിയിറക്കും വസ്തു ഒഴിപ്പിക്കലും.

※ 135. [7] ശ്രീ. കെ. സി. ജാർജ്ജ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കുടിയിറക്കലും വസ്തുഒഴിപ്പിക്കലും ഇന്ന് സർവ്വസാധാരണമായി നടക്കുന്നുണ്ടെന്ന് ഗവണ്മെൻറിനറിയാമോ;

(ബി) അതിനെ തടയുന്നതിന് വല്ല നടപടിയും സ്വീകരിക്കാൻ ഗവണ്മെൻറിന് ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) സർവ്വസാധാരണമായി കുടിയിറക്ക നടക്കുന്നില്ല. കുടിയിറക്കുകളെപ്പററി പരാതിപ്പെട്ടു് ചില അപേക്ഷകൾ കിട്ടിയിട്ടുണ്ടു്.

(ബി—സി) രണ്ടു ബില്ലുകൾ അസംബ്ലിയിൽ അവതരിപ്പിച്ചിട്ടുണ്ടു്. അതിൽ, കുടികിടപ്പു നിരോധനബിൽ ചർച്ചചെയ്തുകൊണ്ടിരിക്കുകയാണു്. ഹോൾഡിംഗ്സ് സ്റ്റേ ആഫ് എക്സിക്യൂഷൻ സംബന്ധിച്ചുള്ള ബിൽ പര്യാലോചനയിലിരിക്കുന്നു.

ശ്രീ. കെ. സി. ജാർജ്ജ്: കുടിയിറക്കുകൾ സർവ്വസാധാരണമായിട്ടല്ല, വളരെ വിപുലമായ തോതിലാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: അതാണു പറഞ്ഞതു്. ചില പരാതികൾ കിട്ടിയിട്ടുണ്ടു്.

ശ്രീ. കെ. സി. ജാർജ്ജ്: കുടിയിറക്കു സംബന്ധിച്ച് ജന്മികളെ സഹായിക്കാൻ പോലീസ് ഇടപെടുന്നതായി പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ചില പരാതി അങ്ങനെയും കിട്ടിയിട്ടുണ്ട്. ബലമായിട്ട് വസ്തുവിൽ പ്രവേശിക്കുകയാണെങ്കിൽ, അതിനെ തടുക്കുന്നതിനു് വസ്തു ഉടമസ്ഥനു് അവകാശമുണ്ട്. അവർ ആ സമയത്തു് പോലീസ് സഹായം ആവശ്യപ്പെട്ടാൽ സഹായിക്കേണ്ടതു് പോലീസ്സിന്റെ കടമയാണു്.

ശ്രീ. കെ. സി. ജാർജ്ജ്: കുടിയാനവനു് അങ്ങനെയൊരു സഹായം ആവശ്യമാണെങ്കിൽ, ഗവണ്മെന്റ് പോലീസ്സിനെ അയയ്ക്കുമോ?

ശ്രീ. എ. ജെ. ജാൺ: അയയ്ക്കുമെന്നാണു തോന്നുന്നതു്.

ശ്രീ. കെ. സി. ജാർജ്ജ്: ന്യായമായ എല്ലാ കാര്യങ്ങളിലും ജന്മിയായാലും, കുടിയാനവനായാലും പോലീസ്സിന്റെ സഹായം നൽകേണ്ടതല്ലേ; ജന്മിക്കെതിരായി കുടിയാനവനു് ഒരു പോലീസ് സഹായം ആവശ്യപ്പെട്ടാൽ അതു് ലഭിക്കുമോ?

ശ്രീ. എ. ജെ. ജാൺ: ലഭിക്കുന്നതാണു്.

ശ്രീ. പി. ആർ. മാധവൻപിള്ള: ഏററവും കൂടുതൽ കുടിയിറക്കുകൾ നടത്തുന്നതു്, ഗവണ്മെന്റ് ഭൂമികളിൽനിന്നും ആണെന്നു് അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അടുത്തകാലത്തു് ചില രാഷ്ട്രീയനേതാക്കന്മാരുടെ പ്രേരണയോടുകൂടി ഗവണ്മെന്റ് ഭൂമികളിൽ ബലമായിട്ട് പ്രവേശിച്ചിട്ടുണ്ട്. അങ്ങനെയുള്ളവരെ ഇറക്കിവിടേണ്ടതു് ഗവണ്മെന്റിന്റെ ചുമതലയാണു്.

ശ്രീ. പി. ആർ. മാധവൻപിള്ള: രാഷ്ട്രീയ നേതാക്കന്മാർ ഭൂമിയില്ലാത്തവരും, കർഷകത്തൊഴിലാളികളുമാണെങ്കിലോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയാണെങ്കിൽ നിയമപ്രകാരം ഗവണ്മെന്റിനോടു് അപേക്ഷിച്ചു് കിട്ടുന്ന സ്ഥലത്തു് താമസിക്കാവുന്നതാണു്.

ശ്രീ. കെ. സി. ജാർജ്ജ്: രാഷ്ട്രീയ നേതാക്കന്മാർ അങ്ങനെ അനുവാദമില്ലാതെ വസ്തുവിൽ പ്രവേശിച്ചിട്ടുണ്ടെന്നു പറഞ്ഞു. ഏതെങ്കിലും ഒരു ഉദാഹരണം പറയാമോ?

ശ്രീ. എ. ജെ. ജാൺ: തൃശ്ശൂർ കറിമംഗലത്തു് ഇങ്ങനെയൊരു സംഭവമുണ്ടായി.

ശ്രീ. കെ. സി. ജാർജ്ജ്: ആരാണ് ഈ രാഷ്ട്രീയ നേതാവ്?

ശ്രീ. എ. ജെ. ജാൺ: ഒരു കമ്മ്യൂണിസ്റ്റുകാരനാണു്.

ശ്രീ. കെ. സി. ജാർജ്ജ്: പേരു് പറയാമോ?

ശ്രീ. എ. ജെ. ജാൺ: പേരു് ഓർക്കുന്നില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഓർമ്മയില്ലാതെ, ഉത്തരവാദിത്വമുള്ള ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ ഈവക പ്രസ്താവനകൾ നടത്തുന്നതു് ശരിയാണോ?

മി. സ്പീക്കർ: ആളിന്റെ പേരു് ഓർമ്മയില്ലെന്നേ പറഞ്ഞൊള്ളൂ. പറഞ്ഞതു ശരിയാണു്.

ശ്രീ. സി. എ. മാത്യു: അനധികൃതമായി സർക്കാർ സ്ഥലങ്ങൾ കൈവശപ്പെടുത്തിയിട്ടുള്ളവരുടെമേൽ നടപടിയെടുത്തു് സ്ഥലം വീണ്ടെടുക്കുന്നതു് കുടിയിറക്കാണോ?

ശ്രീ. എ. ജെ. ജാൺ: അല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: രണ്ടാമത്തെ ബിൽ പര്യാലോചനയ്ക്കു് വരുന്നതെന്നാണു്?

ശ്രീ. എ. ജെ. ജാൺ: അതു ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുകയാണു്. അവസാന തീരുമാനമെടുക്കേണ്ടതു് അസംബ്ലിയിൽ തന്നെയാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അതു് ഈ അസംബ്ലിയിൽ തന്നെ എടുക്കാൻ ശ്രമിക്കുമോ?

ശ്രീ. എ. ജെ. ജാൺ: ശ്രമിക്കാം.

ശ്രീ. ടി. പി. സീതാരാമൻ: കുടിയിറക്കം, വസ്തു ഒഴിപ്പിക്കലും സംബന്ധിച്ചു് ഗവണ്മെന്റിന്റെ പൊതുനയമെന്താണു്?

ശ്രീ. എ. ജെ. ജാൺ: കുടികിടപ്പുകാരുടെ കുടിയിറക്കസംബന്ധിച്ചുള്ള ബിൽ ചർച്ചചെയ്തുകൊണ്ടിരിക്കയാണു്. മററു വസ്തു ഒഴിപ്പിക്കൽ സംബന്ധിച്ചുള്ള ബിൽ ആലോചനയിലിരിക്കുന്നു. അതിൽ ചില ഭേദഗതികൾ വരുത്തുന്നതിനു് ചർച്ചചെയ്തുകൊണ്ടിരിക്കയാണു്. ഇപ്പോഴുള്ള ഹോൾഡിംഗ്സു ഡിഫനിഷനെപ്പററി എന്തു മാററം വരുത്തണമെന്നാണു് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നതു്.

ശ്രീ. ടി. പി. സീതാരാമൻ: റവന്യൂ ഇനത്തിൽ വളരെയധികം കുടിശ്ശി വരുത്തിയിട്ടുള്ളവരെ ഒഴിപ്പിക്കാൻ ആർഡർ ഇഷ്യൂ ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: കുറെയെല്ലാം ഒഴിപ്പിക്കാൻ ആർഡർ ചെയ്തിട്ടുണ്ടായിരിക്കാം.

ശ്രീ. ടി. പി. സീതാരാമൻ: ഒരേക്കറിനു് ഇരുനൂറു ഉറുപ്പികവരെ കുടിശ്ശി വരുത്തിയിട്ടുള്ളവരുണ്ടെന്നു പറയുന്നതു് ശരിയാണോ?

ശ്രീ. എ. ജെ. ജാൺ: കടലാസ് നോക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. പി. സീതാരാമൻ: അങ്ങനെയുണ്ടെങ്കിൽ വേണ്ട നടപടി എടുക്കുമോ?

ശ്രീ. എ. ജെ. ജാൺ: ചിലർ 12 കൊല്ലത്തിൽ കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുണ്ടായിരിക്കും. അതുകൊണ്ടായിരിക്കണം അത്രയും തുക വന്നിട്ടുള്ളതു്.

ശ്രീ. എം. ഭാസ്കരൻനായർ: സർക്കാർ സ്ഥലങ്ങൾ, താമസിക്കാൻ മററു സ്ഥലം ഇല്ലാത്തവർക്കു് ആവശ്യത്തിനു് കൊടുക്കുമോ?

ശ്രീ. എ. ജെ ജാൺ: ഗവണ്മെൻറിന്റെ ഉദ്ദേശം ഭൂമി ഇല്ലാത്തവൎക്ക് ഭൂമി കൊടുക്കണമെന്നാണ്. അതിന് നിയമാനുസരണം അപേക്ഷ കൊടുത്താൽ, അഞ്ചേക്കറിൽ താഴെ ഭൂമി കുത്തകപ്പാട്ടത്തിനു കൊടുക്കുന്ന ഒരു നയമാണിന്നു സ്വീകരിച്ചിരിക്കുന്നതു്.

കശുഅണ്ടി വ്യവസായം.

*136. [8] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) കശുഅണ്ടി വ്യവസായ പുരോഗതിക്ക് സഹായകരമായ എന്തെങ്കിലും നടപടികൾ ഗവണ്മെൻറ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ, ബി) കശുഅണ്ടി വ്യവസായ പുരോഗതിക്ക വേണ്ട നടപടികൾ എടുക്കുന്നതിനു് അടിയിൽ പേരുപറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു കമ്മിററിയെ ഗവണ്മെൻറ് രൂപീകരിച്ചിട്ടുണ്ട്.

1. വ്യവസായ ഡയറക്ടർ.
2. കൃഷിഡയറക്ടർ.
3. ശ്രീ. എ. തങ്ങൾകുഞ്ഞു മുസലിയാർ, കൊല്ലം.
4. മി. എം. എച്ച്. ഫെയ്ട്ടർ, മാനേജർ, പീയേഴ്സ് ലെസ്ലി ആൻഡു് കമ്പനി, ലിമിറ്റഡ്, കുണ്ടറ.
5. ശ്രീ. ടി. കെ. ദിവാകരൻ, എം. എൽ. എ., കൊല്ലം.
6. ശ്രീ. പി. കൃഷ്ണപിള്ള പ്രൊപ്രൈറ്റർ; ധനലക്ഷ്മി വിലാസ് കാഷ്യുകമ്പനി, കൊല്ലം.
7. ശ്രീ. പി. ജി. വർഗ്ഗീസ് ബി. എ., ബി. എൽ., സതേൺ ഇൻഡ്യാ കാഷ്യു കമ്പനി, കുണ്ടറ, കൊല്ലം.
8. ശ്രീ. കെ. കരുണാകരൻ, ഷൺമുഖവിലാസ് ക്യാഷ്യുനട്ട് ഫാക്ടറി, കൊല്ലം.

ഈ കമ്മിററിയുടെ പ്രധാന പ്രവൎത്തനങ്ങൾ താഴെ പറയുന്ന കാൎയ്യങ്ങളെ കുറിച്ചായിരിക്കും.

(എ) ഓരോ ഫാക്ടറിയുടെയും ഉൽപ്പാദനകഴിവനുസരിച്ചു് (production capacity) ഈ നാട്ടിലുണ്ടാകുന്ന കശുഅണ്ടി സമമായി വിതരണം ചെയ്യുക.

(ബി) കശുഅണ്ടി വ്യവസായത്തിന്റെ പുരോഗതിക്ക് ആവശ്യമായ മാൎഗ്ഗങ്ങൾ സ്വീകരിക്കുക.

ഈ കമ്മിററി രണ്ടുപ്രാവശ്യം കൂടുകയും താഴെ പറയുന്ന കാൎയ്യങ്ങൾ തീരുമാനിക്കുകയും ചെയ്തു.

1. കശുഅണ്ടിയുടെ വില നിയന്ത്രിക്കുന്നതിന് ഒരു കൺട്രോൾ ആർഡർ പാസ്സാക്കുന്നതിനു് ഇൻഡ്യാഗവണ്മെൻറിനോടാവശ്യപ്പെടുക.

2. കശുഅണ്ടി സമമായി വിതരണം നടത്തുന്നതിന് ഓരോ ഫാക്ടറിയുടെയും ഉൽപ്പാദനത്തോത് കണ്ടുപിടിക്കുന്നതിന് ഒരു സബ് കമ്മിററിയെ രൂപീകരിക്കുക.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ കമ്മിററി എന്നാണ് രൂപീകരിച്ചതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആറേഴമാസമാകും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കശുഅണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കമ്മിററിയുടെ പ്രവർത്തനം സംബന്ധിച്ച് എല്ലാകാര്യങ്ങളും ഞാൻ ഇവിടെ വായിച്ചു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കശുഅണ്ടിയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് യാതൊന്നും ചെയ്തിട്ടില്ലെന്നാണ് വായിച്ചതിൽ നിന്നും മനസ്സിലാകുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയുള്ള കാര്യങ്ങളും കമ്മിററി പര്യാലോചിക്കുമെന്ന വിചാരിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കശുഅണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് മലയോരപ്രദേശങ്ങളിൽ കൂടുതൽ കശുഅണ്ടി വച്ചുപിടിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഈ കമ്മിററിക്ക നിർദ്ദേശം നൽകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ആവശ്യമായ ഒരു കാര്യമാണ്. ആലോചിക്കാം.

ശ്രീ സി. കൊച്ചുകുട്ടൻ : ഈ കമ്മിററിയുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന്, ഇതിൽപ്പെടാത്ത ചില മുതലാളിമാർക്ക് പരാതിയുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രവർത്തനം തൃപ്തികരമല്ലെന്ന ഗവണ്മെൻറിന് അഭിപ്രായമില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ശ്രീ. ടി. കെ. ദിവാകരനെ കമ്മിററിയിലെടുത്തിട്ടുള്ളതു തൊഴിലാളികളുടെ പ്രതിനിധിയെന്ന പരിഗണനയിലാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ നിയമസഭയിലെ ഒരു അംഗമെന്ന പരിഗണനയിലാണ് എടുത്തിട്ടുള്ളതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : മുതലാളിമാർക്കുള്ളതുപോലെ ഈ കമ്മിററിയിൽ തൊഴിലാളി പ്രതിനിധികൾക്ക പ്രാതിനിധ്യം കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മുതലാളിമാരും തൊഴിലാളികളും ഉൾപ്പെട്ട ഒരു കമ്മിററിയായിട്ടല്ല ഇതു് രൂപീകരിച്ചിട്ടുള്ളതു്. കശുഅണ്ടി വ്യവസായത്തിൻെറ പുരോഗതിക്കുവേണ്ടി ആലോചിക്കാൻ ഏതാനും വിദഗ്ദ്ധന്മാരെ ഉൾപ്പെടുത്തി ഒരു കമ്മിററിയെ എടുത്തിട്ടുള്ളതാണ്. കശുഅണ്ടി വ്യവസായത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി ഈ

കമ്മിററിയിൽ തൊഴിലാളിപ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണമെന്നുള്ള നിർബ്ബന്ധം അത്ര ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: വ്യവസായ പുരോഗതിക്കു മുതലാളിയെപ്പോലെ താൽപ്പര്യം തൊഴിലാളിക്കുമില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മുതലാളിമാർക്കും, തൊഴിലാളികൾക്കും എല്ലാവർക്കും താൽപ്പര്യം വേണം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ആ സ്ഥിതിക്കു് തൊഴിലാളി പ്രതിനിധിയെക്കൂടി ഈ കമ്മിററിയിൽ ഉൾപ്പെടുത്തേണ്ടതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതൊരഭിപ്രായമാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: സംഘടിതരായ കശുഅണ്ടി തൊഴിലാളികളുടെ ഒരു പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തി ഈ കമ്മിററി വിപുലീകരിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി ആലോചിക്കാം. പക്ഷെ, ബഹുമാനപ്പെട്ട മെംബർ ഉന്നയിക്കുന്ന ആശയഗതി അത്ര ശരിയല്ല.

ശ്രീ. പി. കെ. കുഞ്ഞു്: ഈ കമ്മിററിയിൽ തൊഴിലാളി പ്രതിനിധികളായി സഖാവു ചിത്തരഞ്ജൻ, സഖാവു സി. അച്യുതമേനോൻ എന്നിവരെക്കൂടി നാമിനേററു ചെയ്യിട്ടുണ്ടോ എന്നു പരിശോധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പരിശോധിക്കാം.

ശ്രീ. ടി. പി. സീതാരാമൻ: തൃശ്ശൂരിൽ എത്ര കശുഅണ്ടി ഫാക്ടറികളുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുവേണം. താരതമ്യേന കുറവാണു്.

ശ്രീ. ടി. പി. സീതാരാമൻ: താരതമ്യേന കുറവാണെങ്കിലും അവിടെ നിന്നും ആരും ഈ കമ്മിററിയിൽ ഉൾപ്പെടാത്തതിനു പ്രത്യേക കാരണമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ കമ്മിററി ഇവിടത്തെ വിഭവങ്ങൾ വീതിച്ചു കൊടുക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കശുഅണ്ടി സമമായി വിതരണം നടത്തുന്നതിനു് ഓരോ ഫാക്ടറിയിലെയും ഉൽപ്പാദനത്തിന്റെ തോതു ഏതുതരത്തിലാണെന്നു കണ്ടുപഠിക്കുന്നതിനു് ഒരു സബ് കമ്മിററിയെ നിയമിച്ചിട്ടുണ്ടു്.

ശ്രീ. ടി. ഒ. ബാവാ: ഓരോ ഫാക്ടറിക്കും കശുഅണ്ടി വിതരണം നടത്താൻ ചുമതലപ്പെട്ടതാരാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അത്രയ്ക്കൊന്നും പ്രവർത്തനം ആയിട്ടില്ല. ഉൽപ്പാദനക്കഴിവനുസരിച്ചു് ഓരോ ഫാക്ടറിക്കും വിതരണം

ചെയ്യുന്നം. ഈ കാര്യത്തിൽ ഓരോ ഫാക്ടറിയുടെയും ഉൽപ്പാദന ത്തോതു കണ്ടുപഠിക്കുന്നതിനു ഒരു സബ്കമ്മിററിയെ നിയമിച്ചിട്ടുണ്ടു്.

ശ്രീ. ടി. ഒ. ബാവാ: ഇതുമൂലം കശുവണ്ടി കർഷകരുടെ വിഭവങ്ങൾക്കു വില കുറയുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ വില കുറവാണു്.

ശ്രീ. ടി. ഒ. ബാവാ: കഴിഞ്ഞകൊല്ലം ഫാക്ടറിയിൽ നൂററുറുപ്പ കശുവണ്ടിക്കു വിലകിട്ടാൻ സാധിച്ചില്ലെന്നുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായിരിക്കണം. ഫയൽ കണ്ടില്ല.

ശ്രീ. ടി. ഒ. ബാവാ: അങ്ങനെ ഫാക്ടറി ഉടമകൾ റേററ കുറയ്ക്കുന്നതിനെ നിയന്ത്രിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഫാക്ടറി ഉടമയ്ക്കും, കൃഷിക്കാർക്കും നഷ്ടമില്ലാത്തനിലയിൽ വില നിയന്ത്രിക്കാവുന്നതാണു്.

പോലീസ് സ്റ്റേഷനുകളിലേയ്ക്കുള്ള സ്റ്റേഷനറി.

✻ 137. [9] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് അഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ പോലീസ് സ്റ്റേഷനുകളിലേയ്ക്കും സ്റ്റേഷനറി ഇനത്തിൽ എത്ര രൂപയുടെ സാധനസാമഗ്രികൾ പ്രതിവർഷം നൽകിവരുന്നുണ്ടു്;

(ബി) ഹർജികളുമായി പോലീസ് സ്റ്റേഷനിൽ ചെല്ലുന്നതായ കക്ഷികളോടു കടലാസ്സു്, പെൻസിൽ, കാർബൺ മുതലായ സാധനങ്ങൾ വാങ്ങിക്കൊണ്ടു വരുന്നതിനു നിർബ്ബന്ധിക്കാറുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതേപ്പററി ഗവണ്മെൻറ വേണ്ട അന്വേഷണം നടത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സ്റ്റേററിലെ എല്ലാ പോലീസ്സ്റ്റേഷനുകളിലേയ്ക്കും ഒരേവിധത്തിലല്ല സ്റ്റേഷനറി സാമാനങ്ങൾ വിതരണം ചെയ്യുന്നതു്. ഓരോ സ്റ്റേഷനിലുള്ള ജോലിയുടെ അടിസ്ഥാനത്തിലാണു് അവ വിതരണം ചെയ്യുന്നതു്. ഓരോ സ്റ്റേഷനിലേയ്ക്കും വേണ്ടതായ സ്റ്റേഷനറിസാമാനങ്ങൾ നൽകുന്നതും ഓരോ ഡിസ്ട്രിക്ടിലെ ഡി. എസ്സ്. പി. മാരാണു്. സ്റ്റേഷനറിയെ സംബന്ധിച്ചിടത്തോളം ഓരോ ഡിസ്ട്രിക്ടിലേയ്ക്കുള്ള സ്റ്റേഷനറി അതാതു് ഡി. എസ്സ്. പി. മാർക്കു കൊല്ലംതോറും ഒന്നായി കൊടുക്കുകയാണു്. അവർ അവിടെ നിന്നും, എ. എസ്സ്. പി. മാർക്കും സർക്കിൾ ഇൻസ്പെക്ടർമാർക്കും ഓരോ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ആവശ്യത്തിനുള്ളതാണു് അങ്ങനെ കൊടുക്കുന്നതു്.

(ബി) ഹർജികളുമായി പോലീസ്സ്റ്റേഷനിൽ ചെല്ലുന്നതായ കക്ഷികളോടു് കടലാസ്സു്, പെൻസിൽ, കാർബൺ മുതാലായ സാധന

ങ്ങൾ വാങ്ങിക്കൊണ്ടുവരുന്നതിന നിർബന്ധിക്കാറുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടില്ല.

(സി) അതേപ്പററി അന്വേഷിക്കാം.

ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള: ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നു പറഞ്ഞു. അതു് പരാതികൾ ഒന്നും കിട്ടിയിട്ടില്ല എന്നാണോ, അതോ അന്വേഷിച്ചതിനു ശേഷം ശ്രദ്ധയിൽപെട്ടിട്ടില്ലാ എന്നാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്വേഷിച്ചിട്ടില്ല.

ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള: ഡി. എസ്സ്. പി. ആഫീസുകളിൽനിന്നു് സാധാരണ സ്റ്റേഷനറി സാധനങ്ങൾ കീഴ്പോട്ടു പോകാറില്ല എന്നുള്ള കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയാൽ അതേപ്പററി അന്വേഷിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി പരാതികൾ ഉണ്ടെങ്കിൽ അന്വേഷിക്കാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: പരാതിക്കാർ സ്റ്റേഷനിൽ കടലാസും പെൻസിലും മററും വാങ്ങിച്ചുകൊടുക്കാതിരുന്നാൽ പരാതികൾ സ്വീകരിക്കാതിരിക്കുന്നതായി ഗവണ്മെൻറിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെംബർ അതേപ്പററി ഒരു സ്റ്റേററമെൻറ് തരുമോ, കടലാസും പെൻസിലും വാങ്ങിക്കൊടുക്കാത്തതുകൊണ്ടു് പരാതികൾ സ്റ്റേഷനിൽ സ്വീകരിക്കുന്നില്ല എന്നു്. എന്തെങ്കിലും കേട്ടു് എന്തെങ്കിലും ചോദിക്കുന്നതു് ശരിയല്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ സ്റ്റേററമെൻറിനെപ്പററിയല്ല, പരാതി സ്വീകരിക്കാതിരിക്കുന്നതിനെപ്പററി സ്റ്റേററമെൻറ് തരാം.

ശ്രീ. സി. കൊച്ചുകുഞ്ഞു്: സ്റ്റേഷനറിയുടെ കാര്യത്തിൽ ചോർച്ചകൾ ഉണ്ടാകുന്നതായി അറിയാമോ?

(ഉത്തരം പറഞ്ഞില്ല)

കണ്ണൻദേവൻ കമ്പനി.

* 138. [10] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൻദേവൻകമ്പനിക്കു് എന്തു വ്യവസ്ഥയിലാണു് തേയില കൃഷിക്കും മററുമായി ഭൂമി നൽകിയിരിക്കുന്നതു്;

(ബി) കണ്ണൻദേവൻ കമ്പനിക്കാർ അവരുടെ തേയിലത്തോട്ടങ്ങൾ വിൽക്കുവാൻപോകുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തോട്ടങ്ങൾ ഗവണ്മെൻറ ഏറെറടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) 1078-ലും 1086-ലും ഗവണ്മെൻറും കണ്ണൻദേവൻകമ്പനിയുമായി ഉണ്ടാക്കിയിട്ടുള്ള ചില ഉടമ്പടികളുടേയും നിബന്ധനകളുടേയും

അടിസ്ഥാനത്തിൽ 1079-ലും 1094-ലും സ്പെഷ്യൽ ഗ്രാൻറായി കൊടുത്തിട്ടുള്ള ഭൂമികളാണ്, കമ്പനി കൈവശം വച്ചുകൊണ്ടിരിക്കുന്നത്.

(ബി) ഈ സ്ഥലം ഗവണ്മെൻറ് വാങ്ങിക്കണമെന്ന്, പ്ലാൻറിംഗ് ഏജൻസി ലിമിററഡ്, കോട്ടയം ഗവണ്മെൻറിലേയ്ക്കു് ഒരു ലററർ അയച്ചിട്ടുണ്ട്.

(സി) ഈ കാര്യം ഗവണ്മെൻറിൻെറ അന്വേഷണത്തിലിരിക്കുകയാണ്.

ശ്രീ. കെ. സി. ജോർജ്ജ്: കണ്ണൻദേവൻകമ്പനിക്കു ഒരാണ്ടിൽ എന്തു ലാഭം ഉണ്ടാകുന്നുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: നിശ്ചയമില്ല.

ശ്രീ. പി. വി. അവിരാത്തരകൻ: അവക്ക് എന്തു റെൻറിനാണ് കൊടുത്തിരിക്കുന്നത്?

ശ്രീ. എ. ജെ. ജോൺ: 1121-നുമുമ്പ് കൃഷിചെയ്തിട്ടുള്ള സ്ഥലത്തിനു എട്ടണ കരവും 1121-ൽ ബേസിക്ടാക്സ് അനുസരിച്ച് അവരുടെ മുഴുവൻ വസ്തുക്കൾക്കും ബേസിക് ടാക്സും ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. വി. അവിരാത്തരകൻ: അവർ മുഴുവൻ വസ്തുക്കളിലും കൃഷി നടത്തുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല. അവരുടെ കൈവശത്തിലിരിക്കുന്നത് 1,35,384 ഏക്കറാണ്. അതിൽ കുറെ ഭാഗം കൃഷിചെയ്യാതെയിട്ടിരിക്കുകയാണ്.

ശ്രീ. പി. വി. അവിരാത്തരകൻ: ബാക്കി സ്ഥലത്തു കൂടി കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടോ എന്നറിഞ്ഞുകൂടാ.

ശ്രീ. പി. വി. അവിരാത്തരകൻ: അങ്ങിനെ കൃഷി ചെയ്യാതെ ഇട്ടിരിക്കുന്ന സ്ഥലം തിരിയെ ഗവണ്മെൻറ് കൈവശപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതു് സാധിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. കെ. സി. ജോർജ്ജ്: ഈ ലാഭത്തിന്മേൽ ചുമത്തുന്ന നികുതിയായിട്ടു തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിനു് എന്തു നികുതി കിട്ടുന്നുണ്ട്?

ശ്രീ. എ. ജെ. ജോൺ. അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് അനുസരിച്ച് ഒരു നല്ല തുക ഗവണ്മെൻറിനു കിട്ടുന്നുണ്ട്. നികുതിയിനത്തിലും സെയിൽസ് ടാക്സ് ഇനത്തിലുമായി പത്തുലക്ഷം രൂപായോളം കിട്ടുന്നുണ്ടായിരിക്കണം.

ശ്രീ. പി. വി. അവിരാത്തരകൻ: അവരുടെ ലാഭം മുഴുവൻ അവർ ഇവിടെത്തന്നെ ചെലവാക്കുകയാണോ, അതോ കടത്തിക്കൊണ്ടു പോകുകയാണോ?

ശ്രീ. എ. ജെ. ജോൺ: അതു നിശ്ചയമില്ല.

ശ്രീ. പി. വി. അവിരാത്തരകൻ: അവരിൽനിന്നു് സെയിൽ സ്ടാക്കു് മുഴുവൻ ഇവിടെ കിട്ടുന്നില്ലെന്നു അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അതു് കിട്ടുന്നുണ്ടെന്നാണു് തോന്നുന്നതു്.

ശ്രീ. എം. വി. ചെറിയാൻ: അവർക്കു് ഭൂമി വിട്ടുകൊടുത്തിരിക്കുന്നതു് തേയിലകൃഷിക്കാണോ?

ശ്രീ. എ. ജെ. ജാൺ: അതാണെന്നാണു് തോന്നുന്നതു്.

ശ്രീ. എം. വി. ചെറിയാൻ: ആ സ്ഥലങ്ങൾ മുഴുവൻ തേയില കൃഷിക്കു പററിയതല്ലെന്നും എന്നാൽ നെൽ കൃഷിക്കു് വളരെപ്പററിയതായ സ്ഥലങ്ങൾ അവിടെയുണ്ടെന്നുള്ള സംഗതിയെപ്പററിയും ഗവണ്മെൻറു് അന്വേഷിക്കുമോ?

ശ്രീ. എ. ജെ. ജാൺ: അന്വേഷിക്കാം.

ശ്രീ. എം. വി. ചെറിയാൻ: ഈ ഗവണ്മെൻറിനല്ലാതെ മററാർക്കും ഇതു് വിൽക്കാതിരിക്കുന്നതിനു് ഗവണ്മെൻറു് ശ്രദ്ധിക്കുമോ?

ശ്രീ. എ. ജെ. ജാൺ: ഗവണ്മെൻറ ശ്രമിക്കാം എന്നേയുള്ളു. കാൺസ്റ്റിറ്റ്യൂഷൻ അനുസരിച്ചു് അവർക്കു്, ഇൻഡ്യയിലുള്ള ആർക്കുവേണമെങ്കിലും വിൽക്കുന്നതിനു് റൈററു് ഉണ്ടെന്നാണു് തോന്നുന്നതു്. കഴിയുന്നിടത്തോളം ഗവണ്മെൻറ വാങ്ങിക്കാൻ ശ്രമിക്കാം.

Shri P. S. Nataraja Pillai: Is there not a provision in the contract to the effect that Government should see that the uncultivated portions are properly utilised in the event of not being attended so?

ആ എഗ്രിമെൻറ അനുസരിച്ചു് ഫോറസ്റ്റായിട്ടുള്ള സ്ഥലങ്ങളിൽ മരങ്ങളും കാടുകളും വെട്ടാതിരിക്കണമെന്നും വെട്ടുന്നവരെ ശിക്ഷിക്കണമെന്നും വ്യവസ്ഥയില്ലേ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടായിരിക്കാം.

ശ്രീ. കെ. എം. ജാർജ്ജ്: കഴിഞ്ഞ നിയമസഭാസമ്മേളനാവസരത്തിൽ കണ്ണൻദേവൻ കമ്പനി, ബർമ്മാ ഏജൻസിക്കു് വില്ക്കുവാൻ പോകുന്നു എന്നുള്ളതിനെപ്പററി ഞാൻ തന്നെ അന്നത്തെ ബഹുമാനപ്പെട്ട മന്ത്രിയോടു പറകയും അദ്ദേഹം അതിനു് അടിയന്തിരമായി വേണ്ട നടപടികൾ എടുക്കാമെന്നും അതു് വില്ക്കാതിരിക്കുന്നതിനു ശ്രമിക്കാമെന്നും പറയുകയുണ്ടായി. അതു് സംബന്ധിച്ചു് ഇതുവരെ വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: എൻെറ കൈവശമുള്ള ഫയലുകൾ നോക്കീട്ടു് അതേപ്പററി ഒന്നും കാണുന്നില്ല. കോട്ടയത്തുള്ള പ്ലാൻറിംഗ് ഏജൻസി ലിമിറഡു് എന്ന കമ്പനി ഗവണ്മെൻറിലേയ്ക്കെഴുതിയിട്ടുണ്ടു്. അതു് ഗവണ്മെൻറിൽനിന്നും വാങ്ങണമെന്നും അതു് അവർ മുഖാന്തിരം വാങ്ങണമെന്നും ഉള്ളതിലേയ്ക്കു് അവരുടെ ഒരു എഴുത്തു വന്നിട്ടുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞു്: ആ എഴുത്തിനു് വല്ല മറുപടിയും കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : അതു് ഗവണ്മെൻറിന്റെ ആലോചനയില രിക്കുകയാണു് എന്നു മറുപടി കൊടുത്തിട്ടുണ്ടു്.

ശ്രീ. സി. കെ. വിശ്വനാഥൻ : സ്പെഷ്യൽ ഗ്രാൻറ് എന്ന വ്യവസ്ഥയനുസരിച്ചു് ഈ ഭൂമി ഗവണ്മെൻറിനു് കൊടുക്കാതിരിക്കുവാൻ കമ്പനിക്കു് അവകാശമുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അതായതു് ഇതിൽ പറഞ്ഞിരിക്കുന്നതു്

"The land is held in perpetuity as heritable or transferable property, but every case of transfer by the society should be immediately made known by the society to the Government" എന്നാണു്.

ശ്രീമതി കെ. ആർ. ഗൗരി : ഇത്രയും വലിയ ഭൂമി കൃഷിചെയ്യാതെ വെറുതെ ഇട്ടിരിക്കുന്നതു് ഗവണ്മെൻറിൽ നിന്നും എടുത്തു് പാവപ്പെട്ട കൃഷിക്കാർക്ക് കൊടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. എ. ജെ. ജാൺ : അതിനു് ഞാൻ ആദ്യമേ ഉത്തരം പറഞ്ഞു.

പൊതു തിരഞ്ഞെടുപ്പിൽ പങ്കെടുത്ത സർക്കാർ ജീവനക്കാർ.

✻ 139. [11] ശ്രീ. പി. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പിൽ സർക്കാർ ജീവനക്കാർ സജീവം പങ്കെടുത്തതായി എത്ര പരാതികൾ ലഭിച്ചിട്ടുണ്ടു്;

(ബി) എത്രപേരെ ശിക്ഷിച്ചിട്ടുണ്ടു്;

(സി) ശിക്ഷയുടെ മാനദണ്ഡം എങ്ങിനെ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) 54 പരാതികൾ ലഭിച്ചിട്ടുണ്ടു്.

(ബി) പരാതികൾ അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞതുകൊണ്ടു് ആരെയും ശിക്ഷിച്ചിട്ടില്ല.

(സി) (ബി) യുടെ ഉത്തരംമൂലം ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കുഞ്ഞൻ : ഭരണകക്ഷിക്കു വോട്ടു പിടിച്ചാൽ അതിനു നടപടി എടുക്കുമോ ?

ശ്രീ. എ. ജെ. ജാൺ : കാൺഗ്രസ്സു് പാർട്ടിക്കു വോട്ടു പിടിക്കുന്നതും നിയമവിരുദ്ധമാണു്.

ശ്രീ. പി. കുഞ്ഞൻ : അങ്ങനെ ഭരണകക്ഷിക്കു വേണ്ടി വോട്ടു പിടിയ്ക്കാമോ ?

ശ്രീ. എ. ജെ. ജാൺ : സർക്കാർ ജീവനക്കാർ ഒരു കക്ഷിയ്ക്കു വേണ്ടിയും വോട്ടു പിടിക്കുവാൻ പാടില്ല. അതു് നിയമത്തിൽ തന്നെയുള്ളതാണു്.

ശ്രീ. ടി. എ. മജീദ് : കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിക്കാർക്കു വേണ്ടി വോട്ടു പിടിക്കാമോ ?

ശ്രീ. എ. ജെ. ജാൺ: കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിക്കാർക്കും, കമ്മ്യൂണിസ്റ്റുകാർക്കും, ആർ. എസ്സ്. പി. ക്കാർക്കും, തമിഴ്നാട്ട് കാൺഗ്രസ്സിനും വേണ്ടി സർക്കാർ ജീവനക്കാർ വോട്ടു പിടിക്കുവാൻ പാടില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: കാൺഗ്രസ്സുകാർക്കുവേണ്ടി വോട്ടു പിടിയ്ക്കാമെന്നു പറഞ്ഞു. അതു കുററകരമാണോ?

ശ്രീ. എ. ജെ. ജാൺ: അതു ഞാൻ പറഞ്ഞില്ല. ഉദ്യോഗസ്ഥന്മാർ വോട്ടു പിടിക്കുവാൻ പാടില്ലെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. സി. ജാർജ്ജ്: ഈ സർക്കാർ ജീവനക്കാർ തെരഞ്ഞെടുപ്പിൽ പങ്കെടുത്തതായി 54 കേസ്സുകളുണ്ടെന്നു പറഞ്ഞു. അതിൽ കാൺഗ്രസ്സ് കക്ഷിക്കുവേണ്ടി ഇത്ര, കമ്മ്യൂണിസ്റ്റുകക്ഷിയ്ക്കുവേണ്ടി ഇത്ര, ആർ. എസ്സ്. പി. ക്കു വേണ്ടി ഇത്ര എന്നെല്ലാമുള്ളതിനെപ്പററി ഒരു പട്ടിക പറയാൻ സാധിക്കുമോ:

ശ്രീ. എ. ജെ. ജാൺ: പട്ടിക എൻെറ കൈവശമുണ്ട്. അതു പ്രത്യേകം തിരിച്ചു നോക്കിട്ടില്ല.

അയിത്തം.

❋ 140. [12] ശ്രീ. പി. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ നിന്നും യൂണിയൻഗവണ്മെൻറിലേക്ക് സംസ്ഥാനത്തു അയിത്തം ഇല്ലാ എന്ന് ഒരു ലററർ അയക്കേണ്ട പരിതഃസ്ഥിതി ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു വ്യക്തമാക്കുമോ;

(സി) തന്മൂലം മററ സംസ്ഥാനങ്ങൾക്ക് അയിത്തോച്ചാടനത്തിന് കേന്ദ്രഗവണ്മെൻറിൽനിന്നും നൽകുന്ന തുക ഈ സംസ്ഥാനത്തിനു നഷ്ടപ്പെട്ടിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ, ബി) അയിത്തം മുൻകാലങ്ങളിലെപ്പോലെ അത്ര സാർവ്വത്രികമായും കർക്കശമായും ഇല്ല എന്നു അറിയിച്ചിട്ടുണ്ട്.

(സി) ഇൻഡ്യാഗവണ്മെൻറിൽനിന്നും അയിത്തോച്ചാടനത്തിനു ഗ്രാൻറ് കിട്ടീട്ടില്ല.

ശ്രീ. പി. കുഞ്ഞൻ: അയിത്തം ഇന്നു സംസ്ഥാനത്തു വളരെ കൂടുതലായി ആചരിക്കുന്നുണ്ടെന്നുള്ളതു് ഗവണ്മെൻറിനറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിവില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: എന്നാണ് യൂണിയൻ ഗവണ്മെൻറിലേക്ക് ലററർ അയച്ചിട്ടുള്ളതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: 11-5-1954-ലാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: അങ്ങനെ ഗവണ്മെൻറ് എടുത്ത നിലയെ പുനഃപരിശോധന ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ക്ഷേത്രപ്രവേശനവിളംബരത്തിന്റെ ഫലമായിട്ടാണോ അയിത്തം ഇല്ലാതായിത്തീന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : ക്ഷേത്രപ്രവേശനവിളംബരംമൂലം അയിത്തം കുറെ ലഘൂകരിച്ചു. ഇല്ലാതായിട്ടില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : പിന്നെ ഇങ്ങനെ മറിച്ചു വ്യാഖ്യാനിക്കുവാനുള്ള കാരണം എന്താണു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : മറിച്ചു് വ്യാഖ്യാനിച്ചിട്ടില്ല. അയിത്തം തീരെ ഇല്ലാതായിട്ടില്ല എന്നാണു് പറഞ്ഞിട്ടുള്ളതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ജനായത്തസിദ്ധാന്തമനുസരിച്ചു് ഈ ഗവണ്മെൻറു് എടുക്കുന്നതുപോലെയുള്ള നടപടികൾ ഇൻഡ്യാഗവണ്മെൻറും എടുക്കേണ്ടതല്ലെ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതെ, അതിന്റെ ഉത്തരം ഇൻഡ്യാഗവണ്മെൻറാണു് പറയേണ്ടതു്.

ശ്രീ. കെ. കൃഷ്ണപിള്ള : നിലവിലുള്ള ഭരണഘടന അനുസരിച്ചു് അയിത്തം കുററകരമാണെന്നു ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അയിത്തം കുററകരമാക്കുന്നതിനായി ഒരു നിയമം പാർലമെൻറിൽ നിലവിലുള്ളതായി അറിയാം.

ശ്രീ. കെ. കൃഷ്ണപിള്ള : ഭരണഘടന അനുസരിച്ചു് അയിത്തം കുററകരമാണെന്നു അതിൽ പറഞ്ഞിട്ടില്ലെ?

ശ്രീ കെ. കൊച്ചുകുട്ടൻ : കുററകരമാണെന്നു പറഞ്ഞിട്ടുള്ളതായി ഓക്കുന്നില്ല.

ശ്രീ. കെ. കൃഷ്ണപിള്ള : ബഹുമാനപ്പെട്ട മന്ത്രി ഭരണഘടന വായിച്ചിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഭരണഘടന വായിച്ചിട്ടുണ്ടു്. പ്രസക്തമായ സെക്ഷൻ പറഞ്ഞാൽ ഇനിയും വായിക്കാം.

ശ്രീ. പി. കുഞ്ഞൻ : ഗവണ്മെൻറു് ഇതു സംബന്ധിച്ചു് ഇതുവരെ എത്ര കേസ്സുകൾ എടുത്തിട്ടുണ്ടു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇതിന്റെ അടിസ്ഥാനത്തിൽ കേസ്സുകൾ എടുത്തിട്ടില്ല.

ഹരിജൻകോളനികൾ.

✱ 141. [13] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സ്റ്റേററിലുള്ള ഹരിജൻകോളനികളിലെ നിവാസികളിൽ നിന്നും അവക്കനുഭവിക്കേണ്ടതായി വരുന്ന വിഷമതകളെ സംബന്ധിച്ചു് ഈ വർഷത്തിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടു്;

(ബി) പരാതികളുടെ സ്വഭാവം എന്താണ്;

(സി) പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി ഗവണ്മെന്റു വേണ്ട ഏർപ്പാടുകൾ കഴിയുന്നതും വേഗത്തിൽ ചെയ്യുമോ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നതേയുള്ളു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ബഡ്ജററ് വർഷത്തിൽ കൊള്ളിച്ചിട്ടുള്ള സംഖ്യ മുഴവൻ ഗവണ്മെന്റ് ചെലവാക്കിയിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു് ഈ കൃസ്ത്യനുമായി ബന്ധമുള്ളതല്ല.

Mr. Speaker: You may put a separate question.

കുടിയിറക്കുകൾ.

* 142. [14] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ പല ഭാഗത്തായി ധാരാളം കുടിയിറക്കുകൾ നടക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കുടിയിറക്കുകൾ തടയുവാൻ ഗവണ്മെന്റ് എന്തെങ്കിലും അടിയന്തിരനടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം;

(സി) ഈ കുടിയിറക്കുകൾ തടയുന്നതിനായി കഴിഞ്ഞ നിയമസഭാസമ്മേളനക്കാലത്തു് ഒരു ബിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു് ഈ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ബില്ലിന്റെ വെളിച്ചത്തിൽ ഒരു ആർഡിനൻസു പുറപ്പെടുവിക്കുവാൻ ഈ ഗവണ്മെന്റ് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു് കാരണമെന്തു്;

(ഡി) ഇങ്ങനെ ഒരു ആർഡിനൻസ് പുറപ്പെടുവിക്കണമെന്നു കർഷകരുടെ ഭാഗത്തുനിന്നും വളരെ മുമ്പുമുതൽക്കു് നിവേദനങ്ങൾ ഉണ്ടായിട്ടില്ലേ?

ശ്രീ. ടി. എ. മജീദ്: (സി) യുടേയും, (ഡി) യുടേയും ഉത്തരംമാത്രം കിട്ടിയാൽ മതി.

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (സി) ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ഡി) അസംബ്ലി നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു ആർഡിനൻസ് പുറപ്പെടുവിക്കുന്നതു് ശരിയായ ഒരു നടപടിയല്ല.

ശ്രീ. ടി. എ. മജീദ്: അസംബ്ലി നടന്നുകൊണ്ടിരിക്കുമ്പോൾ വേണമെന്നല്ല ഞാൻ പറഞ്ഞതു്?

ശ്രീ. എ. ജെ. ജാൺ: ഈ ബില്ലിന്റെ വെളിച്ചത്തിൽ ഒരു ആർഡിനൻസ് പുറപ്പെടുവിക്കാൻ നിയമസഭ നടക്കുന്നകാലത്തു് നിവൃത്തിയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : മുമ്പ് ഒരു ആർഡിനൻസ് പുറപ്പെടുവിക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ടോ എന്നാണ് ചോദ്യം ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അതിന്റെ കാരണം എന്താണ് ?

ശ്രീ. എ. ജെ. ജാൺ : അതേപ്പററി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : എന്തുകൊണ്ടാണ് ആർഡിനൻസ് പുറപ്പെടുവിക്കേണ്ട എന്നു തീരുമാനിച്ചത് ?

ശ്രീ. എ. ജെ. ജാൺ : ആ ബില്ലുതന്നെ പാസ്സാക്കാൻ പോവുകയാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അതിന്റെ ഗൌരവതരമായ സ്വഭാവം മനസ്സിലാക്കിയിട്ടും അതിനെ ഒരു ആർഡിനൻസ് പുറപ്പെടുവിക്കണമെന്ന് തോന്നാത്തത് എന്തുകൊണ്ടാണ് ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ ഒരു ആർഡിനൻസ് കൊണ്ടുവരുന്നത് ശരിയാണെന്നു തോന്നിയില്ല.

ശ്രീ. എൻ. പരമേശ്വരൻപിള്ള : ഈ നിയമസഭയിൽതന്നെ ആ നിയമം പാസ്സാക്കാൻ ഗവണ്മെന്റ് ശ്രമിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : ഈ അസംബ്ലി അവസാനിക്കുന്നതിനു മുൻപു തന്നെ അതു പാസ്സാക്കണമെന്നാണ് ഗവണ്മെന്റിന്റെ ഉദ്ദേശം. ഇപ്പോൾ കോടതികൾ എല്ലാം മദ്ധ്യവേനൽ അവധിയനുസരിച്ചു ഉടനെ പൂട്ടുന്നതാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അങ്ങനെ ഒരു ബില്ല് കൊണ്ടുവരാൻ പ്രചോദനം നൽകിയതു് എന്താണെന്നു ഗവണ്മെന്റിനു് പറയാമോ ?

ശ്രീ. എ. ജെ. ജാൺ : പ്രചോദനത്തെപ്പററി അന്വേഷിക്കേണ്ട ആവശ്യമില്ല.

വീടുനിർമ്മാണപദ്ധതി.

* 143. [15] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് സ്കീം അനുസരിച്ചു ഗവണ്മെന്റിൽ നിന്നും ഇതുവരെ ആകെ എത്ര വീടുകൾ പണികഴിപ്പിച്ചിട്ടുണ്ട് ;

(ബി) ശരാശരി ഒരു വീടിനു് എന്തു തുക ചെലവായിട്ടുണ്ട് ;

(സി) പണികഴിപ്പിച്ചിട്ടുള്ള വീടുകളിൽ ആളുകൾ താമസിക്കാതെ എവിടെയെങ്കിലും കിടക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്ത് ;

(ഇ) പണികഴിച്ചിട്ടുള്ള വീടുകളിൽ, വ്യവസായത്തൊഴിലാളികൾക്ക് എത്ര ; മററുള്ള വിഭാഗങ്ങൾക്ക് എത്ര ;

(എഫ്) എൻ. ജി. ഓ. മാർക്ക് പണികഴിപ്പിച്ചിട്ടുള്ള വീടുകൾ ഈ ഹൗസിംഗ് സ്കീമിൽ ഉൾപ്പെടുന്നുണ്ടോ;

(ജി) എൻ. ജി. ഓ. മാർക്ക് വീടുകൾ പണിതുകൊടുക്കുന്ന സ്കീം സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട പട്ടണങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനു ഗവണ്മെന്റ ശ്രദ്ധിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 524 വീടുകൾ പണികഴിപ്പിച്ചിട്ടുണ്ട്.

(ബി) ഉദ്ദേശം 2000 രൂപ.

(സി) ഉണ്ട്.

(ഡി) അഴീക്കോട്ടും, ഇടവിലങ്ങിലും പണിചെയ്ത കെട്ടിടങ്ങളുടെ ഉത്തരവാദിത്വം തുടർന്നു സംഘത്തിനു വഹിക്കാൻ നിവൃത്തിയില്ല എന്നറിയിച്ചതിനാൽ അവ അവശസമുദായങ്ങളുടെ ഉന്നമനഡിപ്പാർട്ടുമെൻറിലേയ്ക്കു വിട്ടുകൊടുക്കുന്നതിനു ഗവണ്മെൻറ് ആലോചന നടത്തിവരികയാണ്. മററു ചില സ്ഥലങ്ങളിൽ താമസക്കാർക്ക് കിണറും, കക്കൂസും പണി തീർത്ത ശേഷമേ ആളുകൾ താമസത്തിനു വരികയുള്ളു. ഇതിനെല്ലാം നടപടികൾ എടുക്കുന്നുണ്ട്.

(ഇ)	1.	കാർഷികത്തൊഴിലാളികൾക്ക്	133.
	2.	മത്സ്യത്തൊഴിലാളികൾക്ക്	208.
	3.	മുനിസിപ്പൽ തൊഴിലാളികൾക്ക്	126.
	4.	വ്യവസായ തൊഴിലാളികൾക്ക്	32.
	5.	മററുതൊഴിലാളികൾക്ക്	25.
		ആകെ	524.

(എഫ്) ഇല്ല.

(ജി) ആയതു പരിഗണിക്കാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഇപ്പോൾ പണിയിപ്പിച്ചിട്ടുള്ള കെട്ടിടങ്ങളിൽ താമസസൗകര്യം കുറവാണെന്ന് ഗവണ്മെൻറിനറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പലരുടേയും സൗകര്യം പല തോതിലാണ്. ഏതെങ്കിലും അസൗകര്യം ഉള്ളതായി ഗവണ്മെൻറിനറിവില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഇപ്പോൾ പണിയിച്ചിട്ടുള്ള കെട്ടിടത്തിന്റെ സമ്പ്രദായം താമസിക്കുന്നവർക്ക് പററിയതല്ലെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ അറിവില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ആ കെട്ടിടങ്ങളോടു ചേർന്നു നല്ല കിച്ചൻ പണിയിക്കുവാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവയോടു ചേർന്നു കിച്ചനും പണിയിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഇപ്പോൾ പണിയിച്ചിട്ടുള്ള കിച്ചൻ എല്ലാം തന്നെ തീരെ അസൗകര്യപ്രദമായ സമ്പ്രദായത്തിലാണ്, എന്നു

മാത്രമല്ല, ചെലവും കൂടുതലുണ്ട്. അതുകൊണ്ട് അതു മാററാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇപ്പോഠം അതു മാററാൻ ഉദ്ദേശിക്കുന്നില്ല. പുതിയതായി കിച്ചൻ പണിയിക്കുമ്പോഠം അതിനെപ്പററി ആലോചിക്കാം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : പണിയിച്ചിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് ഏതെങ്കിലും പരാതി ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ?

ശ്രീ കെ. കൊച്ചുകുട്ടൻ : പരാതിയൊന്നും ലഭിച്ചിട്ടില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : പന്തളത്തു കടയ്ക്കാട്ട് എന്ന സ്ഥലത്തു പണിയിച്ചിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് പരാതിവല്ലതും ലഭിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആ കെട്ടിടം ആർക്കുവേണ്ടി പണിയിച്ചോ അവരെ ഏൽപ്പിച്ചുകൊടുത്തില്ല എന്ന പരാതി ലഭിച്ചിട്ടുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അല്ലാതെ ആ കെട്ടിടം പണിത കൺട്രാക്ററർ അതു ശരിയായിട്ടല്ല പണിയിച്ചതു് എന്നു പരാതി ലഭിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ലഭിച്ചിട്ടില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : കിടങ്ങൂരിൽ 18 വീടുകഠം ഗവണ്മെൻറ് പണിയിച്ചിട്ട് ആരും ഉപയോഗിക്കാതെ കിടന്നു നഷ്ടം വന്നുകൊണ്ടിരിക്കുന്നു എന്നു ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അവിടെ മററു ചില സൗകര്യങ്ങളും കൂടി ഉണ്ടാക്കിക്കൊടുത്തു് ആ കെട്ടിടങ്ങഠം ഉപയോഗപ്രദമാക്കിത്തീർക്കുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ ഹൗസിംഗ് സ്കീമിൽ അംഗീകൃത പത്രപ്രതിനിധികഠംക്കുകൂടി ഏതെങ്കിലും സൗകര്യം ചെയ്തുകൊടുക്കുന്നതിന് ആലോചിക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇതുവരെ ആലോചിച്ചിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : തൊഴിലാളികഠംക്കായി പണികഴിപ്പിച്ചിട്ടുള്ള വീടുകഠം ഐ. എൻ. ടി. യു. സി. തൊഴിലാളികഠംക്കല്ലേ നൽകി വരുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തൊഴിലാളികഠംക്കായി പണികഴിപ്പിച്ചിട്ടുള്ള വീടുകളിൽ തൊഴിലാളികളെ താമസിപ്പിക്കണമെന്നാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്.

ശ്രീ. കെ. കരുണാകരൻ : വ്യവസായത്തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതി ത്വരിതപ്പെടുത്തുവാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശ്രദ്ധിക്കാം.

ശ്രീ. ടി. പി. സീതാരാമൻ: ശാസ്താംകോട്ടയിൽ പണിത വീടുകളിൽ ഇതുവരെ ആളുകളെ താമസിപ്പിക്കാത്തത് എന്തുകൊണ്ടാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനുള്ള സൗകര്യങ്ങളെല്ലാം പൂർത്തിയായി വരുന്നതേ ഉള്ളു. ഉടനെതന്നെ ആളുകളെ താമസിപ്പിക്കുവാൻ കഴിയും.

ലോഹമണൽ ഗവേഷണം.

* 144. [16] ശ്രീ വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് ലോഹമണൽ സംബന്ധമായ ഗവേഷണം വല്ലതും ഗവണ്മെന്റ നടത്തിവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) തിരുവനന്തപുരം താലൂക്കിൽ ആററിപ്ര പകുതിയിൽ നടന്നുകൊണ്ടിരുന്ന ലോഹമണൽ ഗവേഷണം പൂർത്തിയായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ ഫലം എന്തായി എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈ സംസ്ഥാനത്തു ലോഹമണൽ സംബന്ധമായ ഗവേഷണം ഗവണ്മെന്റ നടത്തുന്നുണ്ട്.

(ബി) തിരുവനന്തപുരം താലൂക്കിൽ ആററിപ്ര പകുതിയിൽ വേളീക്കായലിനു സമീപം.

(സി) പൂർത്തിയായിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

ശ്രീ. വി. ശ്രീധരൻ: ഈ ഗവേഷണം നടത്തുന്നതു കേന്ദ്രഗവണ്മെന്റാണോ. ഈ ഗവണ്മെന്റാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ഗവണ്മെന്റാണ്.

ശ്രീ. വി. ശ്രീധരൻ: ആററിപ്രപകുതിയിലെ ഗവേഷണം പൂർത്തിയാക്കാൻ ഇനിയും എത്ര സമയം വേണ്ടിവരും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെ സംബന്ധിച്ച് അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻ തന്നിരിക്കുന്ന റിപ്പോർട്ടിൽ പറയുന്നതു്: "Every effort is being made to expedite the work and it is hoped that it would be completed in a few days' time" എന്നാണ്.

ശ്രീ. വി. ശ്രീധരൻ: ആ ഗവേഷണം ഏററവും പ്രയോജനകരമായ വിധത്തിൽ എത്രയും വേഗത്തിൽ നടത്തുന്നതിനു് ഗവണ്മെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ ശ്രദ്ധയുള്ളതുകൊണ്ടാണ് ഗവേഷണം നടത്താൻ ഉദ്ദേശിച്ചതു്.

ശ്രീ. വി. ശ്രീധരൻ: കഴിഞ്ഞ തവണ ഒരു ചോദ്യത്തിനുത്തരമായി ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്, ഉടനെ പൂർത്തിയാകും എന്നു പറഞ്ഞിട്ടുണ്ടായിരുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവേഷണം എന്നു പറയുന്നതു് ഒരു ഷെഡ്യൂൾ അനുസരിച്ചു് പൂർത്തിയാകുന്ന കാര്യമല്ല.

ശ്രീ. എം. വി. ചെറിയാൻ: സംസ്ഥാനവ്യാപകമായ നിലയിൽ മണ്ണു പരിശോധിക്കുന്നതിനെപ്പററി ആലോചിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒരു പ്രോഗ്രാം ഇപ്പോൾ നിലവിലില്ലയോ എന്നറിഞ്ഞുകൂട. അതിനെപ്പററി അന്വേഷിക്കാം.

പോലീസ് മർദ്ദനം.

* 145. [17] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ കുളത്തൂർ, കാട്ടായിക്കോണം, പോത്തൻകോട്ട് തുടങ്ങിയ സ്ഥലങ്ങളിൽ 17-2-55 ലും തുടർന്നുള്ള ചില ദിവസങ്ങളിലും കഴക്കൂട്ടം പോലീസ് നടത്തിയിട്ടുള്ള മർദ്ദനങ്ങളെപ്പററി ഗവണ്മെൻറിനു വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറ് അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു്?

ശ്രീ. സി. എ. മാത്യു: സർ, ഇതു് ഒരു പ്രാദേശിക കാര്യത്തെപ്പററിയുള്ള ചോദ്യമാണ്. അതുകൊണ്ടു് അനുവദിക്കാമോ?

മി. സ്പീക്കർ: അനുവദിക്കുന്നതിൽ വിരോധമൊന്നുമില്ല.

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) പരാതിലഭിച്ചിട്ടുണ്ടു്.

(ബി) പരാതിയെപ്പററി അന്വേഷണം നടത്തിയതിൽ, പ്രൈവററ് മോട്ടോർ ജോലിക്കാരിൽ ഒരു വിഭാഗം പണിമുടക്കിയ അവസരത്തിൽ ആവശ്യവാഹന ഗതാഗതത്തിനു തടസ്സവും വിഷമവും നേരിടാതിരിക്കുന്നതിനു പോലീസുകാർ എടുത്ത നടപടികളെപ്പററി ചില തൽപ്പരകക്ഷികളുടെ അതിശയോക്തികരമായ പ്രസ്താവനമാത്രമാണെന്നു കണ്ടു.

ശ്രീ. വി. ശ്രീധരൻ: കഴക്കൂട്ടത്തുള്ള ശ്രീനാരായണ സ്മാരക ഗ്രന്ഥശാലയ്ക്കകത്തു ഒരു പോലീസ് ഇൻസ്പെക്ടർ കടന്നുചെന്നു് അവിടെ പത്രം വായിച്ചുകൊണ്ടിരുന്ന ഒരാളിനെ ചീത്ത പറഞ്ഞതായും അതുപ്പിച്ചു പെടുത്തിയതായും അറിവുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

ശ്രീ. വി. ശ്രീധരൻ: ഇതു സംബന്ധിച്ചു് ശ്രീനാരായണസ്മാരക ഗ്രന്ഥശാല പ്രവർത്തകന്മാരുടെ ഒരു നിവേദക സംഘം, മുഖ്യമന്ത്രിയെ സമീപിച്ചു് നിവേദനം നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയൊരു സംഘം എന്നെ സമീപിക്കുകയും ബഹുമാനപ്പെട്ട മെംബർ പറഞ്ഞ ആക്ഷേപകരമായ പ്രവർത്തനങ്ങൾ അവിടെ നടക്കുന്നു എന്നറിയിക്കുകയും ചെയ്തു. അന്വേഷിച്ച് റിപ്പോർട്ടുചെയ്യണമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ: റിപ്പോർട്ടു ചെയ്യണമെന്നാവശ്യപ്പെട്ടതു് ഏതുദ്യോഗസ്ഥനോടാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റിപ്പോർട്ടു ചെയ്യണമെന്നാവശ്യപ്പെട്ടതു് അങ്ങനെ തെററു ചെയ്തു എന്നു പരതിപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻെറ ഡിപ്പാർട്ടുമെൻറു മേധാവിയോടു്.

ശ്രീ. വി. ശ്രീധരൻ: സാധാരണ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻെറ മേൽ പരാതിയുണ്ടായാൽ അതിനെപ്പററി എ. എസ്. പി. യോ അതുപോലെയുള്ള മററു പോലീസ് ഉദ്യോഗസ്ഥന്മാരോ അന്വേഷണം നടത്തിയാൽ ഈ പോലീസ് ഉദ്യോഗസ്ഥന്മാർ കുററക്കാരല്ലെന്നു റിപ്പോർട്ട് അയച്ചുവരുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ അറിവില്ല.

ശ്രീ. വി. ശ്രീധരൻ: ഡിപ്പാർട്ടുമെൻറലായി അന്വേഷണം നടത്തിയാൽ കുററത്തിൻെറ യഥാർത്ഥം മനസ്സിലാക്കുവാൻ പ്രയാസമുള്ള ഒരു പരിതഃസ്ഥിതിയാണുള്ളതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെൻറിൽ ഒരു കീഴ്ജീവനക്കാരൻ ചെയ്യുന്ന തെററ് അന്വേഷിക്കുവാനുള്ള ചുമതല ആ ഡിപ്പാർട്ടുമെൻറു മേധാവിക്കാണ്. അങ്ങനെയുള്ള അവസരങ്ങളിലെല്ലാം വേറൊരു തത്വം സ്വീകരിക്കണമെന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല.

ശ്രീ. വി. ശ്രീധരൻ: ഗ്രന്ഥശാലാസംഘം പ്രസിഡൻെറന്ന നിലയിൽ അങ്ങ് ഈ സംഭവത്തെപ്പററി നേരിട്ടന്വേഷിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഐ. ജി. യുടെ റിപ്പോർട്ടിനുശേഷം വേണമെന്നുണ്ടെങ്കിൽ നേരിട്ടന്വേഷിക്കുന്നതിനു വിരോധമില്ല

ശ്രീ. കെ. സി. ജാർജ്ജ്: ഇന്നത്തെ പോലീസ് ഡിപ്പാർട്ടുമെൻറിനു് ഒരു മർദ്ദന നയം ഉണ്ടെന്നും, അതുകൊണ്ടു് അതിനെപ്പററി ഡിപ്പാർട്ടുമെൻറിൽനിന്നു നടത്തുന്ന അന്വേഷണം നിഷ്പക്ഷമായിരിക്കുകയില്ലെന്നും ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പോലീസ് ഡിപ്പാർട്ടുമെൻറിനു ഒരു മർദ്ദന നയം ഉണ്ടെന്നു ഗവണ്മെൻറു സമ്മതിക്കുന്നില്ല. ഒരു ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻ എൻക്വയറി ചെയ്യാൻ പാടില്ല എന്നുള്ളതിനോടും ഗവണ്മെൻറു യോജിക്കുന്നില്ല. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ തെററുചെയ്താൽ എപ്പോഴും പബ്ലിക് എൻക്വയറി വേണം എന്നു വന്നാൽ കാര്യമൊന്നും നടക്കുകയില്ല.

ശ്രീ. കെ. സി. ജാർജ്ജ്: പബ്ലിക് എൻക്വയറി വേണമെന്നല്ല പറയുന്നതു്. നാട്ടിൽ നീതിയും ന്യായവും നടക്കത്തക്ക വിധത്തിൽ നിഷ്പക്ഷമായ ഒരു അന്വേഷണം നടത്തണമെന്നേ പറയുന്നുള്ളു.

ഇന്നത്തെ നിലയ്ക്കു ഡിപ്പാർട്ടുമെന്റുവഴി നടത്തുന്ന അന്വേഷണം നിഷ്ഫലമായിരിക്കുകയില്ലെന്നു ജനങ്ങൾക്കു പരാതിയുള്ളതായി ഗവണ്മെന്റിനു അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയുള്ള അറിവൊന്നും ഗവണ്മെന്റിനില്ല. പോലീസുകാരന്റെ ആക്ഷേപങ്ങളെപ്പററി പോലീസ് ഡിപ്പാർട്ടുമെന്റിന്റെ മേധാവിതന്നെയാണ് സാധാരണ അന്വേഷിക്കുന്നതു്. എന്തെങ്കിലും അസാധാരണ സന്ദർഭങ്ങളിൽ മററുള്ളവരെക്കൊണ്ടു് അന്വേഷിപ്പിക്കും എന്നേയുള്ളു. ഉദാഹരണമായി തെക്കൻതിരുവിതാംകൂറിലെ വെടിവെയ്പ്പിനെപ്പററി തന്നെ എടുക്കാം. അതു് ഒരു അസാധാരണ സംഭവഗതിയാണു്. ഒരു പബ്ലിക് എൻക്വയറി വേണമെന്നു ജനങ്ങളാവശ്യപ്പെട്ടു. അതനുസരിച്ചു് ഒരു ഹൈക്കോടതി ജഡ്ജിയെ നിയമിച്ചു് പബ്ലിക് എൻക്വയറി നടത്തുകയും ചെയ്തു

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സാധാരണ പോലീസ് മേധാവി കീഴ്സിബ്ബന്ധികളെ താങ്ങി റിപ്പോർട്ടു ചെയ്യുകയല്ലേ പതിവു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയല്ല, ലാ ആഫ് പ്രാബബിലിററി അനുസരിച്ചു് പറയുന്നതുപോലെ മർദ്ദനം ഉണ്ടായിട്ടില്ലെന്നാണു് കാണുന്നതു്. കുററം ചെയ്തതായി തെളിഞ്ഞിട്ടുണ്ടെങ്കിൽ അതനുസരിച്ചു് നടപടി നടത്തുകയും ചെയ്യും.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ സമ്മേളനം തുടങ്ങിയതിൻ ശേഷം ഈ ഇൻസ്പെക്ടറെപ്പററി എത്രയോ പരാതികൾ വന്നിട്ടുള്ള നിലയ്ക്കു് അതിനെപ്പററി ഗവണ്മെൻറന്വേഷണം നടത്താൻ വിചാരിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വന്നിട്ടുള്ള പരാതികളെ സംബന്ധിച്ചു വേണ്ട നടപടികൾ ഇപ്പോൾ നടത്തുന്നുണ്ടു്. അതിൽ കൂടുതൽ ഇപ്പോൾ എന്തെങ്കിലും ചെയ്യുന്നതു് ഭംഗിയായിരിക്കുകയില്ല.

ശ്രീ. പി. ഭാസ്കരൻ നായർ: അടുത്ത കാലത്തുണ്ടായ വെടിവയ്പ്പുകളെപ്പററി ഗവണ്മെൻറു് അന്വേഷണം നടത്തുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വടിവയ്പ്പു ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെപ്പററി അന്വേഷിക്കാം.

ജയിൽപുള്ളികളുടെ ആഹാരം.

✱ 146. [18] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) 1955 ഫെബ്രുവരി 26-ാംനു-യിലെ ജനയുഗം പത്രത്തിൽ (ലക്കം 86 പേജ് 3) "ജയിൽപുള്ളിയുടെ ആഹാരവും മരുന്നും കൊള്ളയടിക്കുന്നു" എന്ന ശീർഷകത്തിൽ പ്രത്യേക ലേഖകന്റേതായി ചേർത്തിരുന്ന വാർത്ത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ചു് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ, എന്താണ്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അന്വേഷണത്തിൽ ആരോപണം അടിസ്ഥാനരഹിതമാണെന്നു ബോദ്ധ്യപ്പെട്ടു.

"The ration articles are weighed and issued to the kitchen by the Deputy Jailor. These articles are daily examined by the Medical Officer before issue. These articles are weighed again in the kitchen by the Head-warder and warder on duty in the presence of the convict officer who is detailed for duty in the kitchen. There is no possibility of the ration being misappropriated by anybody. There has been not even a single complaint from the prisoners that they are not getting their full diet. The medicines received in the jail are not misappropriated by anybody."

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ആരെ നിയോഗിച്ചാണ് അന്വേഷണം നടത്തിയതു്?

ശ്രീ. എ. ജെ. ജാൺ: ഐ. ജി. ആഫ് പ്രിസൺസ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇവിടെ ഉന്നയിച്ചിട്ടുള്ള പരാതികളെപ്പററി ഗവണ്മെൻറ് നേരിട്ട് അന്വേഷണം നടത്തുമോ?

ശ്രീ. എ. ജെ. ജാൺ: ഐ. ജി. ആഫ് പ്രിസൺസിനെക്കൊണ്ടു അന്വേഷണം നടത്തിച്ചാൽ മതിയെന്നാണു ഗവണ്മെൻറിൻെറ അഭിപ്രായം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പരാതി ഗുരുതരമാണെന്ന് ഗവണ്മെൻറു മനസ്സിലാക്കിയ നിലയ്ക്കു് ഇതിനെപ്പററി ഗവണ്മെൻറു തന്നെ നേരിട്ടു അന്വേഷണം നടത്തേണ്ടതായിരുന്നില്ലേ?

ശ്രീ. എ. ജെ. ജാൺ: പരാതി ഗുരുതരമാണെന്നു പത്രത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ അന്വേഷണത്തിൽ അവിടെ നടന്നതു് ഇങ്ങനെയാണ്. ഇത്രയും നിബന്ധനകളെല്ലാം ഉള്ളതുകൊണ്ട് പത്രത്തിൽ പറഞ്ഞിരിക്കുന്നതു് വളരെ വളരെ എക്സാജറേറ്റഡ് ആയിട്ടാണ്.

ശ്രീ. തോപ്പിൽ പി. ഭാസ്കരൻപിള്ള: മോഷ്ടിച്ച ആളിനെക്കൊണ്ടു തന്നെ അന്വേഷണം നടത്തുന്നതാണോ ഭംഗി?

ശ്രീ. എ. ജെ. ജാൺ: അതു് ഈ രാജ്യത്തു പതിവില്ല.

ശ്രീ. തോപ്പിൽ പി. ഭാസ്കരൻപിള്ള: പിന്നെ എന്താണു ഈ രാജ്യത്തു നടക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ: ഈ രാജ്യത്തു ഭരണം നടക്കുന്നു.

ടൈംസ്കെയിൽ.

✽ 147. [19] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈംസ്കെയിൽ നടപ്പിലാക്കുന്നതിനു മുമ്പ് ഓരോ ഡിപ്പാർട്ടുമെന്റുകളിലും ഒഴിവുകൾ വന്നിട്ടുള്ള സ്ഥാനങ്ങളിലേക്ക് ക്രമാനുസരണം പ്രമോഷൻ നൽകുകയും, സർവ്വീസനുസരിച്ചുള്ള ഇൻക്രിമെന്റുകൾ നൽകുകയും ചെയ്യാൻ ഗവണ്മെന്റ ശ്രദ്ധിക്കുമോ;

(ബി) അതിനുവേണ്ടി എന്തെങ്കിലും നടപടികൾ ഗവണ്മെന്റ് ഇതിനകം സ്വീകരിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഓരോ ഡിപ്പാർട്ടുമെന്റിലും വളരെയധികം വേക്കൻസികൾ ഉള്ളതായി തോന്നുന്നില്ല. ഉള്ള വേക്കൻസികളിൽ യഥാക്രമം പ്രമോഷനുകളും ഇൻക്രിമെന്റും നൽകിവരുന്നുണ്ട്.

(ബി) അങ്ങിനെ ചെയ്യിട്ടില്ലെങ്കിൽ അതിനെപ്പററി ആലോചിക്കാം.

WRITTEN ANSWERS.

മച്ചിസ്റ്റൻ എസ്റ്റേററിൽ നടന്ന ബഹളം

✽ 148. [22] ശ്രീ. പി. വിശ്വംഭരൻ: താഴെ പറയു ചോദ്യങ്ങൾക്ക നിയമവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) 1955 ഫെബ്രുവരി 1-ാം തീയതി നെടുമങ്ങാടു് മച്ചിസ്റ്റൺ എസ്റ്റേററിൽ നടന്ന ബഹളം സംബന്ധിച്ചു് എത്ര കേസുകൾ ചാർജ്ജ് ചെയ്യിട്ടുണ്ട്.?

(ബി) ആ കേസ്സിലെല്ലാംകൂടി എത്ര പ്രതികളുണ്ടു്.

(സി) അതിൽ എത്രപേരെ അറസ്ററ ചെയ്യിട്ടുണ്ടു്?

(ഡി) അന്നു് പ്രസ്തുത എസ്റ്റേററിൽ ആരെങ്കിലും വെടിവച്ചിട്ടുണ്ടോ?

(ഇ) വെടിവച്ചതു സംബന്ധിച്ചു് ആരെയെങ്കിലും അറസ്ററ ചെയ്യിട്ടുണ്ടോ?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) നാലു കേസ്സുകൾ.

(ബി) 82 പേർ.

(സി) ആറുപേരെ. ബാക്കിയുള്ളവർ നേരിട്ടു് കോടതിയിൽ ഹാജരായി.

(ഡി) ശ്രീ. പളനിസ്വാമിനായിഡു ആത്മരക്ഷയ്ക്കുവേണ്ടിയും അദ്ദേഹത്തിന്റെ കുടുംബത്തേയും വസ്തുവകകളേയും രക്ഷിക്കുവാനും വെടിവച്ചു.

(ഇ) ശ്രീ. നായിഡുവിനെ ഇതു സംബന്ധിച്ച് അറസ്ററു ചെയ്തു.

കാളനൈസേഷൻ സ്കീം

✻ 149. [24] ശ്രീ. പി. കെ. യശോധരൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം പീരുമേട്ട് കോളനൈസേഷൻ സ്കീം അനുസരിച്ച് ഇതിനകം എത്ര അപേക്ഷകരെ കുടിയേററി പാർപ്പിച്ചിട്ടുണ്ട്;

(ബി) വ്യവസ്ഥയനുസരിച്ചുള്ള എല്ലാ സഹായങ്ങളും അവർക്കു നൽകിയിട്ടുണ്ടോ;

(സി) ഇതിനകം എത്ര അപേക്ഷകരെ തിരഞ്ഞെടുത്തിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ)

(എ) കല്ലാർ കോളനിയിൽ ഇപ്പോൾ 121 കുടുംബക്കാർ താമസം ആരംഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) കല്ലാർ കോളനിയിലേക്ക് 200-ം, മറയൂർ കാളനിക്ക് 149-ം അപേക്ഷകരെ തിരഞ്ഞെടുത്തിട്ടുണ്ട്.

ഡി. ഡി. ടി. ഫാക്ടറി

✻ 150. [29] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവായിൽ ഒരു ഡി. ഡി. ടി. ഫാക്ടറി തുടങ്ങുന്നതിനു ഈ ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ടോ:

(ബി) ഈ നിർദ്ദേശത്തിനു കേന്ദ്രഗവണ്മെൻറിൻെറ അംഗീകാരം ലഭിച്ചിട്ടുണ്ടോ:

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ)

(എ) ആലുവായിൽ ഒരു ഡി. ഡി. ടി. ഫാക്ടറി തുടങ്ങണമെന്നു ഈ ഗവണ്മെൻറ കേന്ദ്രഗവണ്മെൻറിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഈ കാര്യത്തിൽ ഇതുവരെയും തീരുമാനമായിട്ടില്ല. എഴുത്തുകുത്തിൽ ഇരിക്കുകയാണ്.

നെയ്ത്തു തൊഴിലാളികൾ

✻ 151. [30] ശ്രീ. യു. നീലകണ്ഠൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്ത്തുതൊഴിലാളികളെ സഹായിക്കുവാൻ രൂപീകരിച്ചിട്ടുള്ള സഹകരണസംഘങ്ങൾ എത്ര? ആകെ അംഗങ്ങൾ എത്ര? ആകെ നൽകിയ ധനസഹായം എത്ര? എത്ര സംഘങ്ങൾക്കു റിബേററ കൊടുത്തു? റിബേററ കിട്ടാത്തതിനെപ്പററി പരാതികൾ കിട്ടിയിട്ടുണ്ടോ;

(ബി) ആവശ്യമായ സ്റ്റാഫ് ഇല്ലാത്തതുകൊണ്ട് കാര്യമായ പ്രവർത്തനം നടത്താൻ സാധിക്കുന്നില്ലെന്നു ഡിപ്പാർട്ടുമെൻറ മേധാവി റിപ്പോർട്ടു ചെയ്തിട്ടുണ്ടോ;

(സി) അതിന്മേൽ എന്തു നടപടി നടത്തി?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 144. ഉദ്ദേശം 9000 അംഗങ്ങൾ, 762069 രൂപ വായ്പയായും, ഗ്രാൻറായും നൽകിയിട്ടുണ്ട്. രണ്ടു കേന്ദ്രസംഘങ്ങൾ ഉൾപ്പെടെ ആറ സംഘങ്ങൾക്ക് 17524 രൂപ റിബേററ കൊടുത്തു. പരാതികൾ കിട്ടിയിട്ടുണ്ട്. റിബേററ എത്രയും വേഗം കൊടുക്കാൻ നടപടി നടത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി.) കൂടുതൽ സ്റ്റാഫ് നിയമിക്കുന്നതിനുവേണ്ട നടപടികൾ നടത്തിവരികയാണ്. താല്ക്കാലികമായി കൂടുതൽ സ്റ്റാഫിനെ ഇതിലേക്കു നിയോഗിച്ചിട്ടുണ്ട്.

ഭൂനയബില്ലുകൾ.

※ 152. [31] ശ്രീ. കെ. ടി. തോമസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള ഭൂനയബില്ലുകൾ സംബന്ധിച്ച് കേന്ദ്രഗവണ്മെൻറിൽ നിന്നോ പ്ലാനിംഗ് കമ്മിഷനിൽ നിന്നോ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതെന്താണ്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) കേന്ദ്രഗവണ്മെൻറിൽനിന്നും നിർദ്ദേശങ്ങൾ ഒന്നും ഇതുവരെ കിട്ടിയിട്ടില്ല. എന്നാൽ Central Committee for Land Reforms-ൻെറ പര്യാലോചനയ്ക്കായി പ്ലാനിംഗ് കമ്മിഷൻ തയ്യാറാക്കിയ ഒരു നോട്ടിൻെറ പകർപ്പ് ഈ ഗവണ്മെൻറിൻെറ അഭിപ്രായത്തിനായി അയച്ചു തന്നിട്ടുണ്ട്. പക്ഷെ അതു് പ്ലാനിംഗ് കമ്മിഷൻെറ അവസാന അഭിപ്രായമല്ല.

(ബി) കിട്ടിയിട്ടുള്ള അഭിപ്രായം പ്ലാനിംഗ് കമ്മിഷൻെറ അവസാന അഭിപ്രായമല്ലാത്തതിനാൽ അവയെ ഇപ്പോൾ വെളിപ്പെടുത്തുന്നതു് ശരിയായിരിക്കുമെന്നു ഗവണ്മെൻറ് വിചാരിക്കുന്നില്ല.

മുനിസിപ്പാലിററികൾ

※ 153. [34] ശ്രീ. ജെ. എ. ഭട്ട്: താഴെ പറയുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേററിലെ മുനിസിപ്പാലിററികൾക്ക് ഗവണ്മെൻറിൽനിന്നും വർഷംതോറും നൽകിവരുന്ന Toll contribution നിരക്കുകളിൽ വ്യത്യാസം വരുത്തണമെന്നു് മുനിസിപ്പാലിററികളിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ മുനിസിപ്പൽ പ്രതിനിധികളുമായി കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ്; ഇക്കാര്യത്തിൽ താമസിയാതെ ഒരു തീരുമാനം എടുക്കുവാൻ ദയവുണ്ടാകുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) മുനിസിപ്പാലിറ്റികൾക്ക് വർഷംതോറും നൽകിവരുന്ന വാഹനനികുതി നഷ്ടപരിഹാരം കൂട്ടിക്കിട്ടണമെന്ന് കാണിച്ച് മുനിസിപ്പൽ കൗൺസിലുകളിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) കുന്നംകുളം മുനിസിപ്പാലിറ്റി പ്രതിനിധികളും, പാലാ മുനിസിപ്പാലിറ്റി പ്രതിനിധികളുമായി, 24-7-1952-ൽ ഇതു് സംബന്ധിച്ച് ഒരു കൂടിയാലോചന നടത്തിയിട്ടുണ്ട്. കഴിവുള്ളതും വേഗം ഒരു തീരുമാനം എടുക്കണമെന്നാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നതു്.

പുതിയ മന്ത്രിസഭാരൂപീകരണം.

* 154. [36] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1955 ഫെബ്രുവരിയിൽ പുതിയ മന്ത്രിസഭ രൂപീകരിക്കാനുള്ള സാഹചര്യമെന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

പി. എസ്സ്. പി. ഗവണ്മെന്റിന്റെമേൽ അവിശ്വാസം പാസ്സായതിനെ തുടർന്നാണ് പുതിയ മന്ത്രിസഭ രൂപീകരിക്കുവാനിടയായതു്.

Educated Unemployed.

* 155. [40] **Shri N. A. Noor Muhammed:** Will the Chief Minister be pleased to state:

(a) whether any survey has been conducted to find out the number of educated unemployed persons in the State.

(b) if so, the number of such persons;

(c) the measures taken to solve the educated unemployment problem in the State?

Chief Minister **(Shri Panampilli Govinda Menon):** (a) No.

(b) Question does not arise.

(c) Government have already appointed 550 additional teachers. The unemployment among educated people might have been relieved to some extent by this measure. When the soil conservation scheme launched by Government comes into full operation, it is expected that more than 600 educated supervisory personnel will be employed. Government have also made a beginning in changing the purely literary aspect of education by converting 16 primary schools into the basic type. Schemes are being drawn up under the Second Five-Year Plan to convert more schools into the Basic type, and to provide more employment in different ways.

പഞ്ചായത്തുകളുടെ ഗ്രാൻറ്

* 156. [41] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പ്രവർത്തനക്ഷമതയ്ക്കു ഈ ആണ്ടിൽ എന്തു തുക മൊത്തം ഗ്രാൻറായി കൊടുക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടു്;

(ബി) ഓരോ പഞ്ചായത്തിനും നൽകുന്ന ഗ്രാൻറ് എന്തായിരിക്കണം എന്നു തീരുമാനിക്കുന്നതു് ഏതു് മാനദണ്ഡം അനുസരിച്ചാണു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 9,07,461 രൂപ.

(ബി) പഞ്ചായത്തു് ആക്ടിൻറെ 55(1)-ാം വകുപ്പനുസരിച്ചു് പഞ്ചായത്തുകളുടെ പിരിവിനു് തുല്യമായ തുകയാണു് ഗ്രാൻറായി നൽകുന്നതു്. കൂടാതെ ചില നിശ്ചിതജോലികൾ ചെയ്യുന്നതിനുവേണ്ടി സഹായധനമായി സ്പെഷ്യൽ ഗ്രാൻറുകളും പഞ്ചായത്തുകൾക്ക് നൽകുന്നുണ്ടു്. എല്ലാ പഞ്ചായത്തുകൾക്കും ഒരേ നിരക്കിലാണു് ഈയാണ്ടിൽ സ്പെഷ്യൽ ഗ്രാൻറ് നൽകിയിട്ടുള്ളതു്.

ഒന്നും രണ്ടും ഫാറത്തിൽ ഫീസിളവ്.

* 157. [43] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഒന്നും രണ്ടും ഫാറങ്ങളിൽ ഫീസ് ഇളവു ചെയ്തതുമൂലം പ്രൈവറ്റ് മാനേജ്മെൻറ സ്കൂളുകൾക്ക് വന്നിട്ടുള്ള 20 ശതമാനം നഷ്ടപരിഹാരം ഏതെങ്കിലും സ്കൂളിനു് ഇതുവരെ നൽകിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഇല്ലാ. നഷ്ടപരിഹാരം നൽകുന്നതിനു് ഡയറക്ടർക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടു്. ഡയറക്ടർ നടപടികൾ എടുത്തു വരുന്നു. ഉടനെതന്നെ നഷ്ടപരിഹാരം നൽകുന്നതാണു്.

ഷാക്ക്ലിവർ ഓയിൽ ഉൽപ്പാദനം.

* 158. [46] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ കാണുന്ന ചോദ്യത്തിനു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷാക്ക്ലിവർ ഓയിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനം ഗവണ്മെൻറിൻറെ മേൽനോട്ടത്തിൽ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണു് അതു് തുടങ്ങിയതു്; ആ കമ്പനിയുടെ പ്രവർത്തനഫലമായി 1953-54 വർഷത്തിൽ എന്തു ലാഭമുണ്ടായി; ഈ വ്യവസായം വികസിപ്പിക്കുന്നതിനു ഗവണ്മെൻറിനു വല്ല പദ്ധതിയുമുണ്ടോ; ഉണ്ടെങ്കിൽ എന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഷാർക്ക് ലിവർ ആയിൽ ഉൽപ്പാദിപ്പിക്കുവാൻ ഒരു ഫാക്ടറി ഗവണ്മെന്റിൽ നിന്നും തിരുവനന്തപുരത്തു നടത്തുന്നുണ്ടു്.

1939 ഡിസംബറിൽ തിരുവിതാംകൂർ സർവകലാശാലയുടെ കീഴിൽ കുടിൽവ്യവസായാടിസ്ഥാനത്തിൽ ഒരു പരീക്ഷണമെന്ന നിലയ്ക്കു തുടങ്ങിയ ഈ സ്ഥാപനം 1952 ഏപ്രിൽ മുതൽ ഒരു വ്യവസായ സ്ഥാപനം എന്ന നിലയിൽ ഗവണ്മെന്റിന്റെ കീഴിൽ പ്രവർത്തനം നടത്തുന്നു. 1953-54-ൽ ഈ സ്ഥാപനത്തിൽ നിന്നു ലാഭം ഉണ്ടായില്ല. 13,062 രൂപ 2 അണ 11 പൈസ നഷ്ടമാണുണ്ടായതു്.

ഈ വ്യവസായം പ്രോത്സാഹിപ്പിക്കുവാൻ ഒരു പദ്ധതി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. ഈ പദ്ധതിപ്രകാരം ഫാക്ടറിയിൽ ദിവസംപ്രതി 25 ഗ്യാലൻ ഷാർക്ക് ലിവർ ആയിൽ ഉൽപ്പാദിപ്പിക്കുന്നതും 25 ഗ്യാലൻ ആയിൽ വിറ്റാമിൻ പ്രോസസ് ചെയ്യുന്നതുമാണു്.

Police Training.

*159. [48] **Shri M. P. Menon:** Will the Home Minister be pleased to state:

(a) whether the Government sent any officer of the Police Department for special training to the Scotland Yard in the United Kingdom in the year 1952;

(b) when did the officer rejoin duty after training;

(c) is he still in service; if not on what date did he go on leave;

(d) is there any reason why Government sacrificed the services of such a trained hand soon after his training?

Home Minister **(Shri A. J. John):** (a) No.

(b, c & d) Do not arise.

N. E. S. Blocks.

*160. [49] **Shri V. V. Sebastian:** Will the Chief Minister be pleased to state:

(a) how many new N. E. S. Blocks are proposed to be started this year;

(b) what is the policy of the Government in selecting areas for these new blocks, whether to choose areas adjacent to the existing blocks or areas away from such blocks?

Chief Minister **(Shri Panampilly Govinda Menon):** (a) The number will depend upon the number of Blocks allotted to the State by the Government of India. Besides the Blocks already opened one more Block will be opened shortly at Kottarakara attached to the Training Centre.

(b) The following are the principles taken into consideration for the opening of new N. E. S. Blocks:—

(i) Existence of facilities for development.

(ii) Willingness of the people to co-operate in the working of the Scheme.

(iii) Regional representation for Districts.

(iv) Compactness of area covering a population of about one lakh.

(v) The rest of the area in the taluk where a Block is constituted should be capable of being divided into Blocks in future, without leaving isolated pockets or transgressing taluk boundaries.

(vi) Nearness as far as possible to the existing Blocks or Community Projects for facilitating administration.

Transfer of Policemen.

*161. [50] **Shri T. S. Ramaswamy**: Will the Minister for Home be pleased to state:

(a) Number of Policemen transferred from Police Stations of South Travancore to other places in the State in the months of July and Augst 1954;

(b) the reasons for that transfers?

Home Minister (**Shri A. J. John**): (a) In July 1954—3 Police Constables. In August 1954—4 Head Constables, 23 Police Constables.

(b) 4 Head Constables and 24 Constables were transferred on public ground, one on complaint and one on request.

വനഭൂമികൾ.

*162. [51] ശ്രീ. പി. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമികളിൽ കൈകേറി കൃഷിചെയ്തുവരുന്ന സ്ഥലങ്ങളെക്കുറിച്ച് ഒരു സർവ്വെ നടത്തി അതാതു സ്ഥലങ്ങൾ ഭൂമിയില്ലാത്തവരും അർഹരുമായ കൈവശക്കാർക്ക് സ്ഥിരം പാട്ടത്തിനു കൊടുക്കുവാൻ നടപടിയെടുക്കുമോ;

(ബി) വനഭൂമികൾ ഇപ്പോൾ കൈവശം വച്ചിരിക്കുന്നവരെ ഒഴിപ്പിക്കുവാനുള്ള നടപടികൾ നിറുത്തി വയ്ക്കുമോ?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) വനത്തിൽനിന്നും ഒഴിവാക്കാൻ ഉദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിൽ കൈകേറി കൃഷിചെയ്തുവരുന്ന കൈവശക്കാർക്ക് യോഗ്യതാനുസരണം വിതരണം ചെയ്യുന്നതിനു വേണ്ട നടപടികൾ എടുത്തുവരുന്നു.

(ബി) വനസംരക്ഷണാർത്ഥം വനത്തോടു ചേർക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഭൂമി കൈവശക്കാരെ ഒഴിപ്പിക്കൽ നടപടികളിൽനിന്നും ഒഴിവാക്കാൻ നിവൃത്തിയില്ല.

UNSTARRED QUESTIONS AND ANSWERS

Dismissal from Police Department.

19. [1] **Shri A. A. D. Luiz:** Will the Home Minister be pleased to state:

whether any Anglo Indians have been dismissed from the Police Department during the past four years; their names and reasons?

Answer.

No Anglo-Indian has been dismissed from the Police Department during the past four years.

പ്ലാനിംഗ് അഡ്വൈസറി കമ്മിറ്റി.

20. [4] ശ്രീ. പി. കെ. യശോധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പ്ലാനിംഗിന് സംസ്ഥാനത്തുനിന്നും ഒരു കേന്ദ്ര അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അംഗങ്ങൾ ആരെല്ലാം;

ഉത്തരം.

(എ) കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) നിശ്ചയിച്ചുകഴിഞ്ഞിട്ടില്ല.

മലം നിക്ഷേപകേന്ദ്രം.

21. [5] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തെ ഏതെങ്കിലും മുനിസിപ്പാലിറ്റിയുടെ മലനിക്ഷേപകേന്ദ്രം ഈ വർഷത്തിൽ മാറ്റി സ്ഥാപിക്കുന്നതിന് ഗവൺമെന്റ് നടപടികൾ നടത്തിയിട്ടുണ്ടോ;

(ബി) കൊല്ലം മുനിസിപ്പാലിറ്റിയുടെ മലനിക്ഷേപകേന്ദ്രം മാറ്റണമെന്ന് തദ്ദേശവാസികളുടെ നിവേദനം ഗവൺമെന്റിന് ലഭിക്കാൻ തുടങ്ങിയിട്ട് എത്ര വർഷങ്ങളായി;

(സി) ഇവിടെനിന്നും ആ കേന്ദ്രം മാറ്റുന്നതിലേക്ക് ഇന്നത്തെ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണ്;

(ഇ) ഉണ്ടെങ്കിൽ എന്തു നടപടികളാണ് ഉടനെ നടത്താൻ ഉദ്ദേശിക്കുന്നത്?

ഉത്തരം.

(എ) ഉണ്ട്.

(ബി) 1942 മുതൽ.

(സി, ഡി, ഇ) സമീപവാസികൾക്ക് ഉപദ്രവകരമാകാത്ത രീതിയിൽ യന്ത്രസഹായംകൊണ്ട് മലം വളമാക്കി രൂപാന്തരപ്പെടുത്തുന്ന ഒരു "സ്യുവേജ് പ്ലാൻറ്" സ്ഥാപിക്കുവാനാണ് ഗവൺമെൻറ് ഇപ്പോൾ ആലോചിച്ചുവരുന്നത്. അതിനുള്ള നടപടികൾ എടുത്തുവരുന്നു. സ്ഥലം മാറേറണ്ട ആവശ്യം ഈ സ്കീമിനു വേണ്ടിവന്നാൽ മാററുകയും ചെയ്യും.

Aranya Nivas.

22. [6] **Shri Prakkulam Bhasi**: (*a*) whether the lascars of "Aranya Nivas" have complained about their insufficient pay;

(*b*) if so what action has been taken; and

(*c*) are hours of work fixed for them?

Answer.

(*a*) Yes.

(*b*) Their representation was considered and it was decided that it is now too early to take up the question of revision of pay since the hotel was started only on 20-11-1953.

(*c*) No.

മെമ്മോറാണ്ഡം.

23. [9] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

ഈയിടെ തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി കൊടുങ്ങല്ലൂർ സന്ദർശിച്ചപ്പോൾ കൊടുങ്ങല്ലൂർ മണ്ഡലം കോൺഗ്രസ്സ് കമ്മിററി ഒരു മെമ്മോറാണ്ഡം സമർപ്പിക്കുകയുണ്ടായോ?

ഉത്തരം.

മെമ്മോറാണ്ഡം സമർപ്പിച്ചിട്ടുണ്ട്.

Local Development Schemes.

24. [12] **Shri T. S. Ramaswami**: Will the Chief Minister be pleased to state the Number, names and the amount spent under each of the Local Development Schemes and the localities in which these schemes were done in 1954-55?

Answer.

155 items of Local Development Works, as per list attached,* have been taken up. The works are in progress. No Expendiure has actually been incurred so far.

സ്കൂൾകെട്ടിടം.

25. [16] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലോട്ട പകുതിയിൽപ്പെട്ട പേരയം പ്രൈമറിസ്കൂൾ നടത്തുന്ന ഷെഡ്ഡ് ജീർണ്ണിച്ച് അപകടകരമായനിലയിൽ സ്ഥിതിചെയ്യുന്നതായി പൊതുജനങ്ങളിൽനിന്നും ഗവണ്മെൻറിന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂൾകെട്ടിടം പുതുതായി പണിയുന്നതിന് ഗവണ്മെൻറിൽനിന്നും സ്ഥലം തിട്ടപ്പെടുത്തി, 5-ൽപരം വർഷങ്ങൾ കഴിഞ്ഞിട്ടും കെട്ടിടംപണി ആരംഭിക്കാത്തതിന് പ്രത്യേക കാരണം വല്ലതുമുണ്ടോ;

(സി) ഇല്ലെങ്കിൽ ഉടൻതന്നെ പണി ആരംഭിക്കുന്നതിന് ഗവണ്മെൻറ ശ്രദ്ധിക്കുമോ?

ഉത്തരം.

(എ) പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രത്യേകം കാരണം ഒന്നുമില്ല. വേറെയും അതിപ്രധാനമായ പണികൾ ഉണ്ടായിരുന്നതിനാൽ ബഡ്ജററിൽ സ്കൂൾകെട്ടിടം പണികൾക്കായി കൊള്ളിച്ചിട്ടുള്ള വകയിൽ ഈ കെട്ടിടംപണിക്കുള്ള വക കൊള്ളിക്കുവാൻ സൌകര്യപ്പെട്ടില്ല.

(സി) ഈ സ്കൂൾ കെട്ടിടംപണി ആരംഭിക്കുന്നതിന് അടുത്ത ഫിനാൻഷ്യൽ വർഷബഡ്ജററിൽ വക കൊള്ളിക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

പുൽപ്പായ് വ്യവസായം.

26. [20] ശ്രീ. ടി. പി. സീതാരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവണ്മെൻറിൽനിന്നും പുൽപായ്‌വികസനത്തിനായി എന്തു തുക ഈ സംസ്ഥാനത്തിന കിട്ടിയിട്ടുണ്ട്; എന്നാണ് കിട്ടിയതു്; എന്ന് ആർക്ക് വിതരണം ചെയ്തു;

(ബി) ഈ കാലവിളംബത്തിന കാരണമെന്തു്?

ഉത്തരം.

(എ) കേന്ദ്രഗവണ്മെൻറിൽനിന്നും പുൽപായ് വികസനത്തനായി 1953 മാർച്ചുമാസത്തിൽ തിരുവനന്തപുരം ഡിസ്ട്രിക്ററ കുടിൽ വ്യവസായ മാക്കററിംഗ് സഹകരണ സംഘം ക്ലിപ്തം 2502 ന് 15,000 രൂപയും 1954 ഏപ്രിൽമാസത്തിൽ കൊച്ചി കുടിൽ വ്യവസായ മാക്കററിംഗ് സഹകരണസംഘത്തിന 20,000 രൂപയും ഗ്രാൻറായി അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകിട്ടി. തിരുവനന്തപുരം മാക്കററിംഗ് സഹകരണ സംഘത്തിന് 1953 മാർച്ചുമാസത്തിലും കൊച്ചി മാക്കററിംഗ് സഹകരണ സംഘത്തിന 1954 ഡിസംബർ മാസത്തിലും തുക കൊടുത്തു.

(ബി) കൊച്ചി മാർക്കറ്റിംഗ് സഹകരണസംഘത്തിനു തുക ഉടൻതന്നെ കൊടുക്കുവാൻ ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിരുന്നു. സാമ്പത്തികവർഷത്തിൽ തുക കൊള്ളിച്ചിട്ടില്ലാതിരുന്നതിനാൽ ഇതിലേക്കു വേണ്ട നടപടികൾ എടുത്തു സാമ്പത്തികവർഷത്തിൽ പണം കൊള്ളിച്ചു് കൊടുക്കേണ്ടിവന്നു. പോരാതെ ഒരു ഭരണസമിതി രൂപീകരിക്കേണ്ടതായിട്ടുമുണ്ടായിരുന്നു.

Housing Scheme.

27. [21] **Shri M. William**: Will the Minister for Local Self Government be pleased to state:

(*a*) whether any houses have been put up under the housing scheme in Vilavancode Taluk;

(*b*) have the Government taken any census of persons or families without houses of their own; and

(*c*) will the Government arrange for the census and put up houses?

Answer.

(*a*) Yes. Thirty houses have been put up at Enayam in Vilavancode Taluk under the Housing Scheme.

(*b*) No.

(*c*) The Housing Scheme is worked in accordance with the rules procedure specified for the purpose. No census appears to be necessary now to put up houses.

കാളനിക്കു് സ്ഥലം.

28. [26] ശ്രീ. സി. കൊച്ചുകുഞ്ഞു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൊട്ടാരക്കരതാലൂക്കിൽ വെട്ടിക്കവല പകുതിയിൽ അനുവദിച്ചിട്ടുള്ള കാളനിക്കുവേണ്ടി എടുത്തിട്ടുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം എന്തു്;

(ബി) പ്രസ്തുത കാളനിയിൽ എത്ര ഭവനങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു്;

(സി) ഈ ഭവനങ്ങളുടെ പണി എന്നു ആരംഭിക്കും;

(ഡി) ഓരോ ഭവനത്തിനും ചിലവാക്കാൻ ഉദ്ദേശിക്കുന്ന തുക എന്തു്?

ഉത്തരം.

(എ) 35 ഏക്കർ.

(ബി) 8 വീടുകൾ.

(സി) ടെണ്ടർ വിളിക്കാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്. ടെണ്ടർ സ്വീകരിച്ചുകഴിഞ്ഞാൽ താമസിയാതെ പണി ആരംഭിക്കുന്നതാണു്.

(ഡി) രണ്ടായിരത്തിഅമ്പതു രൂപാവീതം.

MOTION FOR VOTE ON ACCOUNT

Mr. Speaker : Order, order. Question time is over. Before proceeding to the motion regarding the Vote on Account, I may state for the information of the hon. Members that if the discussion of the motion is not concluded by 1 p. m., the motion will be put to vote by the Chair at 1 p. m.

9 a. m.

Chief Minister **(Shri Panampilli Govinda Menon):** Sir, I move that the respective sums not exceeding the amounts shown in the third column of the Schedule* annexed to this motion be granted to the Rajpramukh on account for or towards defraying the charges during the first one month of the financial year 1955-1956 in respect of the corresponding Heads of Demands entered in the second column of the said schedule.

സർ, ഗവണ്മെൻറഭാഗത്തു നിന്നും അവതരിപ്പിച്ച ബഡ്ജററ് ഈ മാർച്ച് 31-ാംനു-ക്കകത്തു പാസ്സാക്കണമെന്നു നിർബന്ധിക്കുകയാണെങ്കിൽ, ഈ നിയമസഭയിൽ ഈ ബഡ്ജററ ഡിമാൻഡുകളെപ്പററി പതിവുപോലെ വിസ്തരിച്ചു വാദപ്രതിവാദം ചെയ്യാൻ സമയം കിട്ടുകയില്ല എന്നു കാണുന്നു. ജനറൽ ബഡ്ജററിൻെറ വാദപ്രതിവാദത്തിനുള്ള സമയം ഒട്ടും കുറയ്ക്കുവാൻ ഇടവരുത്താതിരിക്കണമെങ്കിൽ ഒരു മാസത്തേയ്ക്കു വേണ്ടിവരുന്ന നിത്യനിദാനച്ചെലവുകൾക്കുള്ള സംഖ്യ വോട്ട് ഓൺ അക്കൌണ്ട്സായി പാസാക്കിതരണമെന്നാണ് ഞാൻ അപേക്ഷിക്കുന്നതു്. അതായതു്, ആകെ ആവശ്യമുള്ളതിൻെറ പന്ത്രണ്ടിലൊരുഭാഗമാണ് ഈ സംഖ്യ. അതുകൊണ്ടു് ഈ ചെറിയ തുകയ്ക്കുവേണ്ടി വോട്ടുചെയ്തു തരാൻ ഞാൻ ഈ സഭയോട് അപേക്ഷിക്കുന്നു.

Shri A. J. John : I second it.

Mr. Speaker : The hon. Member Mr. Mathew has tabled an amendment. The amendment is not in order. So, I am not admitting it. However, if he wants to speak, he can do so.

Shri C. A. Mathew : I wish to speak on the motion.

Mr. Speaker : Yes **you may.** Now Shri T. K. Krishnan.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: സർ, ഈ നിയമസഭയിൽ 1955—56-ലേക്കുള്ള ബഡ്ജററ അവതരിപ്പിച്ചുകൊണ്ടു് ധനകാര്യമന്ത്രി ചെയ്ത പ്രസംഗത്തിൽ ഈ സംസ്ഥാനത്തെ ഗവണ്മെൻറ് സർവ്വീസിലുള്ളവർക്കും പ്രൈവറവേസ്കൂൾ അദ്ധ്യാപകന്മാർക്കുമായി ശമ്പളപരിഷ്കാരത്തിൻെറപേരിൽ ഒരു ന്യൂ ഡീൽ പ്രഖ്യാപിച്ചിട്ടുണ്ടു്. മാത്രമല്ല, ഈ ശമ്പളപരിഷ്കാരം സയിൻറിഫിക് ബേസിസിൽ കൊണ്ടുവരുന്നതിനുവേണ്ടി ഒരു പേ കമ്മീഷനെയും നിയമിച്ചിരിക്കുന്നു. വളരെ കൊല്ലങ്ങളായി നമ്മുടെ സർവ്വീസിലുള്ളവർക്ക് ജീവിക്കാനുള്ള ശമ്പളമെങ്കിലും കിട്ടേണ്ടതാണ് എന്നു കാണിച്ച് പല നിവേദനങ്ങളും മെമ്മോറാണ്ടങ്ങളും മററും ഗവണ്മെൻറിനു സമർപ്പിച്ചുതുടങ്ങിയിട്ട് അപ്പോഴെല്ലാം ഗവണ്മെൻറ് പറയാറുള്ളതു് പണമില്ല, പണമില്ലായെന്നുള്ള പല്ലവിയാണ്. എന്നാൽ ഒരു നിവൃത്തിയുമില്ലാതെ വരുന്ന അവസരങ്ങളിൽ പേരിനുവേണ്ടി ചില കമ്മിററികളും രൂപീകരിക്കാറുണ്ടു്. ശമ്പളപരിഷ്കാരം വരുത്തണ

* Please see Appendix II.

മെന്നുള്ള മുറവിളിയുടെ ഫലമായി മുൻഗവണ്മെൻറ് (പി. എസ്. പി. ഗവണ്മെൻറ്) അതിനു മുമ്പുള്ള ഗവണ്മെൻറ ചെയ്യാതിരുന്ന ഒരു കാര്യം ചെയ്യുകയുണ്ടായി. സർവ്വീസിലുള്ളവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ശമ്പളം മതിയാകുന്നില്ലെന്നു ബോദ്ധ്യപ്പെട്ടതിൻെറ ഫലമായി ശമ്പളം പരിഷ്കരിച്ചുകൊണ്ടു ഒരു ജി. ഒ. പുറപ്പെടുവിക്കുകയുണ്ടായി. ശമ്പളപരിഷ്കാരത്തിൻെറ ഉദ്ദേശം എന്തുതന്നെയായിരുന്നാലും, അതു ഒരു പക്ഷെ രാഷ്ട്രീയമായിട്ടുള്ള ഒരു സ്റ്റൻഡായിരിക്കാം; അല്ലെങ്കിൽ വേറെ ഏതെങ്കിലും ഉദ്ദേശം കൊണ്ടായിരിക്കാം. ഏതു തരത്തിലായാലും പി. എസ്. പി. ഗവണ്മെൻറ് ഈ കാര്യത്തിൽ ധീരമായ ഒരു നടപടിയാണ് കൈക്കൊണ്ടതു്. ശമ്പളപരിഷ്കാരംവരുത്തിയതിനെപരാമർശിച്ചുകൊണ്ടു അന്നു മുഖ്യമന്ത്രിപദകാമുകനായിരുന്ന ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഈ ശമ്പളപരിഷ്കാരം ഒരു 'പോസ്റ്റ് ഡേററഡ് ചെക്ക്' ആണെന്നു പറഞ്ഞു ആക്ഷേപിക്കുകയുണ്ടായി. എന്നാൽ ശ്രീ. പനമ്പിള്ളിയും ഒരു "പോസ്റ്റ് ഡേററഡ് ചെക്ക്" തന്നെയാണ് നമ്മുടെ എൻ. ജി. ഒ. മാർക്ക് നൽകിയതു്. ഇത്തവണയും എൻ. ജി. ഒ. മാരോടു കടം പറഞ്ഞിരിക്കുകയാണ്. അതേ അവസരത്തിൽ ഗസററഡ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളസ്കെയിൽ പെട്ടെന്നു നടപ്പിൽ വരുത്തുകയും ചെയ്തിരിക്കുന്നു. എന്നാൽ എൻ. ജി. ഒ. മാർക്ക് പേ കമ്മീഷൻെറ ഒരു തീരുമാനമനുസരിച്ചുമാത്രം പുതിയ സ്കെയിൽ നടപ്പിൽ വരുത്തിയാൽ മതിയെന്നു നിശ്ചയിക്കുകയും ചെയ്തു. സർ, ഇവരുടെ കാര്യത്തിൽമാത്രം എന്താവശ്യത്തിനുവേണ്ടി പേ കമ്മീഷൻെറ ശുപാർശ കാത്തിരിക്കണമെന്നു എനിക്കു മനസ്സിലാകുന്നില്ല. ഒരു പക്ഷെ, ഗസററഡ് ഉദ്യോഗസ്ഥന്മാർക്കു വരുന്ന ഏപ്രിൽ 1-ാംനു- മുതൽതന്നെ ശമ്പളം കൂട്ടണമെന്നുള്ള വ്യഗ്രതകൊണ്ടായിരിക്കാം.

(Deputy Speaker in the Chair.)

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗസററഡ് ഉദ്യോഗസ്ഥന്മാർക്കും അല്ലാത്തവർക്കും ഏപ്രിൽ 1-ാംനു- മുതൽ പൂർവ്വകാല പരിഗണന വച്ചു ശമ്പളം കൊടുക്കുന്നതാണ്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: ഞാൻ ചോദിക്കുന്നു; ഏപ്രിൽ മാസത്തിൽ ഇരുകൂട്ടർക്കും പുതിയ ശമ്പളപരിഷ്കാരമനുസരിച്ചു മേയ് മാസം 1-ാംനു- ശമ്പളം വാങ്ങുവാൻ കഴിയുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടു കൂട്ടർക്കും ശമ്പളം കൂട്ടതൽ കിട്ടുമെന്നുതന്നെയാണ് ഞാൻ പറയുന്നതു്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: വരുന്ന മേയ്മാസത്തിൽ തന്നെ കിട്ടുമോയെന്നു ഉറപ്പായി പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയാണ് ആർഡറായിരിക്കുന്നതു്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: സർ, ഗസററഡ് ആഫീസറന്മാരുടെ ശമ്പളപരിഷ്കാരം ആവശ്യമല്ലെന്നല്ല ഞാൻ പറയുന്നതു്. എന്നാൽ 450—750 രൂപാ വരെ ശമ്പളമുള്ള ഒരു ഉദ്യോഗസ്ഥനു അടുത്ത ഏപ്രിൽമാസം മുതൽ 800—1000 രൂപാ വരെ ആക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു മുഴവനും ശരിയല്ല. ഏതാനും തസ്തികകൾ ഒഴിച്ചാൽ ബാക്കിയുള്ള 450—750 സ്കെയിൽ 500—800 വരെ ആക്കിയിരിക്കുകയാണ്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: 800—1000 മായി നിശ്ചയിച്ചിരുന്നവരുടെ ശമ്പളം 450—750 തന്നെ ആയിരുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: അങ്ങനെ ചില ഉദ്യോഗസ്ഥന്മാരുടെ സ്കെയിൽ 800—1000 വരെ ആക്കിയിരിക്കുകയാണ്. അതെ അവസരത്തിൽ ഏററവും താണപടിയിലുള്ള ശിപായിമാർക്ക് എന്താണു ശമ്പളം പരിഷ്കരിച്ചിരിക്കുന്നതെന്നു നോക്കേണ്ടതാണ്. ബഡ്ജററ പ്രസംഗത്തിൽ ഏററവും ഉയന്ന ശമ്പളത്തിന്റെയും, ഏററവും താഴ്ന്ന ശമ്പളത്തിന്റെയും പ്രപ്പോർഷൻ 1:20 ആയിരിക്കുമെന്നു പറഞ്ഞിരിക്കുന്നു. എന്നാൽ സൂക്ഷിച്ചുനോക്കിയാൽ അതു് 1:33 ആകുമെന്നു കാണാൻകഴിയും.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, അതും തെററാണു പറയുന്നതു്. 1000 രൂപാ ശമ്പളമുള്ള ഒരു ഉദ്യോഗസ്ഥനു ഡീയർനസ് അലവൻസ് കൊടുക്കുന്നില്ല. നിലവിലുള്ള ആർഡർ അനുസരിച്ചു ഡീയർനസ് അലവൻസും ശമ്പളവുംകൂടി 1000 രൂപയിൽ കൂടാൻ പാടില്ലെന്നു നിശ്ചയിച്ചിട്ടുണ്ടു്. എന്നാൽ താഴ്ന്ന ശമ്പളക്കാരനായ ഒരു ശിപായിക്കു് ശമ്പളവും ഡീയർനസ് അലവൻസുംകൂടി 50 രൂപാ വരെ പ്രതിമാസം കിട്ടുന്നുണ്ടു്. അതുകൊണ്ടാണ് ബഡ്ജററപ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതു താഴ്ന്ന ശമ്പളത്തിന്റെയും ഉയന്ന ശമ്പളത്തിന്റെയും പ്രപ്പോർഷൻ 1:20 ആയിരിക്കുമെന്നു്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: സർ, നമ്മുടെ രാജ്യത്തെ ഗസററഡ് ഉദ്യോഗസ്ഥന്മാർ കേന്ദ്രഗവണ്മെന്റിന്റെ കമ്മിററികളിലും കൗൺസിലുകളിലുംമററും ഹാജരാകുമ്പോൾ ഇവക്കു് 'എ' സ്റ്റേററിലുള്ള വലിയ ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ അടുത്തിരിക്കാൻ ലജ്ജ തോന്നുന്നുവെന്നും, ഒരു ഇൻഫീരിയാറിട്ടി കാംപ്ലക്സ് ഉണ്ടാകുന്നുവെന്നും അതുകൊണ്ടു് അവരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ടതാണെന്നും പറയുകയുണ്ടായി. ശമ്പളം വർദ്ധിപ്പിക്കുന്നതിൽ എനിക്കു് ആക്ഷേപമില്ല, എന്നാൽ താഴ്ന്ന ശമ്പളത്തിനും ഉയന്ന ശമ്പളത്തിനും ഇടയ്ക്കു ഇത്രത്തോളം ഒരു വലിയ വിടവു് വരുന്നതു ശരിയാണോ എന്നാണു എനിക്കു ചോദിക്കുവാനുള്ളതു്.

ശ്രീ. ജെ. എ. ഭട്ടു്: ഇൻഫീരിയാറിട്ടി കാംപ്ലക്സ് ഉണ്ടാകുന്നതു ശമ്പളത്തിനെമാത്രം അടിസ്ഥാനപ്പെടുത്തി ആണോ നാമണോ പറയുന്നതു്?

ശ്രീ. തലേക്കര കെ. കൃഷ്ണൻ: അങ്ങനെയാണെന്നാണു പറഞ്ഞുകേട്ടതു്. സർ, ഇപ്പോഴത്തെ പരിഷ്കാരം അനുസരിച്ചു് പല ഗസററഡ് ഉദ്യോഗസ്ഥന്മാർക്കും വച്ചിട്ടുള്ള ശമ്പളം അവരുടെ ജോലിക്കു് അനുസരണമായിട്ടുള്ളതല്ലെന്നു പറയാൻ കഴിയും. പക്ഷപാതപരമായ ഒരുനയംതന്നെയാണ് കൈക്കൊണ്ടിരിക്കുന്നതു്. ഉദാഹരണമായി ഒരുസബ്ബ് മജിസ്ട്രേട്ടിന്റെ ശമ്പളം 175—275 എന്നു നിശ്ചയിച്ചിരിക്കുന്നു. അതെ

സമയം ഒരു ശിരസ്തദാരുടെ ശമ്പളം 200—300 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ജനങ്ങളുടെ ദൃഷ്ടിയിൽ ശിരസ്തദാരേക്കാളും അന്തസ്സും status-ഉം പാലിക്കേണ്ട ജോലിയാണു മജിസ്ട്രേട്ടിന്റേതു്. അവരുടെ ശമ്പളം ഒട്ടും തൃപ്തികരമല്ല. അതുപോലെ തന്നെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ സ്കെയിൽ 200—250 വരെ ആക്കിയപ്പോൾ പേഴ്സനൽ അസിസ്റ്റന്റന്മാർക്ക് 250—350 വരെ ആക്കിയിരിക്കുകയാണ്. ഇങ്ങനെ പല തരത്തിലുള്ള പക്ഷപാതങ്ങളും കാണിച്ചിട്ടുണ്ട്. ഈയവസരത്തിൽ ഞാനോർക്കുന്നതു് മൂന്നു കൊല്ലം മുൻപു നടന്ന ഐ. ഏ. എസ്. സെലക്ഷനെപ്പററിയാണ്. ലജ്ജാവഹമായ പക്ഷപാതങ്ങൾ ഇക്കാര്യത്തിൽ പ്രവർത്തിച്ചിട്ടുണ്ടെന്നു പലപ്പോഴും ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. ഈ ആക്ഷേപം ബഹുമാനപ്പെട്ട വിയ്യൂർ മെംബർ കഴിഞ്ഞ ബഡ്ജററസമ്മേളനത്തിൽ ഉന്നയിച്ചിട്ടുള്ളതാണ്. ഐ. ഏ. എസ്. നിയമനങ്ങളെപ്പററി കേരളകൌമുദി കഴിഞ്ഞ മാർച്ച് 22-ാംനു എഴുതിയ മുഖപ്രസംഗത്തിൽ ഗുരുതരമായ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. ഈ നിയമനം കാര്യക്ഷമതയുള്ള പല സീനിയർ ഉദ്യോഗസ്ഥന്മാരെയും അവഗണിച്ചുകൊണ്ടു് നടത്തിയിട്ടുള്ളതാണ് എന്നു് പറയപ്പെടുന്നു. ജാതീയമായ അടിസ്ഥാനത്തിലാണ് ഈ നിയമനങ്ങൾ നടത്തിയിട്ടുള്ളതു്. ജാതീയമായ അടിസ്ഥാനത്തിൽ ഇത്തരം നിയമനങ്ങൾ നടത്തുന്നതായാൽ ആ പ്രവൃത്തി അവഗണിക്കപ്പെട്ട സീനിയർ ഉദ്യോഗസ്ഥന്മാരുടെ മൊറെയിലിനെ എത്രത്തോളം ബാധിക്കുമെന്നു് ഗവണ്മെന്റു ചിന്തിക്കേണ്ടതാണ്.

മറെറാന്നു ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിലുള്ള ഭീമമായ വ്യത്യാസത്തെക്കുറിച്ചാണ്. ശിപായിമാരുടെ കാര്യംതന്നെ എടുത്തു നോക്കുക. ഏപ്രിൽ മാസംമുതൽ ഇവിടത്തെ വലിയ ഗസററഡ് ഉദ്യോഗസ്ഥൻ 800-ഉം 1000-വും രൂപാ ശമ്പളം വാങ്ങിക്കുമ്പോൾ അദ്ദേഹത്തിന്റെ ശിപായിക്കു 25 രൂപയാണു ലഭിക്കുന്നതു്. അതു പത്തുകൊല്ലംകൊണ്ടാണ് അഞ്ചുരൂപ കൂടി 30 രൂപയായി വർദ്ധിക്കുക. ഇതു എത്രമാത്രം അനീതിയാണെന്നു് നാമോർക്കേണ്ടതാണ്. ഇതു ഏതു തരത്തിലുള്ള സോഷ്യലിസമാണെന്നു എനിക്കു മനസിലാകുന്നില്ല. 30 രൂപയും 1000 രൂപയും തമ്മിലുള്ള ഈ അന്തരം ആവടി സോഷ്യലിസത്തിന്റെ മുമ്പിൽ ഒരു ചോദ്യചിഹ്നമായി നിലകൊള്ളുകയാണ്. ഈ നിലക്കു് അവതി വരുത്തണം. എന്റെ അഭിപ്രായത്തിൽ ഈ ശിപായിമാരുടെ ശമ്പളം 30 രൂപാ മുതൽ 50 രൂപാവരെയെങ്കിലും ആക്കേണ്ടതാണ്. കുഞ്ഞുകുട്ടികളുള്ള ഒരു കുടുംബത്തെ പുലർത്തുന്നതിനും മര്യാദയോടെ മനുഷ്യനായി ജീവിക്കുന്നതിനും ആവശ്യമായ ശമ്പളം അവർക്കു കൊടുക്കേണ്ടതാണ്. അതു് ആവടി സോഷ്യലിസത്തിലേയ്ക്കുള്ള ധീരമായ കാൽവയ്പായിരിക്കും. അതുപോലെതന്നെ ക്ലാർക്കന്മാരുടെ ശമ്പളസ്കെയിൽസംബന്ധിച്ചും: അവരുടെ ശമ്പളസ്കെയിലുകൾ പരിഷ്കരിച്ചതു സ്വാഗതാർഹമാണ്. ലോവർ ഡിവിഷൻ അപ്പർ ഡിവിഷൻ എന്നുള്ള വിഭജനം ഒരുവിധം ഭംഗിയായിട്ടുണ്ട്. എന്നാൽ അതേഅവസരത്തിൽ ഒരേ മിനിമം ക്വാളിഫിക്കേഷൻ ആവശ്യമായ പല പോസ്ററുകൾക്കും ഭിന്നരീതിയിലുള്ള ശമ്പളസ്കെയിൽ വെച്ചിട്ടുള്ളതു് ഒട്ടും നീതിയല്ല. ഉദാഹരണത്തിനു് ക്ലാർക്ക്, കാപ്പിസ്ററ്, ആമീൻ, അററണ്ടർ, മുതലായ ഉദ്യോഗങ്ങൾക്കു എസ്. എസ്. എൽ. സി. മിനിമം ക്വാളിഫിക്കേഷനായി വച്ചിട്ടുണ്ട്. ഈ

[ശ്രീ. തലേക്കര കെ. കൃഷ്ണൻ]

ക്വാളിഫിക്കേഷൻ ഉള്ള ഉദ്യോഗാർത്ഥികളെ പബ്ലിക്ക് സർവീസ് കമ്മീഷൻ ഓരോ ജോലിയിൽ നിയമിക്കുന്നു. ഒരാൾ ക്ലാർക്കാകുന്നതും ഒരാൾ കോപ്പിസ്റ്റാകുന്നതും അയാളുടെ സ്വേച്ഛയനുസരിച്ചല്ല. പബ്ലിക് സർവ്വീസ് കമ്മിഷൻ നിയമിക്കുന്നതനുസരിച്ചാണ്. എന്നാൽ ഒരു കോപ്പിസ്റ്റിനും ആമീനുമുള്ള സ്കെയിൽ 30—60 ക. മാത്രമാണ്. ഇതേ ക്വാളിഫിക്കേഷനുള്ള ക്ലാർക്കന്മാർക്കുള്ള സ്കെയിൽ 40—120 ക. എന്നതാണുതാനും. ഇതു് നീതീകരിക്കാവുന്ന ഒരു കാര്യമല്ല. കൊച്ചിവിഭാഗത്തെ സംബന്ധിച്ചിടത്തോളം എസ്. എസ്. എൽ. സി. പാസാകുകയും പബ്ലിക്കുസർവീസ് ടെസ്ററ പാസാകുകയും ചെയ്തതിനുശേഷം അവരെ പബ്ലിക്കുസർവീസ് കമ്മീഷൻ നിയമിച്ചിട്ടുള്ളതാണ്. യാദൃച്ഛികമായി അവർ കാപ്പിസ്ററുകളായി നിയമിക്കപ്പെട്ടവരാണ്. അവർക്കു 40-120 ശമ്പളസ്കെയിൽ കൊടുക്കേണ്ടതാണ്. അതു് ന്യായം മാത്രമാണ്.

ഇൻക്രിമെൻറു സംബന്ധിച്ചു ഒരു വാക്കു പറയുവാനുണ്ടു്. ഇന്നു നിലവിലുള്ള ഇൻക്രിമെൻറിൽനിന്നും കുറഞ്ഞ രീതിയിലുള്ള ഒരു ഇൻക്രിമെൻറു ലഭിക്കാനിടയാകരുതു്. പുതിയ ജി. പി. പ്രകാരം നിലവിലുള്ള ഇൻക്രിമെൻറിൽനിന്നും കുറഞ്ഞ തോതിലുള്ള ഒരു ഇൻക്രിമെൻറു ചിലർക്കു ലഭിക്കുവാനിടയുണ്ടു്. അതു പാടില്ല. അതുപോലെതന്നെ 16 കൊല്ലംകൊണ്ടു് മാക്സിമം ലഭിക്കത്തക്ക രീതിയിലായിരിക്കണം ഇൻക്രിമെൻറു നിശ്ചയിക്കുവാൻ. ഒരു കൊല്ലത്തിൽ കുറഞ്ഞതു അഞ്ചു രൂപയെങ്കിലും ഇൻക്രിമെൻറുണ്ടായിരിക്കണം. മറെറാന്നു അപ്പർഡിവിഷൻ ക്ലാർക്കന്മാരും ലോവർഡിവിഷൻ ക്ലാർക്കന്മാരും 1 : 1 എന്ന അനുപാതക്രമം സെക്രട്ടേറിയററിൽ മാത്രം പോരാ. മററു ഡിപ്പാർട്ടുമെൻറുകളിലും അതേ അനുപാതം പാലിക്കേണ്ടതാണ്. പ്രമോഷൻെറ കാര്യത്തിലും ഒന്നു പറയുവാനുണ്ടു്. ശരിയായിട്ടുള്ള സീനിയാറിട്ടി നോക്കി വേണം പ്രമോഷൻ കൊടുക്കുവാൻ. ഗ്രാഡ്വേററു് ക്ലാർക്കന്മാർക്കു സ്റ്റാർട്ടിംഗ് കൂടുതൽ കിട്ടുന്നതുകൊണ്ടു് പ്രമോഷൻെറ കാര്യത്തിൽ സീനിയാറിട്ടി മാത്രമേ പരിഗണിക്കാൻ പാടുള്ളൂ. നിലവിലിരിക്കുന്ന സ്കെയിൽ പ്രകാരം 1—4—55-ൽകിട്ടിക്കൊണ്ടിരിക്കുന്നതിൽ കൂടുതലായി ശമ്പളം കിട്ടത്തക്കവണ്ണം പരിഷ്കാരം നടത്തേണ്ടതാണ്. അതുപോലെതന്നെ ഇപ്പോൾ ചില വേക്കൻസികളിൽ അഫിഷ്യേററു് ചെയ്യുന്ന ആളുകൾക്കു അതേ ശമ്പളംതന്നെ തുടർന്നുകിട്ടത്തക്കവണ്ണം വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. മറെറാന്നു, വെയിറേറജിൻെറ കാര്യമാണ്. വെയിറേറജ് കൊടുക്കാത്തപക്ഷം പത്തും പന്ത്രണ്ടും കൊല്ലം സർവീസുള്ള ആളുകൾക്കു യാതൊരു ഗുണവും ലഭിക്കുന്നില്ല. പുതുതായി വന്നവർക്കുമാത്രമേ പുതിയ സ്കെയിൽപ്രകാരം ഗുണം ലഭിക്കുകയുള്ളൂ. പുതിയ സ്കെയിൽ അനുസരിച്ചു എല്ലാവർക്കും ഗുണം കിട്ടണമെങ്കിൽ കൂടുതൽ സർവ്വീസുള്ളവർക്ക് അവരർഹിക്കുന്ന വെയിറേറജ് നൽകേണ്ടതാണ്. ഒരാൾക്കു് പുതിയ സ്കെയിലോ, പഴയ സ്കെയിലോ, ഏതാണ് കൂടുതൽ ഗുണകരമെങ്കിൽ ആ സ്കെയിലനുസരിച്ചു് ശമ്പളം വാങ്ങിക്കാനുള്ള അവകാശം നിഷേധിക്കാൻ പാടില്ല.

വേറൊരുകാര്യം ടെക്കിനിക്കൽ ക്വാളിഫിക്കേഷൻ ആവശ്യമുള്ള ഉദ്യോഗങ്ങളെ സംബന്ധിച്ചാണ്. ഈ ഉദ്യോഗങ്ങളെ സംബന്ധിച്ചു

യാതൊരു ശമ്പളപരിഷ്കാരവും ചെയ്തിട്ടില്ല. ഉദാഹരണമായി കമ്പൗണ്ടറന്മാർ, പബ്ലിക്കഹെൽത്തുഡിപ്പാർട്ടുമെൻറിലെ ഹെൽത്തു് അസിസ്റ്റൻറന്മാർ ആസ്പത്രികളിലെ ലേബോററററി അസിസ്റ്റൻറന്മാർ ഇങ്ങനെ പല ഉദ്യോഗങ്ങളും ഉണ്ടു്. മററുള്ളവരെപ്പോലെ എസ്. എസ്. എൽ. സി മാത്രമല്ല അതിൽ കൂടുതലായി സാങ്കേതികമായ പരിജ്ഞാനവും സമ്പാദിച്ചിട്ടുള്ള ഈ ഉദ്യോഗസ്ഥന്മാക്കു ലോവർഡിവിഷൻ ക്ലാക്കന്മാക്കു കിട്ടുന്നതിലും കുറഞ്ഞ ശമ്പളമാണു നിശ്ചയിച്ചിരിക്കുന്നതു്. ഇതു് ഒട്ടും ശരിയല്ല.

മറെറാന്നു 3—I—55-ൽ ഇഷ്യുചെയ്തിട്ടുള്ള ജി. പി. യിൽ മൂന്നാം ഷെഡ്യൂലിൽ കാണിച്ചിട്ടുള്ള കുറെ ഉദ്യോഗങ്ങളുടെ ശമ്പളം വർദ്ധിപ്പിക്കാതെ നിലനിർത്തിയിരിക്കുന്നു. പഞ്ചായത്തു് സെക്ഷൻആഫീസർമാർ, സൂപ്പർവൈസേഴ്സ് മുതലായ ഉദ്യോഗങ്ങളാണു അവ. പഞ്ചവത്സരപദ്ധതിയും മററു വികസനപദ്ധതികളും, നടപ്പിൽ വരുത്തുന്നതിനു കാര്യക്ഷമമായി പ്രവർത്തിക്കേണ്ട ഉദ്യോഗസ്ഥന്മാരാണു് ഇവർ. ഇവക്കു പ്രോത്സാഹനമില്ലാത്ത രീതിയിൽ അവരെ ഇങ്ങനെ അവഗണിച്ചിരിക്കുന്നതു് ശരിയല്ല. അതിനാൽ അവരുടെ ശമ്പളവും ഗുണകരമായ വിധത്തിൽ പരിഷ്കരിക്കേണ്ടതാണു്.

ഉദ്യോഗാർത്ഥികളെ മൗലികമായി ബാധിക്കുന്ന ഒരു പ്രശ്നം ഉന്നയിക്കാൻ ഞാനാഗ്രഹിക്കുന്നു. ഉദ്യോഗനിയമനകാര്യത്തിൽ രാഷ്ട്രീയ പരിഗണനകൾ കലന്നിട്ടുണ്ടെന്നുള്ള കാര്യം ഞാൻ പ്രത്യേകിച്ചു പറയണമെന്നില്ല. ഇതിനെസംബന്ധിച്ചു ഈ നിയമസഭയിൽതന്നെ ചൂടുപിടിച്ച വിമർശനങ്ങൾ ഉണ്ടായിട്ടുണ്ടു്. അതായതു് ഒന്നാമതായി ഏതെങ്കിലും ഒരു ഉദ്യോഗാർത്ഥിയെ പബ്ലിക്ക സർവ്വീസ് കമ്മീഷൻ സെലക്ടുചെയ്തുകഴിഞ്ഞാൽ അയാളെക്കുറിച്ചു് പോലീസുകാരുടെ റിപ്പോർട്ടു വരുത്തണമെന്നു നിയമമുള്ളതായി കാണുന്നു. പോലീസുകാരൻ അവിടെ ചെന്നാൽ അവനു രണ്ടുരൂപ കിട്ടിയില്ലെങ്കിൽ ആ ഉദ്യോഗാർത്ഥി കമ്മ്യൂണിസ്റ്റാണെന്നു റിപ്പോർട്ടുചെയ്യും. അതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗം കൊടുക്കുകയില്ല. ഇങ്ങനെയുള്ള ഉദാഹരണങ്ങൾ ധാരാളം ഉണ്ടു്. ഒരാൾ ഉദ്യോഗത്തിൽ വരുന്നതിനുമുമ്പു അയാളുടെ പ്രവർത്തനങ്ങൾ എങ്ങനെയെങ്കിലും ആയിക്കൊള്ളട്ടെ. ആ കാരണം വച്ചുകൊണ്ടു് ഉദ്യോഗം കൊടുക്കാതിരിക്കുന്നതു ശരിയല്ല. കോൺഗ്രസ്സുകാരനാണെന്നോ കമ്മ്യൂണിസ്റ്റുകാരനാണെന്നോ വച്ചുകൊണ്ടുദ്യോഗം കൊടുക്കുകയോ കൊടുക്കാതിരിക്കുകയോ ചെയ്യുന്നതു ശരിയായിട്ടുള്ള നടപടിയല്ല. ഇപ്പോൾ പബ്ലിക്കസർവീസ് കമ്മീഷനിലെ മെമ്പറായി നിയമിച്ചിട്ടുള്ള ശ്രീ. എൻ. പി. വർഗീസു് തന്നെ കോൺഗ്രസ്സ് കക്ഷിയിൽപ്പെട്ട ഒരു എം. എൽ. എ. ആയിരുന്നു. അദ്ദേഹം കോൺഗ്രസ്സിന്റെ വിപ്പുമായിരുന്നു. അദ്ദേഹത്തിന്റെ രാഷ്ട്രീയജീവിതം, രാഷ്ട്രീയപ്രവർത്തനം ഉദ്യോഗത്തിനു തടസ്സമായില്ല. അങ്ങനെയാണെങ്കിൽ ഒരാൾ കമ്മ്യൂണിസ്റ്റായിരുന്നു എന്ന കാരണത്താൽ ഉദ്യോഗം നിഷേധിക്കുന്നതു ശരിയാണോ? കമ്മ്യൂണിസ്റ്റുപാർട്ടിയും കോൺഗ്രസ്സിനെപ്പോലെ നിയമവിധേയമായി പ്രവർത്തിക്കുന്ന ഒരു പാർട്ടിയാണു്. കോൺഗ്രസ്സിൽ പ്രവർത്തിച്ചിരുന്നതു ഒരാൾക്കു അയോഗ്യത അല്ലെങ്കിൽ കമ്മ്യൂണിസ്റ്റു പാർട്ടിയിൽ പ്രവർത്തിച്ചതു അയോഗ്യതയാകാൻ പാടില്ല. ഭരണഘടനപ്രകാരം ഓരോരുത്തക്കും അഭിപ്രായസ്വാതന്ത്ര്യമുണ്ടു്. ഉദ്യോഗത്തിൽ

[ശ്രീ. തലേക്കര കെ. കൃഷ്ണൻ]

പ്രവേശിച്ചതിനുശേഷം രാഷ്ട്രീയപ്രവർത്തനം നടത്തുകയാണെങ്കിൽ നിശ്ചയമായും അതു കുററകരമായിരിക്കും. എന്നാൽ അതിനു മുൻപുള്ള പ്രവർത്തനം ഒരിക്കലും ഒരു അയോഗ്യതയായി പരിഗണിക്കാൻ പാടില്ല. ഈ രാഷ്ട്രീയ വിവേചനംനിമിത്തം നിരവധി ഉദ്യോഗാർത്ഥികൾക്കു ഉദ്യോഗം ലഭിക്കാതെ വരുന്നുണ്ട്; ഞാൻ ഇതു വളരെ വേദനയോടുകൂടി പറയുകയാണ്. സർ, ചിലരുടെ വിചാരം തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറും ഗവണ്മെൻറുദ്യോഗങ്ങളും അവരുടെ തറവാട്ടുസ്വത്താണെന്നാണ്. ഇതു ആരുടേയും തറവാട്ടുസ്വത്തല്ല. നിങ്ങൾ ഭരണഘടനയെത്തന്നെ ധിക്കരിക്കുകയാണ്. നിങ്ങൾ യാദൃച്ഛികമായി മന്ത്രിമാരായി വന്നു എന്നല്ലാതെ കാര്യങ്ങൾ തോന്നിയതു പോലെ ചെയ്യുവാൻ നിങ്ങൾക്കു യാതൊരധികാരവുമില്ല. അതുകൊണ്ടു ഈമാതിരി കാര്യങ്ങളിൽ ഇതെല്ലാം ചിലരുടെ കുത്തകയാണെന്നോ മറേറാ വിചാരിക്കാതെ നീതി പാലിക്കണമെന്നു ഞാൻ ഓർമ്മിപ്പിക്കുകയാണ്.

എൻ. ജി. ഓ. മാരോടൊപ്പം പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാരുടേയും ശമ്പളം പരിഷ്കരിച്ചതു സ്വാഗതാർഹമാണ്. പക്ഷെ ഒരു കാര്യം ഓർക്കണം. ഇന്നു പ്രൈവററുസ്കൂളുകൾ എല്ലാംതന്നെ വലിയ കച്ചവടസ്ഥാപനങ്ങളായി മാറിയിരിക്കുകയാണ്. ഇവിടെ ജോലി കിട്ടണമെങ്കിൽ 500-ം 1000-വും രൂപ മാനേജർക്കു കൈക്കൂലി കൊടുക്കണം എന്ന നിലയാണിപ്പോൾ. മാനേജരുടെ സ്വന്തം ഇഷ്ടംപോലെ ഇങ്ങനെ നിയമനങ്ങൾ നടത്താൻ അനുവദിക്കുന്നതു ശരിയല്ല. നമ്മുടെ ഖജനാവിൽനിന്നുമാണു അവർക്കു ഗ്രാൻറു കൊടുക്കുന്നതു്. അതുകൊണ്ടു തീർച്ചയായും നിയമനകാര്യത്തിൽ ഗവണ്മെൻറിനു പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കണം. അതു ഒരു മൌലികാവകാശം മാത്രമാണ്. മാനേജ്മെൻറുസ്കൂളുകൾ മിക്കവാറും ഇന്നു ചില പ്രമുഖസമുദായക്കാരുടെ വകയാണ്. ഒന്നുകിൽ കത്തോലിക്കരുടെ വക, അല്ലെങ്കിൽ നായന്മാരുടെ വക. അല്ലെങ്കിൽ ഈഴവരുടെ വക. കത്തോലിക്കരുടെ സ്കൂളാണെങ്കിൽ അവരുടെ ആളുകളെ മാത്രമേ അവിടെ നിയമിക്കുകയുള്ളു. ഈഴവരുടെയാണെങ്കിൽ ഈഴവരെമാത്രമേ നിയമിക്കുകയുള്ളു. നായന്മാരുടെ സ്കൂളിലും തഥൈവ. അതുകൊണ്ടു ഇങ്ങനെയുള്ള വിഭാഗീയസ്ഥിതി അവസാനിപ്പിക്കാതെ തരമില്ല. ഇതവസാനിക്കണമെങ്കിൽ ഈ നിയമനങ്ങളെല്ലാം പബ്ലിക്കുസർവീസ് കമ്മീഷനു വിട്ടുകൊടുക്കണം. ഏതെങ്കിലും ഒഴിവു വരികയാണെങ്കിൽ പബ്ലിക്കുസർവീസ് കമ്മീഷനെ അറിയിച്ചു അവരുടെ നിർദ്ദേശത്തോടുകൂടി മാത്രമേ നിയമനം നടത്തുവാൻ പാടുള്ളു. അങ്ങിനെ ഏതെങ്കിലും മാനേജുമെൻറ് അതിനെ വകവയ്ക്കാൻ തയ്യാറാകുന്നില്ലെങ്കിൽ ആ മാനേജ്മെൻറിനു ഗ്രാൻറുകൊടുക്കണമോ എന്നുള്ള കാര്യം നാം ആലോചിക്കേണ്ടതാണ്. അതുകൂടാതെ അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടി എന്നുമാത്രം പറഞ്ഞതുകൊണ്ട് കാര്യമായില്ല. ഇക്കാര്യം വളരെ ഗൌരവമായി ആലോചിക്കേണ്ടതാണ്.

മറെറാന്ന് എനിക്കു പറയുവാനുള്ളതു് ആഫീസുകളിൽ ഓരോ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചും കുറച്ചുകാലമായി പേർസനൽ രജിസ്റ്റർ സൂക്ഷിക്കുന്ന ഏർപ്പാടിനെപ്പററിയാണ്. ഇതു് പണ്ടില്ലാതിരുന്ന ഒരു ഏർപ്പാടാണ്. മുമ്പ് സർവ്വീസുബുക്കുമാത്രം ആയിരുന്നു സൂക്ഷിച്ചിരുന്നതു്.

ഉദ്യോഗകാലത്തു് അവർ എന്തുചെയ്തു എന്നുംമററും രേഖപ്പെടുത്തി സർവ്വീസുബുക്കു് വയ്ക്കാറുണ്ടായിരുന്നു. ആ ബുക്കു് ഉദ്യോഗസ്ഥനു് ഏതവസരത്തിലും പരിശോധിക്കാനുള്ള അവകാശമുണ്ടായിരുന്നു. ഇപ്പോൾ ഈ പേർസനൽ കാൺഫിഡൻഷ്യൽ രജിസ്റ്റർ ഏർപ്പെടുത്തിയതിന്റെ ഫലമായി ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം ഒരു എക്സ്പാർട്ടി വിധിയാണു് ഉണ്ടാകുന്നതു്. മേലുദ്യോഗസ്ഥൻ എന്താണു് രേഖപ്പെടുത്തുന്നതെന്നു് താഴെയുള്ളവർക്കു് അറിയാൻ നിവൃത്തിയില്ല. അതേയവസരത്തിൽ പേർസനൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനെ അടിസ്ഥാനമാക്കിയാണു് പ്രമോഷനും മററും നല്കിവരുന്നതു്. അതിനാൽ ഒരു ഉദ്യോഗസ്ഥൻ ആ ആഫീസിലെ മേലുദ്യോഗസ്ഥന്റെ കരുണയ്ക്കു് പാത്രമായി ജീവിക്കാത്തപക്ഷം അയാൾക്കു് എതിരായി രജിസ്റ്ററിൽ രേഖപ്പെടുത്താനും അതുമൂലം ന്യായമായ പ്രമോഷനുംമററും നഷ്ടപ്പെടുവാനുമുള്ള ഇടവരുന്നതാണു്. ഇതു് ഒട്ടുംതന്നെ ശരിയല്ല. സർവ്വീസുബുക്കു് സൂക്ഷിക്കുന്നതുകൊണ്ടു മാത്രം എന്താണു് അപകടമുള്ളതു്? ഈ പേർസനൽ രജിസ്റ്ററിന്റെ അടിസ്ഥാനത്തിലാണു് എഫിഷൻസിയുംമററും നിശ്ചയിക്കുന്നതു്. അതു ശരിയല്ല. ക്ലാർക്കന്മാർ തുടങ്ങിയ ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ എഫിഷ്യൻസിബാർ വയ്ക്കേണ്ട കാര്യംതന്നെ ഉണ്ടോ എന്നു സംശയമാണു്. ആളുകൾക്കു് അർഹിക്കുന്നവിധത്തിലുള്ള ശമ്പളം കൊടുക്കാതിരിക്കുന്നതിനുവേണ്ടിയാണു് ഈ എഫിഷ്യൻസിബാർ ഏർപ്പെടുത്തിയിരിക്കുന്നതു്. ഈ അവസരത്തിൽ ടെസ്ററ ക്വാളിഫിക്കേഷൻ ഏർപ്പെടുത്തിയിരിക്കുന്നതിലും ഒരു തകരാറു് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു. മുമ്പു് 30—75 രൂപാ ഗ്രേഡിലുള്ള ഒരാൾക്കു് ടെസ്റ്റു് പാസ്സാകാതെതന്നെ 50 രൂപവരെ പോകാം, 50 രൂപവാങ്ങി കഴിയുമ്പോഴാണു് ടെസ്റ്റിന്റെ പ്രശ്നം വരുന്നതു് ഇപ്പോൾ സ്കെയിൽ 40—120 ആക്കിയിരിക്കുമ്പോൾ പഴയ 50 വരെ മാത്രമേ ടെസ്ററ ക്വാളിഫിക്കേഷൻ ഇല്ലാതെ പോകാവൂ എന്നു വച്ചിരിക്കുന്നതു് ശരിയല്ല. ആ 50 എന്നുള്ളതു് 75-ഓ, 80-ഓ ആയി കൂട്ടേണ്ടതാണു്. സ്കെയിൽ കൂട്ടിയിരിക്കുന്നതനുസരിച്ചു് ആ വ്യത്യാസം വരുത്തേണ്ടതാണു്. ഈവക കാര്യങ്ങൾ ഗവമ്മെൻറിന്റെ മുമ്പിൽ സമർപ്പിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. എ. മാത്യു: സർ, ഈ ചുരുങ്ങിയകാലത്തെ നിയമസഭാപരിചയത്തിൽനിന്നും ഒരു വസ്തുത എനിക്കു് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ സഭയുടെ എല്ലാ ഭാഗത്തും അംഗത്വമനുഭവിക്കുന്ന ആളുകളുടെ കാര്യം പറയാൻ ധാരാളംപേരുണ്ടു്. രാഷ്ട്രീയ പരിഗണനകൾ കൂടാതെതന്നെ എല്ലാം പാർട്ടികളും തൊഴിലാളികൾ ഇന്നു് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെപ്പററി സംസാരിക്കാറുണ്ടു്. അദ്ധ്യാപകന്മാരുടെ കാര്യത്തിലായാലുംശരി, വിദ്യാർത്ഥികളുടെ കാര്യത്തിലായാലുംശരി

[ശ്രീ. സി. എ. മാത്യു.]

എൻ. ജി. ഒ. മാരുടേയും, ജീ. ഒ. മാരുടേയും കാര്യത്തിലായാലുംശരി അവരുടെ അവശതകളെപ്പററി സംസാരിക്കുന്നതിനു് അനവധി ആളുകൾ മുൻപോട്ടു വരുന്നുണ്ടു്. എന്നാൽ ഈ നാട്ടിൽ ബഹുഭൂരിപക്ഷംവരുന്നതും വളരെ കഷ്ടതകൾ അനുഭവിക്കുന്നവരുമായ ഇടത്തരം കർഷകരുടെ കാര്യത്തെപ്പററി സംസാരിക്കാൻ വിരലിൽ എണ്ണാവുന്ന ആളുകൾമാത്രമേ മുമ്പോട്ടു വരുന്നുള്ളു. കർഷകരുടെ കാര്യത്തെപ്പററി എല്ലാവരും വളരെ അനുകമ്പയോടുകൂടി സംസാരിക്കാറുണ്ടു്. നമ്മുടെ നാടു് ഒരു കർഷകരാജ്യമാണെന്നും ഈ നാട്ടിന്റെ നട്ടെല്ലു് കർഷകരാണെന്നും, ഈ കർഷകരാണു് നമ്മുടെ മലങ്കാടുകൾ മാണിക്യം വിളയുന്ന മലർവാടികളായി മാററിയതെന്നുംമററും പറയാറുണ്ടു്. അങ്ങനെ ഭംഗിവാക്കുകൾ പറയുന്ന വളരെ അധികംപേരുണ്ടു്. എന്നിരുന്നാലും കർഷകരുടെ കഷ്ടതകളെപ്പററി ശരിയായി ചിന്തിക്കുന്നതിനോ, അതിനുവേണ്ട പ്രതിവിധികൾ കണ്ടുപിടിക്കുന്നതിനുള്ള പ്രായോഗികമാർഗ്ഗങ്ങളെന്താണെന്നു ആത്മാർത്ഥമായി ചിന്തിക്കുന്നതിനോ, അധികംപേരില്ലെന്നുള്ളതു് വേദനാജനകമായ ഒരു പരമാർത്ഥമാണു്. കർഷകനെ പണത്തിനുവേണ്ടി മാത്രം കൂട്ടുപിടിക്കുന്ന ഒരു സ്ഥിതിയാണു് ഇവിടെ വന്നിട്ടുള്ളതു്. ഏതെങ്കിലും ആവശ്യത്തിനു് പണം വേണ്ടിവരുമ്പോൾ കർഷകന്റെനേക്കു ചാടുകയായി. അങ്ങിനെ ഈ കർഷകപുഷ്പത്തിൽനിന്നും മധുരമേറിയ മധു എടുക്കുന്നതോടുകൂടിത്തന്നെ ആ പുഷ്പത്തിനു് കേടുവരാതെ സൂക്ഷിക്കേണ്ടതാവശ്യമാണെന്നും മനസ്സിലാക്കേണ്ടതാണു്. മധു നുകരുന്നതോടുകൂടി അതിന്റെ ഇതളുകൾക്കു് കേടുവരാതെ സൂക്ഷിക്കേണ്ടതാണെന്നു ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും മനസ്സിലാക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഇന്നു് നമ്മുടെ രാജ്യം സാമ്പത്തികമായി വളരെ അധഃപതിച്ചിരിക്കയാണു്. സാമ്പത്തികസ്വാതന്ത്ര്യത്തിനുവേണ്ടി നാം വളരെ അധികം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുമുണ്ടു്. വാസ്തവത്തിൽ സാമ്പത്തികമായി നമ്മുടെ രാജ്യത്തെപ്പോലെ അധഃപതിച്ച ഒരു രാജ്യം ഈ ലോകത്തു് മറെറാന്നുമില്ലെന്നു് കണക്കുകൾകൊണ്ടു് നമുക്കു് വ്യക്തമായി കാണാൻകഴിയും. ഇൻഡ്യയിൽ ഒരാളുടെ ഒരാണ്ടത്തെ ശരാശരി വരുമാനം 265 രൂപയാണെങ്കിൽ അമേരിക്കയിൽ 7625 രൂപയും ഇംഗ്ലണ്ടിൽ 3365 രൂപയും ആണെന്നാണു് കണക്കുകൾകൊണ്ടുകാണുന്നതു്. ഇങ്ങനെ സാമ്പത്തികമായി വളരെ അധികം അധഃപതിച്ച ഒരു നിലയിലാണു് നമ്മുടെ രാജ്യം നിലകൊള്ളുന്നതു്. ഈ സാമ്പത്തിക പരാധീനതയിൽനിന്നും രാജ്യത്തെ വിമോചിപ്പിക്കാമെന്നാണു് എല്ലാ രാഷ്ട്രീയനേതാക്കന്മാരും വിചാരിച്ചുകൊണ്ടിരിക്കുന്നതും പണിപ്പെട്ടുകൊണ്ടിരിക്കുന്നതും. ഏതുനിലയിലാണു് നമ്മുടെ ഈ പരാധീനതക്കു് വിമോചനം കാണേണ്ടതെന്നു് നാം ചിന്തിക്കേണ്ടതാണു്. ഈ രാജ്യത്തെ കർഷകജനതയെ ഉദ്ധരിച്ചുകഴിഞ്ഞാൽ നമ്മുടെ സാമ്പത്തിക

പരാധീനത മാറിക്കഴിഞ്ഞുവെന്നു് സ്വല്പമൊന്നു ചിന്തിച്ചാൽ നമുക്കു മനസ്സിലാക്കാൻകഴിയും. ഈ രാജ്യത്തു് ആകെയുള്ള ജനസംഖ്യയിൽ 84 ശതമാനത്തോളം കൃഷിക്കാരാണു്. ഗ്രാമപ്രദേശങ്ങളെ എടുത്തുനോക്കിയാൽ 90 ശതമാനത്തിലധികം കർഷകരാണെന്നു കാണാൻകഴിയും. അങ്ങിനെയിരിക്കുമ്പോൾ കർഷകന്റെ സാമ്പത്തികപരാധീനതക്കു് പ്രതിവിധി കണ്ടുകഴിഞ്ഞാൽ നമ്മുടെ രാജ്യത്തെ മുഴുവൻ സാമ്പത്തികപരാധീനതയും മാറുമെന്നു് ആർക്കും മനസ്സിലാക്കാവുന്നതാണു്. പ്ലാനിംഗ്കമ്മീഷനും അതിനെ പ്രോത്സാഹിപ്പിക്കയാണെന്നുള്ളതിനു അവിതർക്കിതമായ രേഖകളുണ്ടു്. പഞ്ചവത്സരപദ്ധതി എന്ന പുസ്തകത്തിൽ 153-ാംപേജിൽ രേഖപ്പെടുത്തിയിരിക്കുന്നതു് ഇപ്രകാരമാണു്.

> "In any scheme of planned economic development of the country, therefore, agricultural reorganisation and reform hold a position of basic importance. Recently on account of the growing need for food and raw materials this importance has been brought home to all sections of the community. While the several parts of the Nation's economy are mutually inter-dependent and they must all receive their proper share of attention from the economic planner, the success of the whole plan will vitally depend on the results achieved in making the most advantageous use of the land and labour resources engaged in agriculture. In this sense the importance of agriculture is both basic and vital."

പ്ലാനിംഗ്കമ്മീഷന്റെ അഭിപ്രായം ഈനിലയിലായിരിക്കേ ഇവിടത്തെ ചില നേതാക്കന്മാർ വമ്പിച്ചരീതിയിലുള്ള വ്യവസായീകരണം കൊണ്ടു് സാമ്പത്തികപരാധീനതയെ മാററിക്കളയാമെന്നു പറയുന്നുണ്ടു്. കാർഷികമായി നാം വളരെ അധികം പുരോഗമിച്ചിട്ടില്ല. ആ നിലയിൽ കാർഷികമായി നമുക്കു വളരെ അധികം കഴിവുകൾ ഉപയോഗത്തിൽ വരാതെ അവശേഷിക്കുന്നുണ്ടു്. വ്യവസായം വർദ്ധിപ്പിക്കേണ്ടതു് ആവശ്യമാണു്. എന്നാൽ കൃഷിയെ പാടേ ഉപേക്ഷിച്ചു് വ്യവസായീകരണം നടത്തിക്കളയാമെന്നു വിചാരിക്കുന്നതു നന്നല്ല. അതുമൂലം പ്രശ്നങ്ങൾക്കു് വളരെ അധികം മാററക്കൂട്ടുകയാണു് ചെയ്യുന്നതു്. കൃഷിയെ പാടേ ഉപേക്ഷിച്ചാൽ കാർഷികവൃത്തി നടത്തുന്ന വളരെ അധികം ആളുകൾ അതുവിട്ടു് വ്യവസായരംഗത്തു ചാടിക്കയറാൻ ഇടയാകും. നമ്മുടെയിടയിലുള്ള തൊഴിലില്ലായ്മ പ്രശ്നം വളരെ രൂക്ഷതരമാകുകയും ചെയ്യും. കൃഷിക്കു് വേണ്ടത്ര പ്രോത്സാഹനം കൊടുത്തുകൊണ്ടു് വ്യവസാ

[ശ്രീ. സി. എ. മാത്യു]

യീകരണത്തിലേക്ക് പോകുകയാണെങ്കിൽ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവർ വ്യവസായരംഗത്തേക്ക് വരാനുള്ള സാഹചര്യം ഇല്ലാതാകുകയും കൃഷി വികസിക്കുകയും അതോടൊപ്പം വ്യാവസായികമായി നമ്മുടെ രാജ്യം പുരോഗമിക്കുകയും ചെയ്യുമെന്നുള്ളതു തീർച്ചയാണ്. ഇന്ന് 6.6 ശതമാനം മാത്രമേ വ്യാവസായികരംഗത്തുനിന്നും ദേശീയവരുമാനമായി ലഭിക്കുന്നുള്ളു എന്നാണ് കണക്കുകൾകൊണ്ടു കാണുന്നതു്. ബാക്കിമുഴുവനും കാർഷികരംഗത്തുനിന്നാണ് ലഭിക്കുന്നതു്. 6.6 ശതമാനം മാത്രം ദേശീയവരുമാനം കിട്ടിക്കൊണ്ടിരിക്കുമ്പോൾ വ്യവസായീകരണം കൊണ്ടു് മുഴുവൻ പുരോഗതിയും കൈവരുത്താമെന്നു വിചാരിക്കുന്നതു് ഒരു മൗഢ്യമായിരിക്കുമെന്നാണ് എനിക്കു പറയാനുള്ളതു്. കാർഷികരംഗത്തുനിന്നും കർഷകരെ വ്യവസായരംഗത്തേക്ക് വലിച്ചുകൊണ്ടുപോകാത്ത രീതിയിൽ വ്യാവസായികരംഗത്തു് പണിയെടുക്കുന്നതു് രാജ്യത്തിന്റെ നിലക്കു് നന്നായിരിക്കുമെന്നാണ് ഞാൻ പറയുന്നതു്. കൃഷിയെസംബന്ധിച്ചു പറയുകയാണെങ്കിൽ നാം കാർഷികമായി അങ്ങേഅററം പുരോഗമിച്ചിട്ടില്ല. വ്യാവസായികവിപ്ലവങ്ങൾ ഉണ്ടായിട്ടുള്ള യൂറോപ്യൻ രാജ്യങ്ങൾ കാർഷികമായി പുരോഗമിച്ചിട്ടല്ലാതെ വ്യാവസായികരംഗത്തേക്കു് പോയിട്ടില്ലെന്നു കാണാൻകഴിയും. കാർഷികമായി രാജ്യം പുരോഗമിക്കുന്നതിനുള്ള ഒരു സാഹചര്യംസൃഷ്ടിക്കേണ്ടതു നമ്മുടെ ഗവണ്മെൻറിന്റെ പ്രധാനമായ കടമയും കർത്തവ്യവുമാണെന്നാണ് എനിക്കു പറയുവാനുള്ളതു്. എന്നാൽ നിർഭാഗ്യവശാൽ കൃഷിക്കാരെ ഏതാണ്ടു് ഒററപ്പെടുത്തിയിരിക്കുന്ന ഒരു സാഹചര്യമാണ് ഇന്നു നിലവിലുള്ളതു്. ഗ്രാമവികസനത്തിനു് 30 ലക്ഷം രൂപ കൊള്ളിച്ചിരുന്നതിൽ 25 ലക്ഷം രൂപയും മിച്ചം വച്ചുതക്ക ഒരു മൗഢ്യം നമ്മുടെ ഗവണ്മെൻറിനു് ഉണ്ടായിരിക്കുന്നു എന്നുള്ളതു് വേദനാജനകമായ ഒരു കാര്യമാണ്. പഞ്ചവത്സരപദ്ധതിയിൽ 540 ലക്ഷത്തിൽചില്വാനം രൂപ കാർഷികരംഗത്തു് വിനിയോഗിക്കുന്നതിനായി വകകൊള്ളിച്ചിരുന്നിട്ടും ആ രംഗത്തു് ഒരു പുരോഗതിയും ഉണ്ടായിട്ടില്ല. ആ തുക ഭൂരിഭാഗവും മിച്ചം വരുത്തിയിരിക്കുകയാണ്. നമ്മുടെ ഗവണ്മെൻറിന്റെ മനോഭാവം ഏതു രീതിയിൽ ആയിരുന്നു എന്നുള്ളതിനു് അതു് ഒരു തെളിവാണ്. അടുത്തദിവസം ഡിമാൻറുകൾ അവതരിപ്പിക്കുമ്പോൾ നടക്കാൻ പോകുന്ന ചർച്ചകളിൽ കർഷകന്റെ അവശതകളെപ്പററിയോ കൃഷിയെപ്പററിയോ പ്രതിപാദിക്കാനുള്ള അവസരം പോലും നൽകിയിട്ടില്ലെന്നു കാണുന്നതിൽ വളരെ അധികം സങ്കടമുണ്ടു്. മററുള്ള എല്ലാകാര്യങ്ങളെപ്പററിയും ചർച്ചചെയ്യുന്നതിനു് സമയം കൊടുത്തിട്ടുണ്ടു്. കാർഷികകാര്യങ്ങളെപ്പററി ചർച്ചചെയ്യുന്നതിനു് ഒരു അരദിവസം പോലും നീക്കിവച്ചിട്ടില്ലാത്തതുകൊണ്ടാണ് ഞാൻ കർഷകരുടെ പ്രയാസങ്ങളെക്കുറിച്ചു് രണ്ടുമൂന്നു വാക്കുപറയാൻ മുമ്പോട്ടു വന്നിട്ടുള്ളതു്. എന്താണ് കർഷകനു് ഇന്നു് പ്രധാനമായി നേരിടുന്ന പരാധീനത. ഉല്പാദനം വേണ്ടതരത്തിൽ ഉണ്ടാകുന്നില്ല എന്നുള്ളതാണ് കർഷകൻ അനുഭവിക്കുന്ന ഏററവും പ്രധാനമായ ബുദ്ധിമുട്ടു്. കൃഷിയിൽ നിന്നും വേണ്ടത്ര ഉല്പാദനം കിട്ടുന്നില്ല. മററു രാജ്യങ്ങളിലെ വിളവിനോടു തട്ടിച്ചുനോക്കുമ്പോൾ നമ്മുടെ ഉല്പാദനം വളരെ കുറവാണെന്നു കാണാൻ കഴിയും. ഉല്പാദനം കുറയുമ്പോൾ സാമ്പത്തികമായി ഉയരുന്നതിനു് കൃഷിക്കാരനു വഴിയില്ല. മററു് ഏതൊരു രാജ്യത്തെക്കാളും കൂടുതൽ പ്രയത്നിക്കുന്നതി

നല്ല കഴിവും സന്മനസ്സും നമ്മുടെ കൃഷിക്കാർക്കുണ്ടെന്നുള്ളതു് അഭിനന്ദനാർഹമാണു്. എന്നിരുന്നാലും വേലചെയ്താൽ അതിനനുസരണമായ ആദായം കിട്ടാത്തതുകൊണ്ടു് നമ്മുടെ കൃഷിക്കാർ അധഃപതിച്ചു കൊണ്ടിരിക്കുന്നു. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററു് പ്രസംഗത്തിനിടയിൽ പറയുകയുണ്ടായി, ഇവിടെ നെല്ലിൽനിന്നും കിട്ടുന്ന ആദായം മററു രാജ്യങ്ങളിൽ നിന്നും കിട്ടുന്ന ആദായത്തെക്കാൾ വളരെ തുഛമാണെന്നു്. ഒരേക്കറിൽനിന്നും 830 റാത്തൽ നെല്ലാണു് ഇവിടെ കിട്ടിക്കൊണ്ടിരിക്കുന്നതു്. പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനഫലമായി ആയിരത്തിനും ആയിരത്തി ഇരുനൂറിനും (റാത്തൽ) ഇടയ്ക്കു നെല്ലുകിട്ടുന്നുണ്ടെന്നു കണക്കുണ്ടു്. ജപ്പാനിൽ മൂവായിരം റാത്തലും, ഈജിപ്റ്റിൽ മൂവായിരത്തി എഴുനൂറു റാത്തലും വിളവുണ്ടെന്നു് ഓർക്കുമ്പോൾ നമ്മുടെ നില എത്രത്തോളം ശോചനീയമാണെന്നു് മനസ്സിലാക്കാൻ കഴിയും. ഈ ഉല്പാദനം വർദ്ധിപ്പിക്കാൻ ഏതെങ്കിലും പ്രായോഗികമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കൃഷിക്കാർ എന്നെന്നേക്കുമായി നശിച്ചുപോകും. നമ്മുടെ രാജ്യത്തെ സാമ്പത്തികസ്ഥിതി നന്നാകുകയുമില്ല. നമ്മുടെ ഉല്പാദനങ്ങൾ കുറയുന്നതിനുള്ള പ്രധാനകാരണം എന്താണെന്നുള്ളതിനെപ്പററി നാം ചിന്തിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ ദിവസം, മുൻ ധനകാര്യമന്ത്രിയായിരുന്ന ശ്രീ. നടരാജപിള്ള പറയുകയുണ്ടായി, കർഷകനു് സാമ്പത്തികമായ കഴിവുകൾ ഇല്ലാത്തതാണു് അതിനു കാരണമെന്നു്. പണംകൊണ്ടെറിഞ്ഞാലെ പണത്തേൽ കൊള്ളുകയുള്ളു. പണം ഇറക്കുന്നവർക്കു് മാത്രമെ ആദായം കിട്ടുകയുള്ളു, കൃഷിക്കു് കൂടുതൽ പണം വിനിയോഗിക്കാനുള്ള സാഹചര്യം സൃഷ്ടിച്ചാൽ മാത്രമെ കൂടുതൽ ആദായം ഉണ്ടാക്കാൻകഴിയൂ. നമ്മുടെ കൃഷിക്കാർക്കു് സാമ്പത്തികമായി യാതൊരു കഴിവുമില്ലാത്തതുകൊണ്ടാണു് ഉല്പാദനം കുറയുന്നതിനും തദ്വാരാ അവന്റെ സാമ്പത്തികനില വീണ്ടും മോശമാകുന്നതിനും ഇടയായിട്ടുള്ളതെന്നു കാണാൻ കഴിയും. കൃഷിയിൽ മൂലധനം മുടക്കുന്നതിനു് വളരെ അധികം ക്രെഡിററു ഫസിലിററീസ് നൽകിയിട്ടുണ്ടെന്നു് ഗവണ്മെൻറു് അഭിമാനിക്കുന്നുണ്ടു്. ഈ ഫസിലിററീസ് കൊണ്ടു് യാതൊരു പ്രയോജനവും സാധാരണകൃഷിക്കാരനുണ്ടാകുന്നില്ല. ക്രെഡിററു ബാങ്കിൽ നിന്നും കോവാപ്പറേറീവ് സൊസൈററികളിൽ നിന്നും പണം കടം എടുക്കാമെന്നു ഗവണ്മെൻറു് പറയാറുണ്ടെങ്കിലും ഇടത്തരം കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഒരു ഗുണവും ഇതുകൊണ്ടൊന്നും ഉണ്ടാകുന്നില്ല. റിസർവു ബാങ്കിൽനിന്നും ഒരു വലിയ തുക കോവാപ്പറേറീവ് സൊസൈററിക്കു കൊടുക്കുന്നുണ്ടെന്നുവരുകിലും ഇടത്തരം കൃഷിക്കാർക്കു് അതുകൊണ്ടു് ഉപയോഗമൊന്നുമുണ്ടാകുന്നില്ല. വലിയ ജന്മിമാരാണു് അതിന്റെ ഗുണം അനുഭവിക്കുന്നതെന്നു അനുഭവജ്ഞാനത്തിൽനിന്നും എനിക്കു പറയുവാൻ കഴിയും.

മറെറാരു കാര്യം പറയുവാനുള്ളതു് ഉല്പാദനം വർദ്ധിപ്പിക്കണമെങ്കിൽ നല്ലയിനം വിത്തുകൾ, പററിയ വളം ഇവ ഉപയോഗിക്കാനുള്ള സൗകര്യം ഉണ്ടാക്കണമെന്നാണു്. വളം വിതരണകാര്യത്തെപ്പററി പറയുകയാണെങ്കിൽ നാനൂറു വളം ഡിപ്പോകൾ ഗവണ്മെൻറു വകയായും ഏജൻസിവകയായും പ്രവർത്തനം നടത്തുന്നുണ്ടെന്നും ആ ഇനത്തിൽ ഒരു വലിയ നഷ്ടം ഗവണ്മെൻറിനു വരുന്നുണ്ടെന്നും ഗവണ്മെൻറു പ്രസിദ്ധീകരിച്ചിട്ടുള്ള റെക്കാർഡിൽ നിന്നും അറിയാൻ കഴിയും. കമ്പോസ്റ്റ് വളനിർമ്മാണ

[ശ്രീ. സി. എ. മാത്യു]

ത്തിന വളരെ പ്രവൎത്തനം നടത്തുന്നതാണെന്നു പഞ്ചവത്സരപദ്ധതി മെമ്മോറാണ്ഡത്തിൽ വിശദീകരിച്ചിട്ടുണ്ടു്. അതുകൊണ്ടു് ആൎക്കാണു് പ്രയോജനം ഉണ്ടാകുന്നതു്? ആ വളം അവിടെയുള്ള വൻകിടജന്മിമാരാണു് വാങ്ങിച്ചുകൊണ്ടു പോകുന്നതു്. ഇടത്തരം കൃഷിക്കാരനു് വളം കിട്ടുന്നതിനു യാതൊരു സൌകൎയ്യങ്ങളും ലഭിക്കുന്നില്ല. അതിനു ഹാറം ഒപ്പിട്ടുകൊടുക്കണം, കർഷകനാണെന്നുള്ളതിനു ഒരു പാർവത്യകാരുടെ സർട്ടിഫിക്കെററു വാങ്ങണം. വാസ്തവത്തിൽ കൃഷിനടത്തുന്ന ആളുകൾക്കു വളം വിതരണംകൊണ്ടു് യാതൊരു പ്രയോജനവുമുണ്ടാകുന്നില്ല. ജന്മിമാൎക്കാണു് അതിന്റെ പ്രയോജനം സിദ്ധിക്കുന്നതു്. നല്ല ഇനം വിത്തുകൾ ഉണ്ടാക്കുന്നതിനു് ഒല്ലൂർക്കരെയും അട്ടൂർ തുടങ്ങി അഞ്ചു സ്റ്റേഷൻസ് സ്ഥാപിച്ചിട്ടുണ്ടു്. അതുകൊണ്ടു് അവിടത്തെ ജനങ്ങൾക്കു് ചില്ലറ പ്രയോജനം ഉണ്ടാകുമെന്നുള്ളതല്ലാതെ മററു സ്ഥലങ്ങളിലുള്ളവൎക്കു് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല. അവിടെ പുതിയഇനം വിത്തുകൾ ലഭിക്കാനുള്ള സാഹചര്യം ഒന്നുമില്ല. കൃഷിക്കാരനെ അവന്റെ കഷ്ടതയിൽ നിന്നും രക്ഷിക്കാൻ യാതൊരു പ്രയോജനവും അതുകൊണ്ടുണ്ടാകാൻ പോകുന്നില്ല എന്നു് വ്യക്തമായി പറയുവാൻ ഞാനാഗ്രഹിക്കുന്നു. കത്തിക്കാളുന്ന അഗ്നിയിൽ ഒരു തുടം വെള്ളമൊഴിക്കുന്ന അനുഭവമേ ഗവണ്മെന്റിന്റെ ഈവക നടപടികൾകൊണ്ടുണ്ടാകുന്നുള്ളു.

ഉല്പാദനം കുറയുവാനുള്ള മറെറാരു പ്രധാനകാരണം അശാസ്ത്രീയമായ കൃഷിസമ്പ്രദായവും പഴയരീതിയിലുള്ള കൃഷിയായുധങ്ങൾ ഉപയോഗിച്ചു കൃഷി നടത്തുന്നതുമാണു്. നമ്മുടെ നാട്ടിൽ ചിലർ പുതിയ കൃഷിയായുധങ്ങൾ ഉപയോഗിക്കുന്നുണ്ടു്; ട്രാക്ടറുംമററും. പൊതുവേ പറഞ്ഞാൽ പഴയമാതിരിയുള്ള കലപ്പയും തൂമ്പയും മററും ഉപയോഗിച്ചു തന്നെയാണു് ഇപ്പോഴും കൃഷിനടത്തുന്നതു്. അതിലേക്കും വേണ്ട പരിഹാരമാൎഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. പുതിയ രീതിയിലുള്ള കൃഷി ആയുധങ്ങൾ പ്രചാരത്തിൽ വരുത്തുവാൻ ഗവണ്മെന്റു് ഔത്സുക്യം കാണിക്കേണ്ടതാണു്.

ശാസ്ത്രീയ കൃഷിസമ്പ്രദായത്തെപ്പററി പറയുമ്പോൾ ജപ്പാൻകൃഷി നടത്തുന്നതിലേക്കു് പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ എല്ലാ സ്ഥലത്തും 500 ഡെമാൺസ്ട്രേഷൻ സെൻറർ നടത്താൻ പോകുന്നതായി അറിയുന്നു. അതുകൊണ്ടു് കൃഷിക്കാരനു വലിയ പ്രയോജനം ഉണ്ടാകാൻ പോകുന്നില്ല കൃഷിയെ പ്രോത്സാഹിപ്പിക്കുവാൻവേണ്ടി വിദഗ്ദ്ധന്മാരുടെ ഉപദേശം ലഭിച്ചതുകൊണ്ടു മാത്രം പോരാ, ഡെമാൺസ്ട്രേഷൻ സെൻററുകൾ സ്ഥാപിച്ചതുകൊണ്ടും പോരാ, കർഷകനു കൃഷി നടത്താനുള്ള സാഹചര്യം സൃഷ്ടിച്ചാലേ ഉല്പാദനം വർദ്ധിക്കുകയുള്ളു.

ജപ്പാൻകൃഷി സമ്പ്രദായം വളരെ നല്ലതാണു്. അതു ചെയ്തുകഴിഞ്ഞാൽ വിളവു വളരെ വർദ്ധിക്കും എന്നുംമററും ഇവിടെ ചില ഉദ്യോഗസ്ഥന്മാർ പറയുന്നുണ്ടു്. അതു ചെയ്യേണ്ട രീതിയെപ്പററി പ്രായോഗികമായി കാണിച്ചുതരുവാനുള്ള യാതൊരു പദ്ധതിയും ഇവിടെ എൻ. ഇ. എസ്. ബ്ലോക്കുകളിൽ ഇല്ല. നെൽകൃഷിയുടെ കാൎയ്യത്തിൽ മാത്രമല്ല, മററു പല വിളവുകളുടെ കാൎയ്യത്തിലും നമുക്കു് ഇതു് കാണുവാൻ സാധിക്കും. ഭക്ഷ്യസാധനങ്ങളുടെ കാൎയ്യത്തിൽ, ഇപ്പോൾ ഗവണ്മെന്റിനു് വളരെ

അധികം ശ്രമിക്കേണ്ട കാര്യമില്ല. ധാരാളം ഭക്ഷ്യസാധനങ്ങൾ ഇൻഡ്യക്കകത്തും പുറത്തും നിന്നു ലഭിക്കും. അതുകൊണ്ട് ഇനി ഗവൺമെൻറ് ശ്രദ്ധ പതിപ്പിക്കേണ്ടതു് നാട്ടിൽ കാമേർസിയൽ പ്രോഡക്ട്സിൻെറ കാര്യത്തിലാണ്. ഇവിടെ, മററു രാജ്യങ്ങളെ അപേക്ഷിച്ചു നോക്കുകയാണെങ്കിൽ വളരെ തുച്ഛമായ ഒരു ശതമാനം മാത്രമേ വ്യാവസായികോല്പന്നങ്ങൾക്കുള്ള കൃഷിസ്ഥലങ്ങളായി ഉള്ളൂ. അതു് വിദേശങ്ങളിൽനിന്നും, നമുക്കു ഡോളർ സമ്പാദിച്ചു തരുന്ന കാര്യമാണ്. ഈത്തരം കമേർസ്യൽ ക്രോപ്സ് കൃഷികളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ സാമ്പത്തികനില വർദ്ധിപ്പിക്കാൻ ഉതകുന്ന നടപടികൾ ഉടനെതന്നെ എടുക്കേണ്ടതാണ്. ഇവിടെ 17 ശതമാനം മാത്രമാണ് ഇന്നു കാമേർസിയൽ പ്രോഡക്ഷൻസ് കൃഷി ചെയ്യുന്ന സ്ഥലങ്ങളുള്ളതു്. ശാസ്ത്രീയമായ രീതിയിൽ വ്യാവസായിക വിളവുകൾ കൃഷിചെയ്തു നമ്മുടെ നാട്ടിൻെറയും നാട്ടിലെ കൃഷിക്കാരുടെയും സാമ്പത്തികനില ഉയർത്തുന്നതിനു് ഗവൺമെൻറ് ആത്മാർത്ഥമായി ശ്രമിക്കണം. അതുപോലെതന്നെ ഉല്പാദനം തടസ്സപ്പെടുത്തുന്ന ഒരു കാര്യമാണ് വസ്തുക്കൾ തുണ്ടുതുണ്ടായി കൃഷിചെയ്തുവരുന്ന സമ്പ്രദായം. ഇവിടെ എക്കണോമിക് ഹോൾഡിംഗ്സ് ഉള്ള ആളുകൾ വളരെ കുറവാണ്. ഇതും നമ്മുടെ ഉല്പാദനം കുറയുവാനുള്ള ഒരു കാരണമാണ്. ഇവിടെ ജനസംഖ്യ വളരെ കൂടുതലാണ്. ഇൻഡ്യയിലെ ശരാശരി ജനസംഖ്യ ചതുരശ്ര മൈലിനു് 303 മാത്രമായിരിക്കുമ്പോൾ തിരുവിതാംകൂർ-കൊച്ചിയിൽ ചതുരശ്ര മൈലിനു് 1015 പേർ ജീവിക്കുന്നുണ്ട്. മുൻപു് ധനകാര്യമന്ത്രി ഇവിടെ 23.7 ശതമാനംവച്ചു് ജനസംഖ്യ വർദ്ധിക്കുകയാണെന്നു പറയുകയുണ്ടായി. പ്രത്യേകരീതിയിലുള്ള പിൻതുടർച്ചാവകാശക്രമത്തിൽ കൃഷിസ്ഥലങ്ങൾ തുണ്ടുതുണ്ടാകുന്നതിനു ഇടയുണ്ട്. ഈ രീതി മാററിയില്ലെങ്കിൽ ഉല്പാദനം എല്ലാവിധത്തിലും കുറവായിരിക്കും. അതിനാൽ കൃഷിഭൂമി എക്കണോമിക്കൽ ആകത്തക്കവണ്ണമുള്ള ഒരു വ്യവസ്ഥ കൊണ്ടുവരണം. കഴിഞ്ഞ മുപ്പതുകൊല്ലത്തിനിടയിൽ നമ്മുടെ കൃഷിഭൂമിയുടെ വിസ്താരം വളരെ വളരെ കുറഞ്ഞിട്ടുണ്ടെന്നു സെൻസസ്സ് റിപ്പോർട്ടിൽനിന്നും കാണാൻ കഴിയും. 1921-നും 1951-നുമിടയ്ക്കു ശരാശരി ഒരാൾക്കുള്ള ഒരുപ്പൂനിലങ്ങൾ 111 സെൻറിൽനിന്നും 87 സെൻറായും, ഇരുപ്പൂനിലങ്ങൾ 13 സെൻറിൽനിന്നും 10 സെൻറായും കുറഞ്ഞിട്ടുണ്ടെന്നാണു അടുത്ത കാലത്തുണ്ടായ സെൻസസ്സ് റിപ്പോർട്ടിൽനിന്നും കാണാൻ കഴിയുന്നതു്. ഇതിൽനിന്നും തുണ്ടുതുണ്ടായി കൃഷിചെയ്യുന്നതുകൊണ്ടാണു ഉല്പാദനം കുറയുവാനുള്ള കാരണം എന്നും കാണാം. ഈ രീതി മാററി ഉല്പാദനം വർദ്ധിപ്പിക്കുവാൻ എനിക്കു നിർദ്ദേശിക്കാനുള്ളതു്, കളക്റ്റീവ് ഫാം കൾട്ടിവേഷൻ രീതി ഉടനടി നടപ്പാക്കണമെന്നാണ്. ജോയിൻറ ഫാം കൾട്ടിവേഷൻ ഇവിടെ പ്രായോഗികമല്ല. ജനസംഖ്യയുടെ കൂടുതലും, ഭൂമിയുടെ കുറവും മൂലം, ഇവിടെ ഭൂമിയോടുള്ള ആഗ്രഹം കൂടുതലാണ്. അതിനാൽ ഉടമാവകാശം നശിപ്പിക്കുന്ന കാര്യത്തിൽ വലിയ എതിർപ്പു് ഉണ്ടാകാനിടയുണ്ട്. കളക്റ്റീവ് ഫാം കൃഷിസമ്പ്രദായം മാത്രമാണ് പ്രായോഗികമായി എനിക്കു കാണുവാൻ കഴിയുന്നതു്. Joint farm cultivation പ്രായോഗികമാണോ; എതിർപ്പു വരികയില്ലേ എന്നു ഞാൻ സംശയിക്കുന്നു.

ശ്രീ. കെ. ബാലകൃഷ്ണൻ: ഈ കളക്റ്റീവ് ഫാം എന്നു വച്ചാൽ എന്തൊന്നാണ്?

ശ്രീ. സി. എ. മാത്യു: സഹകരണാടിസ്ഥാനത്തിൽ എല്ലാ ആളുകളുംകൂടി ഒരുമിച്ചു ചേർന്നു കൃഷിചെയ്യുക എന്നാണ്. ഗവണ്മെന്റു അതിനു മുന്നോട്ടു വരണം. ഗവണ്മെന്റ് അതിനു പററുന്ന സ്ഥലം കണ്ടുപിടിച്ച് പ്രായോഗികമാക്കുന്ന കാര്യം കർഷകരെ മനസ്സിലാക്കിക്കൊടുക്കണം. സർക്കാർ ഉദ്യോഗസ്ഥന്മാർ മുന്നോട്ടുവന്നു നാട്ടിന്റെ നാനാഭാഗങ്ങളിലും ചില സ്ഥലങ്ങൾ തിരഞ്ഞെടുത്ത് അവിടെയുള്ള കൃഷിഭൂമി ഉടമസ്ഥന്മാരെ യോജിപ്പിച്ച് അവരെക്കൊണ്ടു കൃഷി ചെയ്യിപ്പിച്ചു അതു പ്രായോഗികമാക്കുന്നതു വളരെ പ്രയോജനകരമായിരിക്കും.

മറെറാരു പ്രയാസം നാട്ടിലെ കൃഷിക്കാരൻ അഭിമുഖീകരിക്കേണ്ടിയിരിക്കുന്നതു് പ്രകൃതിക്ഷോഭമാണ്. നമ്മുടെ നാട്ടിലുള്ള കൃഷിഭൂമികളിൽ, ഇരുപതു ശതമാനം ജലസേചന സൗകര്യത്തെ ആശ്രയിച്ചും 80 ശതമാനം പ്രകൃതിയെ മാത്രം ആശ്രയിച്ചും ആണ് കൃഷി നടത്തിവരുന്നതു്. അങ്ങിനെ പ്രകൃതിയെമാത്രം ആശ്രയിച്ചു കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ അസമയത്തുള്ള മഴ നിമിത്തവും സമയത്തു മഴയില്ലാത്തതുകൊണ്ടും കൃഷിനാശം സംഭവിക്കുന്നുണ്ടു്. ഈ അടുത്തകാലത്തു തൊടുപുഴ ഉണ്ടായ ഉരുൾപൊട്ടൽ നിമിത്തം വളരെ അധികം കൃഷിനാശം സംഭവിച്ചിട്ടുണ്ടു്. അതിലേക്കു ഒരു പ്രതിവിധി നിർദ്ദേശിക്കണമെന്നുള്ള കാര്യത്തെപ്പററി പല നിവേദനങ്ങളും ഗവണ്മെന്റിനു സമർപ്പിച്ചിട്ടും ഇതേവരെ യാതൊരു മറുപടിയും നൽകിയിട്ടില്ല എന്നുള്ള കാര്യം ഈ അവസരത്തിൽ ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഇപ്രകാരം കൃഷിനാശം സംഭവിച്ചിട്ടുള്ള ആളുകളെ സഹായിക്കുന്നതിനു യാതൊരു നടപടിയും നടത്താതെയിരിക്കുന്നതു്, ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം കുററകരമായ ഒരു കാര്യമാണ്. അവരെ സഹായിക്കേണ്ടതു് ഗവണ്മെന്റിന്റെ കടമയാണ്.

സർ, ഭൂഉടമയുടെ കാര്യം പറയുകയാണെങ്കിൽ വളരെ അധികം കുഴപ്പങ്ങൾ ഇക്കാര്യത്തിൽ ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. "കൃഷിഭൂമി കർഷകനു്" എന്ന തത്വം അനുസരിച്ചുള്ള നിയമനിർമ്മാണം ചെയ്യണം. അങ്ങിനെ കർഷകനു സഹായകമായ നിയമം ഉണ്ടായാൽ മാത്രമേ അവനു കൃഷിഭൂമിയിൽ അദ്ധ്വാനിക്കുവാനുള്ള മനസ്സു വരികയുള്ളു. കൃഷിഭൂമി നാളെ തന്റെ കൈയിൽനിന്നും പോയാൽ തന്റെ പ്രയത്നമെല്ലാം വിഫലമായേക്കുമോ എന്നാണ് അവന്റെ സംശയം.

ശ്രീ. കെ. സി. ജാർജ്ജ്: പാട്ടവും വാരവും ആവശ്യമില്ലെന്നാണോ മെംബറുടെ അഭിപ്രായം?

ശ്രീ. സി. എ. മാത്യു: അല്ല. പാട്ടക്കാരനും വാരക്കാരനും അവൻ കൃഷി ചെയ്യുന്ന ഭൂമി, അവനു എക്കാലവും കിട്ടും എന്നുള്ള ഒരു പരിതസ്ഥിതി സൃഷ്ടിക്കത്തക്കവിധത്തിലുള്ള ഒരു നിയമനിർമ്മാണം നടത്തണമെന്നാണ് എന്റെ അഭിപ്രായം. അങ്ങിനെയായാൽമാത്രമേ കൃഷിഭൂമി നന്നാക്കാനുള്ള ഒരു വാസന കർഷകനുണ്ടാവുകയുള്ളു.

ഭൂനയ ബില്ലുകൾ ഇവിടെ അവതരിപ്പിച്ചിട്ടുണ്ടെങ്കിലും, അതിനെപ്പററി എനിക്കു അതല്പം പറയുവാനുണ്ടു്. ഏതോ ചിലതെല്ലാം കാട്ടിക്കൂട്ടി പുരോഗമനത്തിന്റെ പുറംചട്ടയുമണിയിച്ച് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബിൽ ജന്മികുടിയാൻ ബന്ധത്തെ സംബന്ധിച്ചിടത്തോളം തികച്ചും പിൻതിരിപ്പനാണെന്നുള്ള ഒരു ആക്ഷേപം എനിക്കു ഉണ്ടു്.

കൊച്ചിയിൽ കർഷകന് നിലവിലുണ്ടായിരുന്ന അവകാശങ്ങളെ നിഷേധിക്കുന്ന പല വ്യവസ്ഥകളും ഇന്നു ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലുകളിൽ ഉണ്ട്. പരിധി നിർണ്ണയിക്കുന്ന കാര്യം ... പുരോഗമന ചട്ടയുമിട്ടുകൊണ്ട് ഏററവും പിൻതിരിപ്പൻ മാർഗ്ഗങ്ങളിൽക്കൂടിയാണ് ജന്മിയേയും കുടിയാനവനേയും സംബന്ധിക്കുന്ന നാലു ഭൂനയബില്ലുകൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്.

ശ്രീ. എ. താണുപിള്ള: ജന്മിത്വം മുഴുവനും അവസാനിപ്പിക്കുന്നതു മെംബർക്കു സമ്മതമാണോ?

(Mr. Speaker in the Chair)

ശ്രീ. സി. എ. മാത്യു: ഇനി ഒരിക്കലും ഉണ്ടാകാത്ത തരത്തിൽ അവസാനിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. സി. ജാർജ്ജ്: ജന്മിത്വം അവസാനിപ്പിക്കുകയാണെങ്കിൽ പാട്ടത്തിനും വാരത്തിനും സ്ഥാനമുണ്ടോ?

ശ്രീ. സി. എ. മാത്യു: ഉണ്ട്.

ശ്രീ. എ. താണുപിള്ള: പുരോഗമനപരമായ കാൺഗ്രസ്സ്, പാട്ടത്തിനും വാരത്തിനും സ്ഥാനം നൽകിക്കൊണ്ടാണോ ജന്മിത്വം അവസാനിപ്പിക്കാൻ പോകുന്നതു്?

ശ്രീ. സി. എ. മാത്യു: കാൺഗ്രസ്സ് ഇതിനു വ്യക്തമായ ഒരു നയം സ്വീകരിച്ചിട്ടുണ്ട്. അതനുസരിച്ചു തീരുമാനമെടുക്കും.

അങ്ങിനെ സ്ഥിരാവകാശം കിട്ടുമെന്നുള്ള ഒരു നിലവന്നാൽ മാത്രമെ പ്രയത്നിക്കാനും കൂടുതൽ താല്പര്യമായി കൃഷിചെയ്തു വിളവു വർദ്ധിപ്പിക്കാനും കൃഷകൻ ഒരുമ്പെടുകയുള്ളു. കൃഷകന്റെ കൈയിൽനിന്നും കൃഷിചെയ്തുകൊണ്ടിരിക്കുന്ന ഭൂമി ഒരിക്കലും പോകുകയില്ലെന്നുള്ള ഒരു നില സംജാതമാക്കണമെന്നാണ് എനിക്കു ഈ സന്ദർഭത്തിൽ പറയുവാനുള്ളതു്.

സർ, കാർഷികതൊഴിലാളികളുടെ തൊഴിലില്ലായ്മയെപ്പററിയും എനിക്ക് അല്പം പറയുവാനുണ്ട്. ഇവിടെ 37 ശതമാനം

10 A. M. കർഷക തൊഴിലാളികൾ ഉണ്ട് എന്നാണ് കണക്കുകൾകൊണ്ടു കാണുന്നതു്. മദ്രാസിൽ 28 ശതമാനവും ബാംബെയിൽ 12 ശതമാനവും മാത്രമേയുള്ളു എന്നാണ് കാണുന്നതു്. ഇവിടെ കർഷക തൊഴിലാളികൾ കൂടുതൽ ഉള്ളതിനാൽ അവർക്ക് എന്നും പണി കിട്ടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതു ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കാര്യമാണ്. കൃഷിത്തൊഴിലാളികളെ സംബന്ധിച്ചു മാത്രം പറയുകയാണെങ്കിൽ, പടിഞ്ഞാറൻ പ്രദേശങ്ങളിൽ നാലോ അഞ്ചോ മാസങ്ങളിൽ മാത്രമെ അവർക്കു തൊഴിൽ ചെയ്യാനുള്ള സൗകര്യം ലഭിക്കുന്നുള്ളു. കിഴക്കൻ പ്രദേശങ്ങളിൽ എട്ടു മാസംവരെ അവർക്കു തൊഴിൽ ചെയ്യുവാനുള്ള സൗകര്യം ലഭിക്കുന്നുണ്ട്. കൃഷിയുടെ പലതരത്തിലുള്ള രീതി വ്യത്യാസംകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതു്. ബാക്കിയുള്ള സമയങ്ങളിൽ വെറുതെയിരുന്നു അവരുടെ കഴിവുകൾ നശിപ്പിക്കാനുള്ള ഒരു പരിതഃസ്ഥിതിയാണ് ഇതുമൂലം ഉളവാകുന്നതു്. അതിനാൽ അവരുടെ കഴിവു നശിക്കാതിരിക്കത്തക്കവിധമുള്ള നടപടികൾ ഗവണ്മെന്റ സ്വീകരിക്കണം. അതായതു് ചെറുകിട വ്യവസായങ്ങൾ

[ശ്രീ. സി. എ. മാത്യു]

ഉണ്ടാക്കി അതിൽ അവരുടെ കഴിവ് ഉപയോഗിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചുകൊടുക്കേണ്ടതാണ്. അതിലേയ്ക്കു സത്വരമായ നടപടികൾ സ്വീകരിക്കേണ്ടതു് രാജ്യത്തിന്റെയുംകൂടി ഒരു ആവശ്യമാണ്.

പല അസംസ്കൃതസാധനങ്ങളും നമ്മുടെ വിഭവങ്ങളിൽ ഉള്ളതു വേണ്ടപോലെ ഉപയോഗപ്രദമാക്കിത്തീർക്കുന്നതിനു വിദഗ്ദ്ധന്മാരുടെ അഭിപ്രായം ആരാഞ്ഞു വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. മാമ്പഴം, കൈതച്ചക്ക മുതലായവകൊണ്ട് നമുക്കു വളരെയധികം ഡാളർ സമ്പാദിക്കാവുന്നതാണെന്നു് ചില വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതായി അറിയാം. ശാസ്ത്രീയമായ ഗവേഷണങ്ങൾ നടത്തി ഈ വക ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് ഇടത്തരം കൃഷിക്കാരുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കാനും മററും ആവശ്യമായ മാർഗ്ഗങ്ങൾ സ്വീകരിച്ചാൽ നമ്മെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ എന്നെന്നേയ്ക്കുമായി പരിഹരിക്കപ്പെടുമെന്നുള്ളതു് അവിതർക്കിതമാണ്. അതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് എനിക്കു പ്രത്യേകം ഒരഭ്യർത്ഥനയുണ്ട്.

മറെറാരു പ്രധാന വിഷമം ഇന്നു കർഷകരെ അഭിമുഖീകരിക്കുന്നതു കാർഷികവിഭവങ്ങൾ വിററഴിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഇല്ലാത്തതാണ്. കർഷകൻ പ്രയത്നിച്ചുണ്ടാക്കുന്ന ഉൽപ്പാദനങ്ങൾ യഥാസമയം ന്യായമായ വിലയ്ക്കു വിററഴിക്കുന്നതിനുള്ള യാതൊരു സൗകര്യങ്ങളും ഇന്നു ലഭിക്കുന്നില്ല. ശരിയായ വിപണികളാകട്ടെ, ഗതാഗതസൗകര്യമാകട്ടെ ഈ കാര്യത്തിൽ അവർക്കു ലഭിക്കുന്നില്ല. അതുകൊണ്ട് ഇടത്തരക്കാരായ ചില ആളുകളാണു അവരെ കൊള്ളയടിച്ചുകൊണ്ടിരിക്കുന്നതു്. കൃഷിക്കാരനല്ല, ഇടക്കച്ചവടക്കാർക്കാണ് ലാഭമുണ്ടാകുന്നതു്. ഇടക്കച്ചവടക്കാർ കർഷകജനതയെ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. കശുവണ്ടി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന കച്ചവടക്കാർ എല്ലാവരുംകൂടി ഒരുമിച്ചുചേർന്നു്, കശുവണ്ടി ഇന്നവിലയ്ക്കു വാങ്ങിച്ചാൽ മതിയെന്നു തീരുമാനിക്കുകയും അതിന്റെ ഫലമായി ഉൽപ്പാദകർക്കു വിലകുറച്ചു വില്ക്കേണ്ടിവന്ന ഒരു നില സംജാതമായതായും ബഹുമാനപ്പെട്ട ആലുവാ മെംബർ ഇവിടെ പ്രസ്താവിച്ചുകേട്ടു. കഴിഞ്ഞ കൊല്ലം 16 റാത്തലിനു് മൂന്നുരൂപ മാത്രമെ വിലയുണ്ടായിരുന്നുള്ളു. ഈ കൊല്ലം അഞ്ചേമുക്കാൽ രൂപ മുതൽ ആറു രൂപവരെ കിട്ടുന്നുണ്ട്. കഴിഞ്ഞകൊല്ലം കച്ചവടക്കാർ ഒന്നിച്ചുനിന്നു്, അസോസിയേഷൻ ഉണ്ടാക്കി കശുവണ്ടി വിലയ്ക്കു വാങ്ങി വീതിച്ചുകൊടുക്കുന്ന ഒരു രീതി സ്വീകരിച്ചിരുന്നതുകൊണ്ടു യഥാർത്ഥ ഉൽപ്പാദകർക്കു ന്യായമായ വില കിട്ടിയില്ല. ഈ കൊല്ലം അസോസിയേഷൻ പൊളിഞ്ഞതുകൊണ്ടു കർഷകനു് കൂടുതൽ വില കിട്ടുന്നതിനുള്ള സാഹചര്യം ഉണ്ടായി. അങ്ങനെ രണ്ടേകാൽ രൂപയിൽനിന്നും ആറു രൂപവരെ വില വർദ്ധിക്കാനിടയായി ഇപ്പോൾ.

പ്രാദേശികവികസനപദ്ധതിയിൽ ഉൾപ്പെടാത്ത പല പ്രദേശങ്ങളും ഇന്നു ഗതാഗതസൗകര്യമില്ലാതെയും, ജലസേചനസൗകര്യം ലഭിക്കാതെയും പല വിധത്തിലുള്ള വിഷമതകൾ അനുഭവിക്കുന്നുണ്ട്. വടക്കുകിഴക്കൻ പ്രദേശങ്ങളാണ്, തൊടുപുഴ, മീനച്ചിൽ, മൂവാററുപുഴ മുതലായ സ്ഥലങ്ങളാണ്, ഗതാഗതസൗകര്യമില്ലാതെ കൂടുതൽ അസൗകര്യങ്ങൾ

അനുഭവിക്കുന്നതു്. ബഡ്ജററ പരിശോധിച്ചതിൽ ഇങ്ങനെയുള്ള ദേശീയവികസനപദ്ധതിയിൽ ഈ സ്ഥലങ്ങൾ ഉൾപ്പെടുത്താതെ, കാര്യമായ തുകകൾ കൊള്ളിക്കാതെ, വിട്ടിരിക്കുന്നതു കാണുമ്പോൾ ഗവണ്മെൻറിനെ ഇക്കാര്യത്തിൽ കുററപ്പെടുത്താതിരിക്കാൻ നിവൃത്തിയില്ല. ഗതാഗതസൗകര്യങ്ങൾ കുറഞ്ഞതു കാരണം, ഉൽപ്പാദനങ്ങൾ നാട്ടിലുള്ള മാർക്കററുകളിൽ എത്തിക്കാൻ വളരെ പണിപ്പെടേണ്ടിവരുന്നു. പടിഞ്ഞാറൻ താലൂക്കുകളിലാണെങ്കിൽ ജലമാർഗ്ഗമായും അതിനുള്ള സൗകര്യം ഉണ്ടു്. വടക്കുകിഴക്കൻ പ്രദേശങ്ങളിലാണു ഇതിനുള്ള സൗകര്യം തീരെയില്ലാത്തതു്. അതുകൊണ്ടു ഉൽപ്പാദകരായ ആളുകൾ നാട്ടിലുള്ള ഏതെങ്കിലും കച്ചവടക്കാർക്കു തങ്ങളുടെ വിഭവങ്ങൾ കുറഞ്ഞ വിലയ്ക്കുതന്നെ കൊടുക്കേണ്ടതായി വരുന്നു. ഇങ്ങനെയുള്ള പ്രദേശങ്ങളിൽ ഗതാഗതസൗകര്യം വർദ്ധിപ്പിക്കേണ്ടതു കർഷകരുടേയും കർഷകതൊഴിലാളികളുടെയും ഉന്നമനത്തിനു് അവശ്യം സ്വീകരിക്കേണ്ട ഒരു നടപടിയാണു്. ഇതിനുപുറമെ കർഷകർ സാമ്പത്തികമായി കഴിവില്ലാത്തവരാകയാൽ വിഭവങ്ങൾ വച്ചു സൂക്ഷിച്ചു വില ഉയരുന്ന സമയംനോക്കി വിററു ന്യായമായ ലാഭം സമ്പാദിക്കുന്നതിനു സൗകര്യം ലഭിക്കാതെ, അപ്പോഴപ്പോൾ വിററു ആവശ്യങ്ങൾ നിറവേറേണ്ട ഒരു പരിതഃസ്ഥിതിയെ നേരിടേണ്ടിവരുന്നു. നേരെമറിച്ചു അവർ സാമ്പത്തികമായി ശേഷിയുള്ളവരായിരുന്നാൽ, വിഭവങ്ങൾ ശേഖരിച്ചു വയ്ക്കുന്നതിനും ചരക്കുകൾക്കു പ്രിയവും, വിലയും വർദ്ധിക്കുന്ന അവസരം നോക്കി വിൽക്കുന്നതിനും സന്ദർഭം ലഭിക്കുന്നതാണു്. ന്യായമായ വില കിട്ടുന്നതിനു് മലംചരക്കുകളായ കുരുമുളകു്, മുതലായവ വിററഴിക്കുന്നതിനു് 36 മാർക്കററിംഗ് സൊസൈററികൾ സ്ഥാപിക്കുന്നതിനു് പഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതായി കാണുന്നു. ഇങ്ങിനെ 36 മാർക്കററിംഗ് സൊസൈററികൾകൊണ്ടു മാത്രം യാതൊരു പ്രയോജനവുമുണ്ടാകാൻ പോകുന്നില്ലെന്നാണു് എൻെറ അഭിപ്രായം. നാട്ടിൻെറ നാനാഭാഗങ്ങളിലും മാർക്കററിംഗ് സൊസൈററികൾ സ്ഥാപിക്കണം. സഹകരണസംഘങ്ങളുടെ അടിസ്ഥാനത്തിൽ കൃഷിക്കാരുടെ ഉൽപ്പാദനങ്ങൾ വിലയ്ക്കെടുത്തു ശേഖരിക്കുന്നതിനും, അതു കാലാകാലങ്ങളിൽ, ശരിയായ വില കിട്ടത്തക്കവണ്ണം വിററഴിക്കുന്നതിനും അങ്ങനെ യഥാർത്ഥ കർഷകനു് ന്യായമായ വില കിട്ടുന്നതിനും ഏർപ്പാടു ഉടനടി നടത്തേണ്ടിയിരിക്കുന്നു.

കർഷകതൊഴിലാളികളെ നേരിടുന്ന മറെറാരു പ്രശ്നം കൃഷിസംബന്ധമായി നേരിടുന്ന പലതരം രോഗങ്ങളാണു്. തെങ്ങിനും കമുകിനും മററും ചില രോഗങ്ങൾ ബാധിച്ചു് അവ നശിക്കുന്ന ഒരു പതിവു വളരെക്കാലമായി ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. ഇവയുടെ നിവാരണത്തിനു വേണ്ടി വളരെയധികം പണം ചെലവു ചെയ്യുന്നുണ്ടെങ്കിലും പരിഹാരം കണ്ടുപിടിക്കപ്പെടാതെ ഇന്നും തെങ്ങുകൃഷിയും, കമുകുകൃഷിയും താറുമാറായി വരികയാണു്. തെങ്ങിനും കമുകിനും പിടിപെടുന്ന രോഗകാരണങ്ങൾ കണ്ടുപിടിക്കുന്നതിനു് 46 കൊല്ലം മുൻപു മുതൽ ഒരു റിസർച്ചു കമ്മിററി പ്രവർത്തിക്കുന്നുണ്ടെങ്കിലും, മതിയായ കാരണം കണ്ടുപിടിക്കാൻ സാധിക്കാതെ, രണ്ടുമൂന്നു കൊല്ലം മുൻപു ഇങ്ങനെയുള്ള രോഗശമനത്തിനു ശരിയായ വളം ചെയ്താൽ മതിയെന്നുള്ള കണ്ടുപിടിത്തത്തിലാണു എത്തിയിരിക്കുന്നതു്. വളം ചെയ്താൽ രോഗം മാറുകയില്ല. 46 കൊല്ലം കൊണ്ടു് ഇത്രത്തോളം പണം ധൂർത്തടിച്ചിട്ടു്, യാതൊരു പ്രയോജനവും ഉണ്ടാകാതെ പോയതിൽ കുററക്കാരാരാണെന്നു മനസിലാകുന്നില്ല.

ശ്രീ. ചാഴിക്കാട്ട ജോസഫ്: ബഡ്ജററിനെപ്പററി വിമർശനം നടത്തുന്നതിന് പതിനെട്ടോ, ഇരുപതോ പേരുള്ളതായിട്ടാണറിയുന്നത്. പ്രസംഗിക്കുന്നവർക്കു ഒരു ക്ലിപ്തസമയം നിശ്ചയിച്ചില്ലെങ്കിൽ പലക്കും സമയം കിട്ടാതെ വരും. അതിനൊരു നിവൃത്തിയുണ്ടാക്കണം.

Mr. Speaker: Generally I do not allow more than 20 minutes for any member. Mr. Mathew has now spoken for 45 minutes. He will conclude within five minutas.

ശ്രീ. സി. ഏ മാത്യു: സർ, ഇങ്ങനെയുള്ള റിസർച്ചിനുവേണ്ടി ആവശ്യമില്ലാതെ പണം ചെലവാക്കുന്നതു ശരിയല്ല. ഉപയോഗമില്ലെങ്കിൽ അതു നിറുത്തുകയായിരിക്കും ബുദ്ധി.

അഗ്രികൾച്ചറൽ ഇൻകംടാക്സ് പിരിക്കുന്നതിന് ഇന്നു സ്വീകരിച്ചിരിക്കുന്ന രീതി വളരെ തെററാണ്. അതിനുവേണ്ടി നിയുക്തരാകുന്ന ഉദ്യോഗസ്ഥന്മാർ പല ക്രമക്കേടുകളും കാണിക്കുന്നുണ്ട്. ആദായനികുതി ഈടാക്കുന്നതിന് പതിനായിരം പേർക്കു നോട്ടീസയച്ചതിൽ, ഏഴായിരം പേരെ മാത്രമെ അസസു ചെയ്തിട്ടുള്ളു. വളരെയധികം പേരോടു ഉദ്യോഗസ്ഥന്മാർ കാശു പിടുങ്ങിക്കൊണ്ടു അവരെ അസസ്സുമെൻറിൽനിന്നും ഒഴിവാക്കുകയും, ആവശ്യമില്ലാതെ ചിലർക്കു നോട്ടീസ് അയച്ചു ബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയും ചെയ്തുവരുന്നതായി അറിയാം. ആദായനികുതി കൊടുക്കേണ്ടവരെ നിശ്ചയിക്കുന്നതിന്, ഉദ്യോഗസ്ഥന്മാർ സ്വീകരിച്ചിരിക്കുന്ന കണക്കുകൂട്ടലും, മററു പരിഗണനകളും തീരെ അശാസ്ത്രീയമായ രീതിയിലാണ്. അതിനു നിയുക്തരായിട്ടുള്ളവർ പലരും കൃഷിസംബന്ധമായോ, ആദായവരുമാനം തിട്ടപ്പെടുത്തുന്നതു സംബന്ധമായോ യാതൊരു പരിജ്ഞാനവുമില്ലാത്തവരാണ്. തെങ്ങിൽ നിന്നും, കമുകിൽ നിന്നും പല സ്ഥലത്തുനിന്നും പലതരത്തിലാണു വരുമാനം ലഭിക്കുന്നതു്. ഇങ്ങനെയുള്ള വ്യത്യസ്ത പരിഗണനകൾ മനസിലാക്കാതെ ഉദ്യോഗസ്ഥന്മാരുടെ തീരുമാനത്തിനു വിധേയരായി ആദായനികുതി ചുമത്തപ്പെട്ട് പലരും പ്രാസിക്യൂഷൻ നടപടികൾക്കുവരെ വിധേയരായി കഴിയുന്നുണ്ട്. ഇതിൽ നിന്നെല്ലാം ന്യായയുക്തമായ ഒരു മോചനം കൃഷിക്കാർക്ക് ലഭിക്കേണ്ടതാണ്.

കൃഷിക്കാരുടെ ഇതുവിധത്തിലുള്ള പല വിഷമതകൾക്കും പരിഹാരമാർഗ്ഗം സഹകരണസംഘങ്ങൾവഴി മാത്രമെ നേടാൻ സാധിക്കുകയുള്ളു. സഹകരണപ്രസ്ഥാനം കാര്യക്ഷമമായി അഭിവൃദ്ധിപ്പെടുത്തുന്നതിന് ശ്രമിക്കേണ്ടതാണ്.

പഞ്ചവത്സരപദ്ധതിയുടെ ഒരു ഭാഗത്തേക്ക് ഗവണ്മെൻറിൻെറ ശ്രദ്ധയെ ഞാൻ ആകർഷിക്കുകയാണ്.

> "In fact in the field of agriculture, co-operation comprises almost every activity that is connoted by the term 'agricultural organisation.' It is the best medium for promoting progressive agriculture. Major items of agricultural development, for *eg*. Consolidation of holdings, soil conservation and provision of facilities for irrigation as well as current needs such as protection of crops from pests diseases and animals can be most effectively served through co-operative organisations."

ഇങ്ങനെ സഹകരണ പ്രസ്ഥാനംവഴി കർഷകരുടെ എല്ലാ അവശതകളും പരിഹരിക്കുന്നതിനായി, അധികം ഭൂമിയുള്ളവർ ആവശ്യം കഴിഞ്ഞുള്ളതു മനുഷ്യസ്നേഹപരമായ ചിന്തയോടുകൂടി വിട്ടുകൊടുക്കുന്നതിനു കൂടി തയ്യാറാകണമെന്നാണു് എനിക്കു അഭ്യർത്ഥിക്കുവാനുള്ളതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: കൃഷിക്കാരുടെ ഭൂപ്രശ്നം പരിഹരിക്കാൻ രാജപ്രമുഖൻ മുഖാന്തരം ഇടപെട്ടു ജന്മിമാരുടെ ഭൂമി നാമമാത്രമായ നഷ്ടപരിഹാരം നൽകി ഗവണ്മെൻറു കൈവശപ്പെടുത്തി വിതരണം ചെയ്യുന്നതിനെപ്പററി ബഹുമാനപ്പെട്ട മെംബറുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

ശ്രീ. സി. എ. മാത്യു: അതിനു ഒരു വിരോധവുമില്ല.

ഈ വക കാര്യങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തിക്കൊണ്ടു ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. കെ. ചാത്തൻ: സർ, ഈ ബഡ്ജററിൻെറ പൊതുസ്വഭാവത്തെയും, ഇതിലടങ്ങിയിരിക്കുന്ന പ്രത്യേക താല്പര്യങ്ങളെയും മററു പല മെംബറന്മാരും ചർച്ചചെയ്തു കഴിഞ്ഞിട്ടുണ്ടു്. പൊതുവെ പറയുകയാണെങ്കിൽ നമ്മുടെ രാജ്യം ഇന്നു എത്തിച്ചേർന്നിരിക്കുന്ന നിലയിൽ നിന്നും, സാമ്പത്തികമായും, വ്യാവസായികമായും ഉദ്ധരിക്കുന്നതിനു പര്യാപ്തമായ പദ്ധതികൾ കാര്യമായി ഒന്നുംതന്നെ ഇതിൽ കാണ്മാനില്ലെന്നു വ്യക്തമാണു്. അങ്ങനെ രാജ്യപുരോഗതിയെ സഹായിക്കുന്ന യാതൊരു പദ്ധതിയുമില്ലാതെ മുൻപതിവനുസരിച്ചു് തയാറാക്കിയിട്ടുള്ള ഒരു ബഡ്ജററാണിതെന്നു ഈ സഭ മുൻപാകെ പലരും അഭിപ്രായപ്പെട്ടു കഴിഞ്ഞിരിക്കയാണു്.

ഈ ബഡ്ജററു ഉണ്ടുദ്ദേശിക്കുന്ന പ്രധാന കാര്യം, പഞ്ചവത്സരപദ്ധതി പൂർത്തിയാക്കുകയാണെന്നു ധനകാര്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. പക്ഷെ ഒന്നാമത്തെ പഞ്ചവത്സരപദ്ധതിയുടെ പൂർത്തീകരണത്തിനു് സമയം ആസന്നമായിരിക്കുന്ന ഈയവസരത്തിൽ, നാലു കൊല്ലത്തെ പ്രവർത്തനംകൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങളെപ്പററി ഈ സഭ പൂർണ്ണമായ അറിവു നല്കാൻ ധനകാര്യമന്ത്രി ബഡ്ജററു പ്രസംഗത്തിൽ ശ്രമിച്ചുകാണുന്നില്ല. നമ്മുടെ വ്യവസായം, നമ്മുടെ കൃഷി, എന്നുവേണ്ട നമുക്കു സാമ്പത്തികമായി ഉയർച്ചയുണ്ടാകേണ്ട എല്ലാ ധനാഗമമാർഗ്ഗങ്ങളും ഈ പ്രവർത്തനംമൂലം പഴയതിൽ നിന്നും കാര്യമായി പുരോഗമിച്ചിട്ടില്ലെന്നു കാണുന്നതു പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനത്തിൻെറ പരാജയത്തെയാണു കാണിക്കുന്നതു്. ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ നിന്നോ അദ്ദേഹം ഹാജരാക്കിയിട്ടുള്ള റിക്കാർഡുകളിൽ നിന്നോ പഞ്ചവത്സരപദ്ധതിയുടെ വലിയ നേട്ടങ്ങളെപ്പററിയൊന്നും അറിയാൻ കഴിയുന്നില്ല. നിശ്ചയമായും ഇന്നു നമ്മുടെ രാജ്യത്തെ തൊഴിലാളികളും കർഷകരും, ചെറുകിടവ്യവസായികളും എല്ലാംതന്നെ സാമ്പത്തികമായി വലിയ വൈഷമ്യങ്ങൾ അനുഭവിച്ചുവരികയാണു്. ക്ഷേമത്തോടും, സമാധാനമായും ഒരു ജീവിതത്തിനുള്ള സാദ്ധ്യതയില്ലാതെയാണിപ്പോൾ ജനങ്ങൾ കഴിഞ്ഞുകൂടുന്നതു്. രാജ്യക്ഷേമവും, ജനങ്ങളുടെ സമാധാനവും ആഗ്രഹിക്കാത്ത ഒരു ഭരണകൂടത്തിനു് സ്ഥായിയായ നിലനില്പുണ്ടാകുകയില്ല. സാധാരണക്കാർക്കു് എന്തെങ്കിലും പ്രയോജനമുണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടി, ദീർഘവീക്ഷണത്തോടുകൂടിയ ഒരു നിലപാടു ഇന്നത്തെ ഭരണ

[ശ്രീ. പി. കെ. ചാത്തൻ]

കക്ഷി അംഗീകരിച്ചിട്ടില്ലെന്നു ഈ ബഡ്ജററ പരിശോധിച്ചാൽ അറിയാവുന്നതാണു്. വാസ്തവത്തിൽ ഈ രാജ്യത്തു തൊഴിലില്ലായ്മയുടെ ആധിക്യം അങ്ങേയററം എത്തിയിരിക്കുകയാണു്. സാധാരണ ജനങ്ങളുടെ ക്രയശക്തി കുറഞ്ഞു കുറഞ്ഞു വരികയാണെന്നു മാത്രമല്ല, അതു് നെല്ലിപ്പലകവരെ എത്തിക്കഴിഞ്ഞിരിക്കുന്നു. വേലയില്ലാത്ത തൊഴിലാളികളും, ശരിയായ കൂലികിട്ടാതെ കഷ്ടപ്പെടുന്നവരും എന്നല്ല; ആശാവഹമായ യാതൊരു രക്ഷാമാർഗ്ഗവും കാണാതെ ഈ രാജ്യത്തു അനവധിയാളുകൾ കഷ്ടപ്പെടുകയാണു്. സ്വാതന്ത്ര്യത്തിനുവേണ്ടി കഷ്ടപ്പെട്ടവർ സ്വാതന്ത്ര്യം കിട്ടി ജനകീയഭരണം ആരംഭിച്ചിട്ടും ഈവക ദുരിതങ്ങളിൽ നിന്നും മോചനം ലഭിക്കാതെ കഷ്ടപ്പെടുന്നതു ഒരു വിധിവൈപരീത്യമാണു്. ആദ്യത്തെ പഞ്ചവത്സരപദ്ധതി തുടങ്ങി നാലു കൊല്ലം കഴിഞ്ഞിട്ടും കർഷകരുടേയും, കർഷകതൊഴിലാളികളുടെയും ജീവിതനിലവാരത്തിനു ആശാവഹമായ ഒരു പുരോഗതിയും കാണാത്തതു് ഖേദകരമാണു്.

വാസ്തവത്തിൽ നമ്മുടെ രാജ്യം തൊഴിലില്ലായ്മയിൽ അങ്ങേയററം എത്തിച്ചേർന്നിരിക്കുകയാണു്. ഇന്നു തൊഴിലില്ലായ്മമൂലം കർഷകതൊഴിലാളികൾ മാത്രമല്ല, മററ് എല്ലാവിഭാഗത്തിൽപ്പെട്ട തൊഴിലാളികളും അഭ്യസ്തവിദ്യരും വിഷമിച്ചു് അങ്ങേയററംവരെ എത്തിയിരിക്കയാണു്. അതുമാത്രമല്ല കാർഷികോൽപ്പന്നങ്ങളുടെ വിലയും അങ്ങേയററം ഇടിഞ്ഞിരിക്കുകയാണു്. ഈ സ്ഥിതിയിൽ നിന്നു ഇനി ഒരടി മുന്നോട്ടു പോകുവാൻ തക്കവണ്ണം ഈ ബഡ്ജററിൽ യാതൊന്നും കൊള്ളിച്ചിട്ടില്ല എന്നുള്ളതു് ഈ ബഡ്ജററിന്റെ ഏററവും വലുതായ ഒരു കുറവാണു്.

അതുപോലെതന്നെ നമുക്കു സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞതിനു ശേഷം ഉണ്ടായിട്ടുള്ള ആദ്യത്തെ പഞ്ചവത്സരപദ്ധതിയുടെ നാലുകൊല്ലം കഴിഞ്ഞിട്ടും ഈ രാജ്യത്തെ കർഷകനു അതായതു് അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനു പറയത്തക്ക യാതൊരു ഗുണവും ഉണ്ടായിട്ടില്ല. എന്നു മാത്രമല്ല അവരുടെ കഷ്ടതകൾ വർദ്ധിക്കുകയും ചെയ്തു. അവരുടെ ക്ഷമയുടെ നെല്ലിപ്പലകവരെ എത്തിയിരിക്കുന്നു. നെല്ലിപ്പലക തന്നേയും ഇളകിക്കഴിഞ്ഞിരിക്കുകയാണു്. ഇനിയും അവരെ ഇത്തരത്തിൽ മർദ്ദിച്ചു് അടക്കി നിർത്തിക്കളയാം എന്നു മന്ത്രിമാർ വിചാരിക്കുന്നു എങ്കിൽ അതു് അബദ്ധമാണെന്നു ഞാൻ അവർക്കു് മുന്നറിയിപ്പു നൽകിക്കൊള്ളുന്നു. ഇന്നു് രാജ്യത്തിന്റെ ഒരററം മുതൽ മറേറ അററം വരെ അവർ അവരുടെ അവകാശങ്ങൾ പിടിച്ചു പററുന്നതിനായി സംഘടിച്ചു് മുന്നേറുകയാണു്. ഇന്നു് രാജ്യത്തിന്റെ പ്രമാണപ്പെട്ട ഒരു വിഭാഗം കർഷകത്തൊഴിലാളികളാണു്. അവർ ജീവിക്കുന്നതിനുവേണ്ടി, വേലക്കു വേണ്ടി, മർദ്ദനത്തിനെതിരായി മുന്നോട്ടു വന്നിരിക്കുന്നു. ഇതു് വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു സംഭവവികാസമാണു്, എന്നുള്ളതു് ഈ അവസരത്തിൽ ഞാൻ പ്രഖ്യാപിക്കുകയാണു്. ഇതു് വളരെ ഉത്തരവാദബോധത്തോടുകൂടി ഞാൻ പറയുകയാണു്. കർഷകതൊഴിലാളികളുടെ സമരം ഇന്നു മർദ്ദനത്തിനെതിരായി അവർ തുടർന്നു വരികയാണു്. ഇന്നു് തോട്ടം തൊഴിലാളികളും ഇടത്തരക്കാരും എല്ലാം സംഘടിച്ചിരിക്കയാണു്. നമ്മുടെ

നാട്ടിലെ കൃഷിത്തൊഴിലാളികളും ഇടത്തരക്കാരും എല്ലാം സംഘടിച്ചിരിക്കയാണ്. നമ്മുടെ നാട്ടിലെ കൃഷിത്തൊഴിലാളികൾ ഇന്ന് ഉണർന്നിരിക്കയാണ്. ഇന്ന് അവക്ക് ആശ്വാസം നൽകുന്നതിനു യാതൊരു തുകയും ഇതിൽ കൊള്ളിച്ചിട്ടില്ല എന്നുള്ളതിൽ എനിക്കും എന്റെ പാർട്ടിക്കും വളരെ ഗൌരവതരമായി ആക്ഷേപമാണുള്ളതു്.

ശ്രീ. പി. ആർ. മാധവൻപിള്ള: രണ്ടാം പഞ്ചവത്സര പദ്ധതി ആരംഭിക്കുവാൻ പോകുകയല്ലേ?

ശ്രീ. പി. കെ. ചാത്തൻ: ആദ്യത്തെ പഞ്ചവത്സരപദ്ധതിയുടെ കാര്യം നാം കണ്ടുകഴിഞ്ഞു. ഇനി രണ്ടാംപഞ്ചവത്സരപദ്ധതിയുടെ കാര്യമാണ്. ഒന്നാം പഞ്ചവത്സരപദ്ധതിക്കുതന്നെ അതിനു അനുവദിച്ച പണം നാലു കൊല്ലം കഴിഞ്ഞിട്ടും ഇതുവരെ ചെലവാക്കാൻ കഴിഞ്ഞിട്ടില്ല. ഇനി എന്നാണ് ആ തുകകൾ ചെലവുചെയ്തു തീർക്കുവാൻ പോകുന്നതു്? ഇതുവരെ അതിലേക്കുവേണ്ടി ചെയ്തിട്ടുള്ളതു് എന്താണ് എന്നും ഞാൻ പറയാം. ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി മററു യാതൊന്നിനെക്കാളും അധികമായി, ഒന്നാം പഞ്ചവത്സരപദ്ധതിക്കായി പത്തുകോടി രൂപ ഈക്കൊല്ലത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട് എന്ന്. ഇത്രയും സംഖ്യ ആ ഇനത്തിൽ കൊള്ളിച്ചിട്ടുണ്ട് എങ്കിലും നമ്മുടെ അനുഭവം വച്ചു നോക്കുമ്പോൾ ഇതിൽ വലിയൊരു സംഖ്യ ലാപ്സായിപോകുമെന്നതു് തീർച്ചയാണ്. അതുകൊണ്ട് ഈ പദ്ധതികൾകൊണ്ടൊന്നും സാധാരണക്കാരായ ജനങ്ങൾക്കു സ്ഥായിയായ ഗുണമൊന്നും ഉണ്ടാകാൻപോകുന്നില്ല. ഇന്ന് കൃഷിത്തൊഴിലാളികളുടെ ഇടയിൽ തൊഴിലില്ലായ്മ, വ്യവസായത്തകർച്ചമൂലം സംജാതമായിരിക്കുന്ന ദുരവസ്ഥ, കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം ഉള്ള സാമ്പത്തികത്തകർച്ച, അവക്കു വാങ്ങാനുള്ള കഴിവില്ലായ്മ ഇവക്കെല്ലാം അടിയന്തിരമായ ഒരു പരിഹാരമുണ്ടാകാൻ പോകുന്നില്ല. ഇന്നു് ഇതിനെല്ലാം പരിഹാരമുണ്ടാക്കാൻ കഴിവില്ലാത്തതരത്തിലുള്ള ഒരു ദൌർബല്യം ഈ കാര്യത്തിൽ ഗവണ്മെൻറിനുണ്ടെന്നാണ് ഈ ബഡ്ജററ് പരിശോധിച്ചതിൽ ഞങ്ങൾക്കു പറയാനുള്ളതു്. ഇന്നു പഞ്ചവത്സരപദ്ധതികളെ സംബന്ധിച്ചിടത്തോളം, അതിന്റെ പ്രവൃത്തനങ്ങളെ സംബന്ധിച്ചിടത്തോളം കമ്മ്യൂണിററിപ്രോജക്ട്, നാഷണൽ എക്സ്റ്റൻഷൻ സർവീസുകൾ ഇവയെല്ലാം ഈ രാജ്യത്തു നടത്തിവരുന്നുണ്ട്. അതു സംബന്ധിച്ച് വളരെ വിമർശനങ്ങൾ ഈ സഭയിൽ പല ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. അതിൽ പ്രധാനമായി നാം നോക്കുകയാണെങ്കിൽ ഈ രാജ്യത്തു അവയുടെ പ്രവൃത്തനങ്ങൾക്കു വേണ്ടി കുറെ ഉദ്യോഗസ്ഥന്മാരുടെ നിയമനം മാത്രമാണു നടത്തിയിട്ടുള്ളതു്. ഇവിടത്തെ പബ്ലിക്ക് സർവീസ് കമ്മീഷനാണോ ഈ നിയമനം നടത്തുന്നതു് എന്നു ചോദിച്ചാൽ, അല്ല; അതു് ഗവണ്മെൻറിന്റെ കാര്യമാണ് എന്നാണു മറുപടി. അതായതു് ഇതു് കുറെ ആളുകൾക്ക് ഉദ്യോഗം ചെയ്യാനുള്ള ഒരു സ്ഥാപനമായിത്തീർന്നിരിക്കയാണ്. വലിയ ആളുകളെ മാത്രം അതിൽ നിയമിച്ച് മററ് വിഭാഗങ്ങളെ അതിൽ നിന്നും ഒഴിച്ചുനിർത്തിയിരിക്കുകയാണ്. ഈ കാര്യത്തെപ്പററി ഗവണ്മെൻറും നിയമസഭയും ഒന്നാലോചിക്കണമെന്ന് ഞാൻ പറയുകയാണ്. ഇതിനെല്ലാം എതിരായി ഈ രാജ്യത്തെ ജനങ്ങളുടെ നേതാക്കൾ നേതൃത്വം എടുക്കുമ്പോൾ പോലീസിനെയും പട്ടാളത്തെയും അയച്ച് അടിച്ചു ഒതുക്കാം എന്നു പറഞ്ഞാൽ അതു് നടക്കുക

[ശ്രീ. പി. കെ. ചാത്തൻ]

യില്ല. അങ്ങിനെ എതിരായി ശബ്ദമുയർത്തിയാൽ ഞാൻ പോലീസിനെ അയയ്ക്കും എന്നു ധിക്കാരത്തോടുകൂടി പറഞ്ഞാൽ അങ്ങനെ ചെയ്യാൻതന്നെ പറയും. ഇനിയും പോലീസിനെയും ലാത്തിയെയും അത്ര ഗൌനിക്കാനില്ല സർ, ഞങ്ങൾ. ഞങ്ങൾ മുന്നേറുകതന്നെ ചെയ്യും. ഈ രാജ്യത്തിന്റെ നട്ടെല്ലായി അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനെ ഇനിയും അങ്ങനെ മർദ്ദിച്ചൊതുക്കുവാൻ സാദ്ധ്യമല്ല. ഇന്നു രാജ്യത്തെ ജനങ്ങൾക്കു ഉപകാരപ്രദമായി ഒന്നും ചെയ്യാൻ സാദ്ധ്യമല്ല എന്നു വരികിലും ഈ രാജ്യത്തെ വിവിധ വിഭാഗങ്ങളോടും ഗവണ്മെന്റിനുള്ള മനോഭാവമെന്താണെന്നുള്ളതിനു വളരെ നഗ്നമായ രൂപങ്ങളാണ് മന്ത്രിമാരുടെ മറുപടികളിൽ നിന്നും നമുക്കു വളരെ വ്യക്തമായി കാണാൻ സാധിക്കുന്നതു്. എനിക്കു വളരെ പരിമിതമായ സമയമേ ഉള്ളൂ എന്നറിയാം.

ഇവിടത്തെ പട്ടികജാതിക്കാരെയും പിന്നോക്കസമുദായക്കാരെയും സംബന്ധിച്ച് രണ്ടുവാക്ക് സംസാരിക്കണമെന്നു വിചാരിക്കുകയാണ്. സർ, കോൺഗ്രസ്സ് ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം തീർച്ചയായും ഈ അവശസമുദായങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു പ്രോത്സാഹനവുമുണ്ടായിട്ടില്ല. ഇന്നത്തെ മുഖ്യമന്ത്രിയും, ഇന്നത്തെ ഈ വകുപ്പിന്റെ ചുമതലവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി കൊച്ചുകുട്ടനും കൊച്ചിയിൽ രാജവാഴ്ച ഉണ്ടായിരുന്നപ്പോൾ ഹരിജനോദ്ധാരണത്തിനായി നടത്തിക്കൊണ്ടിരുന്നതായ പ്രവർത്തനങ്ങൾ അനുഭവത്തിൽനിന്നും അറിഞ്ഞിട്ടുള്ളവരാണ്. നിശ്ചയമായും ഹരിജനങ്ങളെ ഉദ്ധരിക്കേണ്ട ചുമതല ഒരു ഗവണ്മെന്റിനുള്ളതാണ്. അതു് അവർ സൌജന്യമായിട്ടു ചെയ്യുന്നതല്ല. അവരെ എന്തെങ്കിലും കൊടുത്തു് സമാധാനിപ്പിക്കുക എന്നുള്ള നിലയിലല്ല. ഈ ഹരിജനങ്ങളിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികളും അദ്ധ്വാനിക്കുന്ന ജനവിഭാഗവുമാണ്. അവർ നാടാകെ കാടും, മേടുമായി കിടന്നപ്പോൾ മലമ്പനിയെയും കരിമ്പുലിയെയും ഭയപ്പെടാതെ അവയോടു നേരിട്ട് പോരാടി നാടിനെ ഈ നിലയിലാക്കിട്ടുള്ളവരാണ്. അവർ രാജ്യത്തിന്റെ സമ്പത്ത് വർദ്ധിപ്പിച്ചവർ ആണ്. അവരെ ഉദ്ധരിക്കേണ്ടതു് രാജ്യത്തിന്റെ കടമയാണ്. അതുകൊണ്ട് ഹരിജനോദ്ധാരണം ഏററവും പ്രാധാന്യം അർഹിക്കുന്ന ഒരു നടപടിയാണ്. മഹാത്മാഗാന്ധിതന്നെ വളരെ കാര്യമായി എടുത്തു പ്രവർത്തിച്ചിട്ടുള്ളതാണ്. ഈ വക കാര്യങ്ങൾ വച്ചുകൊണ്ടു നോക്കിയാൽ ഇത്രയും പ്രാധാന്യം അർഹിക്കുന്ന ഈ കാര്യത്തിൽ നാടുവാഴിയുടെ ഭരണകാലത്തുണ്ടായിരുന്നതിനെക്കാൾ വളരെ മോശമായ ഒരു നിലയാണ് ഇന്ന് ഹരിജനോദ്ധാരണത്തെ സംബന്ധിച്ചിടത്തോളം വന്നുചേർന്നിരിക്കുന്നതു്. നമുക്കു സ്വാതന്ത്ര്യം ലഭിച്ചു എങ്കിലും അവരുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം യാതൊരു മാററവും ഉണ്ടായിട്ടില്ല. രാജവാഴ്ചക്കാലത്തുതന്നെ കൊച്ചിയിൽ ഒരു മന്ത്രിയായിരുന്ന ഡാക്ടർ എ. ആർ. മേനോൻ അന്നു വാസ്തവത്തിൽ ഹരിജനോദ്ധാരണത്തിനുവേണ്ടി അങ്ങേഅററം പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്തു് അവശസമുദായ സംരക്ഷകനെയും എ. ബി. സി. കമ്മീഷണറെയുമെല്ലാം ഓരോ കുററങ്ങൾക്കായി പിടിച്ചു പുറത്താക്കിയിട്ടുണ്ട്. ഇന്നു് അതിൽനിന്നു് എത്ര മുമ്പോട്ടു് കാലം നീങ്ങി. അന്നു് അവിടെ ഹരിജൻകുട്ടികളെ സ്കൂളുകളിലേക്ക് അയയ്ക്കുമ്പോൾ

അവക്ക് ആവശ്യമുള്ള മുഴുവൻ പുസ്തകങ്ങളും മററ് എല്ലാ സാധനങ്ങളും കൊടുത്തിരുന്നു. ഇന്നത്തെ മാതിരിയല്ല. ഇന്ന് ഗവണ്മെൻറ് അച്ചടിക്കുന്ന കുറെ പുസ്തകം മാത്രമാണ് അവക്ക് കൊടുക്കുന്നതു്. ബാക്കിയുള്ള പുസ്തകങ്ങൾ വേറെ ആളുകളുടെ പുസ്തകങ്ങൾ ആണ്. അതു് അവക്ക് വാങ്ങിക്കൊടുക്കുന്നില്ല. ഇന്നു ഗവണ്മെൻറ് അച്ചടിച്ചിട്ടുള്ള പുസ്തകങ്ങൾ മാത്രം വിതരണം ചെയ്യുകയാണ്. മററുള്ള പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള കാശുമില്ല. ഈ പുസ്തകങ്ങൾ എല്ലാം കിട്ടുന്നതുതന്നെ സ്കൂൾ തുറക്കുമ്പോൾ അല്ല, അടയ്ക്കാറാകുമ്പോഴാണ്.

സ്കൂൾഫൈനൽപാസ്സായിവരുന്ന ഹരിജനവിദ്യാർത്ഥികൾക്ക് കാളേജു പ്രവേശനത്തിനു വേണ്ട സൗകര്യം കിട്ടുന്നില്ല. ഈ പാവപ്പെട്ട പുലയരുടേയും പറയരുടേയും നേർക്ക് നാട്ടിൻപുറത്തുള്ളവരുടെ മനോഭാവം എന്താണെന്നു നമുക്കൊക്കെ അറിയാം. അവിടെനിന്നും പാടത്തു പണി എടുക്കുന്ന ഒരു ചാത്തൻെറ മകന് ബി. എ. വരെയും, എൽ. ടി. വരെയും ഒക്കെ പഠിച്ചുവരാൻ വളരെ പ്രയാസമുണ്ട്. വല്ലപാടും ബുദ്ധിമുട്ടിയും പ്രയത്നിച്ചും അതിനുവേണ്ടി തിരുവനന്തപുരത്തു വന്നാൽ ഇന്ന് കാളേജു പ്രവേശനം ലഭിക്കാനുള്ള പാട് ചെറുതൊന്നുമല്ല. അന്ന് ഇത്രയും വിഷമം ഇല്ലായിരുന്നു. ഹരിജനങ്ങൾക്കു പ്രത്യേകം ഹോസ്റ്റലുകൾ ഉണ്ടായിരുന്നു. എറണാകുളത്തും തൃശ്ശൂരിലും ഹരിജനഹോസ്റ്റലുകൾ ഉണ്ടായിരുന്നു. പെൺകുട്ടികൾക്കും പ്രത്യേക ഹോസ്റ്റലുണ്ടായിരുന്നു. അങ്ങനെ നാടുവാഴിത്തമ്പുരാൻെറ കാലത്ത് ഹരിജനവിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സൗകര്യത്തെപ്പററി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എന്നാൽ ഇന്നോ, എല്ലാവരുടേയുംകൂടി ഒരുമിച്ച് ഹരിജനവിദ്യാർത്ഥികൾ കോളേജ് ഹോസ്റ്റലുകളിൽ താമസിക്കണമെന്നു വന്നിരിക്കുകയാണ്. അവിടെ താമസിക്കുന്ന മററു വിദ്യാർത്ഥികൾ ആവശ്യമായത്ര പണം പോക്കററുമണി ചെലവാക്കി അത്രയേറെ സുഖസൗകര്യങ്ങളോടെ താമസിക്കുന്നവരാണ്. ചെററപ്പുര പോലും ഇല്ലാതെ, ഉടുക്കാൻ തുണിയില്ലാതെ കഴിഞ്ഞുകൂടുന്ന ഒരു പുലയന്, അല്ലെങ്കിൽ ഒരു പറയന് 40 രൂപയോ 50 രൂപയോ ഗവണ്മെൻറു കൊടുക്കുന്നതുകൊണ്ടുതന്നെ ജീവിക്കണം. ഇവിടെ എങ്ങിനെ സമത്വം പാലിക്കണം? മുമ്പ് ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ജീവിതാവശ്യത്തിനും വിദ്യാഭ്യാസത്തിനും മതിയാകുന്ന തുക അനുവദിക്കുമായിരുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആവശ്യമുള്ളതു് അനുവദിച്ചിരുന്നു. ഇത്രയെല്ലാം പാടുപെട്ട്, ഹോസ്റ്റലിൽ താമസിച്ച് പരീക്ഷ പാസ്സായി വന്നാലോ? ഇന്നു കോടാനുകോടി രൂപാ പബ്ലിക് സർവ്വീസുവഴി ഉദ്യോഗാർത്ഥികൾക്കുവേണ്ടി ഗവണ്മെൻറ് ചെലവാക്കുന്നുണ്ട്. ഏതെങ്കിലും ഉദ്യോഗത്തിനു മററുള്ളവരോടൊപ്പം എന്തെങ്കിലും കാരണവശാൽ അവർ മുമ്പോട്ടു വന്നില്ലെങ്കിൽ അവരെ ഒഴിവാക്കുന്നതു ശരിയാണോ? ഈ രാജ്യത്തെ അവശസമുദായക്കാരോടും ഹരിജനങ്ങളോടും ഗവണ്മെൻറ് പണ്ടുമുതല്ക്കേ കടുത്ത അനീതിയാണു ചെയ്തിട്ടുള്ളതു്. ഇന്നും അഭ്യസ്തവിദ്യരായ എത്രയോ ഹരിജനങ്ങൾ ഉദ്യോഗംകിട്ടാതെ നടക്കുന്നുണ്ട്. അവരിൽ ചിലരെ ഏററവും താഴ്ന്ന തരത്തിലുള്ള അദ്ധ്യാപകന്മാരായിട്ടോ, ക്ലാർക്കന്മാരായിട്ടോ നിയമിച്ചിട്ടില്ലെന്നു ഞാൻ പറയുന്നില്ല. ഇവിടെ ഈ സെക്രട്ടറിയേററിൽ അവരിൽനിന്ന് ഒരു ഒററ സൂപ്രണ്ടിനെയെങ്കിലും നിയമിച്ചിട്ടുണ്ടോ? അസിസ്റ്റൻറ് സെക്രട്ടറി ഉണ്ടോ? ഞാൻ ഇന്നത്തെ മന്ത്രിസഭയെ പ്രതിക്കൂട്ടിൽ നിറുത്തി ചോദി

[ശ്രീ. പി. കെ. ചാത്തൻ]

ക്കയയല്ല, നമ്മുടെ ഈ രാജ്യത്തെ പാവങ്ങളെ ഉദ്ധരിക്കുവാനുള്ള അവകാശം നിങ്ങൾക്കെല്ലാവർക്കും ഉണ്ട്. ചരിത്രപരവും സാമുദായികവുമായ അനവധി കാരണങ്ങളാൽ അമർത്തപ്പെട്ടും അടിമപ്പെട്ടും കഴിഞ്ഞുകൂടേണ്ടി വന്ന ഈ സാധുക്കൾക്ക് സാമ്പത്തികമായും സാംസ്കാരികമായും ഉള്ള ഉല്കർഷം ഇല്ലാതിരുന്നതിനുത്തരവാദികൾ നിങ്ങളൊക്കെത്തന്നെയാണ്. അതുകൊണ്ട് ഈ പാവങ്ങളെ ഉദ്ധരിക്കുന്ന കാര്യത്തിൽ ഞാൻ ചെയ്യുന്ന ഈ അഭ്യർത്ഥന ഈ രാജ്യവും ഈ സഭയും കേൾക്കണമെന്നപേക്ഷയുണ്ട്. ഈ രാജ്യത്ത് എത്ര പോലീസ് ഇൻസ്പെക്ടർമാരുണ്ട്? എത്ര വകുപ്പദ്ധ്യക്ഷന്മാരുണ്ട്? ഹരിജനങ്ങളിൽ ഒരെണ്ണമെങ്കിലും അക്കൂട്ടത്തിലുണ്ടോ? എല്ലാം പുലയനു കൊടുക്കണമെന്നല്ല ഞാൻ പറയുന്നത്. അങ്ങേയറ്റത്തെ അവശത അനുഭവിച്ചവരും അനുഭവിച്ചുകൊണ്ടിരിക്കുന്നവരുമായ ഹരിജനങ്ങൾക്ക് മറ്റു സമുദായത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കും ലഭിച്ചുകൊണ്ടിരിക്കുന്നതും അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ സുഖസൗകര്യങ്ങൾ അനുഭവിക്കുവാനുള്ള സാഹചര്യങ്ങൾ ഇന്നുണ്ടോ? പ്രസവവേദന അനുഭവിച്ചു നട്ടം തിരിയുന്ന ഹരിജനസ്ത്രീകൾക്ക് എന്തു രക്ഷയാണുള്ളത്? ആശുപത്രിയിൽ അവർക്ക് അഭയം ലഭിക്കുമോ? നാട്ടിൻപുറത്തുള്ള ഏതെങ്കിലും ഒരു തോട്ടുവരമ്പത്തു കിടന്നു പ്രസവിക്കുന്ന ഹരിജനസ്ത്രീകളെ രക്ഷിക്കുവാനോ ശുശ്രൂഷിക്കുവാനോ ആളില്ല. അവരുടെ ഇടയിൽ നേഴ്സുകളോ മിഡ്‌വൈഫ്മാരോ ഇല്ല. കൂടുതൽ നഴ്സുകളേയും മിഡ്‌വൈഫുകളേയും നിയമിക്കുവാനുദ്ദേശിക്കുമ്പോൾ ഹരിജനങ്ങളുടെ കാര്യത്തെപ്പറ്റി ഗവണ്മെൻറ് ആലോചിക്കുന്നില്ല. വകുപ്പദ്ധ്യക്ഷനായിട്ടു ഒരാൾപോലും ഇല്ല. മറ്റുള്ള വകുപ്പദ്ധ്യക്ഷന്മാരുടെ കാര്യം പോകട്ടെ. ഹരിജനങ്ങളിൽനിന്നും ആരെയും വകുപ്പദ്ധ്യക്ഷന്മാരായിട്ടു നിയമിക്കാൻ പാടില്ല എന്നല്ലേ വയ്പ്? എന്നാൽ പിന്നാക്കസമുദായസംരക്ഷകൻ എന്ന നിലയിൽ ഒരാളെയെങ്കിലും നിയമിക്കാമായിരുന്നല്ലൊ? പി. എസ്സ്. പി. മന്ത്രിസഭ അധികാരത്തിൽ വരുന്നതിനുമുമ്പ് അതും ഉണ്ടായിരുന്നില്ല. മറ്റുള്ള കാര്യത്തിൽ പി. എസ്സ്. പി. മന്ത്രിസഭയുടെ നിലപാടെന്തായിരുന്നാലും അവർ അധികാരത്തിൽ വന്നതിനുശേഷം പിന്നാക്കസമുദായസംരക്ഷകനായി ഒരു ഹരിജനത്തെത്തന്നെ നിയമിക്കുകയുണ്ടായി. കാൺഗ്രസ്സ് അധികാരത്തിൽ വന്നാലും, പി. എസ്സ്. പി. അധികാരത്തിൽ വന്നാലും, ചെകുത്താൻ വന്നാലും നല്ലതു ചെയ്താൽ നല്ലതെന്നു പറയും. ദൈവം തന്നെയായാലും ചീത്ത ചെയ്താൽ ചീത്തയെന്നും പറയും.

സർ, ഇവിടെ അയിത്തമെല്ലാം പോയി എന്നു പറയുന്നതു കേട്ടു. അമ്പലത്തിലെ കാര്യമൊന്നും ഞാൻ പറയുന്നില്ല. ഇടയ്ക്കൊക്കെ ചില ഇടികൾ മുതുകിനു പുറത്തു കിട്ടുന്നുണ്ട്. അതുപോകട്ടെ. ഇവിടെ ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ കാര്യത്തിലും അയിത്തമുണ്ട്. അതു് ഒന്നു മാറണം. അതിനു ഒരു നിരോധനം പാസാക്കണം. ഈ പിന്നോക്കസമുദായസംരക്ഷ വകുപ്പ് ഈ രാജ്യത്തെ എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടേയും ആവേശത്തിൻെറ ഫലമായിട്ടാണു രൂപംപ്രാപിച്ചതെങ്കിലും ഈ വകുപ്പ് ഇന്നും മിസ്‌ലേനിയസ് ആയിട്ടാണു കിടക്കുന്നത്. പലതിൽ ഒന്നു എന്ന സ്ഥാനമെ അതിനുള്ളു. അതിനെ ഒരു മേജർ വകുപ്പാക്കേണ്ടതു് അത്യാവശ്യമാണ്. ഇതിനെ മിസ്‌ലേനിയസ്സിൻെറ കൂട്ടത്തിൽ ഇട്ടിരിക്കുന്നതു് മറ്റുകാര്യങ്ങളുടെ കൂട്ടത്തിൽ ഇതും ഒരു ഓപ്പറേഷൻ

ആവട്ടെ എന്നു കരുതിയായിരിക്കാം. ഒടുവിൽ ഈ വകുപ്പദ്ധ്യക്ഷനായി വേറെ ആളെ ആക്കാനമെന്ന ഉദ്ദേശമുണ്ടോ എന്നും നിശ്ചയമില്ല. എങ്ങനെയായാലും ഒരു ഹരിജനത്തെ എ. ബി. സി. കമ്മീഷണറായി നിയമിക്കുന്നതിൽ വലിയ എതിർപ്പുണ്ടാകാനിടയില്ല. ഹരിജനങ്ങളെ ഉയർത്തിയെടുത്താൽ അതിൽ ഈ രാജ്യത്തെ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകൾക്കും അഭിമാനിക്കുവാൻ വകയുണ്ട്. നമ്മുടെ ഭരണഘടനയും കേന്ദ്ര ഗവണ്മെൻറും ആവശ്യപ്പെടുന്നതു് അതാണ്. അതിനാൽ യാതൊരു ചാഞ്ചല്യവും കൂടാതെ ഗവണ്മെൻറ് അക്കാര്യത്തെപ്പററി ശ്രദ്ധിക്കണം. അതിൽ നമുക്കുണ്ടാകുന്ന കഴിവുകേടിനെപ്പററി ലജ്ജിക്കേണ്ടതാണ്. ജനകീയഭരണം വന്നിട്ട നാലഞ്ചുകൊല്ലത്തിനുമേലായി. വാസ്തവം പറഞ്ഞാൽ, ഈ കൊല്ലമത്രയും നാം നഷ്ടപ്പെടുത്തുകയാണു ചെയ്തതു്. അതുകൊണ്ട് ഹരിജനങ്ങളെ ഉയർത്തിയല്ലാതെ അടങ്ങുകയില്ലെന്ന ഒരു പ്രഖ്യാപനം ഗവണ്മെൻറു ചെയ്യണം. ഇവിടെ ഹരിജനങ്ങൾക്ക് ഉയർന്ന ഉദ്യോഗം കൊടുക്കുന്നതിൽ ഗവണ്മെൻറ് പറയുന്ന പ്രധാനമായ ആക്ഷേപം അവക്ക് വേണ്ടത്ര വിദ്യാഭ്യാസയോഗ്യതയില്ലെന്നാണ്. കൊച്ചിയിൽ എൻജിനീയറിംഗ്, മെഡിക്കൽ, ലാ, മുതലായ വിഷയങ്ങൾക്ക് ഗവണ്മെൻറുചെലവിൽ ഹരിജനങ്ങളെ അയച്ചു പഠിപ്പിച്ചിരുന്നു. പഠിത്തം പൂർത്തിയായവരും പൂർത്തിയാകാൻപോകുന്നവരുമായി കുറേപ്പേർ അവരുടെ കൂട്ടത്തിൽ ഉണ്ട്. അന്നു ഇതേപ്പററി കൂടുതൽ നിഷ്കർഷിച്ചിരുന്നുവെങ്കിൽ വിദ്യാഭ്യാസയോഗ്യതയുള്ളവർ വേണ്ടുവോളം ഹരിജനങ്ങളുടെ ഇടയിൽ ഉണ്ടാകുമായിരുന്നു എന്നുള്ളതിനു സംശയമില്ല. ഇന്നു പല വിധത്തിലുള്ള സ്കോളർഷിപ്പുകൾ കൊടുത്തു വിദ്യാർത്ഥികളെ പുറത്തേക്കയച്ചു പഠിപ്പിക്കുന്നുണ്ട്. അതിൽ എത്ര വിദ്യാർത്ഥികളെ ഹരിജനങ്ങളിൽനിന്നയച്ചിട്ടുണ്ടെന്നു ഞാൻ ചോദിക്കുന്നു.

ഈ ഘട്ടത്തിൽ ഉദാഹരണമായി ഒരു സംഭവം ഞാൻ പറയാം. ഫാറസ്ററ് സംബന്ധമായ വിദ്യാഭ്യാസത്തിനായി ഒരാൾ ശ്രമിച്ചു. അതിലേയ്ക്കു് ഇൻറർമീഡിയററു പരീക്ഷ പാസ്സായാൽ മതിയാകുന്നതാണ്. എന്നാൽ ഈ ആൾക്ക് ബി. എ. യ്ക്കു ഒരു പാർട്ടൊ മററൊ കിട്ടാനുണ്ട്; അൽപ്പം കൂടുതൽ പഠിച്ചുപോയിയെന്നുള്ളതുകൊണ്ട് അതിനു ചിലവായ സംഖ്യ മടക്കി അടച്ചു കഴിഞ്ഞിട്ട് ആ കാര്യത്തെപ്പററി ആലോചിക്കാം എന്നു പറഞ്ഞതായികേട്ടു. മറെറാരാൾ സ്കോളർഷിപ്പോടുകൂടി ടെക്ക്നാളജിക്ക് പഠിക്കാൻപോയി. എന്നാൽ അതിൽ തോല്ക്കുകയാണു ചെയ്തതു്. തോററപ്പോൾ വീണ്ടും തൃശ്ശൂർ സെൻറ്തോമസ് കാളേജിൽ ചേർന്നു പഠിച്ചു. അതിൽ ആദ്യവർഷം ജയിക്കുകയും ചെയ്തു. സ്വന്ത ചെലവിലാണു പഠിച്ചതു്. അയാളുടെ അച്ഛൻ ക്ഷയരോഗം വന്നു മരിച്ചുപോയി. ഓരോ മാസവും അയാൾ ഫീസുണ്ടാക്കികൊടുത്ത കഥ കണ്ണുനീരിൻെറ കഥയാണ്. ആ ആളിനു വേണ്ട സഹായം ചെയ്തുകൊടുക്കണമെന്നു ഞാൻ ഗവണ്മെൻറിനോട് അന്നുമുതൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കൊല്ലം സഹായിക്കുമോ ഇല്ലയോ എന്നു നിശ്ചയമില്ല

ശ്രീ. കെ. കൊച്ചുകുട്ടൻ: ആ കുട്ടിക്ക് സ്റൈറപ്പൻറു കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. ചാത്തൻ: ഞാൻ അടുത്ത ദിവസം ബഹുമാനപ്പെട്ട മന്ത്രിയെ കണ്ടു് ഇതിനെപ്പററി സംസാരിച്ചപ്പോൾ അനുവദിച്ചു എന്നു പറഞ്ഞു. പിന്നീടു ഞാൻ എ. ബി. സി. കമ്മീഷണറോട് ഇതേപ്പററി

[ശ്രീ. പി. കെ. ചാത്തൻ]

ഫോണിൽ ചോദിച്ചു. ഗവണ്മെൻറിൽനിന്നും ഇതുവരെ കടലാസ് വന്നില്ല എന്നാണ്. മന്ത്രി കല്പനപാസ്സാക്കിയെങ്കിൽ, വകുപ്പദ്ധ്യക്ഷനു് അതു കിട്ടാതിരിക്കുകയാണെങ്കിൽ, ഈ താമസംകൊണ്ടു് മാർച്ച് 31-ാംനു കഴിഞ്ഞാൽ സംഖ്യ ലാപ്സാകുകയാണെങ്കിൽ ഒരു കുട്ടിയുടെ ഒരു കൊല്ലമാണ് പോകുന്നതു്. ഇതൊരു വലിയ കാര്യമാണ്. ഇവിടെ നമ്മുടെ സെക്രട്ടറിയേററിലെ ഉദ്യോഗസ്ഥന്മാരെപ്പററി പറയാനുണ്ട്. സെക്രട്ടറിയേററിൽ കടലാസ്സുകൾവച്ചു് വൈകിപ്പിക്കുന്നതിനെപ്പററി വലിയ പരാതികളുണ്ട്. നിശ്ചയമായുംവളരെ ഗൌരവമായി ഇതിനെ എടുക്കണമെന്നു് ഞാനാവശ്യപ്പെടുന്നു. ഗവണ്മെൻറ് ഇക്കാര്യത്തിൽ ഒരു അലസമനോഭാവമാണു കാണിക്കുന്നതെന്നു തോന്നുന്നു. അതുകൊണ്ടു് ഈ മാർച്ചു 31-ാംതീയതിക്കകം അതിലേയ്ക്കു ഒരു തീരുമാനം കൈക്കൊള്ളേണ്ടതാണെന്നു ഞാൻ ഈ ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുന്നു. അവശസമുദായങ്ങളുടെ വിദ്യാഭ്യാസം സംബന്ധിച്ചു ഇനിയും ഒട്ടുവളരെ സഹായങ്ങൾ ഗവണ്മെൻറിൽനിന്നും ചെയ്യേണ്ടതായിട്ടുണ്ട്. ഈ വകുപ്പിനുവേണ്ടി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ വേണ്ടത്ര തുക കൊള്ളിച്ചു് ശരിയായും കാര്യക്ഷമതയോടുകൂടിയും പ്രവർത്തിക്കേണ്ടതാണ്. എ. ബി. സി. ഡിപ്പാർട്ടുമെൻറിൽനിന്നും നിയമിച്ചിട്ടുള്ള ഫീൽഡ് ആഫീസറന്മാർക്കു ഇപ്പോൾ തന്നെ മൂന്നും നാലും താലൂക്കുകളിൽ പണിയെടുക്കേണ്ടിവന്നിട്ടുണ്ട്. തന്നിമിത്തം നാം പ്രതീക്ഷിക്കുന്നതുപോലെ പ്രയോജനം ഉണ്ടാകുന്നില്ല. അവർക്ക് ലേബർവകുപ്പ്, കൃഷിവകുപ്പ് കുടിയിറക്കിനെസംബന്ധമായതു് ഇങ്ങനെ പലവകുപ്പും കൊടുത്തിരിക്കുകയാണ്. പ്രവർത്തനത്തിൻെറ കാര്യക്ഷമതയ്ക്കു് ഓരോ താലൂക്കിലേക്കും ഓരോ ഫീൽഡാഫീസർമാരെ വീതം നിയമിക്കണം. ആണ്ടുതോറും കോടിക്കണക്കിനു തുക ചെലവാക്കുന്ന പഞ്ചവത്സരപദ്ധതിയിൽ അഭ്യസ്തവിദ്യരായ അവശസമുദായാംഗങ്ങൾക്കു പ്രോത്സാഹനം നൽകേണ്ടതാണ്. മാത്രമല്ല, ഓരോ താലൂക്കിലും ഓരോ ഫീൽഡ് ആഫീസറന്മാരെ നിയമിച്ചു അവശസമുദായങ്ങൾക്കു ഉണ്ടായിട്ടുള്ള അവശതകൾ പരിഹരിക്കുന്നതിനുകൂടി നിർദ്ദേശം കൊടുക്കേണ്ടതാണ്. അങ്ങനെ ചെയ്യുന്നതായാൽ വേണ്ടിടത്തോളം ആളുകൾ അവശസമുദായത്തിൽനിന്നും രാജ്യസേവനത്തിനുവേണ്ടി ലഭിക്കുമെന്നുമാത്രമല്ല അവരുടെ ഇടയിലുള്ള തൊഴിലില്ലായ്മക്കു പരിഹാരം ഉണ്ടാകുന്നതുമാണ്. അതുപോലെതന്നെ നർസിംഗ്കോഴ്സിനു ഒരുകോട്ട അവശസമുദായങ്ങൾക്കുവേണ്ടി നീക്കിവയ്ക്കേണ്ടതാണ്. അങ്ങിനെ ചെയ്താൽ അവശസമുദായങ്ങളുടെ ഇടയിൽ ഉണ്ടാകുന്ന പ്രസവാദി ശുശ്രൂഷകൾക്കു വളരെ സഹായകമായിരിക്കും. മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ അവശസമുദായാംഗങ്ങൾ ഇപ്പോൾ ഇല്ലെന്നുതന്നെ പറയാം. എന്നാൽ കൊച്ചിയിൽ കുറെ വർഷങ്ങൾക്കു മുമ്പ് ഒരാളെ ഒരു ഡാക്ടരായി നിയമിച്ചിട്ടുണ്ട്. അദ്ദേഹം ഇന്നും സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുകയാണ്. അതിൽപിന്നീട് അവിടെ ഈ വകുപ്പിലുള്ള ഒരു വ്യക്തിയേയും നിയമിച്ചിട്ടില്ല.

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോൾ പല അവശസമുദായാംഗങ്ങളും എം. ബി. ബി. എസ്. നു പഠിക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. പി. കെ. ചാത്തൻ: കുറെ വിദ്യാർത്ഥികൾ മെഡിക്കൽ കാളേജിൽ പഠിക്കുന്നുണ്ട്, ഞാൻ പറയുന്നതു് കൂടുതൽ വിദ്യാർത്ഥികളെ സാങ്കേ

തികമായ തുറകളിൽ പ്രവേശിക്കാൻവേണ്ടി ഗവണ്മെൻറ നടപടിയെടുക്കണമെന്നാണ്.

സർ, മറെറാരുകാര്യം എനിക്കു പറയാനുള്ളതു് ഹരിജനഹോസ്റ്റലുകളെ സംബന്ധിച്ചാണ്. നമ്മുടെ സംസ്ഥാനത്തു് ഗവണ്മെൻറ വക ഹരിജനഹോസ്റ്റലുകൾ വിപുലമായതോതിൽ നടത്തേണ്ടതിൻെറ ആവശ്യകത പല പ്രാവശ്യവും ഈ നിയമസഭയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തുള്ള പ്രധാനപ്പെട്ട പട്ടണങ്ങളിലെങ്കിലും ഗവണ്മെൻറവക ഹരിജൻ ഹോസ്റ്റലുകൾ തുറക്കുന്നതായാൽ പല സ്ഥലങ്ങളിൽനിന്നും വന്നുകൂടുന്ന ഹരിജനവിദ്യാർത്ഥികൾക്ക് വളരെ ഉപകാരപ്രദമായിരിക്കും. ആ വകയ്ക്കുവേണ്ടി കൂടുതൽ തുക ബഡ്ജററിൽ കൊള്ളിക്കേണ്ടതാണ്. ഗവണ്മെൻറിൽനിന്നും ഉണ്ടാക്കുന്ന ഹോസ്റ്റലുകൾ സ്ഥിരം ഹോസ്റ്റലുകൾതന്നെയായിരിക്കണം. സ്ഥിരം ഹോസ്റ്റലുകൾ ഓരോ പട്ടണങ്ങളിലും ഉണ്ടാക്കണമെന്നു ഞാൻ പറയുമ്പോൾ ആ വാദത്തോടു ആർക്കും എതിരുണ്ടാകുമെന്നു തോന്നുന്നില്ല. ഏതു തരത്തിലായാലും പഠിക്കണമെന്നുള്ള കാംക്ഷയോടുകൂടി നാട്ടിൻപുറങ്ങളിൽനിന്നും വരുന്ന വിദ്യാർത്ഥികൾക്കു താമസിക്കുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കേണ്ടതു അവശസമുദായോദ്ധാരണത്തിൻെറപേരിൽ ഗവണ്മെൻറിൻെറ ഒരു കടമയാണ്. മറെറാരുകാര്യം, കോളേജിൽ കൊടുക്കേണ്ടതായിവരുന്ന പ്രാരംഭ ഫീസ്സിനെക്കുറിച്ചാണ്. ഗവണ്മെൻറിൽനിന്നും ഈ തുക ഈടാക്കേണ്ടതില്ലെന്നു് എല്ലാ കോളേജുകളേയും അറിയിക്കേണ്ടതുണ്ട്. അതുപോലെതന്നെ, പ്രൈമറിക്ലാസ്സുകളിലെ പുസ്തകവിതരണം, ഹൈസ്കൂൾക്ലാസ്സുകളിലെ ലംപ്സം എന്നിവ അവശസമുദായഡിപ്പാർട്ടുമെൻറ നേരിട്ടു ഫീൽഡ് ആഫീസർമാർ മുഖാന്തിരം കൊടുക്കുവാൻ അടിയന്തിര നടപടികൾ ഇക്കൊല്ലംതന്നെ എടുക്കേണ്ടതാണ്. ഫീൽഡാഫീസർമാരെ എല്ലാ താലൂക്കുകളിലും നിയമിക്കുകയുംവേണം. അതുപോലെതന്നെ എല്ലാ വില്ലേജുകളിലും കിടക്കുന്ന പുറമ്പോക്കുസ്ഥലങ്ങൾ അതാതിടത്തെ വീടില്ലാത്തവർക്കു പതിച്ചുകൊടുക്കേണ്ടതു് ഏററവും അത്യാവശ്യമാണ്. അവശസമുദായങ്ങൾക്കുവീടുവയ്ക്കുന്നതിനുംമററും ഗവണ്മെൻറ സഹായങ്ങൾ ചെയ്തിട്ടുണ്ട്. അതിനെയൊക്കെ അവഗണിച്ചുകൊണ്ടല്ല ഞാൻ പറയുന്നതു്. എന്നുവരികിലും വീടില്ലാത്ത അനവധി സാധുക്കൾ ഇനിയും അവശേഷിച്ചിട്ടുണ്ട്. കർഷകതൊഴിലാളികൾ തുടങ്ങി ഒരു ചെററക്കുടിൽപോലും വച്ചുകെട്ടി കിടക്കാൻ നിവൃത്തിയില്ലാത്തവർ ഉണ്ടു്. അതുകൊണ്ടു് കൂടുതൽ സ്ഥലങ്ങളിൽ ഗവണ്മെൻറകാളനികൾ സ്ഥാപിക്കേണ്ടതാണ്. അതിനു നിവൃത്തിയില്ലാത്ത സ്ഥലങ്ങളിലുള്ള ചെറിയ പുറമ്പോക്കുഭൂമികൾ കുറേശ്ശെകുറേശ്ശെയായി ഇവർക്കു കൊടുക്കേണ്ടതാണ്. അഡൈ്വസറിബോർഡിൽ ഇതുസംബന്ധിച്ചു എടുത്തിട്ടുള്ള തീരുമാനങ്ങൾ എത്രയുംവേഗത്തിൽ ഗവണ്മെൻറ നടപ്പിൽവരുത്തണമെന്നു ഞാൻ ഈ അവസരത്തിൽ അപേക്ഷിച്ചുകൊള്ളുന്നു. മുകുന്ദപുരംതാലൂക്കിൽ കിടക്കുന്ന പുറമ്പോക്കുസ്ഥലങ്ങളിലും മററും ചെറിയ ചെറിയ ചെററപ്പുരകൾ വെച്ചുകെട്ടി സാധുക്കൾ താമസിക്കുന്നുണ്ടു്. അതുപോലെതന്നെ വലിയ ജന്മിമാരുടെ വക വസ്തുക്കളിലും കുടിൽകെട്ടി താമസിക്കുന്നവർ ധാരാളമുണ്ട്. ഇവരെയൊക്കെ ഇറക്കിവിടുന്നതിനു ജന്മിമാരും ഫോറസ്ററുഅധികാരികളും ഒന്നിനുപുറകെ ഒന്നായി പ്രവർത്തിച്ചുതുടങ്ങിയതിൻെറ ഫലമായിട്ടു കുറെയധികം സാധുക്കളുടെ ചെററപ്പുര പൊളിക്കപ്പെട്ടു. ചില ജന്മിമാരുടെ ധനത്തിൻെറയും

[ശ്രീ. പി. കെ. ചാത്തൻ]

ശുപാർശയുടെയും ഫലമായിട്ട് കുറെയേറെപേരെ മുകുന്ദപുരത്ത് കാറളത്തുനിന്ന് അറസ്റ്റചെയ്തു ലാക്കപ്പിലിട്ടു ഭയങ്കരമായി മർദ്ദിക്കുകയുണ്ടായി. ഇപ്പോൾ അവരുടെമേൽ കേസും എടുത്തിരിക്കുന്നു. ഇരിഞ്ഞാലക്കുടയിൽ ഇതുപോലെതന്നെ കുറെയധികം സാധുക്കൾ ഷൺമുഖം കനാലിന്റെ വക്കിൽ താമസിച്ചുകൊണ്ടിരിക്കുകയാണ്. ഏതു നിമിഷത്തിലാണ് അവരെ അവിടെനിന്നും ഇറക്കിവിടാൻ പോകുന്നതെന്നു ഭയപ്പെട്ടുകൊണ്ട് ജീവിതം കഴിക്കുകയാണ്. എനിക്കു സമയമില്ലാത്തതിനാൽ എന്റെ പ്രസംഗം അധികം ദീർഘിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. പഞ്ചവത്സരപദ്ധതിക്കുവേണ്ടി വൻതുക ചെലവാക്കുവാനുദ്ദേശിക്കുന്ന ഈ ഘട്ടത്തിൽ കാർഷികമായും, തൊഴിൽപരമായും രാജ്യത്തെ പുരോഗമിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ ഒന്നുരണ്ടു കാര്യങ്ങൾകൂടി ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. സർ, ഇരിഞ്ഞാലക്കുട ഷൺമുഖം കനാലിൽ മണ്ണുകയറിയും ബണ്ട് ഇടിഞ്ഞും കിടക്കുന്നതുനിമിത്തം കനാൽകൊണ്ടുദ്ദേശിക്കപ്പെട്ട കാര്യങ്ങൾ മുടങ്ങികിടക്കുകയാണ്. അതുപോലെതന്നെ മുരിയാട്ടു കായലിലെ കൃഷിയെ രക്ഷിക്കുവാൻ മുക്കനാട്ട് കനാൽ താഴ്ത്തി നന്നാക്കി താഴെ ചിറയിലേക്ക് തുറന്ന് സ്ലൂയിസ്‌വെച്ച് സംരക്ഷിക്കാൻ ഏർപ്പാടു ഉണ്ടാകേണ്ടതാണ്. മുരിയാട്ട് കായലിലെ തോടുകളിലെ മണ്ണു കോരി കളഞ്ഞു് അവയെ കൃഷിക്കു വെള്ളത്തിനുപയുക്തമാക്കുന്നതായാൽ സാധുതൊഴിലാളികൾക്ക് ഒരാശ്വാസം കൂടി ആയിരിക്കും. പഞ്ചവൽസരപദ്ധതിയിൽ ഇതുപോലുള്ള പല കാര്യങ്ങളും ചെയ്തുതീർക്കുന്നതിൻവേണ്ടി പണം നീക്കിവച്ചിരിക്കുകയാണല്ലോ. ഇപ്പോൾതന്നെ പഞ്ചായത്തുവകുപ്പിൽ ഒരു സെക്ഷൻ ആഫീസറുടെ കീഴിൽ പത്തുമുപ്പതു പഞ്ചായത്തുകൾ ഉണ്ടു്. ഈ പഞ്ചായത്തുകളിലെ ജോലികളെല്ലാം നിർവഹിക്കുന്നതു ഒരു സെക്ഷൻ ആഫീസർ മുഖാന്തിരമാണ്. ഓരോ പഞ്ചായത്തുകൾക്കും ആവശ്യമുള്ള പണികൾ അതാതു വർഷം ചെയ്തുതീർക്കുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ തയ്യാറാക്കുന്നതിൽ താമസംവരുന്നതുകൊണ്ടു് മിക്കവാറും ജോലികൾ തുടങ്ങുന്നതിന് സാധിക്കാതിരിക്കുകയാണ്. അതുനിമിത്തം ഓരോ ആണ്ടിലും ഈ വക ജോലികൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള പണം ലാപ്സാക്കിക്കളയുന്നു. ഈ ഒരു പതിവ് തുടർന്നുകൊണ്ടുപോകുന്നതു എന്തുതന്നെയായാലും ശരിയാണെന്നു എനിക്കു തോന്നുന്നില്ല. അങ്ങനെ ആകെക്കൂടി നോക്കുകയാണെങ്കിൽ ഈ ബഡ്ജററ രാജ്യത്തിന്റെ നീക്കത്തിനു യോജിച്ച ഒരു ബഡ്ജററാണെന്നു പറയാൻ നിവൃത്തിയില്ല.

Shri Panampilli Govinda Menon : I wish to know when I can have the privilege of replying to the various speeches.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർമാർ പ്രസംഗിക്കുന്നതു് ജനറലായിരിക്കേണ്ടതാണ്.

Shri C. K. Ramachandran Nair : On a point of information, Sir. I want to know whether I will get any time to speak on the motion. If not, I am prepared to walk out, not as a protest.

Mr. Speaker : The list submitted to me by the party will be followed. If your name is in the list, I will call you. If not, I won't call you. Mr. Joseph Chazhikkat will now speak.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഈ സഭയുടെ ഇരുഭാഗങ്ങളിലുമുള്ള ബഹുമാനപ്പെട്ട മെമ്പറന്മാരോടും, പെരിയ ബഹുമാനപ്പെട്ട മന്ത്രിമാരോടും, പെരിയ പെരിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും എനിക്കു സംസാരിക്കാനുള്ളതു് സംക്ഷിപ്തമായി സംസാരിക്കാമെന്നു വിചാരിക്കുന്നു. സർ, ആദ്യമായി ഞാൻ പ്രസംഗിക്കാനായി എഴുനേല്ക്കാൻ ഭാവിക്കാൻ തുടങ്ങിയപ്പോൾതന്നെ സംസാരിക്കുന്നതു് പൊതുക്കാര്യത്തെപ്പററി ആയിരിക്കണമെന്ന മുഖ്യമന്ത്രിയുടെ നിർദ്ദേശം അനുസരിച്ചു സ്പീക്കർ അവർകൾ ചെയ്ത നിർദ്ദേശത്തെ മനസ്സിൽവച്ചുകൊണ്ടാണു ഞാൻ ആരംഭിക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഞാൻ അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞതു് എനിക്കു മറുപടി പറയാനുള്ള സമയം തരണമെന്നുമാത്രമാണു്. അതല്ലാതെ മറെറാന്നും ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ബഡ്ജററിനെപ്പററി പൊതുവായിതന്നെ പറയുകയാണെങ്കിലും അല്ലെങ്കിലും ഈ ബഡ്ജററു പരിശോധിച്ചുനോക്കുന്നതായാൽ ഇതിനെസംബന്ധിച്ചു വിമർശനരൂപേണയല്ലാതെ യാതൊരുവിധത്തിലും ആശാവഹമായ അഭിപ്രായം പറയാൻ സാദ്ധ്യമല്ലെന്നു ഞാൻ ആദ്യമേ പറഞ്ഞുകൊള്ളട്ടെ. നാം റോഡിൽകൂടി പോകുമ്പോൾ കീപ് ലഫ്ട് എന്നെഴുതിയ ബോർഡുകൾ കാണുന്നുണ്ടു്. അതുപോലെ ഗ്രന്ഥങ്ങൾ എടുത്തുനോക്കിയാൽ അവയിൽ അവതാരിക, മുഖവുര, വിഷയവിവരം ഇങ്ങനെ ഏതെങ്കിലും സൂചനകൾ കാണാതിരിക്കുകയില്ല. ആ സൂചനകൾ കണ്ടിട്ടാണു ആ ഗ്രന്ഥത്തിന്റെ ഉള്ളിലേയ്ക്കു പ്രവേശിക്കുന്നതു്. ബഡ്ജററിനു മുഖവുരയെന്നോണമാണു രാജപ്രമുഖന്റെ പ്രസംഗം. എന്നാൽ നമ്മുടെ രാജ്യത്തെ ബഡ്ജററു അവതരിപ്പിച്ച വേളയിൽ രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗമോ ഉണ്ടായില്ല, അതുപോലെതന്നെ അതിനെസംബന്ധിച്ചു ഒരു മുഖവുരപോലും ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടില്ല. മാത്രവുമല്ല, രാജപ്രമുഖന്റെ പ്രസംഗം ഇല്ലാത്തതു എന്തുകൊണ്ടാണെന്നു ഒരു സൂചനപോലും ബഡ്ജററിന്റെ ആദ്യപേജിൽ പറഞ്ഞുകാണുന്നില്ല.

അതില്ലാത്തതുകൊണ്ടു് ബഡ്ജററു് മറിച്ചു മറിച്ചു മറിച്ചു മറിച്ചു നോക്കിയിട്ടും—എല്ലാ ഭാഗവും നോക്കിയിട്ടും—കാര്യങ്ങൾ മനസ്സിലാക്കുവാൻ വിഷമമുള്ളതായികണ്ടു. മുൻപറഞ്ഞതു പോലെ ബഡ്ജററിൽ ഉൾക്കൊള്ളുന്ന കാര്യങ്ങളുടെ ഏതെങ്കിലും ഒരു സൂചന തന്നിരുന്നുവെങ്കിൽ—കീപ്പ് ലഫ്ററ്—തന്നിരുന്നുവെങ്കിൽ ഇതിൽ ഉള്ള നന്മകളും തിന്മകളും എന്തെല്ലാമാണെന്നു നോക്കാമായിരുന്നു. അതില്ലാത്തതുകൊണ്ടു് പൊതുവേ നോക്കേണ്ടതായിട്ടാണു വന്നിരിക്കുന്നതു്. ആദ്യമായി രാജപ്രമുഖന്റെ പ്രസംഗത്തിനുപകരമായി:

“കണ്ടകാരിയതില്ലെങ്കിൽ
ചുണ്ടവേരതുചേക്കണം”

എന്നു പറഞ്ഞതുപോലെ പ്രധാനമന്ത്രിയുടെ പ്രസംഗം ചുണ്ടവേരായിക്കരുതാം. അദ്ദേഹത്തിന്റെ ബഡ്ജററു് പ്രസംഗത്തിന്റെ ആദ്യത്തെ പാരായിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ടു്. **“The Congress Party, as the largest Paity in the House. was in due course called upon to form a**

[ശ്രീ. ജോസഫ് ചാഴികാട്]

Government and *accordingly the Government was formed*" ഇതു വായിച്ചപ്പോൾ എനിക്കു തോന്നി "ഹന്ത സൌന്ദര്യമേ നായിതൻ മെയ് ചേർന്നാൽ" എന്നുപറഞ്ഞതുപോലെ "ഹന്ത അധികാരമേ പനമ്പിള്ളിതൻ മെയ് ചേർന്നാൽ". ഇതോടുകൂടി ശ്രീ. ഇടിക്കുളയുടെ കാര്യം പ്രത്യേകം പറയണമെന്നില്ല. പക്ഷെ അങ്ങനെ ഗവണ്മെന്റു ഫാംചെയ്തു കഴിഞ്ഞിട്ടു പിന്നെ നടന്നകാര്യങ്ങൾ അതിലും വിചിത്രമാണ്.

ശ്രീ. ഇടിക്കുള ഇടിക്കുള: മെംബർ ഏതു പാർട്ടിയിൽപ്പെട്ട ആളായിട്ടാണ് ഈ നിയമസഭയിലേയ്ക്കുവന്നതു്?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സ്വതന്ത്രൻ. സർവ്വതന്ത്രസ്വതന്ത്രൻ.

ശ്രീ. ഇടിക്കുള ഇടിക്കുള: ഇപ്പോൾ ഏതു പാർട്ടിയിലാണ്?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: പി. എസ്സ്. പി. പാർട്ടിയിൽ.

ശ്രീ. ടി. പി. സീതാരാമൻ: ഇതു ബ്രേക്ക്ഡൗൺ ആകാതെ നോക്കുമോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: നോക്കാം. ബ്രേക്ക്ഡൗൺ ആയാൽ നന്നാക്കിയെടുക്കാം. നന്നാക്കിക്കൊണ്ടിരിക്കുകയാണ്. താമസിയാതെ നന്നാകുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. കൃഷ്ണപിള്ള: ബഹുമാനപ്പെട്ടമെംബർ ആവടി സോഷ്യലിസത്തിൽ വിശ്വസിക്കുന്നുണ്ടോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ആവടി സോഷ്യലിസം എന്നാൽ എന്താണെന്നു എനിക്കറിഞ്ഞുകൂടാ.

ശ്രീ. ഇടിക്കുള ഇടിക്കുള: എൻ. ഇ. എസ്സ്. ബ്ലാക്ക് ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിൽ സ്ഥാപിച്ചിട്ടുണ്ടോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: എന്റെ നിയോജകമണ്ഡലത്തിന്റെ ഒരററം അതിൽ ചേർന്നിട്ടുണ്ട്. ഫിനാൻസു മന്ത്രിയുടെ പ്രസംഗത്തിൽ അദ്ദേഹം പറയുന്നു, "I most sincerely plead for avoidance of bitterness and rancour in public affairs. They go ill together with patriotism and statesmanship' എന്നു്. ഇതു് ഒരു രാജ്യത്തിലെ പ്രധാനമന്ത്രിയായിരിക്കുന്ന ഒരാൾ പറയുകയാണ്. പറയേണ്ടതാണ്: പറഞ്ഞതുനന്നായി. പക്ഷെ ഇതു പറയുവാൻ അദ്ദേഹത്തിനവകാശമുണ്ടോ എന്നു മാത്രമേ എനിക്കു സംശയമുള്ളു. ഈ രാജ്യത്തിലെ ഭരണത്തെപ്പററി ഒരാൾ നോക്കുമ്പോൾ, അതായതു്, "far from the madding crowds ignoble strife" പാർട്ടിവഴക്കുകൾക്കു അതീതനായിനിന്നു നോക്കുമ്പോൾ, അതായതു ഈ രാജ്യത്തു ഇപ്പോൾ ഉള്ളതും ഇനി വരുവാനിരിക്കുന്നതുമായ ഭരണം ജനങ്ങളുടെയും, പൊതുവേ രാജ്യത്തിന്റെയും അഭിവൃദ്ധിയെ മുൻനിറുത്തിക്കൊണ്ടുള്ള ഒരു ഭരണമാണോ ഇതു് എന്നു ഞാൻ സംശയിക്കുന്നു. രാജ്യവും രാജ്യത്തിന്റെ അഭിവൃദ്ധിയും ഒന്നാമതായും പാർട്ടിയും പാർട്ടിയുടെ താല്പര്യവും രണ്ടാമതായും വച്ചുകൊണ്ടു ഭരണകൂടം നിയന്ത്രിച്ചുകൊണ്ടുപോകേണ്ട ആളുകൾ അതിനു വിപരീതമായി പാർട്ടിയും പാർട്ടിതാല്പര്യവും ആദ്യമായും, മറെറല്ലാകാര്യങ്ങളും അതിനു

പിൻപേയും വച്ചുകൊണ്ടു പോകുന്നതു് രാജ്യത്തോടും ജനങ്ങളോടും ചെയ്യുന്ന അപരാധമാണെന്നുള്ളതിനു പുറമേ നിങ്ങൾ മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്യപ്പോൾ ഉണ്ടായ സത്യപ്രതിജ്ഞകൾക്കു വിപരീതവുമാണു്. നിങ്ങൾ മന്ത്രിമാരായിരിക്കുന്നിടത്തോളം കാലം ജനങ്ങളോടു നിങ്ങൾ ഉത്തരവാദികളാണെന്നുള്ള കാര്യവും ജനക്ഷേമത്തിനുവേണ്ടിയുള്ള പരിപാടികൾ ആസൂത്രണം ചെയ്യുവാൻ നിങ്ങൾ ബാദ്ധ്യസ്ഥരാണെന്നുള്ള സംഗതിയും നിങ്ങൾ മറക്കരുതു്. നിങ്ങളുടെ പാർട്ടിയിലുള്ള ആളുകൾക്കുവേണ്ടിയോ മററുള്ളവക്കു വേണ്ടിയോ എന്തു ചെയ്താലും തരക്കേടില്ല. അതെല്ലാം രാജ്യകാര്യത്തിനു പിന്നിൽ ആയിരിക്കണമെന്നു നിങ്ങൾ എപ്പോഴും ഓർക്കേണ്ടതാണു്.

മറെറാരു സംഗതി എനിക്കു പറയുവാനുള്ളതു് ഒരു ഗവണ്മെൻറിലുള്ള ആളുകൾ പോയി മറെറാരു ഗവണ്മെൻറു വരുന്നതോടുകൂടി മുൻ ഗവണ്മെൻറു ചെയ്ത ഏർപ്പാടുകൾ മാററുകയാണെങ്കിൽ അതു നല്ല ഒരു സമ്പ്രദായമായിരിക്കയില്ലെന്നുള്ള കാര്യം നിങ്ങൾ ധരിക്കേണ്ടതാണു്. ഗവണ്മെൻറെന്നു പറയുന്നതു് ഒരാളുടെ സംഗതി ഒന്നുമല്ല. ഏതു. ഗവണ്മെൻറായിരുന്നാലും ഗവണ്മെൻറു് ഗവണ്മെൻറെന്നുള്ള നിലയിൽ ചെയ്യുന്നസംഗതി നിലനിറുത്തിക്കൊണ്ടു പോകേണ്ടതു് പിന്നീടുവരുന്ന ഗവണ്മെൻറിൻെറ ചുമതലയാണു്. അല്ലെങ്കിൽ ഗവണ്മെൻറിൻെറ ഉത്തരവുകളെ സംബന്ധിച്ചു് ഉദ്യോഗസ്ഥന്മാക്കു വലിയ മതിപ്പുണ്ടായിരിക്കുകയില്ല. മുൻപു പ്രവർത്തിച്ചുകൊണ്ടിരുന്ന മന്ത്രിസഭയെ തകിടം മറിച്ചു നിങ്ങൾ മന്ത്രിമാരായി. അതുകൊണ്ടു് കഴിഞ്ഞ മന്ത്രിസഭ ചെയ്തതു മാററണമെന്നില്ല. കമ്മ്യൂണിസ്റ്റ് ഗവണ്മെൻറായാലും ശരി പി. എസ്സ്. പി. ഗവണ്മെൻറായാലുംശരി ഗവണ്മെൻറു ചെയ്യുന്ന കാര്യങ്ങൾ നടപ്പിലാക്കേണ്ടതു ഗവണ്മെൻറിൻെറ കത്തവ്യമാകുന്നു. ഉദാഹരണമായി ഒന്നു പറയുവാനുള്ളതു് എൻെറ നിയോജകമണ്ഡലത്തെ ഉൾപ്പെടുത്തി ശ്രീ. കെ. എം. ചാണ്ടിയുടേയും, ശ്രീ. സബാസ്റ്റ്യൻേറയും നിയോജകമണ്ഡലങ്ങൾ ഉൾക്കൊള്ളുന്ന ഒരു സ്ഥലത്തു ഒരുഎൻ. ഇ. എസ്സ്. ബ്ളാക്കു സെൻറർ തുറക്കുന്നതിനു് മുൻ മന്ത്രിസഭ ഉത്തരവു പാസ്സാക്കിയിട്ടുണ്ടായിരുന്നു. ഈ മന്ത്രിസഭ അതു ഇളക്കി അവിടെനിന്നും മാററി മറെറാരു സ്ഥലത്തേയ്ക്കു കൊണ്ടുപോകുന്നതിനു ശ്രമിക്കുന്നതായും അങ്ങിനെ അതു ദോലായമാനമായ രീതിയിൽ തൂങ്ങുകയാണെന്നും എനിക്കു അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മാററാൻ ശ്രമിക്കുകയല്ല. അതവിടെ നിന്നും മാററുകതന്നെ ചെയ്തിട്ടുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു: അങ്ങനെയാണെങ്കിൽ കണിയാരു പറഞ്ഞതുപോലെ "ശകുനം മാത്രമല്ല ശകുനഫലവും കണ്ടുകഴിഞ്ഞു." കണിയാർ വഴിയിലേയ്ക്കു കയറിയപ്പോൾ ഒരാളെ ദുശ്ശകുനം കണ്ടു് കണിയാർ പറഞ്ഞു ശകുനം മോശമായെന്നു്. ഉടനെ ശകുനം മുടക്കിയ ആൾ കണിയാരെ അടിക്കാൻ ഭാവിച്ചു, എന്ന മട്ടിലാണു സ്ഥിതി. കുറിച്ചിത്താനത്തുണ്ടായിരുന്ന എൻ. ഇ. എസ്സ്. ബ്ളാക്കു മാററി രാമപുരം, കിടങ്ങൂർ, കാണക്കാരി, ഉഴവൂർ ഈ 4 പകുതികളുടെ മദ്ധ്യത്തിലുള്ള ഇലക്കാട്ടു പകുതിയിലാണു സെൻറർ സ്ഥാപിച്ചിരുന്നതു്. അതു മാററിയതു നന്നായില്ല. അതു മാററിയാൽ ഇനി നിങ്ങൾ ഹാവീടെ

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

പോകുമ്പോൾ അവിടത്തെ ജനങ്ങൾ പകരം ചോദിച്ചുകൊള്ളും. ആ പകുതികളിലെ ജനങ്ങളോട് എനിക്കു പറയുവാനുള്ളത്, ജനങ്ങളെ! ഇനി ഇവർ, ഈ കാൺഗ്രസ്സുകാർ നിങ്ങളോടു വോട്ടുചോദിക്കുവാൻ വരുമ്പോൾ നിങ്ങൾ പകരം ചോദിക്കണമെന്നാണ്. മുൻഗവണ്മെന്റ ചെയ്തതു ന്യായമോ അന്യായമോ എന്നു പരിചിന്തനം ചെയ്യാതെ, അവിടത്തെ ജനങ്ങളോടു ഈ കാര്യമൊന്നും ആലോചിക്കാതെ സ്ഥലം നോക്കാതെ ചിലരുടെ ഏകപക്ഷീയമായ ഒരു വാക്കുകേട്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതു തീർച്ചയായും ന്യായീകരിക്കത്തക്കതല്ല. സർ, ഇതാർക്കും ചേർന്നതല്ല. കാൺഗ്രസ്സിനും ചേരുകില്ല. വാലുള്ള വാനരന്മാർക്കും ചേർന്നതല്ല. ജനങ്ങളുടെ ക്ഷേമത്തെ മുൻനിറുത്തിക്കൊണ്ട് നിങ്ങൾ പ്രവർത്തിക്കേണ്ടതായിരുന്നുവെന്നാണ് എനിക്കു പറയുവാനുള്ളത്. Mischief thou art afoot എന്നു പറയുന്നുണ്ട്. (ഇതു സൂക്ഷിച്ചു എഴുതിക്കൊടുക്കണം; ഞാൻ ഒരിക്കൽ ഇതു പറഞ്ഞപ്പോൾ ചില പത്രങ്ങളിൽ Mischief, thou art a fool എന്നു റിപ്പോർട്ടു ചെയ്തു.) എന്തുചെയ്യാം സർ, ഇവർ ആ സ്ഥലങ്ങളിൽ ചെന്നന്വേഷിച്ചാൽ ഇവർ ചെയ്തതെററുകൾ എന്താണെന്നു മനസ്സിലാകും. ഞാൻ പറഞ്ഞതു ശരിയാണെന്നു ബോദ്ധ്യം വരുകയാണെങ്കിൽ ചെയ്ത അപരാധത്തിനു പരിഹാരമായി ഇന്നുതന്നെ ശ്രീ. ഗോവിന്ദമേനോൻ പോയി കുമ്പസാരം കഴിക്കണം. 'I most sincerely plead for avoidance of bitterness and rancour in public affairs'' എന്നു ധൈര്യമായി ബഡ്ജററു സ്പീച്ചിൽ എഴുതിയിട്ട് ഇങ്ങനെ ചെയ്യാമോ എന്നാണ് ഞാൻ ചോദിക്കുന്നത്. എല്ലാവരുടേയും സഹകരണത്തോടുകൂടി ഒരു ഗവണ്മെന്റ മുമ്പോട്ടുകൊണ്ടുപോകണമെന്നുള്ള ആഗ്രഹമുണ്ടെങ്കിൽ മുൻഗവണ്മെന്റ ചെയ്തിട്ടുള്ള, രാജ്യത്തിനു അത്യാവശ്യമെന്നു ബോദ്ധ്യമായിട്ടുള്ള സംഗതികളെ ഉടൻതന്നെ മാററിയതു എന്തിനാണ്? ഒരു ഗവണ്മെന്റ മാറിയ ഉടനെതന്നെ മാററങ്ങൾ വരുത്തണമോ? ഒരു മണ്ഡലമെങ്കിലും കഴിയട്ടെ എന്നു വയ്ക്കാമായിരുന്നില്ലേ? ഇങ്ങനെ മുമ്പോട്ടു പോകാമെന്നാണോ വിചാരിക്കുന്നത്. ഇങ്ങനെ അധികം മുമ്പോട്ടു പോവുകയില്ല. പി. എസ്സ്. പി. ചെയ്തതെല്ലാം മാററിയിട്ട് ഈ അമ്പത്തൊൻപതോ അറുപതോ പേർക്ക് രാജ്യം വളരെ നാൾ ഭരിക്കാമെന്നു വിചാരിക്കുന്നുണ്ടോ? നീതിബോധമുള്ളവരും കാൺഗ്രസ്സുകാരിലുണ്ട്; അവരൊക്കെ ഇങ്ങനെ പോയാൽ ഇവിടെ വന്നിരിക്കും. ചൂണ്ട ചരടു പൊട്ടിപ്പോകും. ചാക്കുകെട്ടുകൾ അഴിഞ്ഞുപോകും. ഉള്ള അമ്പത്തൊൻപതോ അറുപതോ പേർ സ്ഥിരമായി നിൽക്കണമെന്നാണെങ്കിൽ ഈ ഇടതുഭാഗത്തിരിക്കുന്നവരോട് അനീതി ചെയ്യാതിരിക്കയാണ് വേണ്ടതു്. നല്ലതു ചെയ്താൽ വല്ലവരുടേയും സഹകരണം ഈ ഭാഗത്തുനിന്നും കിട്ടാൻ പാടില്ലായ്കയില്ല. (ചിരി) രാജ്യത്തു നീതിയാണ് നടക്കേണ്ടതെന്നു വിചാരിച്ചു പ്രവർത്തിക്കുന്നപക്ഷം പുറകെ സഹകരണം തരാൻ ആളുകൾ ഉണ്ടാകുമായിരുന്നേനെ.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ഈ പഞ്ചായത്തിന്റെ കേന്ദ്രം പഴയപടിയാക്കിയാൽ നീതിയായിരിക്കുമോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അങ്ങനെ ആക്കിയാൽ മര്യാദയും നീതിയുമായിരിക്കും.

ശ്രീ. ടി. പി. സീതാരാമൻ: ആദ്യമേ ഉണ്ടാക്കിയ സെൻറർ മെംബറുടെ നിയോജകമണ്ഡലത്തിലായിരുന്നോ?

ശ്രീ. ജോസഫ് ചാഴിക്കാട്: എന്റെ പ്രസംഗത്തിൽ അതു വ്യക്തമാക്കിയിട്ടുണ്ടല്ലോ?

ശ്രീ. ടി. പി. സീതാരാമൻ: സെൻററിന്റെ ഒരു മൂലയാണ് ഉണ്ടായിരുന്നെന്നല്ലേ പറഞ്ഞതു്?

ശ്രീ ജോസഫ് ചാഴിക്കാട്: ഒരു മൂല ശ്രീ സബാസ്റ്റ്യന്റെ മണ്ഡലവും ഒരു മൂല കെ. എം. ചാണ്ടിയുടെ നിയോജകമണ്ഡലവും ഒരു മൂല എന്റെ നിയോജകമണ്ഡലവുമായി എൻ. ഇ. എസ്സ് ബ്ലോക്കുണ്ടായിരുന്നു. ടയാങ്കളുടെ തത്വപ്രകാരം സെൻറർ മദ്ധ്യത്തിൽ വന്നുചേരും. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട എലക്കാട് പകുതിയുടെ മദ്ധ്യത്തിൽ ആണ് ആ സെൻറർ ഉൾപ്പെട്ടിരിക്കുന്നതു്. എലക്കാട്ട പകുതി എൻ. ഇ. എസ്സ്. ബ്ലോക്കിന്റെ മദ്ധ്യത്തിലുള്ള പകുതിയാണ്.

മുഖ്യമന്ത്രി സഹകരണത്തിനു ക്ഷണിച്ചിട്ടുള്ളതിൽ ആത്മാർത്ഥത വേണം. എല്ലാവരും രാജ്യകാര്യത്തിനു ആവശ്യമായ കാര്യങ്ങൾ സുഗമമായി പ്രവർത്തിക്കത്തക്ക ഒരു നില സൃഷ്ടിക്കണമെന്നു പറഞ്ഞു് അതനുസരിച്ചു പ്രവർത്തിച്ചിരുന്നെങ്കിൽ അങ്ങിനെയെങ്കിലും ഒത്തുപോകാമായിരുന്നു.

ചുരുക്കമായി ബഡ്ജററിനകത്തുകടന്നു് അല്പം സംസാരിക്കാമെന്നു വിചാരിക്കുന്നു. പുതിയ നികുതി ഇല്ലാതെയാണ് 17 കോടി വരവും 21 കോടി ചെലവും ചേർത്തിരിക്കുന്നതെന്നു് ബഡ്ജററ പ്രസംഗത്തിൽ പറയുന്നുണ്ട്. മരണനികുതി ഒരു പുതിയ നികുതിയല്ലേ? ബെററർമെൻറ ടാക്സ് നികുതിയല്ലേ? വാട്ടർസെസ്സ് നികുതിയല്ലേ? പിന്നെ സൂത്രത്തിൽ സെയിൽസ്ടാക്സിൽ 15 ലക്ഷം കൂടുതൽ ഉണ്ടാകുമെന്നു പറയുന്നു. അങ്ങിനെ ഭയങ്കരങ്ങളായ നാലു നികുതികളാണ് ഇപ്പോൾ കൊള്ളിച്ചിട്ടുള്ളതു്. ഈ നികുതിക്കെല്ലാം ഒരു തത്വം ഉണ്ടായിരുന്നാൽ വേണ്ടതില്ല. നേരംവെളുത്തു് എഴുന്നേററാൽ സർക്കാരിനു് കൊടുക്കേണ്ട രൂപ എത്രയാണെന്നറിഞ്ഞിട്ടു് പിന്നെ കിടന്നുറങ്ങാൻ സാധിക്കുമായിരുന്നെങ്കിൽ സുഖമുണ്ടായിരുന്നു. എത്ര രൂപയാണ് നാം കൊടുക്കേണ്ടതെന്നു നമുക്കറിയാവുന്ന നികുതി ഏതെങ്കിലും ഉണ്ടോ? ഒന്നുണ്ട്, ലാൻഡ് ടാക്സ്. അഗ്രിക്കൽച്ചറൽ ഇൻകംടാക്സിനത്തിൽ ഗവണ്മെൻറിനു കിട്ടുന്ന തുകയാണോ വലുതു്, ഉദ്യോഗസ്ഥന്മാർക്കു കിട്ടുന്ന കൈക്കൂലി തുകയാണോ വലുതു് എന്നു് സി. ഐ. ഡി. ക്കാരെക്കൊണ്ട് ഗവണ്മെൻറ് ഒന്നന്വേഷിച്ചു് നോക്കണം. സെയിൽസ്ടാക്സും അതുപോലെയാണ് സാർ. എളുപ്പമുള്ള വഴി ഞാൻ പറഞ്ഞുതരാം. മനസ്സുണ്ടെങ്കിൽ കേൾക്കുക. കൈക്കൂലിക്കു് പ്രേരകമാക്കി അനാവശ്യമായി സൃഷ്ടിച്ചിരിക്കുന്ന ഇൻകംടാക്സും അഗ്രികൽച്ചറൽ ഇൻകംടാക്സും മാററിയിട്ടു് നികുതി കൊടുക്കേണ്ടവരും വാങ്ങേണ്ടവരും തുക ഇത്രയാണെന്നു് അറിയത്തക്ക ഒരു നികുതിനിയമം ഉണ്ടാക്കണം. ലാൻഡ്ടാക്സിൽ ഒരു ചെറിയ ഭേദഗതി വരുത്തിയാൽ എല്ലാം ശരിയാകും. അഞ്ചേക്കർവരെ സെൻറിനു കാലണ എന്നും അഞ്ചേക്കറിൽ കൂടുതൽ പത്തേക്കർവരെയുള്ളവർക്കു സെൻറിനു് അരയണ എന്നും പത്തുമുതൽ 25വരെ ഏക്കറുള്ളവർ സെൻറിനു് ഒരണയെന്നും

[ശ്രീ. ജോസഫ് ചാഴിക്കാട്ടു]

അതിനു മുകളിൽ രണ്ടുണ്ടായെന്നും വയ്ക്കണം. അങ്ങിനെ വരുമ്പോൾ അത്യാവശ്യം കഴിഞ്ഞു് ബാക്കിയുള്ള ഭൂമി മുഴുവൻ മററുള്ളവർക്കു കൊടുത്തു പോകും. അങ്ങിനെയാകുമ്പോൾ ഈ ലാൻഡു് ബിൽ ഒന്നും വേണ്ടി വരികയില്ല. അതു നാലഞ്ചു കൊല്ലത്തേക്കു നിറുത്തിവച്ചു് മേൽപ്പറഞ്ഞ നികുതി ഏർപ്പെടുത്തിനോക്കാം.

ശ്രീ. എം. എം. മത്തായി: ഈ അഭിപ്രായം പി. എസ്. പി. പാർട്ടിയിൽ അവതരിപ്പിച്ചതാണോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അവിടെ കാണിച്ചിട്ടു വേണോ ഇവിടെ കൊണ്ടുവരാൻ. ഈ അഭിപ്രായം എന്റേതാണ്. ഇവിടെ കൊണ്ടുവരികയാണ്. ഈ അഭിപ്രായം സ്വീകരിക്കുകയാണെങ്കിൽ ഭൂമി വളരെ അധികം ഡിസ്ട്രിബ്യൂട്ടു ചെയ്തുപോകും. കരംകൊടുക്കാൻ പണമില്ലാതെതന്നെ പലരും ഭൂമി കൈമാററം ചെയ്യും. ഒരു നാലു കൊല്ലം ഈ ടാക്സ്‌വർദ്ധനവു് പരീക്ഷിക്കാമെങ്കിൽ പി. എസ്സ്. പി.യുടെ ഭൂനിയമങ്ങളും കാൺഗ്രസ്സിന്റെ ഭൂനിയമങ്ങളും ആവശ്യമില്ലെന്നു വരും. അങ്ങിനെ ലാൻഡു പോളിസിതന്നെ സുഗമമായിത്തീരുന്നതാണ്. മദ്യവർജ്ജനത്തിൽ അവലംബിക്കുന്ന രാമേശ്വരത്തെ ക്ഷവരംപോലുള്ള നയം ഈ വിഷയത്തിലും ഒരു താലൂക്കിലെങ്കിലും പരീക്ഷിച്ചു നോക്കേണ്ടതാണ്. അങ്ങനെയാണെങ്കിൽ ഈ ഉദ്യോഗസ്ഥന്മാർക്കു് കൈക്കൂലി വാങ്ങാനുള്ള അവസരം കൊടുക്കാതെയും കഴിക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെംബർക്കു് ഇനി ഒരു വാചകം പറയാനുള്ള സമയമേ ഉള്ളു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഞാൻ ശ്രമിക്കാം. ഈ രാജ്യത്തു 17 കോടി രൂപ വരവുള്ളതിനു പുറമേ രണ്ടുകോടി രൂപ കടമെടുക്കാൻ തീരുമാനിച്ചിട്ടുള്ളതു് വെറും അനാവശ്യമായിരിക്കുന്നതുകൊണ്ടു് കടമെടുക്കുന്നതിനു പകരമായി പുരയിടങ്ങൾ വിട്ടുകൊടുക്കുമ്പോൾ മൂപ്പിറക്കുന്ന പതിവുള്ളപോലെ തമിഴ്നാട്ടു താലൂക്കുകൾ വിട്ടുപോകുകയാണെങ്കിൽ അവിടെനിന്നും വിലക്കൂടുതലുള്ള തടികൾ വെട്ടിയെടുത്തു് മാററാമെങ്കിൽ, കടമെടുക്കാതെ കഴിക്കാനുള്ള വഴിയുണ്ടായിരിക്കേ, കടമെടുക്കാൻ തീരുമാനിച്ചതു് ശരിയല്ലെന്നു എനിക്കു് അഭിപ്രായമുണ്ടെങ്കിലും നികുതി ഒരു വശത്തുകൂടി വർദ്ധിപ്പിച്ചുവെങ്കിലും ചില സംഗതികളിൽ നികുതി കുറച്ചു കൊടുത്തിട്ടുണ്ടെന്നു കാണുന്നതു ആശ്വാസകരമാണെന്നിരുന്നാലും ആനുകൂല്യം കിട്ടിയിട്ടുള്ള മോട്ടാർ ഉടമസ്ഥന്മാർ യാത്രക്കൂലിയിൽ ആനുകൂല്യം സാധാരണ ജനങ്ങൾക്കു് ചെയ്യാതിരിക്കുന്നതു് നന്നല്ലെന്നു പറയുന്നതോടൊപ്പം യാത്രക്കാരുടെ യാത്രാസൗകര്യങ്ങളെ കരുതിയാണ് കൂലി കുറച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ സിററിംഗ്കപ്പാസിററിക്കുള്ള ഫീസു രൂപ ഇരുപതാക്കിയും സ്റ്റാൻറിംഗ്കപ്പാസിററിക്കുള്ള ഫീസ് അഞ്ചാക്കിയും കുറച്ചിരുന്നാൽ നന്നായിരുന്നു എന്നുള്ള അഭിപ്രായം എനിക്കുണ്ടെങ്കിലും, അതിലേയ്ക്കു് കൂടുതൽ കടക്കാതെ എലക്ട്രിസിററി പുത്തനായി 950 ഗ്രാമങ്ങളിലേക്കു നീട്ടാൻ ഉദ്ദേശിക്കുന്നുവെന്നു് ബഡ്ജററിൽ പറഞ്ഞിട്ടുള്ളതു് പ്രായോഗികമായി ജനങ്ങളുടെയിടയിൽ വിതരണം ചെയ്യാൻ സാധിക്കത്തക്ക വിധത്തിലുള്ള പദ്ധതികൾ ഉടനെ പ്രവർത്തനം

നടത്തിയിരുന്നുവെങ്കിൽ നന്നായിരിക്കുമെന്ന് പറയുന്നതോടുകൂടി, വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കും സെക്കണ്ടറിസ്കൂൾ അദ്ധ്യാപകന്മാർക്കും മാനേജരന്മാർക്കും ഗവണ്മെൻറിനും മററു വിദ്യാഭ്യാസവിഭാഗങ്ങളിലെ ആളുകൾക്കും തൃപ്തികേടുണ്ടെന്ന് നാം ദൈനംദിനം പത്രങ്ങളിൽനിന്നും നിയമസഭയിലെ ചർച്ചകളിൽനിന്നും കേട്ടുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ വിദ്യാഭ്യാസകാര്യം സംബന്ധിച്ച് ഈ സഭയിലെ ചില മെമ്പറന്മാരെയും പുറമേനിന്ന് അതിൽ വൈദഗ്ദ്ധ്യമുള്ളവരെയും വരുത്തി നമ്മുടെ സെക്കണ്ടറി വിദ്യാഭ്യാസകാര്യം 'മാത്രമെങ്കിലും എല്ലാവർക്കും യോജിച്ചുപോകത്തക്ക തരത്തിൽ നിയമമുണ്ടാക്കുന്നതിന് ശ്രമിക്കുന്നകൂട്ടത്തിൽ, മുൻകൊല്ലങ്ങളിൽ നാലാം ക്ലാസ്സ് മാത്രം ഉണ്ടായിരുന്ന കാലത്ത് കിട്ടിക്കൊണ്ടിരുന്ന സാമാന്യജ്ഞാനം അഞ്ചാംക്ലാസ്സുകൂടി ഉണ്ടായപ്പോൾ കിട്ടുന്നില്ലെന്ന ബോദ്ധ്യം വന്നിരിക്കെ, മൊത്തത്തിൽ ക്ലാസ്സ് നാലാക്കുന്നതിനുള്ള ഒരു പദ്ധതി ഉണ്ടായിരുന്നെങ്കിൽ, അദ്ധ്യാപകരുടെയും സ്കൂളുകളുടെയും എണ്ണം കുറച്ചിട്ടു ചെലവു കുറയ്ക്കാമെന്നിരിക്കെ.......

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: എന്തോന്നാണീപ്പറയുന്നത്?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഒരാൾ പറയുന്നത് എല്ലാവർക്കും മനസ്സിലാവുകി എന്നുവരികയില്ല. അതുകൊണ്ട് വിദ്യാഭ്യാസകാര്യത്തിൽ അങ്ങനെ ഒരു ഭേദഗതി വരുത്തുന്ന ഒരു നിയമം ഉണ്ടാക്കുന്നുവെങ്കിൽ നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസച്ചെലവു കുറയ്ക്കുന്നതിനും വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുന്നതിനും മാർഗ്ഗമുണ്ടെന്ന് പ്രസ്താവിച്ചുകൊണ്ട്, പോലീസിന്റെ അഴിമതികളെയും ഉപദ്രവങ്ങളെയുംപ്പററി ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള ആക്ഷേപങ്ങളിലേക്കു കടക്കുമ്പോൾ ഈ കുറഞ്ഞ ശമ്പളത്തിൽ തല്ലും ഏറിയും ചിലപ്പോൾ കുത്തും വാങ്ങേണ്ടിവരുന്ന പോലീസുകാർക്ക് പോലീസ് സ്റ്റേഷനടുത്തു താമസിക്കുന്നതിന് ക്വാർട്ടേഴ്സ് ഉണ്ടാക്കിക്കൊടുക്കണമെന്നുള്ള കാര്യം പറയാൻ ആരും ഒരുങ്ങിയിട്ടില്ലെന്ന് പറയേണ്ടിയിരിക്കുന്നു. ആ വക സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാവശ്യമാണെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. യശോധരൻ: സർ, ഈ ധനാഭ്യർത്ഥന അവതരിപ്പിച്ചിരിക്കുന്ന അവസരത്തിൽ, ഇവിടുത്തെ ഉദ്യോഗസ്ഥമണ്ഡലത്തെപ്പററിയാണ പ്രധാനമായി എനിക്കു രണ്ടു വാക്കു പറയുവാനുള്ളത്. ഇവിടുത്തെ ഉദ്യോഗസ്ഥമണ്ഡലം പൊതുവെ അസംതൃപ്തമാണെന്നും, അരാജകമാണെന്നും കഴിഞ്ഞ പല വർഷങ്ങളായി ഈ നിയമസഭമുഖേനയും അല്ലാതെയും ഭരണാധികാരികളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. അധികാരം കഴിഞ്ഞ പി. എസ്സ്. പി. ഗവണ്മെൻറ് ഇതിനെ പരിഗണിച്ച് എൻ. ജി. ഒ. മാർക്കു ടൈംസ്കെയിൽ പരിഷ്ക്കരണവും, ശമ്പളപരിഷ്ക്കരണവും ആസൂത്രണം ചെയ്യുകയുണ്ടായി. ഇപ്പോൾ ഏപ്രിൽ 1-ാംനു-മുതൽ അതു നടപ്പിലാക്കുന്നതാണെന്നുള്ള ഗവണ്മെൻറുത്തരവും പാസ്സായിരിക്കുകയാണ്. അതുപോലെ ഗസററഡ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും പരിഷ്ക്കരിച്ചിട്ടുണ്ട്. ധനകാര്യമന്ത്രിയുടെ ബഡ്ജററ പ്രസംഗത്തിൽ ചെറിയതും വലുതുമായ ശമ്പളത്തിന്റെ അനുപാതം. 1:20 എന്നു പറഞ്ഞിരിക്കുന്നതു കണ്ടു. ഇതിനോടു യോജിക്കാൻ നിവൃത്തിയില്ല സർ.

[ശ്രീ. പി. കെ. യശോധരൻ]

അശാസ്ത്രീയവും നിയമരഹിതവുമായ ഒരു നടപടിയാണിതു്. ഇന്നു് ഗസറ്റഡ് ഉദ്യോഗസ്ഥന്മാർക്കു്, അതായതു് ഉയന്ന ഉദ്യോഗസ്ഥന്മാക്കു നല്കിയിട്ടുള്ള പരിഷ്ക്കാര പരിഗണനകളോടൊപ്പം, താഴ്ന്ന ഉദ്യോഗസ്ഥന്മാക്കും വേണ്ട പരിഗണന നൽകേണ്ടതാണെന്നാണു എന്റെ അഭിപ്രായം. സർ, ഇന്നു ആറ ശ്രൂപ്പു നാലു ഗവണ്മെൻറുദ്യോഗസ്ഥന്മാരുണ്ടെന്നുള്ള വസ്തുത നാം വിസ്മരിക്കരുതു്. പാർട്ടു ടൈം ഹിന്ദി അദ്ധ്യാപകന്മാരുടെ കാര്യമാണു ഞാൻ സൂചിപ്പിക്കുന്നതു്. ഞാൻ ഇതു പറയുമ്പോൾ ഗസറ്റഡ് ഉദ്യോഗസ്ഥന്മാരുടെ നില മെച്ചപ്പെട്ടതാണെന്നോ, അവക്കു യാതൊരവശതകളും ഇല്ലെന്നോ അത്ഥമില്ല.

സർ, ഇതിനെല്ലാം പരിഹാരമായി ഒരു പേകമ്മിഷനെ നിയമിച്ചിട്ടുണ്ടെന്നു പറയുന്നു. എല്ലാ കുഴപ്പങ്ങൾക്കും പരിഹാരം പേകമ്മിഷൻ മുഖേന പരിഹരിക്കാമെന്നാണു പറയുന്നതു്. സർ, ഇതൊരു സ്റ്റണ്ടുമാത്രമാണെന്നാണു എനിക്കു പറയുവാനുള്ളതു്. നാടോടി ഭാഷയിൽ കുറെക്കൂടി ഇറങ്ങിവന്നു പറഞ്ഞാൽ അതു വെറും ഒരു 'പേ' കമ്മിഷൻ മാത്രമാണു്.

ഇന്നു് ഉദ്യോഗസ്ഥലോകത്തുണ്ടായിട്ടുള്ള പരാതികളേയും, ആക്ഷേപങ്ങളേയും തടുക്കുന്നതിനും, അതിനെ താല്ക്കാലികമായി ശമിപ്പിക്കുന്നതിനും വേണ്ടിയുള്ള ഒരു അടവു മാത്രമാണിതു്. സർ, ആരാണ് പേ കമ്മീഷൻ അംഗങ്ങൾ? ചല രാഷ്ട്രീയ സാമുദായിക നേതാക്കന്മാരെ ഉൾക്കൊള്ളിച്ചുകൊണ്ടാണു് കമ്മീഷൻ സംഘടിപ്പിച്ചിട്ടുള്ളതു്. വളരെയധികം നീതിബോധവും നിഷ്പക്ഷതയും ദീക്ഷിക്കേണ്ട ഇത്തരം മഹനീയസ്ഥാനങ്ങൾ ഇത്തരം ആളുകളുടെ കയ്യിൽ വിട്ടുകൊടുത്താൽ നീതിലഭിക്കുമോ? ഈ പേകമ്മിഷന്റെ ആവശ്യംതന്നെയില്ലെന്നാണു് എന്റെ അഭിപ്രായം. ഇതിലെ അംഗങ്ങളെപ്പററി വ്യക്തിപരമായി എനിക്കു ബഹുമാനമില്ലാതില്ല. എന്റെ പാർട്ടി ലീഡർ പറഞ്ഞതുപോലെ ഇതിന്റെ പ്രവത്തനം മൂന്നുമാസംകൊണ്ടു തീരാൻപോകുന്നില്ല. യഥാത്ഥത്തിൽ വകുപ്പദ്ധ്യക്ഷന്മാരും, അതാതു വകുപ്പിലെ ജീവനക്കാരുമായി ആലോചിച്ചു റിപ്പോർട്ടു ചെയ്യേണ്ട ഒരു കാര്യം മാത്രമാണിതു്. ഇവിടത്തെ മേലുദ്യോഗസ്ഥന്മാരും കീഴുദ്യോഗസ്ഥന്മാരും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടെങ്കിൽ, അവരുടെ ആവശ്യങ്ങളും, താല്പയ്യങ്ങളും, പ്രശ്നങ്ങളും തമ്മിൽ ബന്ധമുണ്ടെങ്കിൽ അവരുമായി ആലോചിച്ചുമാത്രം തീരുമാനിച്ചു റിപ്പോർട്ടുചെയ്യേണ്ട ഒരു കാര്യമാണിതു്. അങ്ങനെ ചെയ്താൽ മതിയായിരുന്നു. ആവശ്യമില്ലാതെ ഒരു ചെലവുവരുത്തി, ഒരു പേകമ്മീഷനെ, ഇതുമായി യാതൊരു ബന്ധവുമില്ലാത്ത ആളുകളിലേക്കു് ഈ ചുമതല നിക്ഷേപിക്കുക എന്നു പറഞ്ഞാൽ മന്ത്രിമാരും, ഉദ്യോഗസ്ഥലോകവുമായി വകുപ്പദ്ധ്യക്ഷന്മാരും, കീഴ്ജീവനക്കാരുമായി ബന്ധമില്ലെന്നാണു് മനസ്സിലാക്കേണ്ടതു്. ഈ കാര്യത്തിൽ നിഷ്പക്ഷമായും, നീതിപൂവ്വമായും പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഗവണ്മെൻറു ശ്രദ്ധിക്കേണ്ടതാണു്.

അടുത്തതായി പബ്ലിക് സവ്വീസ് കമ്മീഷനെപ്പററിയാണു് ചിലതു പറയാനുള്ളതു്. ഈ രാജ്യത്തു് ഉദ്യോഗനിയമനകാര്യത്തിൽ നിലനിന്നുവന്ന അഴിമതികളെ ഇല്ലാതാക്കാനാണു് ഇവിടെ ഒരു പബ്ലിക് സവ്വീസ് കമ്മിഷൻ നിയമിതമായതു്. പബ്ലിക് സവ്വീസ്

കമ്മീഷന്റെ കൃത്യനിർവ്വഹണത്തിൽ തെററുകളുണ്ടോ എന്നുള്ളതല്ല പ്രശ്നം. പക്ഷെ, പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ അധികാരപരിധിയെ അവഗണിച്ചുകൊണ്ടു പല ഡിപ്പാർട്ടുമെന്റുകളിലും നിരുത്തരവാദപരമായി നിയമനം നടത്തുന്നുണ്ട്. കമ്മ്യൂണിററി പ്രോജക്ററ്, നാഷണൽ എക്സ്റ്റൻഷൻ ബ്ലോക്ക് മുതലായ വിവിധരംഗങ്ങളിൽ വളരെ നിയമനങ്ങൾ നടത്തുന്നുണ്ട്. അതുപോലെതന്നെ പല ഡിപ്പാർട്ടുമെന്റുകളിലും വർക്ക് എസ്റ്റാബ്ലിഷ്മെന്റ് നിയമനങ്ങളിലും, കണ്ടിജൻസി നിയമനങ്ങളിലും ഈ നിലയാണ് തുടരുന്നതു്. ഇതിൽ എന്തു നീതിയും പരിഗണനയും മാനദണ്ഡവുമാണ് പുലർത്തുന്നതു്? ഇവിടെ അംഗീകരിച്ചിട്ടുള്ള സമുദായപ്രാതിനിദ്ധ്യവും, യോഗ്യതയും പാലിക്കുന്നുണ്ടോ? പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ശുപാർശചെയ്യുന്ന നിയമനങ്ങളിൽ എന്തു നീതിയാണ് പാലിക്കുന്നതു്? സമുദായങ്ങൾക്ക് റിസർവ്വ് ചെയ്തിട്ടുള്ള ക്വോട്ടാ ലഭിക്കുന്നില്ലെന്നുള്ളതു് ഒരു പരമാർത്ഥമാണ്. ഞാനിതു പറയുമ്പോൾ എന്നെ ഒരു സമുദായവാദിയായി മുദ്രയടിക്കുവാൻ തല്പരകക്ഷികൾ മുതിർന്നേക്കാം. സർ, ഇന്നു പിന്നോക്കസമുദായങ്ങളോടും, വിശേഷിച്ച് ഈഴവസമുദായത്തോടും ഗവണ്മെന്റ് വളരെ പ്രതികാരമനോഭാവത്തോടുകൂടി പെരുമാറുന്നതായിട്ടാണ് അനുഭവപ്പെടുന്നതു്. ഇവിടത്തെ ഒരു പ്രബല സമുദായമായ ഈഴവസമുദായത്തിനു് ഉദ്യോഗനിയമനകാര്യത്തിൽ വന്നുചേർന്നിരിക്കുന്ന കുഴപ്പത്തെപ്പററി പല പ്രമുഖ പത്രങ്ങളും പലപ്പോഴും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ദേശീയസമരത്തിൽ ആത്മാർത്ഥമായും, ധീരമായും പങ്കെടുത്തിട്ടുള്ള പല വിദ്യാസമ്പന്നരായ ചെറുപ്പക്കാരും, അതുപോലെ പ്രായമായ ആളുകളും നാട്ടിനിടയിൽ ഇറങ്ങി സഞ്ചരിക്കുമ്പോൾ, ഇന്നു കാണുന്ന ഈ അനീതിയെപ്പററി പരാതി പറയാറുണ്ട്. ഇതു പറയുമ്പോൾ ദേശീയതയും, പുരോഗമനവും പറഞ്ഞാൽ മതിയായ സമാധാനമാകയില്ല. ഇതിനു സമാധാനം പറയുവാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണ്. സർ, സാധാരണ നാട്ടിന്റെ വിമോചനസമരങ്ങളിൽപങ്കെടുക്കുന്നവർക്ക് അർഹമായ പ്രോത്സാഹനം ജനകീയഭരണക്രമത്തിൽ നൽകുകയെന്നുള്ളതു് ഒരു പരമാർത്ഥമാണ്. ഇവിടെ നേരേ വിപരീതമാണ്. ഈ നാട്ടിന്റെ വിമോചനപ്രസ്ഥാനത്തിൽ ഏററവും ഗണനീയമായ പങ്കും വിലയും നൽകിയിട്ടുള്ള വിഭാഗമാണ് സമുദായം തിരിച്ചുനോക്കിയാൽ ഈഴവരെന്നുള്ളതു് ഒരു പരമാർത്ഥമാണ്. ആ വിഭാഗത്തെ അവഗണിച്ചതിന്റെ ഫലമായിട്ടാണ് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഈ സമുദായം നിങ്ങൾക്ക് എതിരായി വിധിയെഴുതിയതു്. സർ, കഴിഞ്ഞ തിരഞ്ഞെടുപ്പിൽ തിരുവിതാംകൂർ വിഭാഗത്തുനിന്നും കാൺഗ്രസ്സിന്റെ ഒററ സ്ഥാനാർത്ഥിയെപ്പോലും ഈഴവസമുദായത്തിൽനിന്നും തിരഞ്ഞെടുത്തിട്ടില്ല. അദ്ധ്വാനിക്കുന്ന വിഭാഗത്തിന്റെ പ്രാതിനിദ്ധ്യം വഹിക്കുന്ന ഈ സമുദായം നിങ്ങളുടെ രാഷ്ട്രീയാഭിപ്രായത്തോടു യോജിക്കുന്നില്ലെന്നുകണ്ടു് അവരോടു് ഒരു രാഷ്ട്രീയ പകവീട്ടലെന്നവണ്ണം പെരുമാറുന്നതു് ശരിയല്ല. ഈ നില തുടരുകയാണെങ്കിൽ, ഈ അരക്ഷിതാവസ്ഥയിൽ മൂകമായി നോക്കിയിരിക്കുവാൻ സാദ്ധ്യമല്ല. ഈ വിവരം മുഖ്യമന്ത്രിയെ പ്രത്യേകം അനുസ്മരിപ്പിക്കുകയാണ്. സർ, എത്ര യോഗ്യതയുണ്ടെങ്കിലും, പബ്ലിക്ക്സർവ്വീസ് കമ്മീഷന്റെ ഇന്റർവ്യൂ കഴിഞ്ഞാൽ അവർക്കു മെമ്മോ അയയ്ക്കുന്ന പതിവില്ലാതായിരിക്കുന്നു. കാരണം, രാഷ്ട്രീയ പരിഗണനയിൽ ഓരോ ഉദ്യോഗാർത്ഥികളുടേയും നടപടിയെപ്പററി പോലീസ് ഉദ്യോഗസ്ഥൻ അയയ്ക്കുന്ന റിപ്പോർട്ടാണ്. സർ,

[ശ്രീ. പി. കെ. യശോധരൻ]

പബ്ലിക്ക് സർവ്വീസ് കമ്മീഷനോ, മുഖ്യമന്ത്രിയോ അല്ല, ഈ രാജ്യത്തെ ഒരു പോലീസുദ്യോഗസ്ഥനാണ്, തുച്ഛമായ ശമ്പളം വാങ്ങുന്ന ഒരു സി.ഐ.ഡി. പോലീസുദ്യോഗസ്ഥനാണ് ഈ വിഷയത്തിൽ ഒരു നിർണ്ണായകഘടകമായിരിക്കുന്നതു്. ഇതാണ് നമ്മുടെ രാജ്യത്തെ സ്ഥിതിയെങ്കിൽ ഇതു് എങ്ങനെ അവസാനിക്കുമെന്നു കണ്ടുതന്നെ അറിയണം. ഈ നയം അപകടകരമായ ഒരവസ്ഥ ഈ രാജ്യത്തു സൃഷ്ടിക്കുമെന്നു ഞാൻ മുന്നറിയിപ്പു നൽകുകയാണ്. ഇങ്ങനെ പോലീസുദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടിനെമാത്രം അടിസ്ഥാനമാക്കി ഇങ്ങനെയൊരു സമുദായത്തിലെ യുവാക്കന്മാരെ ഉദ്യോഗമണ്ഡലത്തിൽ ഭ്രഷ്ടുകല്പിച്ചു പുറംതള്ളുന്നതു് രാജ്യത്തിന്റെ പുരോഗതിക്കു തടസ്സമായിരിക്കുമെന്നു മാത്രം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സർ, ഞാൻ മുഖ്യമന്ത്രിയോടു ആവശ്യപ്പെടുകയാണ് നാലഞ്ചുകൊല്ലക്കാലത്തെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേനയും മററു തരത്തിലും ഈ രാജ്യത്തു നടന്നിട്ടുള്ള നിയമനങ്ങളുടെ ഒരു ലിസ്റ്റ് ഒന്നു പരിശോധിക്കുവാൻ. അതിൽ നിന്നും ഒരുകാര്യം വ്യക്തമാകുന്നതാണ്. ഈഴവർക്കും മററു പിന്നോക്കസമുദായങ്ങൾക്കും ക്വോട്ടാ അനുസരിച്ചുള്ള ഉദ്യോഗങ്ങൾ ലഭിച്ചിട്ടുണ്ടായിരിക്കുകയില്ല. താഴ്ന്ന തരം ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ മാത്രമല്ല, വകുപ്പദ്ധ്യക്ഷന്മാരുടേയും ഗവണ്മെൻറു സെക്രട്ടറിമാരുടേയും സ്ഥിതിയിലും ഈ അനുഭവംതന്നെയാണുണ്ടായിട്ടുള്ളതു്.

സർ, പോലീസ് ഡിപ്പാർട്ടുമെൻറിനെപ്പററിയാണ് ഇനി എനിക്കു പറയുവാനുള്ളതു്. പോലീസിനെപ്പററി എത്രമാത്രം പരാതികളാണ് ഇവിടെ കേൾക്കാറുള്ളതു്. ഏതെങ്കിലും പോലീസുദ്യോഗസ്ഥന്മാരെപ്പററി വിമർശനം നടന്നാൽ, വിമർശനവിധേയനാകുന്ന പോലീസുദ്യോഗസ്ഥനുണ്ടാകുന്ന മനോഭാവത്തെക്കാൾ പ്രകടമായി മന്ത്രിമാരുടെ മുഖത്താണ് ചില ഭാവഭേദങ്ങൾ കാണാറുള്ളതു്. ആ അവസരത്തിൽ അവരുടെ കോപവും, പരിഭവവും പ്രകാശിക്കുന്ന മുഖങ്ങൾ വ്യക്തമായി കാണാൻ കഴിയുന്നതാണ്. ഇവിടെ ചില ചോദ്യങ്ങൾക്കു മറുപടി പറയുന്നതിൽനിന്നും ഞങ്ങൾക്ക് ഒരുകാര്യം മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. പോലീസ് മർദ്ദനം ഇനിയും തുടർന്നുകൊണ്ടുതന്നെയിരിക്കുമെന്നു്. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ വളച്ചുകെട്ടിയുള്ള ഉത്തരങ്ങളിൽക്കൂടി നൽകിയിട്ടുള്ള സൂചന ഞങ്ങൾ ശരിക്കു മനസ്സിലാക്കിയിട്ടുണ്ടു്. പോലീസിന്റെ മേൽ ഉണ്ടാകുന്ന പരാതികളുടെ സൂക്ഷ്മസ്ഥിതി അറിയാൻ ഡിപ്പാർട്ടുമെൻറു മേധാവി മുഖേന അന്വേഷണം നടത്തേണ്ടതു് ആവശ്യമാണെന്ന നിയമം നിലവിലുണ്ടെങ്കിലും, പരാതികളുടെ വ്യാപ്തിയേയും, ഗൗരവത്തേയും പരിഗണിച്ചു്, ഇതെല്ലാം കള്ളമാണെന്നു പറയുന്ന മന്ത്രിമാർക്ക് എന്തുകൊണ്ടു് താലൂക്കടിസ്ഥാനത്തിലോ, അല്ലെങ്കിൽ ഡിസ്ട്രിക്ട് അടിസ്ഥാനത്തിലോ ജനപ്രതിനിധികളും മററു ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു പരാതി അന്വേഷണക്കമ്മിററിയെ സംഘടിപ്പിച്ചുകൂടാ? സത്യസ്ഥിതി ബോദ്ധ്യപ്പെടാൻ ഇതൊരു പ്രായോഗിക നിർദ്ദേശമാണെന്നും അങ്ങനെ ചെയ്താൽ ഇന്നു് വളർന്നുവരുന്ന പരാതികൾക്ക് ശമനം ഉണ്ടാകുമെന്നും ഞാൻ അറിയിച്ചുകൊള്ളട്ടെ.

ഇവിടെ കഴിഞ്ഞ രണ്ടു സമ്മേളനങ്ങളിലും ഒരു അഴിമതി നിരോധന ബില്ല് പി. എസ്സ്. പി. ഗവണ്മെന്റ് കൊണ്ടുവരികയുണ്ടായി. അതു പരിഗണനയ്ക്കെടുക്കാതെ ഇപ്പോൾ എവിടെയോ തിരോധാനം ചെയ്തിരിക്കുകയാണ്. അതു് വെളിച്ചം കാണാതെ കഴിയേണ്ടതു് കാൺഗ്രസ്സ് സർക്കാരിന്റെ ഒരാവശ്യമായിരിക്കാം.

അതുപോലെതന്നെ ട്രാൻസ്പോർട്ട് ദേശസാൽക്കരണത്തിനു് ഒരു ബില്ലു കൊണ്ടുവരേണ്ടതാണെന്നു കഴിഞ്ഞ അസംബ്ലിയിൽ വളരെ വീറോടെ വാദിച്ച ശ്രീ. പനമ്പിള്ളി ഇന്നു് മുഖ്യമന്ത്രിയായപ്പോൾ, ആ ബിൽ കൊണ്ടുവന്നിട്ടില്ലെന്നു മാത്രമല്ല, മററു ചില കൗശലങ്ങൾകൂടി പ്രയോഗിക്കുകയാണ്. അതേപ്പററി ഞാനൊരു ചോദ്യം ചോദിച്ചപ്പോൾ എനിക്കറിയാൻ കഴിഞ്ഞതു് ഈ കാര്യം, ട്രാൻസ്പോർട്ടു സമരത്തിനുശേഷം പല വശങ്ങൾ അന്വേഷിക്കാൻ നിയുക്തമായിരിക്കുന്ന കമ്മിററിയുടെ പരിഗണനയ്ക്കു വിട്ടിരിക്കുകയാണെന്നാണ്. സർ, ഇവിടെ വന്നിരിക്കുന്നവരെല്ലാം വെറും 'മരങ്ങോടൻ'മാരാണെന്ന ഒരു വിചാരം മുഖ്യമന്ത്രിക്കുള്ളതുപോലെ തോന്നുന്നു. സർ, ഇതും ഈ പ്രശ്നവുമായുള്ള ബന്ധമെന്താണ്? ഇപ്പോൾ ഈ ഗവണ്മെന്റ് ചെയ്തിരിക്കുന്നതെന്താണ്? പ്രൈവററ് ബസ്സ് സർവ്വീസ് നഷ്ടകരമാണെന്നുള്ള അഭിപ്രായം ഉടമസ്ഥന്മാർ തന്നെ പുറപ്പെടുവിച്ചിരിക്കുന്ന സ്ഥിതിക്കു് വലിയ സമ്മർദ്ദം കൂടാതെ തന്നെ അവ ഏറെറടുക്കുന്നതിനു ഗവണ്മെന്റിനു് പ്രായോഗികമായി എളുപ്പമുണ്ടു്. എന്നാൽ ഇന്നു് ബസ്സുടമസ്ഥർക്കു പ്രോത്സാഹനാർത്ഥം ടാക്സ് കുറവു ചെയ്തു കൊടുത്തിരിക്കുകയാണ്.

ഇതിൽനിന്നും നാഷണലൈസേഷൻ നടത്തുന്നതിനു് ഗവണ്മെന്റ് ആഗ്രഹിക്കുന്നില്ലെന്നു വ്യക്തമാണ്. അതുപോലെ ട്രാൻസ്പോർട്ടു ബസ്സ് വാങ്ങിയ വകയിൽ ചില കുംഭകോണങ്ങൾ നടന്നിട്ടുള്ളതിനെപ്പററി ഇവിടെ ഒരു ചോദ്യം ചോദിച്ചതിനു്, അതിന്റെ മറുപടി തയ്യാറായിട്ടില്ലെന്നും അതിന്റെ വിവരങ്ങൾ പിന്നീടു് ഈ സഭയിൽ അറിയിക്കാമെന്നും മുഖ്യമന്ത്രി ഇവിടെ പറയുകയാണുണ്ടായതു്. അതിൽനിന്നും ഒഴിഞ്ഞുമാറുകയില്ലെന്നും വിശ്വസിക്കുന്നു. വാക്കു പാലിക്കണം. ആ കാര്യം അറിയാൻ ഞങ്ങൾക്കു് ആഗ്രഹമുണ്ടു്.

എനിക്കു മുൻപു പ്രസംഗിച്ച ശ്രീ. ചാഴിക്കാട്ടു ജോസഫ് അവർകളുടെ പ്രസംഗമദ്ധ്യേ പ്രാദേശികമായ ഒരു കാര്യത്തെപ്പററി സംസാരിച്ചപ്പോൾ, ചീഫ് മിനിസ്റ്റർ ഇവിടെ പറഞ്ഞ മറുപടി ഏററവും മര്യാദയുള്ള ഭാഷയിൽ പറഞ്ഞാൽ ധാർഷ്ട്യമോ ധിക്കാരമോ ആയിരുന്നു. അതിൽനിന്നും ഞങ്ങൾ മനസ്സിലാക്കുന്നതു് ഗവണ്മെന്റിനെ അനുകൂലിക്കുന്ന പാർട്ടിക്കുമാത്രമെ എന്തെങ്കിലും ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുകയുള്ളു എന്ന നയമാണ് കാൺഗ്രസ്സ് സർക്കാർ അംഗീകരിച്ചിരിക്കുന്നതു് എന്നാണ്. ഇവിടെ ഇരിക്കുന്ന ഓരോ അംഗത്തിന്റെമേലും രാഷ്ട്രീയസമ്മർദ്ദം ചെലുത്തുകയാണ്. ഇതേപ്പററി എനിക്കും ഒരു അനുഭവം ഉണ്ടായിട്ടുണ്ടു്. കായംകുളം ആശുപത്രി ഒരു ഫസ്റ്റ് ഗ്രേഡ് ആശുപത്രിയായി ഉയർത്താൻ മുൻ ഗവണ്മെന്റ തീരുമാനിച്ചിരുന്നതാണ്. സ്ഥലത്തെ പ്രാധാന്യവും ജനപ്പെരുപ്പവും പരിഗണിച്ചാണ് അങ്ങിനെയൊരു തീരുമാനം എടുത്തതു്. അല്ലാതെ അന്നത്തെ മെഡിക്കൽ മന്ത്രിയുടെ നിയോജകമണ്ഡലമായതുകൊണ്ടല്ല. രണ്ടു താലൂക്കുകളുടെ

[ശ്രീ. പി. കെ. യശോധരൻ]

കേന്ദ്രവും ജനനിബിഡവുമായ കായംകുളത്തു ഒരു ഒന്നാം ഗ്രേഡ് ആസ്പത്രിയുടെ ആവശ്യം അത്യന്താപേക്ഷിതമാണെന്നു് ഇന്നത്തെ മെഡിക്കൽ മന്ത്രിക്കും ബോദ്ധ്യം ഉണ്ടായിരിക്കും. അഞ്ഞൂറും ആയിരവും ആളുകൾ അവിടെ ദിവസേന വന്നുപോകാറുണ്ടു്. ആസ്പത്രിയുടെ തിണ്ണയും കവിഞ്ഞു പുരയിടത്തിലും ശുശ്രൂഷാർത്ഥം രോഗികൾ കഴിഞ്ഞുകൂടുകയാണു്. ആസ്പത്രിയുടെ തിണ്ണയിൽത്തന്നെ പ്രസവവും നടന്നിട്ടുണ്ടു്. ഇന്നു തീരെ സൗകര്യമില്ലാത്ത ഈ ആസ്പത്രി ഒരു ഒന്നാം ഗ്രേഡ് ആസ്പത്രിയാക്കി ഉയർത്തി എക്സ്റേ, പ്രസവവാർഡ് മുതലായവ സൗകര്യപ്പെടുത്തിത്തരുവാൻ മുൻ ഗവണ്മെന്റ് തീരുമാനിച്ചിരുന്നതാണു്. രാഷ്ട്രീയമായ പ്രത്യേക പരിഗണനയിലായിരിക്കാം ഇപ്പോൾ ആ നടപടി മാററി വച്ചിരിക്കുന്നതെന്നു തോന്നുന്നു. ബഡ്ജററിൽ കാണുന്നില്ല. കാൺഗ്രസ്സ് പാർട്ടിക്കു മാത്രം ആനുകൂല്യങ്ങൾ ചെയ്യുകയും മററു പാർട്ടികളെ വിഗണിക്കുകയും ദ്രോഹിക്കുകയുംകൂടി ചെയ്യുന്ന മനോഭാവം ഒട്ടും ആശാസ്യമല്ല. അതു വളരെ ഖേദകരമാണു്. ഈ സംഗതികൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. ഈ പോക്കു് അപകടകരമാണു്. ഞാൻ എതിർക്കുന്നു.

ശ്രീ. യു. നീലകണ്ഠൻ: സർ, ബഡ്ജററ വിമർശനസമയത്തു് പറഞ്ഞ കാര്യങ്ങളെപ്പററിത്തന്നെ ഈ അവസരത്തിലും ഓർമ്മിക്കാതെ ഈ മോഷനെ സംബന്ധിച്ചു് എന്തെങ്കിലും പറയാൻ സാധിക്കുന്നില്ല. കഴിഞ്ഞ മന്ത്രിസഭയിൽ മുഖ്യമന്ത്രിയായിരുന്ന ശ്രീ. പട്ടം താണുപിള്ള, ഈ ബഡ്ജററിൽ കാൺഗ്രസ്സിന്റേതായി, പുതുതായി യാതൊന്നുംതന്നെയില്ലെന്നും, എല്ലാം പി. എസ് പി. ഗവണ്മെന്റ തീരുമാനിച്ചിരുന്ന കാര്യങ്ങളാണെന്നും പ്രഖ്യാപിച്ചുകൊണ്ടു് വെല്ലുവിളിച്ചിട്ടു യാതൊരു സമാധാനവും പറയാതെ ഒഴിഞ്ഞുമാറുകയാണു് ഇന്നത്തെ മുഖ്യമന്ത്രി ചെയ്തതു്. പി. എസ്. പി. ഭരണം ഈ രാജ്യത്തിനു് ആപത്താണെന്നും, നല്ല കാര്യങ്ങളൊന്നും അവർക്കു ചെയ്യാൻ സാധിക്കുകയില്ലെന്നും ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിച്ചിട്ടു് അവരെ അധികാരത്തിൽ നിന്നും മാററി, അധികാരം ഏറെറടുത്ത കാൺഗ്രസ്സുകാർക്കു് ഇപ്പോൾ പുതുതായി ഒന്നും ചെയ്യാനില്ലെങ്കിൽ, സർ, എന്തു ന്യായം ഇവർ പി. എസ്. പി.-യെ കുററം പറയുകയും അധികാരത്തിൽനിന്നു ബഹിഷ്കരിക്കുകയും ചെയ്തു എന്നു മനസ്സിലാകുന്നില്ല. കാൺഗ്രസുകാർ ചഞ്ചലരാണെന്നും, അവർക്കു പി. എസ്. പി. ക്ഷേത്രത്തിൽ ദർശനം അനുവദിക്കരുതെന്നും, ആചാര്യ കൃപലാനി ആദ്യകാലത്തു് പ്രഖ്യാപിച്ചിരുന്നിട്ടും, കാൺഗ്രസുകാർ, പി. എസ്. പി.-ക്കു് പിൻതുണ നൽകിയതു്, തക്കംനോക്കി ക്ഷേത്രത്തിനകത്തുകടന്നു ദർശനം നടത്തി നിധിയുമായി കടന്നുകളയാനായിരുന്നുവെന്നു ഇപ്പോഴാണു മനസ്സിലാകുക. ശ്രീ. ചാഴികാട്ടു ജോസഫ് പറഞ്ഞതുപോലെ, ഈ മന്ത്രിസഭാവികസനപദ്ധതികളെ സംബന്ധിച്ചിടത്തോളം അവരുടെ പാർട്ടിക്കു പ്രാമാണ്യം നൽകിയിരിക്കുകയല്ലാതെ മറെറാന്നും ചെയ്തിരിക്കുന്നതു്. എൻ. ഇ. എസ്. ബ്ലോക്കുകളിലും, കമ്മ്യൂണിററി പ്രോജക്ററിലുമെല്ലാം നിയമനങ്ങൾ നടത്തുന്നതും, കേന്ദ്രങ്ങൾ സമാരംഭിക്കുന്നതും യാതൊരു തത്വദീക്ഷയും കൂടാതെ വെറും പാർട്ടിതാല്പര്യത്തെക്കരുതിമാത്രമാണു്. എൻ. ഇ. എസ്. ബ്ലോക്കുകൾ ആറെണ്ണം ഉണ്ടായിരുന്നതിൽ മുൻഗണന നൽകുന്നതു് എന്തു മാനദണ്ഡത്തിന്റെ

അടിസ്ഥാനത്തിലാണ് ഏതു സെൻട്രലിലെന്നു തീരുമാനിക്കുന്നതെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ വ്യക്തമാക്കുമെന്നു വിശ്വസിക്കുന്നു. പി. എസ്. പി.-യുടെ ഭരണം രാജ്യത്തിനാപത്താണെന്നു പറഞ്ഞു് അധികാരത്തിൽ കയറിയ കാൺഗ്രസ്സ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിൽ അവരുടേതായ പുതിയ സംഭാവനകൾ ഒന്നും കാണുന്നില്ലെങ്കിൽ അവരുടെ അധികാര പ്രാപ്തി നേർവഴിയിൽക്കൂടി, ഉദ്ദേശശുദ്ധിയോടുകൂടി ഉണ്ടായതല്ലെന്നു നമുക്കു മനസ്സിലാക്കാൻ പ്രയാസമില്ല.

വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങൾ പറയേണ്ടതുണ്ടു്. അദ്ധ്യാപകർക്കു ശമ്പളം കൂട്ടിയതും, മൂന്നാംഫാറത്തിൽ ഫീസില്ലാതാക്കിയതും സ്വാഗതം ചെയ്യാവുന്നതാണെങ്കിലും, ഒരു വസ്തുത മുഖ്യമന്ത്രിയെ ഓർമ്മിപ്പിക്കുവാൻകൂടി ഞാനാഗ്രഹിക്കുന്നു. സർ, ഈ രാജ്യത്തു് ഇന്നു പ്രാഥമികവിദ്യാഭ്യാസം നടത്തുന്നതിനു് സൗകര്യങ്ങളില്ലാതെ പഠിക്കാൻവിഷമിക്കുന്നവർ ധാരാളം ഉണ്ടു്. ഒരുനേരത്തെ ആഹാരമെങ്കിലും കഴിച്ചു സ്കൂളിൽ പോകാനുള്ള സൗകര്യം ലഭിക്കാതെ ഈ രാജ്യത്തു ആയിരക്കണക്കിനു സാധുവിദ്യാർത്ഥികൾ ഉണ്ടെന്നും, അവർക്കു വിദ്യാഭ്യാസം ചെയ്യുന്നതിനും, ഫീസിളവുമൂലമുള്ള ഗുണം അനുഭവിക്കുന്നതിനും പ്രധാനമായി വേണ്ടതു ഇന്നത്തെ സാമൂഹ്യനിലയ്ക്കു മാററം വരുത്തുകയാണെന്നും മുഖ്യമന്ത്രിയെ ഞാൻ ഓർമ്മിപ്പിച്ചുകൊള്ളട്ടെ. 5 മുതൽ 9 വരെ വയസ്സു പ്രായമുള്ള അനേകലക്ഷം വിദ്യാർത്ഥികൾ പള്ളിക്കൂടത്തിൽ പോകാൻ സൗകര്യമില്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കുകയാണു്. ഇതിനു വേണ്ട പരിഹാരംനേടാൻ കാൺഗ്രസ്‌മന്ത്രിസഭ വേണ്ട നടപടികൾ സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

പബ്ലിക്ക ഹെൽത്തുഡിപ്പാർട്ടുമെൻറിനുവേണ്ടി കൂടുതൽ തുക കൊള്ളിച്ചിരിക്കുന്നതായി കാണുന്നെങ്കിലും, ആ ഡിപ്പാർട്ടുമെൻറിലെ ചില കുഴപ്പങ്ങളെപ്പററി പറയാതിരിക്കാൻ നിവൃത്തിയില്ല. തീരപ്രദേശങ്ങളിൽ വസൂരിയും, മഞ്ഞനും പകർച്ചവ്യാധികൾ സാധാരണ പടർന്നു പിടിക്കാറുണ്ടു്. എവിടെയെങ്കിലും സ്മാൾപോക്സോ, ചിക്കൻപോക്സോ പിടിപെട്ടെന്നു കാണുമ്പോൾമാത്രം ചില കുത്തിവയ്പു ജോലികൾ നടത്തുകയല്ലാതെ, കൃത്യമായും, നിഷ്കർഷയോടും വേണ്ട കാലത്തു ഈ ജോലി ചെയ്യുന്നതിനു് അധികൃതർ ശ്രദ്ധിച്ചുവരുന്നതായി കാണുന്നില്ല. ഈ രോഗങ്ങൾ പകരാൻ ഇടയുള്ള സാഹചര്യങ്ങളെക്കുറിച്ചും, നിവാരണമാർഗ്ഗങ്ങളെപ്പററിയും ജനങ്ങൾ അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ അവരെ യഥാസമയം ധരിപ്പിക്കുന്നതിനുംമററും ആവശ്യമായ നടപടികൾ പബ്ലിക്കഹെൽത്തു ഡിപ്പാർട്ടുമെൻറിൽനിന്നും നടത്തിക്കാണുന്നില്ല. പട്ടിണിയും, രോഗവുംനിമിത്തം സാധാരണ തീരപ്രദേശങ്ങളിലെ ആളുകൾ വർഷംപ്രതിയെന്നോണം വളരെ ദുരിതങ്ങൾ അനുഭവിക്കുന്നുണ്ടു്. ഇങ്ങനെയുള്ള പകർച്ചവ്യാധികളിൽനിന്നും മററുള്ളവർക്കു ഉപദ്രവം നേരിടാതിരിക്കാൻ ഗവണ്മെൻറിൽനിന്നും പ്രധാനമായി കൈക്കൊള്ളേണ്ട ഒരു നടപടി സിനിമാശാലകളിലും, ഉത്സവസ്ഥലങ്ങളിലും ഈ രോഗം ബാധിച്ചിട്ടുള്ളവർ കുറെ കാലത്തേക്കെങ്കിലും സഹകരിക്കാതിരിക്കുന്നതിനു നിർബ്ബന്ധിക്കുകയാണു്. ഈ രോഗങ്ങൾ വന്നു ഭേദപ്പെട്ടാലും കുറെ കാലത്തേക്കു രോഗാണുക്കൾ പകർച്ചശക്തിയോടുകൂടി വ്യാപരിക്കുന്നതാണു്. പബ്ലിക്കഹെൽത്തു ഡിപ്പാർട്ടുമെൻറിൽനിന്നും ഇങ്ങനെയുള്ള പൊതുജനാ

[ശ്രീ. യു. നീലകണ്ഠൻ]

രാജ്യപരിപാലനത്തിൽ കാര്യമായി ശ്രദ്ധിക്കുന്നതായി കാണുന്നില്ല. ഇതിനെപ്പററി ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

തൊഴിലില്ലായ്മ പരിഹരിക്കണമെന്നു കാൺഗ്രസുകാർ പറയുന്നുണ്ടെങ്കിലും, അതിനുവേണ്ടി ഈ ബഡ്ജററിൽ, യാതൊരു പരിഹാരവും കാണാതെ വാസ്തവത്തിൽ മുൻഗവണ്മെൻറു അനുവദിച്ച കാര്യങ്ങൾപോലും ചെയ്യാൻ തയ്യാറാകാതെ പ്ലാനിംഗിൻെറ പേരിൽ അവഗണിച്ചിരിക്കുന്നതു വളരെയധികം ഹൃദയവേദന ഉണ്ടാക്കുന്നതാണ്.

വ്യവസായോദ്ധാരണത്തിനായി, ഇവിടെ കാര്യമായി ഒന്നും ചെയ്യുന്നില്ലെന്നു കയർ വ്യവസായത്തിൻെറ സ്ഥിതി പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. കയർ വ്യവസായത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി സത്വരമായ നടപടികൾ സ്വീകരിക്കണമെന്നു മുഖ്യമന്ത്രിയോടു പ്രത്യേകം ഒരഭ്യർത്ഥനയുണ്ട്. അതുപോലെതന്നെ നെയ്ത്തിനെ സംബന്ധിച്ചിടത്തോളവും വളരെയധികം അനാസ്ഥയാണു കാണിക്കുന്നതു്. 61 ലക്ഷം രൂപാ കയർ ഇൻഡസ്ട്രിക്കു ഒന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതു് പ്രയോജനപ്പെടുത്താൻ യാതൊരു പരിപാടിയും കാണുന്നില്ല. 55-56-ൽ 20 ലക്ഷം രൂപയാണു ഉൾപ്പെടുത്തിയിട്ടുള്ളതു്. 55-56-ൽ 42 ലക്ഷം രൂപാ ചെലവാക്കാൻ ബഡ്ജററിൽ കൊള്ളിക്കേണ്ടതായിരുന്നു. 20 ലക്ഷം മാത്രം കൊള്ളിച്ചിരിക്കുന്ന തുകയും എങ്ങനെ വിനിയോഗിക്കുന്നുവെന്നു കണ്ടുതന്നെ അറിയണം. സഹകരണപ്രസ്ഥാനം വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനു വ്യവസ്ഥ ചെയ്യണം. നെയ്ത്തുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം മില്ലുത്തുണികളുമായി മത്സരിച്ചു കൂടുതൽ മേനിയും, മേന്മയുമുള്ള വസ്ത്രങ്ങൾ ഉണ്ടാക്കുന്നതിനു ആവശ്യമായ ഒരു കലണ്ടറിംഗ് പ്ലാൻറു ആവശ്യമാണെന്നും, അതുണ്ടായാൽ മേനിയും, ഭംഗിയുമുള്ള വസ്ത്രങ്ങൾ നിർമ്മിക്കാൻ സാധിക്കുമെന്നും മുമ്പു പലരും പറഞ്ഞിട്ടുള്ളതാണ്. ഇങ്ങനെ ആവശ്യമായ കാര്യങ്ങൾക്കൊന്നും പണം വിനിയോഗിക്കാതെ, പ്രോത്സാഹനത്തിനു കിട്ടുന്ന പണം ലാപ്സാക്കി കളയുന്ന പദ്ധതി സ്വീകരിച്ചിരിക്കുന്നതു വളരെ ഖേദകരമാണ്. ഈ വിധത്തിലുള്ള നിർജ്ജീവപദ്ധതികൾകൊണ്ടു തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കാമെന്നു കാൺഗ്രസ്സുകാർ സ്വപ്നം കാണുന്നതു ഫലപ്രദമാകാൻ പോകുന്നില്ല.

വില്പനനികുതിയിൽനിന്നും കയർവ്യവസായത്തെ ഒഴിവാക്കേണ്ടതു അത്യാവശ്യമാകുന്നു. കയർ ഡീലേഴ്സ് അസോസിയേഷൻ ഗവണ്മെൻറിനെ സമീപിച്ചു പല പ്രാവശ്യം നിവേദനം നടത്തുകയും പി.എസ്.പി ഗവണ്മെൻറു താൽക്കാലികമായി സെയിൽസ്ടാക്സു നിറുത്തി വയ്ക്കുകയും ചെയ്യുകയുണ്ടായി. തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചിടത്തോളം ഏററവും വലിയ പ്രാധാന്യമുള്ള കയർ വ്യവസായത്തെ സെയിൽസ്ടാക്സിൽനിന്നും ഒഴിവാക്കേണ്ടതു ആവശ്യമാണ്. അതിനെപ്പററി ബഡ്ജററിൽ യാതൊന്നും പറഞ്ഞുകാണുന്നില്ല. വിശേഷിച്ചും ചിറയിൻകീഴ് തുടങ്ങിയ തീരപ്രദേശങ്ങളിൽ വ്യവസായങ്ങൾ തകരാറായി, ചെറുകിട വ്യവസായികൾ വൻപിച്ച തുകകൾ ഗവണ്മെൻറിലേക്കു കൊടുക്കേണ്ടതു എട്ടും, പത്തും ലക്ഷം രൂപാ കുടിശ്ശികയായിട്ടിരിക്കുന്നതു്. വിലയുടെ 75%

കൂലിയിനത്തിൽ വിതരണം ചെയ്യുന്ന വ്യവസായത്തിൽ വില്പനനികുതി ചുമത്തുന്നതു് അധ്വാനിക്കുന്ന വിഭാഗത്തിന്റെ മേൽ ചുമത്തുന്ന ദുർവഹമായ അനീതിയാണു്. ഇങ്ങനെ ചുമത്തപ്പെട്ടിരിക്കുന്ന സെയിൽസ്ടാക്സ് ഈടാക്കുന്നതിന്റെ പ്രോസിക്യൂഷൻ നടപടിയെടുക്കുന്നതു ഗ്രാമപ്രദേശങ്ങളിലെ തൊഴിലില്ലായ്മയെ കൂടുതൽ ബാധിക്കുന്നതാണു്. ഇതുസംബന്ധിച്ച് വളരെയധികം പറയാനുണ്ടെങ്കിലും ഇനിയൊരവസരത്തിലേക്കു മാററിവയ്ക്കുകയാണു്.

സർ, ഞാൻ മുഖ്യമന്ത്രിക്കു് പോലീസു് അഴിമതിയെപ്പററി ഒരു പരാതി അയച്ചിട്ടുണ്ടായിരുന്നു. പോലീസുകാരുടെ അഴിമതിയും അക്രമങ്ങളും എല്ലാവർക്കും അനുഭവപ്പെടുന്നുണ്ടു് ഇടതുപക്ഷക്കാർക്കാണെങ്കിൽ തല്ലുകൊണ്ടു എല്ലൊടിഞ്ഞിട്ടുള്ള അനുഭവങ്ങൾ ധാരാളമാണു്. അവർക്കു അതിൽ വലിയ സങ്കടമില്ല. എന്നാൽ പാവപ്പെട്ട കോൺഗ്രസ്സുകാർക്കുകൂടി ഈ വിഷമം അനുഭവിക്കേണ്ടിവരുന്നുണ്ടെന്നുള്ളതാണു് കഷ്ടം. ഈ ഫെബ്രുവരി 16-ാംനു- കടയ്ക്കാവൂർ ലോക്കപ്പിൽനിന്നും മൂന്നു ദിവസം കഴിഞ്ഞു പുറത്തിറങ്ങിയ ഒരു സഖാവിൽ നിന്നു 43 രൂപാ പോലീസു് കൈക്കൂലി വാങ്ങിയതും റിമാൻഡ് അനുവദിക്കാതെ തടവിൽ പാർപ്പിച്ചതും എന്നെ ധരിപ്പിച്ചു. ആൾ കടയ്ക്കാവൂർകാരനാണു്, അയാളെ മൂന്നു ദിവസം ലോക്കപ്പിൽ വച്ചിരുന്നു. ഞാൻ ഇതിനെപ്പററി മാർച്ച് 16-ാംനു- പരാതി മുഖ്യമന്ത്രിക്കയച്ചിരുന്നു. യാതൊരു നടപടിയും എടുത്തിട്ടില്ല. ഈ അഴിമതിക്കു തെളിവു കൊടുക്കാൻ തയ്യാറാണു്. പാവപ്പെട്ട കോൺഗ്രസ്സുകാർക്കുപോലും പോലീസിന്റെ കീഴിൽ രക്ഷയില്ല. ഈ തരത്തിലുള്ള പല പോലീസുകേസുകളും രാജ്യത്തു പല ഭാഗത്തും നടക്കുന്നുണ്ടു്. ഈ കാര്യങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തിക്കൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സർ, ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന നാനാവിഷയങ്ങളെ പരാമർശിച്ചുകൊണ്ടു് ഞാൻ സംസാരിക്കുന്നില്ല. വളരെ ചുരുങ്ങിയ സമയത്തിനകത്തു് ഒന്നു് രണ്ടു് പ്രധാന സംഗതികൾ ചൂണ്ടിക്കാണിക്കാനേയുള്ളൂ.

12 Noon.]

പണ്ടു് ഒരു പേഷ്കാർ ഉണ്ടായിരുന്നു. ആ പേഷ്കാരുടെ പക്കൽ നാട്ടുകാർ ഹർജികൾ ബോധിപ്പിക്കുക പതിവായിരുന്നു. അദ്ദേഹം രണ്ടു മാസത്തിലൊരിക്കലേ കച്ചേരിയിൽ വരികയുള്ളൂ. രണ്ടുമാസത്തിലൊരിക്കൽ വരുമ്പോൾ സങ്കടക്കാരായ എമ്പരപ്പു് ആളുകൾ ഹർജികളുമായി ഹാജരാകും. അതിൽ ആദ്യമേ ഒരാളെ വിളിച്ചു് ആ പേഷ്കാർ ചോദിക്കും താൻ ഒരു ഹർജി അയച്ചോ എന്നു്. അപ്പോൾ "അടിയനു് സങ്കടം ഉള്ളതുകൊണ്ടു് ഒരു ഹർജി അടിയൻ ബോധിപ്പിച്ചു. എന്നിട്ടു് അങ്ങനെ കാത്തിരിക്കുകയായിരുന്നു" എന്നു് അയാൾ പറയും. "എത്ര നാളായി ഹർജി കൊടുത്തിട്ടു്? "എട്ടു മാസമായി." "ഓഹോ, ഇപ്പോൾ അതെപ്പററി അന്വേഷിക്കാൻ ചിന്തിക്കുകയാണു്. ശരി, താൻ എട്ടു മാസത്തിനുമുൻപു് ഒരു ഹർജി അയച്ചിട്ടു് വീട്ടിൽ സുഖമായി ഉറങ്ങി അതെപ്പററി ഇപ്പോൾ അന്വേഷിക്കാനായി ഇങ്ങോട്ടു് കെട്ടി എടുത്തിരിക്കുകയാണു്." എന്നു പറയും. ഇതുകേട്ടു് അയാൾ പകച്ചു് പതുക്കെ പിന്നോക്കം പോകും. രണ്ടാമത്തെ ആളെ വിളിച്ചു് അയാളോടു് ചോദിക്കും "എന്താടോ കാര്യം" എന്നു്. അയാൾ പറയും "അടിയൻ ഇന്നമാസം ഇത്രാംതീയതി ഒരു ഹർജി ബോധിപ്പിച്ചു. അതിനു മറുപടി ഒന്നും കിട്ടിയില്ല. പിറേറ മാസവും

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

ഇരുപത്തിയാം തീയതി ഒരു ഹർജി ബോധിപ്പിച്ചു. പിന്നെ പിന്നത്തെ മാസത്തിലും ബോധിപ്പിച്ചു." ഉടനെ പേഷ്കാർ ചോദിക്കയായി "അങ്ങിനെ എത്ര ഹർജികൾ ബോധിപ്പിച്ചു" എന്ന്. സങ്കടക്കാരൻ പറഞ്ഞു "ഇങ്ങനെ ഒൻപതു് ഹർജികൾ അയച്ചു" എന്ന്. അതുകേട്ടു് പേഷ്കാർ "അപ്പോൾ തനിക്ക് വീട്ടിൽ കുറെ കടലാസ്സും മഷിയും ഉണ്ടു്. യാതൊരു ജോലിയും ഇല്ലാതെ അങ്ങനെ ഹർജികൾ അയയ്ക്കുകയാണു് തന്റെ പതിവ്." ഇങ്ങനെ പറഞ്ഞു അയാളേയും അയച്ചു. അങ്ങനെ രണ്ടു തരത്തിൽ ഹർജിക്കാരോടു് പെരുമാറിയ നയചതുരനായ ഒരു പേഷ്കാർ കൊച്ചിയിൽ പണ്ടു് ഉണ്ടായിരുന്നു. ഏതാണ്ടു് ഇതുപോലെയാണു് ചോദ്യോത്തരസമയത്തു് ചില മന്ത്രിമാരുടെ മറുപടി കേൾക്കുമ്പോൾ എനിക്കു് എന്നല്ല എന്നെപ്പോലുള്ള മററംഗങ്ങൾക്കും തോന്നിപ്പോകുന്നതു്. ഇതാരേയും ആക്ഷേപിക്കാനല്ല ഞാൻ പറഞ്ഞതു്. മഹാരാജാക്കന്മാരുടെ ഭരണകാലത്തുപോലും അവർ ജനങ്ങളുടെ താല്പര്യങ്ങളേയും അഭിലാഷങ്ങളേയും പരിഗണിച്ചുപോന്നിരുന്നു. ഇന്നാണെങ്കിൽ ഈ നാട്ടിലെ ജനപ്രതിനിധികൾ എന്നുള്ള നിലയിൽ ജനങ്ങളുടെ താല്പര്യങ്ങളും അഭിലാഷങ്ങളും പരിരക്ഷിക്കേണ്ട ഭരണകർത്താക്കളായിട്ടാണു് ഈ മന്ത്രിമാർ കരുതപ്പെട്ടിരിക്കുന്നതു്. മഹാരാജാക്കന്മാരും അവരുടെ താഴെയുള്ള ദിവാൻജിമാരും ഭരണം നടത്തിക്കൊണ്ടിരുന്ന കാലത്തു് തങ്ങളുടെ താഴെയുള്ള ഉദ്യോഗസ്ഥന്മാർ വല്ല പരാതിയും നേരിട്ടു് ബോധിപ്പിക്കുകയാണെങ്കിൽ പ്രജാകാരുണ്യത്തോടുകൂടി ആ കാര്യം വീക്ഷിക്കുമെന്നും അതാതു ഡിപ്പാർട്ടുമെന്റ് മുഖേന അടിയന്തിരമായ പരിഹാരം ഉണ്ടാക്കിക്കൊടുക്കുമെന്നും ജനങ്ങൾക്കു പൊതുവേ വിശ്വാസം ഉണ്ടായിരുന്നു. അന്നു് മഹാരാജാവിനേയോ ദിവാൻജിയേയോ നേരിട്ടു കണ്ടു് സങ്കടം അറിയിച്ചാൽ അതിനു നിശ്ചയമായും പ്രജാവാത്സല്യത്തോടുകൂടി അവർക്കു് അടിയന്തിരമായി പരിഹാരം ചെയ്യുമെന്നു് ന്യായമായിട്ടു് വിശ്വാസമുണ്ടായിരുന്നു. അതു മുഴുവൻ ശരിയാണെന്നു് ഞാൻ പറയുന്നില്ല. എങ്കിലും ഒട്ടേറെ ഈ മഹാരാജാക്കന്മാർ അവരുടെ പ്രജകളെ പ്രജാവാത്സല്യത്തോടുകൂടി പെരുമാറി വന്നിരുന്നു. അതിനു് അനുസരണമായി ദിവാൻജിമാരും ജനോപകാരപ്രദമായി പ്രവർത്തിച്ചുവന്നിരുന്നു എന്നാണു് എന്റെ ഓർമ്മ. ഇതെല്ലാം ട്രഷറിബെഞ്ചുകളിലിരിക്കുന്ന മന്ത്രിമാർക്കും അവർ കുട്ടികളായിരുന്ന കാലത്തായിരുന്നെങ്കിൽത്തന്നെയും ഓർമ്മയുണ്ടായിരിക്കും. ആ കാലങ്ങൾ എല്ലാം കഴിഞ്ഞുപോയി. ഇന്നു് നാം ഒരു നിയമസഭായുഗത്തിലാണു് ജീവിക്കുന്നതു്. അങ്ങനെ മഹാരാജാക്കന്മാരുടേയും ദിവാൻജിമാരുടേയും ഭരണം കഴിഞ്ഞിട്ടു് ഇപ്പോൾ ജനങ്ങളും ഗവണ്മെന്റും തമ്മിൽ ഒരു ലെയിസൺ എന്ന നിലയ്ക്കാണു് ഇന്നു് നിയമസഭ പ്രവർത്തിച്ചുവരുന്നതു്. അതാണു് നിയമസഭ ആവശ്യമായി വന്നിരിക്കുന്നതെന്നാണു് ഞങ്ങളെല്ലാക്കെ മനസ്സിലാക്കുന്നതു്. ഇന്നു് നിയമസഭയാണു് ജനങ്ങളേയും ഉദ്യോഗസ്ഥന്മാരേയും ഒന്നിച്ചു് ഒരു ഭരണപാത്രമായി മുന്നോട്ടു് കൊണ്ടുപോകുവാൻ ഉത്തരവാദപ്പെട്ട സ്ഥാപനമായി വന്നിട്ടുള്ളതു്. ഇങ്ങനെതന്നെയാണു് ഐവർ ജന്നിംഗ്സിന്റെ പുസ്തകം വായിച്ചപ്പോൾ അതിലും പറഞ്ഞിട്ടുള്ളതു്. അതിൽ അദ്ദേഹം ചോദ്യോത്തരവേളയിൽ മന്ത്രിസഭ അനുഷ്ഠിക്കേണ്ട രീതിയെ സംബന്ധിച്ചും ജനപ്രതിനിധികൾക്കു് കൊടുക്കേണ്ട

ഉറപ്പുകളെ സംബന്ധിച്ചും ഒന്നുരണ്ടു വാചകങ്ങൾ മുഖേന വ്യക്തമാക്കിയിട്ടുണ്ടു്. ആ വാചകങ്ങൾ പ്രത്യേകിച്ചും എന്റെ സ്നേഹിതൻ മി. ജാൺ ഒന്നു വായിക്കേണ്ടതാണു്. ഈ രാജ്യത്തെ ജനപ്രതിനിധികൾ ആരുടെ ദയവിനേയും കാംക്ഷിച്ചു പ്രവൎത്തിക്കുന്ന ഭിക്ഷാംദേഹികൾ അല്ല എന്നു് ഞാൻ മന്ത്രിമാരെ അറിയിച്ചുകൊള്ളുന്നു. ഈ രാജ്യത്തെ ജനങ്ങളുടെ പ്രതിനിധികൾ എന്നുള്ള നിലയിൽ ഞങ്ങൾ അവരോടു് ചോദ്യങ്ങൾ ചോദിക്കുകയാണു്. അതിനു് ഇത്ര ധിക്കാരപരമായ മറുപടികൾ പറയുന്നതു് അവൎക്കും അവരുടെ സഹകാരികൾക്കും ദോഷകരമാണെന്നു് ഞാൻ താക്കീതു് ചെയ്യുന്നു. ഞങ്ങൾ ഇവിടത്തെ ഗവണ്മെന്റിനോടു് ചോദിക്കുന്നതു് വീട്ടുകാൎയ്യമല്ല. നിയമസഭ എന്നു പറയുന്നതു് സ്റ്റാറ്റ്യൂട്ടറിയായ ഒരു സ്ഥാപനമാണു്. അതിന്റെ അന്തസ്സിനേയും മഹത്വത്തേയും അറിഞ്ഞു് പ്രവൎത്തിക്കേണ്ടതാണു്. ഇവിടെ പോലീസ്മർദ്ദനത്തെക്കുറിച്ചെല്ലാം ചോദ്യം ചോദിക്കേണ്ടതായി വരും. എന്നാൽ അതിന്റെ യാഥാൎത്ഥ്യം പറഞ്ഞറിയിക്കുന്നതിനു പകരം അനിശ്ചിതപരമായും ധിക്കാരപരമായും ഈ സഭയിൽ മറുപടി പറയുന്നതു് വളരെ ഖേദകരമാണു്. മററു് മന്ത്രിമാരാരും ഈ മാതൃകയിൽ മറുപടി പറയുന്നില്ലായിരിക്കും. മി. ജാൺ ഇങ്ങനെ പറയുന്നതു് മനഃപൂൎവ്വം അല്ലായിരിക്കാം. അദ്ദേഹത്തിന്റെ സഭ്യനിഷ്ഠകൊണ്ടായിരിക്കാം. ഏതായാലും ഇക്കാൎയ്യത്തെക്കുറിച്ചു് അദ്ദേഹം പൎയ്യാലോചിക്കേണ്ടതാണു്. മന്ത്രിമാർ മെംബറന്മാരോടു് കുറെക്കൂടി മൎയ്യാദയോടുകൂടിയും ഡെമോക്രസിയുടെ തത്വങ്ങളെ മനസ്സിലാക്കിയും പ്രവൎത്തിക്കണമെന്നു് ഞാൻ പ്രത്യേകിച്ചു് ഓൎമ്മിപ്പിച്ചുകൊള്ളുന്നു. ഇവിടത്തെ ഭരണപരമായ കാൎയ്യങ്ങളെ സംബന്ധിച്ചു് ഏതെങ്കിലും ഒരു പരാതി ഉന്നയിച്ചാൽ ആ പരാതി ഉന്നയിക്കുന്ന മെംബർ പൊതുവിൽ കുററക്കാരനാകുമെന്നുമാത്രം. ഞങ്ങളിൽ ഓരോരുത്തരും ഓരോ പരാതി ഉന്നയിക്കുമ്പോൾ ഞങ്ങളെ കുററക്കാരായിമാത്രം വീക്ഷിക്കുന്നതു് ശരിയല്ല. അതു് ഈ ഭാഗത്തിരിക്കുന്ന മെംബറന്മാരെ പററി മാത്രമല്ല, അതു് ട്രഷറിബെഞ്ചുകളുടെ അപ്പുറത്തിരിക്കുന്നവരായാലും ഇപ്പുറത്തിരിക്കുന്നവരായാലും കുററക്കാരാണെന്നുള്ള നിലയിൽ ഈ സഭയിൽ പരാതി കൊണ്ടുവരുന്നതല്ല എന്നുള്ളതു് പ്രത്യേകിച്ചു് മന്ത്രിമാർ മനസ്സിലാക്കണം. ഈ മെംബറന്മാർ ഒരു പരാതി ഉന്നയിച്ചാൽ അതു് ഗവണ്മെന്റും മന്ത്രിമാരും ഒട്ടും വകവയ്ക്കുകയില്ല എന്നു് ഈ രാജ്യത്തു് ഒട്ടാകെ ഒരു സംസാരമുണ്ടു്. മെമ്പറന്മാർ ബോധിപ്പിക്കുന്ന പരാതി അടിസ്ഥാനരഹിതമായതാണെന്നു് പറയുന്നതു് പരമ്പരയായി ഇന്നു് ജനങ്ങൾക്കു് ഉണ്ടായിരിക്കുന്ന ബോദ്ധ്യമാണു്. ഇത്തരത്തിൽ നാം ജനാധിപത്യത്തെ വളരെയേറെ അധഃപതിപ്പിക്കുന്നുണ്ടു്.

വേറൊരു കാൎയ്യംകൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. അതായതു് ട്രേഡ്യൂണിയൻ കാൎയ്യങ്ങളിൽ ചിലപ്പോൾ പോലീസ് ഇടപെടേണ്ടിവരുമെന്നു് മുഖ്യമന്ത്രി പറഞ്ഞു. അതു് അദ്ദേഹം ഏൾക്കുകയുമാണു്. അതൊക്കെ കുറെ ശരിയായിരിക്കും. നിയമസമാധാനപരിപാലനത്തിനു് പോലീസിനു് ചിലപ്പോൾ ഇടപെടേണ്ടതായി വരുമെന്നാണു് പറയുന്നതു്. അതു മുഴുവനും ശരിയാണെന്നു തോന്നുന്നില്ല. ഒരു ഒററ ഉദാഹരണം ഞാൻ പറയാം. ഒരു കാൎയ്യത്തെ സംബന്ധിച്ചു് ഒരു കളക്ടർ ഒരുത്തരവു് കൊടുത്തിരുന്നു. അതു സംബന്ധിച്ചു് ഒരു സ്റ്റേക്കു് ഇൻജംഗ്ഷൻ ആർഡർ മുൻസിഫും പുറപ്പെടുവിച്ചിരുന്നു. എന്നാൽ പോലീസുകാർ കളക്ടരുടെ ഉത്തരവിനെയാണു് [illegible]

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

ബഹുമാനിക്കേണ്ടതെന്നും മുൻസിഫിന്റെ ഉത്തരവ് പരിഗണിക്കേണ്ടതില്ലെന്നും പറഞ്ഞുകൊണ്ട് മുൻസിഫിന്റെ ഉത്തരവ് വലിച്ചുകീറി. ഇതു എനിക്കു സൂക്ഷ്മമായി അറിയാവുന്ന ഒരു കാര്യമാണ്. ഈ കാര്യങ്ങൾ ഗവണ്മെന്റിനെ അറിയിച്ചാൽ അതു് സാദ്ധ്യമല്ലെന്നു പറഞ്ഞു് തള്ളിക്കളയുന്നതു് കുറെ കഷ്ടമാണ്. ട്രഷറി ബെഞ്ചുകളിലിരിക്കുന്നവരും അവരുടെ ഇഷ്ടക്കാരും പറയുന്നതുമാത്രം സത്യം, മററുള്ളവർ പറയുന്നതു് അവർ എന്തു പറഞ്ഞാലും സത്യമാണോ പറയുന്നതു് എന്നൊരു സംശയം. അതൊരു മാഡിഫൈഡ് ട്രൂത്താണെന്നാണ് പറയുന്നതു്. മുൻസിഫിന്റെ ഉത്തരവ് ഒരു ഭാഗത്തും കളക്ടരുടെ ഉത്തരവ് മറുഭാഗത്തും ഉണ്ടെങ്കിൽ അതിൽ ഏതാണ് ന്യായമായിട്ടുള്ളതു് എന്നുള്ളതിന് ഖണ്ഡിതമായ നില നാം സ്വീകരിക്കേണ്ടതായി വരും. അങ്ങിനെയുള്ള സന്ദർഭത്തിൽ ഇപ്പോൾ ചെയ്തുകഴിഞ്ഞിട്ടുള്ള നടപടികൾ ശരിയാണോ എന്ന് മന്ത്രിമാർ ആലോചിച്ച് തീരുമാനിക്കണം. എന്നാൽ ഇപ്പോൾ അതല്ലാ നടക്കുന്നതു്. ഇപ്പോഴും ആ പഴയ രീതിയിൽ തന്നെ നിയമസമാധാനങ്ങൾ പരിരക്ഷിക്കപ്പെട്ടുവരികയാണ്. ഇന്ന് പോലീസ്മർദ്ദനങ്ങളെ സംബന്ധിച്ച് പരാതിപ്പെടുന്നപക്ഷം 99 ശതമാനവും അടിസ്ഥാനരഹിതമാണെന്നാണ് പറയുന്നതു്. മർദ്ദനത്തെ സംബന്ധിച്ച് എന്തു പരാതികൾ കൊടുത്താലും അടിസ്ഥാനരഹിതമാണെന്ന പല്ലവിയാണ് ഗവണ്മെന്റ് ഭാഗത്തുനിന്നും കേൾക്കുന്നതു്. ഈ ഭാഗത്തിരിക്കുന്നവർ കൊണ്ടുവരുന്നതിനെപ്പററി പറയാനില്ല. ഈ ഭാഗത്തു ഇരിക്കുന്നതുകൊണ്ട്, അവർ കൊണ്ടുവരുന്ന പരാതികളിൽ നൂറെണ്ണത്തിൽ പത്തെണ്ണംപോലും അടിസ്ഥാനമുള്ളതായി കാണുകയില്ലല്ലോ. അതുകൊണ്ട് എനിക്കു പറയാനുള്ളതു് കുറെക്കൂടി ജനാധിപത്യബോധത്തോടുകൂടി പോലീസുമന്ത്രിയും മററുമന്ത്രിമാരും മെമ്പറന്മാരോട് പെരുമാറണമെന്നാണ്. വേറെ കാര്യങ്ങളിലേക്കു ഞാൻ കടക്കുന്നില്ല. ജനാധിപത്യപരമായി ഭരിക്കുന്നു എന്നഭിമാനിക്കുന്ന മന്ത്രിസഭയോട് ബ്രിട്ടീഷ് കാമൺസിലെപ്പോലെ മെമ്പറന്മാരോട് മര്യാദയോടും, പൌരസ്വാതന്ത്ര്യബോധത്തോടും ഇവിടെ ഉന്നയിക്കുന്ന പരാതികളെ സംബന്ധിച്ച് പരാതികൾ ഉന്നയിക്കുമ്പോൾ അവയുടെ അന്വേഷണത്തിനു പരാതി ഉന്നയിക്കുന്ന ഒരു മെമ്പറെക്കൂടി പങ്കെടുക്കുന്നതിനു ഒരവസരം കൊടുത്തും പരമാർത്ഥം മനസ്സിലാക്കിയും സ്പെസിഫിക്കേഷനോടുകൂടി പേഴ്സനലായി ഉദ്യോഗസ്ഥന്മാർ അന്വേഷണം നടത്തിയും അതിനു പരാതി ഉന്നയിച്ച മെമ്പർക്കുകൂടി വായിസ് ഉണ്ടാക്കുക എന്നുള്ളതു് ആവശ്യമായിട്ടുള്ള ഒരു കാര്യമാണ്. കുറഞ്ഞതു് അത്രയെങ്കിലും ചെയ്യാൻ നിങ്ങൾ ഒന്നാലോചിക്കണം. നിങ്ങൾ ഇതേപ്പററി ഒന്നാലോചിച്ചു പ്രവർത്തിച്ചാൽ കൊള്ളാമെന്നു ഞാൻ ഈ അവസരത്തിൽ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ വാദപ്രതിവാദങ്ങളുണ്ടായിട്ടുള്ളതു വളരെ ജനറലൈസ്ഡ് ആയിട്ടുള്ള ചില പ്രസ്താവനകളാണ്. പ്രത്യേകിച്ചും ബഹുമാനപ്പെട്ട ചേർപ്പു മെമ്പർ അദ്ദേഹത്തിന്റെ ഭംഗിയേറിയ ഭാഷയിൽ ഒടുവിൽ ചെയ്ത പ്രസംഗം ഈ നിയമസഭാനടപടികൾ ഏതു വിധത്തിലാണിരിക്കേണ്ടതു എന്നുള്ളതിനെപ്പററിയുള്ള പ്രസംഗമായിട്ടാണു കലാശിച്ചതു്. നാം വാദപ്രതിവാദം തുടങ്ങി

യളു വരുന്ന ഒരു മാസത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ടസ് ഒന്നു പാസ്സാക്കിത്തരണം എന്നുള്ള നിലയ്ക്കാണ്. ഈ വോട്ട് ഓൺ അക്കൗണ്ട്സ് ഒരു പുതിയ സംപ്രദായമാണ്. ഇതിനുമുമ്പുതന്നെ ഈ നിയമസഭയിൽ വോട്ട് ഓൺ അക്കൌണ്ട്സ് വന്നിട്ടുള്ളതു ഈ രീതിയിലല്ല. ബഡ്ജററ മുഴുവൻ കൊണ്ടുവന്ന് അതിനുശേഷം വോട്ട് ഓൺ അക്കൌണ്ട് പാസാക്കുക, പിന്നീട് ബഡ്ജററുകൊണ്ടുവന്നു പാസാക്കുക ഇങ്ങനെയാണ് ഉണ്ടായതു്. ഈ തവണ ആ സംപ്രദായം മാററി ഓരോ ഡിപ്പാർട്ടുമെൻറിലേക്കും 12 മാസത്തേക്കു വന്നേക്കാവുന്ന ചെലവിൻെറ പന്ത്രണ്ടിലൊന്നു, അവശ്യം വേണ്ടതായ ചെലവിലേക്കായി ഈ പ്രമേയം ഗവണ്മെൻറിനുവേണ്ടി ഞാൻ കൊണ്ടുവന്നിരിക്കുകയാണ്. അതിൻെറ വാദപ്രതിവാദം ഏതു രീതിയിലായിരിക്കണമെന്നു ഒരു കൺവെൻഷൻ, സ്പീക്കറായ അങ്ങും ലീഡർ ഓഫ് ദി ഓപ്പോസിഷനും, ലീഡർ ഓഫ് ദി ഹൌസായ ഞാനും കൂടി യോജിച്ചു അംഗീകാരത്തിനുവേണ്ടി വയ്ക്കുകയാണെങ്കിൽ അതു വളരെ നന്നായിരിക്കും. അതാണു ഇന്നത്തെ വാദപ്രതിവാദം കേട്ടപ്പോൾ എനിക്കു തോന്നിയതു്. അതിനെപ്പററി ഒരു നല്ല കൺവെൻഷൻ ഉണ്ടാകുന്നതായ നിലയിൽ, കുറച്ചു കാര്യക്ഷമമായ വിധത്തിൽ കുറച്ചു കാഗ്രതയോടുകൂടി വാദപ്രതിവാദം ചെയ്യുന്നതിനു സഹായകമാകുന്നു എങ്കിൽ നന്ന് എന്നെനിക്കു തോന്നുന്നു. പിന്നെ അങ്ങയുടെ ഇഷ്ടം പോലെ.

ഞാൻ ഇത്രയും പറയുവാനുള്ള കാരണം ഇവിടെ മൂന്നു ദിവസമായി നടന്ന ബഡ്ജററിൻെറ പൊതു വാദപ്രതിവാദത്തിനിടയിൽ പ്രസംഗിക്കാനുള്ള അവസരമായിട്ടാണു ബഹുമാനപ്പെട്ട മെംബർമാർ ഈ ഡിബേററ് ഉപയോഗിച്ചതു് എന്നു തോന്നിപ്പോയതുകൊണ്ടാണ്. ആരേയും ആക്ഷേപിക്കാനോ, പഴിക്കാനോ ആയിട്ടല്ല ഞാനിതു പറഞ്ഞതു്. അങ്ങനെ എത്തുംപിടിയും ഇല്ലാത്തവിധത്തിൽ, ഒരു വാദപ്രതിവാദത്തിനു മറുപടി പറയേണ്ട ഘട്ടത്തിൽ ഞാൻ എത്തുകയുണ്ടായി. അപ്പോൾ ഞാൻ ചിലതെല്ലാം പറഞ്ഞു എന്നല്ലാതെ എല്ലാ കാര്യങ്ങൾക്കും മറുപടി പറയുവാൻ സാധിച്ചില്ല. ബഡ്ജററിലെ പൊതുവിമർശനത്തിനുശേഷം ഞാൻ മറുപടി പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച എല്ലാ കാര്യങ്ങളേയും സ്പർശിക്കുകയുണ്ടായില്ല. അങ്ങനെ ചെയ്യാതിരുന്നതു് അവ പ്രധാനപ്പെട്ടവ അല്ലാഞ്ഞിട്ടോ, ആ പ്രസംഗത്തിൽ കാമ്പ് ഇല്ലാഞ്ഞിട്ടോ അല്ല. അത്രയേറെ സമയമില്ലാഞ്ഞിട്ടു മാത്രമാണ്. അതു പോലെ ബഹുമാനപ്പെട്ട അംഗങ്ങൾ ഇപ്പോൾ പറഞ്ഞ എല്ലാററിനും ഞാൻ മറുപടിപറഞ്ഞില്ലെങ്കിൽ അവർ പറഞ്ഞ കാര്യങ്ങൾക്കു പ്രാധാന്യമില്ലാത്തതുകൊണ്ടാണെന്നു ധരിക്കരുതു്. ഗവണ്മെൻറിൻെറ നയത്തെ സംബന്ധിച്ചു് തെററിദ്ധാരണ ഉണ്ടായേക്കാം എന്നു തോന്നിയ ചില കാര്യങ്ങളെപ്പററി മാത്രം ഞാൻ പറയാൻ ഭാവിക്കുകയാണ്. സ്വാഭാവികമായി ജോസഫ് ചാഴിക്കാട്ട് പറഞ്ഞ ഒരു കാര്യത്തിനു ഞാൻ പ്രാമുഖ്യം കൊടുക്കുന്നു; പ്രത്യേകിച്ചും മിസ്റ്റർ യശോധരൻ അതിനെ എടുത്തു പറഞ്ഞതുകൊണ്ടു്. മുൻ ഗവണ്മെൻറ ചെയ്ത കാര്യങ്ങൾ കേവലം പാർട്ടി പരിഗണനകൊണ്ടു മാത്രം മാററിവെക്കുകയാണ് എന്നു മിസ്റ്റർ ജോസഫ് ചാഴിക്കാട്ട് അഭിപ്രായപ്പെടുകയുണ്ടായി. അതു് എന്തെന്നുപോലും മനസ്സിലാക്കാതെ മിസ്റ്റർ യശോധരൻ ഗവണ്മെൻറിനെ കുററപ്പെടുത്തുകയും ചെയ്തു.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഇവിടെ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന നാഷനൽ എക്സ്റ്റെൻഷൻ സർവ്വീസ് ഏഴരലക്ഷം രൂപാ ചെലവുചെയ്തു തെരഞ്ഞെടുക്കപ്പെടുന്ന പ്രദേശങ്ങളിൽ പ്രവർത്തനം നടത്താനാണ് ഉദ്ദേശിക്കുന്നതു്. ഈ. എൻ. ഇ. എസ്സ്. ബ്ളോക്കുകൾ പ്ലാനിംഗ് കമ്മീഷൻ ഉദ്ദേശിക്കുന്ന രീതിയിൽ വേണ്ടവണ്ണം പ്രവർത്തിച്ചിട്ടുണ്ടെന്നും ജനങ്ങളുടെ സഹായത്തോടുകൂടി തൃപ്തികരമായി പ്രവർത്തിച്ചിട്ടുണ്ടെന്നും കണ്ടാൽ ഡെവലപ്പുമെൻറ ബ്ളോക്കുകളാക്കാൻ നാഷനൽപ്ലാനിംഗ് കമ്മീഷന് ഉദ്ദേശമുണ്ടു്. എൻ. ഈ. എസ്സ്. ബ്ളോക്കിനു ഏഴരലക്ഷം രൂപയും ഡെവലപ്പുമെൻറ ബ്ളോക്കിനു 15 ലക്ഷം രൂപായുമാണ് അനുവദിച്ചിട്ടുള്ളതു്. അതനുസരിച്ചു് അനവധി എൻ. ഈ. എസ്സ്. ബ്ളോക്കുകൾ ഡെവലപ്പുമെൻറ ബ്ളോക്കുകളായി ഉയർത്തിയിട്ടുണ്ടു്. തിരുവിതാംകൂർ—കൊച്ചിയിൽ അങ്ങനെ ഒരു എൻ. ഈ. എസ്സ്. ബ്ളോക്കുപോലും ഉയർത്തിയിട്ടില്ല. അടുത്തകാലത്തേക്കു് ഒരു ബ്ളോക്കുപോലും ഡെവലപ്പുമെൻറ ബ്ളോക്കാക്കി ഉയർത്താതിരിക്കുന്നതിൻെറ കാരണം, ഈ വർഷത്തിൽ എൻ. ഇ. എസ്സ്. ബ്ളോക്കുകൾ വേണ്ടിടത്തോളം പുരോഗമിക്കുന്നതുകൊണ്ടും വേണ്ടവണ്ണം പ്രവർത്തിക്കാത്തതുകൊണ്ടുമാണ്. എൻ. ഇ. എസ്സ്. ബ്ളോക്കുകൾകൊണ്ടുദ്ദേശിക്കുന്നതു് ജനങ്ങളുടെ ഇടയിൽ ഉള്ള മത്സരങ്ങളും മററും മാററി അവരുടെ സഹായത്തോടും സഹകരണത്തോടുംകൂടി തൊഴിൽപരമായും സാംസ്കാരികമായും മററുമുള്ള അഭിവൃദ്ധിയെ ലാക്കാക്കി പ്രവർത്തിച്ചു് അവരെ ഉയർത്തണമെന്നുള്ളതാണ്. ഇതു് ഏർപ്പെടുത്തിയിട്ടു മാസം കുറച്ചായി എങ്കിലും അതിൻെറ തലസ്ഥാനം എവിടെയാണ് എന്നു് തീരുമാനിച്ചിട്ടില്ലായിരുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്: അതിൻെറ തലസ്ഥാനം എവിടെയാണെന്നു നിശ്ചയിച്ചുകൊണ്ടു് മുൻ മന്ത്രിസഭ ആർഡർ ഇട്ടിട്ടുണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ക്ഷമിക്കണം. ഞാൻ മുഴുവൻ പറഞ്ഞുകഴിഞ്ഞില്ല.

എൻ. ഈ. എസ്സ്. ബ്ളോക്കു് എവിടെയാണ് വേണ്ടതു് എന്നുള്ള പൂർവ്വചരിത്രത്തിലേക്കു് ഞാൻ ഇപ്പോൾ കടക്കുന്നില്ല. ഏതായാലും ഇവിടെ എൻ. ഈ. എസ്സ്. ബ്ളോക്കുകൾ ഉണ്ടായി. ചിലതൊക്കെ പ്രവർത്തിക്കാൻ വേണ്ടിയാണു ആക്കിയതു്. അതിൻെറ പ്രവർത്തനം നടത്താനുള്ള ആഫീസിൻെറ പ്രവൃത്തിയെടുക്കാനാണ് തലസ്ഥാനം. അതിൻെറ തലസ്ഥാനം എൻെറ പ്രദേശത്തുവന്നാൽ അതു് വലിയ ഒരു കൈവല്യമായിയെന്നുള്ള തെററിദ്ധാരണകൊണ്ടു് പലരും തലസ്ഥാനം തങ്ങളുടെ ദേശത്തു വേണമെന്നു ആവശ്യപ്പെട്ടുവന്നിട്ടുണ്ടു്. അതിൻെറ ഒരാവേശമാണ് നാം ഇവിടെ കാണുന്നതു്. എങ്കിലും ഈ ബ്ളോക്കിനു് എവിടെയാണു തലസ്ഥാനം വേണ്ടതു് എന്നു് ആ ബ്ളോക്കിനകത്തുള്ള പഞ്ചായത്തുകളോടു് ചോദിച്ചു. അവർ യോഗംകൂടി ഗവണ്മെൻറിലേക്കു് എഴുതിഅയച്ചതു് ഒന്നുകിൽ മരങ്ങാട്ടുപള്ളിയിൽ അല്ലെങ്കിൽ കോഴയിൽ വേണമെന്നായിരുന്നു. അങ്ങനെ ആ അഭിപ്രായം തള്ളിവച്ചുകൊണ്ടു് ബഹുമാനപ്പെട്ട രാമപുരം മെംബർ പറയുന്ന തലസ്ഥാനം കുറിച്ചിത്താനത്തു് സ്ഥാപിക്കണം എന്നു്. അതിനു പ്രേരണ നൽകേണ്ടതു് ബഹുമാനപ്പെട്ട രാമപുരം മെംബറിൻെറ ആവശ്യമായിരിക്കാം. കുറിച്ചിത്താനം രാമപുരം നിയോജകമണ്ഡല

ത്തിൽപ്പെട്ടതായിരിക്കാം. മരഞ്ഞാട്ടുപള്ളിയോ കോഴയോ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതല്ലായിരിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്: മരഞ്ഞാട്ടുപള്ളിയും എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വളരെ സന്തോഷം. ഇപ്പോൾ കോഴയിലാണ് ആഫീസ് നടക്കുന്നത്. അവിടെ ഒരു എക്സൈസ് ആഫീസ് ഒഴിഞ്ഞുകിടപ്പുണ്ട്. അവിടെ ആഫീസ് നടത്തിക്കൊണ്ടിരിക്കുന്നു. എന്നിട്ടാണ് അതിനെപ്പറ്റി വാദപ്രതിവാദം നടക്കുന്നത്. കടലാസു നീങ്ങുന്നില്ല. മരഞ്ഞാട്ടുപള്ളിയിൽ ആഫീസിനുള്ള സ്ഥലം കൊടുക്കാമെന്നു പറഞ്ഞു. ഞാൻ ആർഡർ ഇട്ടു, ഇപ്പോൾ എവിടെയാണോ ആഫീസ് നടക്കുന്നത്, മററുതരത്തിൽ തീരുമാനിക്കുന്നതുവരെ, അവിടെത്തന്നെ ആഫീസ് കിടക്കട്ടെ എന്ന്. ഈ എൻ. ഈ. എസ്സ്. ബ്ലാക്കുകൾക്കായി അനുവദിച്ച പണം എത്രയും വേഗത്തിൽ നാട്ടുകാർക്കുവേണ്ടി ചെലവുചെയ്യട്ടെ; അല്ലാതെ, അണ്ടിയോ മൂത്തത്, മാവോ മൂത്തത് എന്ന വഴക്കു വേണ്ടാ എന്നു നിശ്ചയിച്ചു. അതു് രാഷ്ട്രീയ പരിഗണനകൊണ്ടല്ല, ഭരണപരമായ കാര്യങ്ങൾ നടക്കാൻ വേണ്ടിയാണ്. ഈ ഒരു കൊല്ലം കൊണ്ടുതന്നെ ഏഴരലക്ഷം രൂപാ ചെലവുചെയ്തു നാട്ടുകാർക്കു സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ട കാര്യമാണ്. അതു ചെയ്തുകൊടുക്കേണ്ട ഉദ്യോഗസ്ഥൻ എവിടെയിരുന്നു ജോലിചെയ്യണമെന്നുള്ളതിനെപ്പററി ഇപ്പോൾ വഴക്കുപിടിക്കേണ്ട കാര്യമില്ല. അതിനാൽ സമയം കളയുന്നതു് നല്ലതല്ല. ഒരു സർക്കാർ കെട്ടിടത്തിലിരുന്നു് ജോലി ചെയ്തുകൊണ്ടിരിക്കെവേ അതേപ്പററി വാദപ്രതിവാദം ചെയ്തു സമയം കളയേണ്ട കാര്യമില്ല. ഞാൻ അതിനെപ്പററി ഒന്നും തീരുമാനിച്ചിട്ടും ഇല്ല. ഇപ്പോൾ നടക്കുന്ന ഇടത്തിരുന്നു് ഏഴരലക്ഷം രൂപയുടെ ജോലി നടത്താമെന്നല്ലാതെ യാതൊരുദ്ദേശവും എനിക്കില്ല. ഇതൊക്കെ മിസ്റ്റർ ജോസഫ് ചാഴിക്കാട് മിനിഞ്ഞാന്നു എന്നെ വന്നു കണ്ടപ്പോൾ ഞാൻ അദ്ദേഹത്തോടു പറഞ്ഞു. കോഴയിൽ ഇപ്പോഴത്തെ സ്ഥലത്തുവച്ചുതന്നെ ആഫീസ് ഇട്ടുകൊള്ളുവാൻ ആർഡർ ഇട്ടിട്ടുണ്ടെന്നു ഞാൻ പറഞ്ഞു. എന്നിട്ടും അതേപ്പററി എന്തുകൊണ്ടു നടപടി നടത്തിയില്ല എന്നു ജോസഫ് ചാഴിക്കാടൻ ചോദിക്കുന്നു. വാസ്തവത്തിൽ അതിനെപ്പററി നടപടിയൊന്നും എടുത്തിട്ടില്ല. അതിനുവേണ്ടി സമയം കളയേണ്ട, കാര്യങ്ങളത്രത്തോളം നടക്കട്ടെ എന്നു കരുതി അങ്ങനെ ആർഡർ ഇട്ടതാണ്. അല്ലാതെ ബഹുമാനപ്പെട്ട പത്തിയൂർ മെംബർ പറഞ്ഞതുപോലെ ധിക്കാരപരമായി ഞാൻ ഒന്നും ചെയ്തിട്ടില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്: അപ്പോൾ എന്നോടു പറഞ്ഞതു്, സെൻറർ മാററാൻ ഉത്തരവു ചെയ്തിട്ടില്ല എന്നല്ലേ? ഇപ്പോൾ കുറിച്ചിത്താനത്തുനിന്നു സെൻറർ മാററിയിരിക്കുകയല്ലേ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ നടക്കുന്ന സ്ഥലത്തുനിന്നും മാററിയിട്ടില്ല എന്നാണു പറഞ്ഞതു്. കുറിച്ചിത്താനത്തുനിന്നു മാററിയിട്ടുണ്ട്. അതിനുവേണ്ടി വഴക്കു പിടിക്കേണ്ട കാര്യമില്ല. 'കാലത്തിലക്ഷം നിശയായ് കഴിഞ്ഞുപോം' എന്നു കവിതയിൽ പറയുന്നതുപോലെ നമുക്കു കിട്ടുന്ന സ്വല്പ സമയത്തിനുള്ളിൽ ഈ എൻ. ഈ. എസ്സ്.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ബ്ലോക്കിനുവേണ്ടി ചെയ്യാവുന്നത്ര കൂടുതൽ ജോലി ചെയ്യുന്നതിലാണ് ശ്രദ്ധിക്കേണ്ടതു്. ഈ മാതിരിയുള്ള കാര്യങ്ങളിൽ യോജിച്ചുള്ള അഭിപ്രായമില്ലാത്തതുകൊണ്ടാണ് പല കാര്യങ്ങളും വേണ്ടത്ര മുന്നോട്ടു നീങ്ങാതിരിക്കുന്നതു്. ബഹുമാനപ്പെട്ട പത്തിയൂർ മെംബർ എന്തോ, ആരോ, പറഞ്ഞതുകേട്ടു് മുഖ്യമന്ത്രി ധിക്കാരമായി പ്രവർത്തിച്ചു എന്നു പറയരുതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: കുറിച്ചിത്താനത്തു ആഫീസിട്ടു പ്രവർത്തിച്ചാൽ ഏഴരലക്ഷം രൂപ ചെലവാക്കാനൊക്കുകയില്ലെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒക്കും. ഞാൻ കുറ്റം പറയുകയല്ല. ഇടപ്പാറ കോഴയിൽ ആഫീസിട്ടു പ്രവർത്തിക്കുന്നു. പിന്നെ അവിടുന്നു മാറേറണ്ടയാവശ്യം എന്തു്?

അതുകൊണ്ടു് ഈ എൻ. ഇ. എസ്സ്. ബ്ലോക്കിനകത്തുള്ള ഒരു മനുഷ്യന്റെ പാലും തലസ്ഥാനം എവിടെവേണം എന്നുള്ളതിനെപ്പററി ഗവണ്മെൻറിന്റെ മുമ്പിൽ നിവേദനം കൊണ്ടുവരാതിരുന്നാൽ കൊള്ളാം എന്നു ഞാനാഗ്രഹിക്കുന്നു. ആ സമയംകൂടി അതിന്റെ പ്രവർത്തനം തുടരിപ്പിക്കുന്നതിനായി ശ്രമിക്കുന്നതുകൊള്ളാം. ഇതിലൊരു രാഷ്ട്രീയ പരിഗണനയും ഇല്ല. മി. യശോധരൻ തന്നെ, ബഡ്ജററ പ്രസംഗത്തിൽ വരുന്ന കൊല്ലത്തേയ്ക്കുണ്ടാകാൻ പോകുന്ന ആശുപത്രികളെപ്പററി പരാമർശിച്ചുകൊണ്ടു പറയുകയുണ്ടായി, രാഷ്ട്രീയ പരിഗണനകളെ വച്ചുകൊണ്ടായിരിക്കും ഇതൊക്കെ പ്രവർത്തിക്കാൻ പോകുന്നതെന്നു്. ഹരിപ്പാട്ടു് ഒരാശുപത്രി സ്ഥാപിക്കുവാൻ പോകുന്നുണ്ടു്. അതു് രാഷ്ട്രീയ പരിഗണനയാണോ? കൊല്ലത്തു് കൂടുതൽ വാർഡുകൾ ഏർപ്പെടുത്തുന്നതും രാഷ്ട്രീയ പരിഗണനവെച്ചുകൊണ്ടാണോ? രാജ്യത്തിന്റെ ആകമാനമുള്ള താൽപ്പര്യത്തെ പരിഗണിച്ചു് ചെയ്യുന്നതാണിതെല്ലാം. എൻ. ഇ. എസ് ബ്ലോക്ക് ഏർപ്പെടുത്തുവാൻ ഒടുവിൽ ആർഡർ ഇട്ടതു് കൊട്ടാരക്കരയിലാണ്. ഇതും പാർട്ടി പരിഗണനവച്ചു ചെയ്യുന്നതാണോ? ബഹുമാനപ്പെട്ട ചേർപ്പു മെംബർ പറയുകയുണ്ടായി, ഈ നിയമസഭയ്ക്കകത്തു് ഉന്നതമായ മാനദണ്ഡം പുലർത്തണമെന്നു്. അതിനോടു ഞാൻ സർവ്വാത്മനാ യോജിക്കുന്നു. ഇതു പറഞ്ഞുകഴിഞ്ഞു് അദ്ദേഹം എന്റെ നേരെ നോക്കി. ശ്രീ. ജോണിന്റെ നേരെ നോക്കി. പക്ഷെ, അദ്ദേഹത്തിന്റെ അടുത്തിരിക്കുന്ന കുറേപ്പേരുടെ നേരേക്കൂടി അദ്ദേഹം നോക്കേണ്ടതായിരുന്നു. അവരെക്കൂടി പറഞ്ഞു നന്നാക്കിയാൽ കൊള്ളാം.

മാനദണ്ഡം മാനദണ്ഡത്തെ ഉണ്ടാക്കുന്നു. ഉയന്ന തോതു് ഉയന്ന തോതിനെ ഉണ്ടാക്കുന്നു എന്നു വിചാരിച്ചു് ഒരാൾ താഴ്ന്ന മാനദണ്ഡത്തിൽ സംസാരിക്കുകയാണെങ്കിൽ ഞാൻ ആ മാനദണ്ഡത്തിൽ തന്നെ സംസാരിക്കണമെന്നല്ല ഞാൻ പറയുന്നതു്. സർ, ശമ്പളപരിഷ്കാരം സംബന്ധിച്ചു ഒരു പേകമ്മീഷനെ നിയമിച്ചിരിക്കുന്നതു അത്ര ശരിയായില്ലെന്നു ബഹുമാനപ്പെട്ട മെംബറന്മാർ ടി. കെ. കൃഷ്ണനും യശോധരനും പറയുകയുണ്ടായി. മാത്രമല്ല, ശമ്പളപരിഷ്കാരം സംബന്ധിച്ചുതന്നെ പല മാററങ്ങളും വരുത്താനുണ്ടെന്നും അവർ അഭിപ്രായപ്പെടുകയുണ്ടായി. അതൊക്കെ ഉണ്ടായിരിക്കാം. അല്പസ്വല്പം ഇല്ലെന്നു ഞാനും പറയു

ന്നില്ല. എന്നാൽ ഭരണപരമായി അനവധി കാര്യങ്ങളിൽ ഗവണ്മെൻറ് അറൈൻഡ് ചെയ്യേണ്ടതായിട്ടുണ്ട്. അങ്ങനെ വരുമ്പോൾ അഡ്മിനിസ്ട്രേഷനെ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും ഒന്നുപോലെ ശ്രദ്ധിക്കാൻ സാധിച്ചുവെന്നു വരികയില്ല. അങ്ങനെ വരുന്ന അവസരങ്ങളിൽ ഗവണ്മെൻറിനെ സ്വല്പസമയം സഹായിക്കുന്നതിനുവേണ്ടിയാണു ഇതുപോലെയുള്ള സ്പെഷ്യൽ നിയമനങ്ങൾ നടത്തുന്നതു്. ഈ നിയമനംമൂലം ശമ്പളപരിഷ്കാരം സംബന്ധിച്ചു ഉണ്ടായിട്ടുള്ള പരാതികൾക്ക് പരിഹാരം കാണാൻ സാധിക്കുമോയെന്നുള്ളതു് ഈ കമ്മീഷൻ മുഖാന്തിരം നമുക്കറിയാൻ സാധിക്കും. സർ, കഴിഞ്ഞദിവസം ഈ സഭയുടെ നാനാഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള വാദപ്രതിവാദങ്ങൾ ഞാൻ സശ്രദ്ധം കേട്ടുകൊണ്ടിരിക്കയായിരുന്നു. ബഡ്ജററിൽ ഉണ്ടായിട്ടുള്ള അഞ്ചുകോടി രൂപയുടെ കമ്മി ഒടുവസാനത്തിൽ ഒരുപക്ഷെ, കമ്മി ഇല്ലാതായി, മിച്ചമുള്ളതായി വരുമെന്നുവരെ പലരും അഭിപ്രായപ്പെടുകയുണ്ടായി. ഈ സംഖ്യ ഒരു കാരണവശാലും ഒരു പൈസപോലും ലാപ്സാക്കിക്കളയാതെ വിനിയോഗിക്കണമെങ്കിൽ ഭരണപരമായി സഹായത്തിനു മറെറന്തെങ്കിലും ഒരു സംഘം ഉണ്ടായിരിക്കേണ്ടതാണ്. അതുകൊണ്ടും കൂടിയാണു ഇങ്ങനെയുള്ള നിയമനം നടത്തിയിട്ടുള്ളതു്.

ശ്രീ. സി. കെ. വിശ്വനാഥൻ: ഗവണ്മെൻറിനെ ഭരണപരമായി സഹായിക്കുന്നതിന് പേ കമ്മീഷനെ നിയമിക്കണമെന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട ചേർപ്പ് മെംബർ ഈ ചോദ്യത്തിൻെറ ഔചിത്യാനൗചിത്യത്തെപ്പററി ഒന്നു പറഞ്ഞുകൊടുക്കേണ്ടതാണ്.

ശ്രീ. യു. നീലകണ്ഠൻ: സർ, ഒരു മെംബർ ഒരു ചോദ്യം ചോദിക്കുമ്പോൾ അതിനുത്തരം പറയാനായി മററൊരു മെംബറെ അധികാരപ്പെടുത്തുകയാണോ വേണ്ടതു്?

മി. സ്പീക്കർ: അതാണു അതിൻെറ മറുപടി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, പേകമ്മീഷനെ നിയമിച്ചിട്ടുള്ളതു് ഡിപ്പാർട്ടുമെൻറു മേലധ്യക്ഷന്മാർക്ക് അവരുടെ ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാരെപ്പററി ഉന്നയിക്കാനുള്ള അവകാശങ്ങൾ, രജിസ്ത്രു അംഗീകരിക്കപ്പെട്ട സംഘടനകൾക്ക് പറയാനുള്ള കാര്യങ്ങൾ മുതലായവ തീരുമാനിക്കുന്നതിനുവേണ്ടിയാണ്. മി. ഇരിങ്ങാലക്കുടമെംബർ ചാത്തനും വളരെ ദീർഘമായ ഒരു പ്രസംഗം ചെയ്യുകയുണ്ടായി. അദ്ദേഹത്തിൻെറ പ്രസംഗം അദ്ദേഹത്തിൻെറ മനസ്സിൽ തട്ടിയ ഒരു പ്രസംഗമായിട്ടാണ് എനിക്കു തോന്നിയതു്. ഭരണപരമായ കാര്യങ്ങളിലുണ്ടാകുന്ന ചില്ലറ വൈകല്യങ്ങളെയും പിശകുകളെയും പററി ഈ സഭയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ തീർച്ചയായും ഹരിജനോദ്ധാരണ വകുപ്പ് കൈകാര്യംചെയ്യുന്ന മന്ത്രി ശ്രദ്ധിക്കുകതന്നെ ചെയ്യും. പക്ഷെ, അദ്ദേഹം പറഞ്ഞ എല്ലാ ഭാഗങ്ങളോടും എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. ഒരു വ്യക്തിയെമാത്രമേ മെഡിക്കൽ പരീക്ഷക്കു അയച്ചിട്ടുള്ളു എന്നു പറഞ്ഞതു അത്ര ശരിയല്ല. ഇപ്പോൾതന്നെ മെഡിക്കൽ കാളേജിൽ ഓരോ കൊല്ലവും അഞ്ചുശതമാനം സീററ് ഹരിജനങ്ങൾക്കുവേണ്ടി റിസർവ്വ് ചെയ്തിരിക്കയാണ്. ഇങ്ങനെ ഒരു വ്യവസ്ഥ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ചെയ്തിരിക്കുന്നതുകൊണ്ടു് കുറെ അധികം ഹരിജനവിദ്യാർത്ഥികൾക്കു മെഡിക്കൽ വകുപ്പിൽ പഠനം സിദ്ധിക്കുന്നുവെന്നു വകുപ്പുമന്ത്രിതന്നെ പറയുകയുണ്ടായി. കൊച്ചിയിൽ കാൺഗ്രസ്സ് അധികാരത്തിലിരുന്നപ്പോൾ എന്റെ ഓർമ്മശരിയാണെങ്കിൽ, ഞാൻ വിദ്യാഭ്യാസമന്ത്രിയായിരുന്നകാലത്തു് ഒരു ഹരിജനയുവാവിനെ തെരഞ്ഞെടുത്തു മെഡിക്കൽ വകുപ്പിൽ പരിശീലനം ചെയ്യുന്നതിനുവേണ്ടി കൽക്കട്ടയിലേക്കു അയക്കുകയും, പരിശീലനം കഴിഞ്ഞു മടങ്ങിവന്നയുടനെ അദ്ദേഹത്തെ മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ നിയമിക്കുകയും ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട ഇരിഞ്ഞാലക്കുട മെംബറിന്റെ പരാതി എന്റെ മനസ്സിലോ എന്റെ സഹപ്രവർത്തകന്റെ മനസ്സിലോ ഇല്ലാതില്ല. ഹരിജനങ്ങൾക്കു് വിദ്യാഭ്യാസം സംബന്ധിച്ചു മാത്രമല്ല, അവരെ സംബന്ധിച്ചുള്ള നാനാമുഖകാര്യങ്ങളിലും വേണ്ടത്ര പ്രോത്സാഹനം നൽകണമെന്നുള്ള അഭിപ്രായം കാൺഗ്രസ്സിനോ, എനിക്കോ, എന്റെ സഹപ്രവർത്തകർക്കോ ഇല്ലാതില്ല. മറ്റൊരു വ്യക്തിയെ ഗവണ്മെൻറിൽ നിന്നും സഹായത്തോടുകൂടി ബി. എ. ബി. എൽ. വരെ പഠിപ്പിക്കുകയും പാസ്സായഉടനെ തൃശ്ശൂരിൽ ആദ്യം 25 രൂപ സ്റ്റൈപ്പെൻറു കൊടുത്തു് നിയമിക്കുകയും അതു കഴിഞ്ഞു് ഏറെത്താമസിയാതെ കൊച്ചിയിലെ ഒരു മജിസ്ട്രേട്ടായി നിയമിക്കുകയും ചെയ്തിട്ടുണ്ടു്. ഇതിൽ നിന്നെല്ലാം മനസ്സിലാക്കേണ്ടതു് എനിക്കും എന്റെ സഹപ്രവർത്തകർക്കും ഹരിജനങ്ങളോടു് ഒട്ടും താല്പര്യക്കുറവില്ലെന്നും മേലു് പറഞ്ഞ നിയമനം നടത്തിയിട്ടുള്ളതു കൊച്ചിയിലെ കാൺഗ്രസ്സ് പാർട്ടിതന്നെ ആയിരുന്നുവെന്നും ഞാൻ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. ഇതിൽ ഞങ്ങൾ അതീവതല്പരരാണെന്നു അദ്ദേഹത്തിന്റെ ഉദ്യോഗചരിത്രം സാക്ഷ്യം വഹിക്കുന്നതാണു്. സംസ്ഥാനത്തു് വളരെക്കാലമായി പിന്നോക്കം നിൽക്കുന്ന ഹരിജനങ്ങളെ ഉദ്ധരിച്ചു വിദ്യാസമ്പന്നരാക്കി ഭരണപരമായ കാര്യങ്ങളിൽ കൊണ്ടുവരണമെന്നുള്ള വിചാരംകൊണ്ടാണു ഇത്രയുമൊക്കെ അനുകൂലമനോഭാവം അവരോടു കാണിക്കുന്നതു്. നമ്മുടെ സംസ്ഥാനത്തു കുറെയധികം വകുപ്പദ്ധ്യക്ഷന്മാർ ഉള്ള സ്ഥിതിക്കു് ഇങ്ങനെ ഒരാളെയുള്ളുവെന്നു ബഹുമാനപ്പെട്ട ഇരിഞ്ഞാലക്കുടമെംബർ പറയുന്നതു യഥാർത്ഥമാണു്. പക്ഷേ, വകുപ്പദ്ധ്യക്ഷൻ ഒരാൾ മാത്രമായിപ്പോയതു ചരിത്രപരമായ കാര്യങ്ങളെക്കൊണ്ടു 'സംഭവിച്ചതാണു്. ഹരിജനോദ്ധാരണം പ്രധാന കർത്തവ്യമായി ധരിച്ചു പ്രവൃത്തിരൂപത്തിൽ കൊണ്ടുവരാൻ തുടങ്ങിയതു മഹാത്മാഗാന്ധിയുടെ കാലം മുതൽക്കാണല്ലോ. ഇൻഡ്യയിലെ പല രാഷ്ട്രീയ നേതാക്കന്മാരും ഈ കാര്യത്തിൽ അകമഴിഞ്ഞു പ്രവർത്തിച്ചിട്ടുണ്ടു്. ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നതു്. എന്നിരുന്നാലും ഈ നിയമസഭയുടെ ഒരു ഭാഗത്തിരിക്കുന്നവർ കുറെകഴിഞ്ഞു മറുഭാഗത്തു വരുമ്പോൾ, നിങ്ങൾ ഹരിജനങ്ങൾക്കു വേണ്ടി ഒന്നും ചെയ്തില്ല, ഒന്നും ചെയ്തില്ല എന്നു പറയുന്നതു് കേവലം വിവാദപരമാണു്. ബഹുമാനപ്പെട്ട മെംബർ ടി. കെ. കൃഷ്ണൻ പറയുകയുണ്ടായി, ഐ. എ. എസ്. സെലക്ഷനിൽ പക്ഷപാതം കാണിച്ചിട്ടുണ്ടെന്നു്. ഇതു് വേറെ പലരും പറഞ്ഞിട്ടുണ്ടു്. അതൊക്കെ അതാതുകാലത്തുണ്ടായിരുന്ന ഭരണകക്ഷി അപ്പോഴുണ്ടായിരുന്ന റൂൾസനുസരിച്ചാണു് പ്രവർത്തിച്ചിട്ടുള്ളതു്.

ശ്രീ. പി. എം. മാക്കോസ്: ഹരിജനങ്ങളിൽ നിന്നും അനവധി യാളുകൾ ക്രസ്ത്യാനികളായതുകൊണ്ട് ഹരിജനങ്ങൾക്കു കിട്ടുന്ന ആനുകൂല്യങ്ങൾ അവർക്കു കിട്ടുന്നില്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പറം അങ്ങിനെയുള്ള ആളുകളുടെ കൂട്ടത്തിലുണ്ടായതുകൊണ്ടാണോ ഇപ്രകാരം ചോദിച്ചതു്?

ശ്രീ. പി. എം. മാക്കോസ്: അവരുടെ അവശതകൾ ദൂരീകരിക്കണമെന്നാണു് എന്റെ അപേക്ഷ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവശസമുദായക്കാർക്കു വേണ്ടി പല നന്മകളും ഗവണ്മെന്റു ചെയ്യുന്നുണ്ടു്, ഇപ്പോഴും ചെയ്തുകൊണ്ടിരിക്കയുമാണു്.

ശ്രീമതി കെ. ആർ. ഗൌരി: അവശസമുദായങ്ങളെ സംബന്ധിച്ചിടത്തോളം ഉദ്യോഗങ്ങൾക്കും മററുമായി ഭരണഘടനയിൽ 10 കൊല്ലത്തെ റിസർവേഷൻ കൊടുത്തിട്ടുള്ളതിൽ ഇപ്പോൾ 8 കൊല്ലം കഴിഞ്ഞിട്ട് എത്രത്തോളം പുരോഗതിയുണ്ടായിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവശസമുദായ പുരോഗമനാർത്ഥം ഇൻഡ്യാ ഗവണ്മെൻറ് ഒരു കമ്മിഷനെ നിയമിച്ചിട്ടുണ്ടു്. ഇപ്പോൾ അഞ്ചുകൊല്ലം കഴിഞ്ഞിരിക്കുകയാണു്. ഈ അഞ്ചുകൊല്ലംകൊണ്ടു് എത്രത്തോളം പുരോഗമനം ഉണ്ടായിട്ടുണ്ടു്, ഇനിയും കാലാവധി നീട്ടിക്കൊടുക്കണമോ എന്നുള്ളതും മററും കമ്മിഷന്റെ റിപ്പോർട്ടിനെ ആശ്രയിച്ചാണിരിക്കുന്നതു്. റിപ്പോർട്ടു് വെളിയിൽ വന്നിട്ടില്ല. ആ സ്ഥിതിക്കു് ഇപ്പോൾ എനിക്കു് ഒന്നും പറയാൻ നിവൃത്തിയില്ല.

സർ, അടുത്തതായി ശ്രീ. ടി. കെ. കൃഷ്ണന്റെ ആരോപണം ഡിപ്പാർട്ടുമെന്റ മേലദ്ധ്യക്ഷന്മാർ പേഴ്സനൽ രജിസ്റ്റർ വച്ചിരിക്കുന്നതിനെപ്പററിയാണു്. പേഴ്സനൽ രജിസ്റ്റർ വച്ചിരിക്കുന്നു എന്നു വിചാരിച്ചു് ആരെയും ദ്രോഹിക്കുമെന്നു പരിഭ്രമിക്കേണ്ട. ഒരു വ്യക്തിയുടെ അസസ്സ്മെൻറ് ഓഫ് കാരക്ടർ, അസസ്സ്മെൻറ് ഓഫ് എബിലിട്ടി, അസസ്സ്മെൻറ് ഓഫ് പെർഫാർമെൻസ് ഇവയിലൊക്കെ സബ്ജെക്ടീവ് എലിമെൻറ് ഉണ്ടാകും. ഒരാൾ സ്മാർട്ടാണോ, അല്ലെങ്കിൽ ചക്കു് ആണോ, അതുമല്ലെങ്കിൽ അയാളുടെ പ്രവൃത്തി നല്ലതോ, ചീത്തയോ ആകുന്ന കാരക്ടർ അയാൾക്കുണ്ടോ എന്നൊക്കെ മാത്രമേ ഒരു മേലധികാരി നോക്കുന്നുള്ളു. ഇങ്ങനെയൊക്കെ നോക്കിയാലും അബ്സല്യൂട്ടായിട്ടുള്ള കപാസിട്ടി കിട്ടുമെന്നു വരികയില്ല. ഉദാഹരണം മാറി പറയുകയാണെങ്കിൽ ഒരു സാധനത്തിന്റെ വെയിററടുക്കുന്നു എന്നു വിചാരിക്കുക. അതിൽ പല കാര്യങ്ങളും നോക്കാനുണ്ടു്. അററ്മോസ്ഫിയറിന്റെ സ്ഥിതി, വായുവിന്റെ പ്രഷർ, ഗ്രാവിറേറഷൻ തുടങ്ങി പല സംഗതികളേയും അടിസ്ഥാനപ്പെടുത്തിയാണിരിക്കുന്നതു്. അങ്ങിനെ വരുമ്പോൾ ചിലവ്യത്യാസങ്ങൾ ഉണ്ടായെന്നു വരാം. അതുപോലെ തന്നെ ഞാൻ അസസ് ചെയ്യുന്ന ഒരാൾക്കു 10 മാർക്കു കൊടുക്കുകയാണെങ്കിൽ മിസ്റ്റർ കൃഷ്ണൻ അസസ് ചെയ്യുന്ന ഒരാൾക്കു് 12 മാർക്കു കൊടുത്തുവെന്നു വരാം. ഒന്നു ധരിക്കാനുള്ളതു് ഇതിൽ യാതൊരു വിധത്തിലുള്ള ദോഷവും വരാനില്ലെന്നുള്ളതാണു്. കാരണം, ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കുന്നതിനുള്ള

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

പല വ്യവസ്ഥകളും ഭരണഘടനയിൽ തന്നെ ഉണ്ടാക്കിയിട്ടുണ്ടു്. ആ സ്ഥിതിക്കും ഒരു ചേഴ്സനൽ രജിസ്റ്റർ ആഫീസിൽ സൂക്ഷിക്കുന്നതുകൊണ്ടു് ഒരു ദോഷവും ഉണ്ടാകാൻ പോകുന്നില്ല.

ബഹുമാനപ്പെട്ട മെമ്പർ നീലകണ്ഠൻ പള്ളിക്കൂടങ്ങളിൽ ഫീസ് ഇളവിനെപ്പററി സംസാരിക്കുകയുണ്ടായി. ഫീസ് എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ ഇളവുചെയ്തുകൊടുക്കുന്നതിനെക്കാൾ നല്ലതു് പാവപ്പെട്ട വിദ്യാർത്ഥികൾക്കു് ഇളവു ചെയ്യുകയും ധനവാന്മാരുടെ കുട്ടികളിൽനിന്നും ഫീസ് വസൂൽ ചെയ്യുകയും ആണെന്നു് ഞാൻ പറഞ്ഞിട്ടുണ്ടു്. അന്നത്തെ ബഡ്ജററ വിമർശനവേളയിലാണു് ഞാൻ ഈ അഭിപ്രായം പറഞ്ഞിട്ടുള്ളതു്. എങ്കിലും ഇപ്പോൾ എല്ലാവർക്കും സൗജന്യം കൊടുത്തിരിക്കുന്ന സ്ഥിതിക്കു് നാളെ മുതൽ മറെറാരു വിധത്തിലുള്ള വ്യതിയാനം വരുത്താൻ സാദ്ധ്യമല്ല. മാത്രമല്ല, പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടി ഇപ്പോൾ വ്യവസ്ഥചെയ്തിരിക്കുന്നതു് അഞ്ചു കൊല്ലമാണു്. ഈ അഞ്ചു കൊല്ലം എന്നുള്ളതു് എട്ടുകൊല്ലമാക്കി വർദ്ധിപ്പിക്കാനാണു് നിശ്ചയിച്ചിരിക്കുന്നതു്. അങ്ങിനെയുള്ള ഒരു വിദ്യാഭ്യാസം ഉണ്ടായാൽ മാത്രമേ നമ്മുടെ രാജ്യത്തുള്ള കുഞ്ഞുങ്ങൾക്കു് അവരുടെ ശൈശവാവസ്ഥയിൽ മുഴുവൻ വിദ്യാഭ്യാസം കിട്ടാൻ സാധിക്കയുള്ളു.

സർ, ബഹുമാനപ്പെട്ട ഈ സഭയിലെ അനേകം അംഗങ്ങൾക്കും അറിയാം നമ്മുടെ ലേബർഡിപ്പാർട്ടുമെൻറിലെ നിയമങ്ങൾ അനുസരിച്ചു 14 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങളെക്കൊണ്ടു ഫാക്ടറിയിൽ വേലയെടുപ്പിക്കാൻ പാടില്ലെന്നു്. ചിൽഡ്രൻസ് ആക്ററ് അനുസരിച്ചു് 14 വയസ്സിനു താഴെയുള്ളവർ ഫാക്ടറികളിൽ വേലയെടുക്കുവാൻ പാടില്ല. ഇതു ലോകത്തിലെ പല പരിഷ്കൃതരാജ്യങ്ങളിലും സ്വീകരിച്ചിട്ടുള്ള ഒന്നാണു്. ഇൻറർനാഷനൽ ലേബർ ആർഗനൈസേഷൻ ഇവാൾവു ചെയ്തിട്ടുള്ള ഒരു നിയമമാണു ഇതു്. അങ്ങനെ പതിനാലുവയസ്സിനു താഴെയുള്ള കുട്ടികളെക്കൊണ്ടു ഫാക്ടറികളിൽ ജോലിചെയ്യിക്കുകയാണെങ്കിൽ അതു കുററകരമാണു്. ഇതു ശിശുക്കളോടു സമുദായത്തിനുള്ള കടമയായിട്ടാണു കണക്കാക്കുന്നതു്. ശിശുത്വത്തോടും ഭാവിതലമുറയോടും സമുദായത്തിനുള്ള ഒരു കടമയാണു ഇതുകൊണ്ടു നിർവഹിക്കുന്നതു്. പതിനാലു വയസ്സുവരെ അവർക്കു ഫാക്ടറികളിൽ വേലചെയ്യുവാൻ പാടില്ലെങ്കിൽ പിന്നെ അവർ എന്തുചെയ്യണമെന്നാണു ആലോചിക്കേണ്ടതു്. അവർ പഠിക്കേണ്ടതാണു്. അതിനു അവർക്കു വിദ്യാഭ്യാസം നൽകണം. പതിനാലുവയസ്സുവരെയുള്ള ആളുകൾക്കു വിദ്യാഭ്യാസം ഒഴിച്ചുകൂടാൻ പാടില്ലാതാക്കണം. ഇപ്പോൾ ഇതു രണ്ടുതരത്തിലാണു നടത്തുന്നതു്. ഇതിനു എലിമെൻററി എഡ്യൂക്കേഷൻ എന്നു പറയുന്നു. പ്രൈമറിസ്കൂളുകളിലും മിഡിൽസ്കൂളുകളിലുമായിട്ടാണു് ഈ വിദ്യാഭ്യാസം, അതായതു് ഈ പ്രാഥമികവിദ്യാഭ്യാസം ഇപ്പോൾ നിർവഹിക്കുന്നതു്. ഇതു എട്ടു കൊല്ലമാക്കണമെന്നുള്ള പ്ലാൻ ഗവണ്മെൻറ ആലോചിച്ചുകൊണ്ടിരിക്കുകയാണു്. അങ്ങനെയാകുമ്പോൾ മിഡിൽസ്കൂൾ പ്രൈമറിസ്കൂൾ എന്നുള്ള വ്യത്യാസം ഇല്ലാതാകും. അതുകൊണ്ടു ഞാൻ അന്നു പറഞ്ഞ വിമർശനങ്ങൾ ശരിയല്ലെന്നോ ഇന്നു ഞാൻ അതിൻപ്രകാരം ചെയ്യുന്നില്ലെന്നോ പറയാനില്ല.

ശ്രീ. ടി. വി. താമസ്: ഫീസുകൊടുക്കുവാൻ കഴിവുള്ള വിദ്യാർത്ഥികളെ ഈ ഫീസ് സൌജന്യത്തിൽനിന്നും ഒഴിവാക്കണമെന്നു പറയുകയുണ്ടായി. അങ്ങനെ ഒഴിവാക്കുമ്പോൾ കുറഞ്ഞുവരാവുന്ന റവന്യു നികത്താനായി എഡ്യുക്കേഷൻ സെസ് ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിനെക്കുറിച്ചാലോചിക്കുന്നതിനു ഒരു കമ്മററിയെ നിയമിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു മാസത്തിനിടയിൽ എഡ്യുക്കേഷൻ എൻക്വയറി കമ്മീഷന്റെ ഒരു റിപ്പോർട്ടു വന്നിട്ടുണ്ട്. അതു ഈ സന്ദർഭത്തിൽ നല്ലവണ്ണം ആലോചിക്കാതെ ഈ സഭയുടെ തീരുമാനത്തിനു കൊണ്ടുവരുക ഒരു സാഹസമായിരിക്കുമെന്നു കരുതി ഇപ്പോൾ ഇവിടെ കൊണ്ടുവരാത്തതാണ്. ധനവാന്മാരിൽനിന്നു നികുതി വസൂൽ ചെയ്യുകയും രാജ്യത്തിലെ എല്ലാജനങ്ങൾക്കും ഉപകാരപ്രദമാകത്തക്കവണ്ണം അതു വിനിയോഗിക്കയും ചെയ്യണമെന്നുള്ള തത്വം സ്വീകരിച്ചിട്ടുള്ള ഒന്നാണു്.

ശ്രീ. പി. കുഞ്ഞൻ: അവശസമുദായഡിപ്പോർട്ടുമെന്റു ഒരു മേജർ ഡിപ്പാർട്ടുമെന്റാക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു ഡിപ്പാർട്ടുമെന്റ് മേജറാണോ മൈനറാണോ എന്ന് ഏതടിസ്ഥാനത്തിലാണു മെംബർമാർ വിചാരിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. പല ഡിപ്പാർട്ടുമെന്റുകളും മേജർ ഡിപ്പാർട്ടുമെന്റാക്കണമെന്നു പറഞ്ഞു. മേജർ ഡിപ്പാർട്ടുമെന്റ് എന്നു വച്ചാൽ ആ ഡിപ്പാർട്ടുമെന്റിനു ഇത്ര രൂപാ കൊള്ളിക്കണമെന്നുള്ളതാണോ അതോ ആ ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷനു ശമ്പളം കൂട്ടിക്കൊടുക്കണമെന്നുള്ളതാണോ എന്താണു ബഹുമാനപ്പെട്ട മെംബറന്മാർ വിചാരിക്കുന്നതെന്നു അറിഞ്ഞുകൂടാ. ചിലർ വിചാരിക്കുന്നതു ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്റെ ശമ്പളം കൂട്ടണമെന്നാണ്. അങ്ങനെയാണെങ്കിൽ ആ വിധത്തിലുള്ള അഭിപ്രായം ഈ നിയമസഭയുടെ വാദപ്രതിവാദത്തിനു വയ്ക്കുന്നതു ശരിയല്ല. അങ്ങനെ ശമ്പളം കൂട്ടുന്നതുമൂലം ഏതുദ്യോഗസ്ഥനാണോ ഗുണം കിട്ടണമെന്നു വിചാരിക്കുന്നതു് ആ ഉദ്യോഗസ്ഥനു വിപരീതമായി പരിണമിച്ചേക്കും. ശമ്പളം കൂട്ടുക എന്നുള്ളതു ആ ഉദ്യോഗസ്ഥനും ഗവണ്മെന്റും തമ്മിലുള്ള ഒരു കാര്യമാണ്. അതു ഇവിടെ വാദപ്രതിവാദത്തിനു കൊണ്ടുവരരുതു്. നേരേമറിച്ചു ഇപ്പോൾ ചെലവാക്കിക്കൊണ്ടിരിക്കുന്നതിനെക്കാൾ കൂടുതൽ തുക ആ ഡിപ്പാർട്ടുമെന്റിലേക്കു ചെലവാക്കണമെന്നാണു പറയുന്നതെങ്കിൽ അതു സ്വീകരിക്കാൻ ഞാൻ ഒരുക്കമാണു്. പക്ഷെ, അതിനും ഒരു ടാർജററ് ഇല്ല. എത്രലക്ഷം ആയാൽ മേജർ ഡിപ്പാർട്ടുമെന്റാകും എന്നുള്ളതിനു ഒരു കണക്കില്ല. ഇപ്പോൾ ഇതിന്റെയൊക്കെ ഉദ്ദേശം ദിപസ്തംഭം മഹാശ്ചര്യം എന്നു മാത്രമാണു്. പക്ഷെ ഞാൻ ഇതു പറയുന്നതുകൊണ്ടു ഹരിജനങ്ങളുടെ കാര്യത്തിൽ ശ്രദ്ധിക്കുന്നില്ലെന്നു വിചാരിക്കരുതു്.

ശ്രീ. കെ. ബാലകൃഷ്ണൻ: മേജർഡിപ്പാർട്ടുമെന്റിനും മൈനർ ഡിപ്പാർട്ടുമെന്റിനും തമ്മിലുള്ള വ്യത്യാസം എന്തു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ ഒരു വ്യത്യാസവുമില്ല.

ശ്രീ. കെ. ബാലകൃഷ്ണൻ : ഇന്ന ഡിപ്പാർട്ടുമെൻറ് മേജർ ഡിപ്പാർട്ടുമെൻറായി ഉയർത്തിയെന്ന ഗവണ്മെൻറു തന്നെ പലപ്പോഴും പറഞ്ഞിട്ടുള്ളതായി അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പറഞ്ഞിട്ടുണ്ടായിരിക്കാം. പക്ഷെ അങ്ങനെ പറയുന്നതു് അബദ്ധമാണു്. ഇവിടെയെല്ലാവരും അങ്ങനെ ചോദിച്ചു് ചോദിച്ചു്, ഗവണ്മെൻറും അങ്ങനെ പറഞ്ഞു എന്നേയുള്ളൂ. ഗവണ്മെൻറിനു അബദ്ധം വരുകയില്ലേ ? ലേബർ ഡിപ്പാർട്ടുമെൻറു ഒരു മേജർഡിപ്പാർട്ടുമെൻറാക്കണമെന്നു പറഞ്ഞപ്പോൾ ഞാൻ പറഞ്ഞതു ഇതാണു്. പക്ഷെ ലേബർകമ്മീഷണറുടെ ശമ്പളം കൂട്ടണമെന്നു പറഞ്ഞാൽ അതു മനസ്സിലാക്കാം. അനേകം പ്രവർത്തനങ്ങൾ നടക്കുന്നതും അനേകം ഉദ്യോഗസ്ഥന്മാർ ഉള്ളതുമായ ഒരു ഡിപ്പാർട്ടുമെൻറാണു ലേബർ ഡിപ്പാർട്ടുമെൻറ്. അവിടെ ഒരു സീനിയർ ഉദ്യോഗസ്ഥനെ വേണമെന്നു പറയുകയാണെങ്കിൽ അതു ഹരിജൻ വേണമെന്നുള്ളതിനു വിപരീതമായിരിക്കും. കാര്യം ഹരിജൻ ഉദ്യോഗസ്ഥന്മാരിൽ സീനിയർ ഉദ്യോഗസ്ഥന്മാർ ഇല്ല, സീനിയർ ഉദ്യോഗസ്ഥന്മാർ ഉള്ളതു ഹരിജനവുമല്ല.

ശ്രീ. കെ. ബാലകൃഷ്ണൻ : മേജർ ഡിപ്പാർട്ടുമെൻറു ഹെഡിനും മൈനർ ഡിപ്പാർട്ടുമെൻറു ഹെഡിനും തമ്മിൽ അധികാരത്തിനു വ്യത്യാസമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. കെ. സി. ജോർജ്ജ് : ബഹുമാനപ്പെട്ട ചേർപ്പുമെംബർ പറഞ്ഞ വിമർശനത്തിനു മറുപടി പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പറയാം. അപ്പോൾ ഞാൻ പറഞ്ഞുകൊണ്ടുവന്നതു് ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളിലേയും ഉദ്യോഗസ്ഥന്മാർ തമ്മിൽ അധികാരത്തിനു യാതൊരു വ്യത്യാസവുമില്ല. ആയിരം രൂപാ ശമ്പളമുള്ള ഒരു ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനും 300 രൂപാ ശമ്പളമുള്ള ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനും ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ സംബന്ധിച്ചു ചെലവാക്കുന്ന വിഷയത്തിൽ യാതൊരു വ്യത്യാസവുമില്ല. ബഹുമാനപ്പെട്ട ചേർപ്പുമെംബർ പറഞ്ഞതു മന്ത്രിമാർ നിയമസഭയിൽ മറുപടി പറയുമ്പോൾ വളരെ മര്യാദയായിട്ടുവേണമെന്നാണു്. അതു ഞാൻ അപ്പടി സ്വീകരിക്കുന്നു. വളരെ മര്യാദയോടുകൂടിയാണു മറുപടി പറയേണ്ടതു്. മര്യാദകേടു വന്നിട്ടുണ്ടെങ്കിൽ അതു തെററാണു്. പക്ഷെ അതുപോലെതന്നെ മര്യാദയോടുകൂടിയുള്ള ചോദ്യവും ചോദിക്കേണ്ടതാണു്. മനുഷ്യസഹജമായ കഴിവുകേടുമൂലം ചിലപ്പോൾ മര്യാദകേടെന്നു തോന്നത്തക്കവിധം മറുപടി പറഞ്ഞിട്ടുണ്ടെങ്കിൽ അതു ശീഘ്രയായിട്ടും തെററാണു്.

ശ്രീ. കെ. സി. ജോർജ്ജ് : മനോഭാവത്തിൻെറ വ്യത്യാസംകൊണ്ടാണു ഇങ്ങനെ വരുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എന്നു തോന്നുന്നില്ല. ശ്രീ. ജോർജ്ജും ചാണ്ടിയും ഈ നിയമസഭയെ സംബന്ധിച്ചിടത്തോളം എന്തു പറഞ്ഞാലും ഒരേ മനോഭാവത്തോടുകൂടി സ്വീകരിക്കാൻ തയാറാം.

ണ്. വളരെ സ്നേഹഭാവത്തോടുകൂടി പെരുമാറണമെന്നാണ് ആഗ്രഹിക്കുന്നതു്. ഞാൻ പറഞ്ഞതുപോലെ ഇതു അപ്പുറത്തും വേണ്ടതാണ്. നാമെല്ലാം ജനങ്ങളോടു ഉത്തരവാദപ്പെട്ടവരാണ്. ജനപ്രതിനിധികളാണ്. നമുക്കു തുല്യമായ ചുമതലകളാണുള്ളതു്. പക്ഷെ അഭിപ്രായവ്യത്യാസം വന്നു എന്നു വരാം. അതു മനോഭാവത്തിന്റെ വ്യത്യാസം കൊണ്ടല്ല.

ശ്രീ. സി. കെ. രാമചന്ദ്രൻനായർ: അടുത്ത ആണ്ടു തേഡ്ഫാറത്തിനു ഫീസ് കുറവുചെയ്യുന്നു എന്നു പറഞ്ഞു. എന്നാൽ ഫീസു കൊടുക്കുന്ന തീയതി കഴിഞ്ഞുപോയാലുള്ള ഫൈൻ കുറക്കുന്നതിനെസംബന്ധിച്ചു എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ആലോചിച്ചിട്ടില്ല. ഞാൻ പറഞ്ഞുകൊണ്ടുവന്നതു ഇങ്ങനെയുള്ള കാര്യങ്ങളിൽ മനോഭാവത്തിന്റെ വ്യത്യാസം ഇല്ലെന്നു മാത്രമാണ്. നമുക്കു അന്യോന്യമിത്രതയോടും സഹകരണത്തോടും പരസ്പരവിശ്വാസത്തോടും പ്രവർത്തിക്കയാണു വേണ്ടതു്. അന്നുതന്നെ ബഹുമാനപ്പെട്ട ശ്രീ. ശങ്കരനാരായണൻതമ്പി സഹകരിക്കുകയില്ലെന്നു പറഞ്ഞപ്പോൾ "എന്നാൽ വേണ്ടടാ പോ" എന്നു പറഞ്ഞില്ലല്ലോ. പിന്നെയും സഹകരിക്കണമെന്നാണു ഈ ഗവണ്മെൻറ് അപേക്ഷിക്കുന്നതു്. ഇതിൽനിന്നും ഗവണ്മെൻറിന്റെ മനോഭാവം എന്താണെന്നു മനസ്സിലാക്കാം. തട്ടിയ കൈ തടവിക്കൊടുക്കുകയാണു ഈ ഗവണ്മെൻറിന്റെ മനോഭാവം. ഇത്രയും പറഞ്ഞുകൊണ്ടു ഇതു പാസ്സാക്കിത്തരണമെന്നു അഭ്യർത്ഥിക്കുന്നു.

The question that the respective sums not exceeding the amounts shown in the third column of the Schedule annexed to the motion moved by the Minister for Finance be granted to the Rajpramukh on account of or towards defraying the charges during the first one month of the financial year 1955-56 in respect of the corresponding Heads of Demands entered in the second column of the said Schedule, was put and carried.

The grants were made.

The Assembly adjourned at. 1. P. M. to meet again at 8 A. M. on Tuesday, the 29th March 1955,

APPENDIX I.

[Please see answer to Question No. 24 (12)]

LIST OF WORKS SANCTIONED UNDER LOCAL DEVELOPMENT SCHEMES.

No.	Name of works.	Amount.	Panchayat.	Taluk.
1	Improvements to Poojapuravila Sanathanapuram Pathway	9,345	Agasteeswaram	Agasteeswaram
2	Strengthening bund of Periyarkulam	2,565	Neendakara-Vadasêry	do.
3	Constructing drain	870	Thovala	Thovala
4	Providing ceiling to High School	315	Aramboly	do.
5	Metalling street	3,485	do.	do.
6	Constructing R. C. C. Pipe Culvert	362	Thazhakudy	do.
7	Improvements to road, in Chirapatheeswaram	1,140	do.	do.
8	Constructing culvert in Vattaveli street	785	Aramboly	do.
9	Do. Latrine in Vadakoor	665	do.	do.
10	Improvements to Balamer road	6,975	Thazhakudy	do.
11	Constructing Foot bridge, in Chittur Kovil Street	435	Aramboly	do.
12	Constructing Drain in Erachakulam	1,945	Thazhakudy	do.
13	Providing roof to Thirupatheeswaram Library	585	do	do.
14	Improvements to lane in Malikarupucode	187	Vellukiry	Kalkulam
15	Improvements to Veeranarayanassery thervu road	2,945	do.	do.
16	Do. lane in Pallom	2,575	do.	do.
17	Do. road leading to Palakuzhy	1,800	Eraniel	do.
18	Constructing a Library building	2,035	Vellikiry	do.
19	Sinking a well in Nattalam	555	Nattalam	Vilavancode
20	Improving line	910	do.	do.
21	Constructing a foot bridge at Puthenveedunada	1,800	Ulloor	Trivandrum

APPENDIX I—(*contd.*)

No.	Name of works.	Amount.	Panchayat.	Taluk.
22	Improvements to Velluvilakom lane	990	Ulloor	Trivandrum
23	Do. Kaothevil Edavazhi	740	do.	do.
24	Constructing a Dispensary at Vithurai	7,995	Uzhamalakal	Nedumangad
25	Constructing building for Primary School	4,920	Pazhayakunninmel	Chirayinkil
26	Gravelling the road way from Kaippally	2,600	Sakthikulangara	Quilon
27	Raising Kandanchira sluice	2,965	do.	do.
28	Improvements to road from Kaithakuzhy	1,830	Nedumpana	do.
29	Easing gradient in Ashtamudi road	775	Thrikaruva	do.
30	Gravelling from Malabar Muku	2,970	Sakthikulangara	do.
31	Improvements road from Kannanalloor	436	Nedumpanna	do.
32	Do. from Kottiyam-Kundara	745	do.	do.
33	Constructing a skew culvert	2,960	Sakthikulangara	do.
34	Constructing a 3 ft. x 3 ft. culvert	875	Perunad	do.
35	Do. a ramp in Chittayam	2,280	do.	do.
36	Improvements to road from Vattath mukku	9,718	Karunagappally	Karunagappally
37	Constructing a culvert in Palathurupathy	835	Muthukulam	do.
38	Improvements to road Alumkadavu	6,520	Karunagappally	do.
39	Do. to Arathichira	37,900	Krishnapuram	do.
40	Sinking well at Mannur	580	Kandalloor	Karthigapally
41	Constructing bathing ghat, in Arayakulangara	1,650	Pallipad	do.
42	Sinking well at Kavumpurathu	620	Kandalloor	do.
43	Constructing accomodation to Primary School	3,770	Kumarapuram	do.
44	Gravelling road from Kochalummoodu	2,425	Pulinkunnu	Ambalapuzha

APPENDIX I—(*contd.*)

No.	Name of works.	Amount.	Panchayat	Taluk.
45	Constructing foot bridge	980	Kavalam	Ambalapuzha
46	Do. near Thakazhi Temple	1,590	Thakazhi	do.
47	Do. over Pandankarithodu	5,130	Kozhimukku	do.
48	Constructing foot bridge	1,100	Mararikulam	Shertallai
49	Do. in Ezhamkulam thodu	1,140	Ezhamkulam	Kunnathoor
50	Do. bridge in Kulathinal thodu	3,050	Kodumon	do.
51	Constructing culvert in road to Elapanakovil	1,500	Kottarakara	Kottarakara
52	Improvements to Dispensary	17,320	Chadaya-mangalam	do.
53	Constructing foot bridge in Vekkanad	1,225	Thripalazhagom	do.
54	Improvements road from Thanneer Mukku	2,470	Veliyam	do.
55	Constructing drain Karayalar street	1,970	Ayikudy	Shencottah
56	Improvements to Chattayan street	184	Sambavar-Vada-kara	do.
57	Do. road from Ayikudy road	175	Ayikudy	do.
58	Improvements to road from 12|3 of M. P. road	885	Sambavar-Vadakara	Shenkottah
59	Do. Sambavar street	600	Do.	do.
60	Constructing a latrine in Market	1,350	Pathanapuram	Pathanapuram
61	Improvements to E. H. S., Thalavoor	9,993	Thalavoor	do.
62	Constructing culvert in Pathanapuram road	583	Pathanapuram	do.
63	Extension of Punalur G. H. School	9,315	Punalur	do.
64	Constructing bridge across Kalasakuzhi	5,315	Vadaserikara	Pathanamthitta
65	Constructing culvert in Pattathil thodu	3,465	Thiruvella	Thiruvella

APPENDIX I—(*contd.*)

S. No.	Name of works.	Amount.	Panchayat.	Taluk.
66	Improving road Kaviyoor Post Office	2,358	Kaviyoor	do.
67	Do. from Kakudy	1,050	Do.	do.
68	Constructing a culvert	2,990	Thiruvan-vandoor	do.
69	Improving road to Mannadakadavu	1,000	Kulanada	do.
70	Constructing culvert in Perumbakayam	1,175	Vallavoor	Changanaserry
71	Improving road to Madapally	720	Vazhoor	do.
72	Do. Cheruvally road	1,310	Do.	do.
73	Sinking well in Village Hall Compound	1,120	Parathodu	do.
74	Improvements to Padanilam road	885	Chirakadavu	do.
75	Do. Kunnukuzhy road	690	Vazhoor	do.
76	Sinking well in Meezhicode	1,730	Kanjirapally	do.
77	Constructing bridge in Neenadam road	2,940	Pampady	Kottayam
78	Improving Vaduthalaparambu lane	5,980	Neendeer	do.
79	Sinking well at Kaipuzha	1,125	Do.	do.
80	Do. Hospital compound	670	Do.	do.
81	Constructing culvert in Kathala road	1,853	Keerapadu	Kottayam
82	Improvements to Kurupanthara landing	1,975	Manjoor	Vaikom
83	Constructing culvert in Kurupanthara	1,425	Do.	do.
84	Do. in Thiruthupally road	1,245	Kaduthuruthy	do.
85	Do. foot bridge in Apuzha thodu	1,675	Maduraveli	do.
86	Improving tank in Vetchoor	337	Vetchoor	do.
87	Providing deck to bridge in Karumalloor	1,455	Manjoor	do.
88	Improving Njarakulam	1,194	Vetchoor	do.

APPENDIX I—(*contd.*)

S. No.	Name of works.	Amount.	Panchayat.	Taluk.
89	Improving Thevarpadam road	1,260	Bharananganam	Meenachil
90	Do. Ullanad road	2,200	Do.	do.
91	Do. Kottah road	1,366	Do.	do.
92	Constructing 2 ft. dia. R. C. C. Pipe culvert	680	Mutholy	do.
93	Improving Karimboly road	889	Thidanad	do.
94	Do. Kalikavu road	7,733	Kanakari	do.
95	Constructing culvert in Karimboly road	970	Thidanad	do.
96	Do. in Kandoor road	2,931	Do.	do.
97	Improving road from Kummannoor	1,846	Kidangoor	do.
98	Do. Ulavoor-Chittoor road	2,125	Karuvoor	do.
99	Do. Melukavu road	3,090	Melukavu	do.
100	Do. Venpally Vyala road	2,942	Kanakari	do.
101	Do. Kampanykadavu road	1,900	Aymanam	Kottayam
102	Constructing bridge over Thoothungal thodu	1,850	Do.	do.
103	Improving Paithakulam	1,950	Kuthattukulam	Muvattupuzha
104	Constructing bridge at Madakkathodu	8,864	Kalloorkavu	Thodupuzha
105	Constructing culvert in Nagapuzha	2,680	Kalloorkavu	Thodupuzha
106	Improving Maruthur road	2,790	Do.	do.
107	Constructing tank at Njarakuthi	790	Kodikulam	do.
108	Improving Udumpannoor road	1,973	Udumpannoor	do.
109	Do. Karimkunnam road	1,348	Karimkunnam	do.
110	Opening road from Puthencruz	2,390	Kizhakkambalam	Kunnathunad
111	Improving Thommana road	2,940	Do.	do.
112	Do. Perumbavoor road	2,060	Do.	do.

APPENDIX I—(*contd.*)

2|1307|A

S. No.	Name of Works.	Amount.	Panchayat.	Taluk.
		Rs.		
113	Improving road to Kuttiyattupadom	490	Kizhakkambalam	Kunnathunad
114	Opening road from Pangode road	3,000	Puthencruz	do.
115	Do. lane from Karukapally	1,350	Puothrikka	do.
116	Improving Angamali road	510	Kothakulangara	do.
117	Opening road from Muthussery	750	Kizhakkambalam	do.
118	Improving road from Post Office	1,125	Kadungalloor	Paravoor
119	Do. Chadayankulam	1,200	Cranganoor	Crangannoor
120	Do. Chalakulam	1,200	Do.	do.
121	Do. Chanankulam	1,830	Do.	do.
122	Rock blasting in well near Perumpadappuchira	1,300	Vallachira	Trichur
123	Do. at 0/3 of South Anjery road	1,940	Olloor	do.
124	Rock blasting in well near Vallachira Chapal.	700	Vallachira	Trichur
125	do. in Elanthuruthy.	1,660	Ollur	do.
126	Improving lane from Valiaparambu.	530	Poyya	Mukundapuram
127	Opening road from 0|6 of Mala road.	1,525	do.	do.
128	Improving tank in Sy. 62.	2,920	do.	do
129	do. road from Poyya School.	2,950	do.	do.
130	do. road from Sankarankavu.	1,585	do.	do.
131	do. Erayilkudy road.	308	Annamanada	do.
132	do. Thikudam road.	2,785	Kallur-Vadak-kummuri	do.
133	Opening road from Village Office.	2,000	Mala	do.
134	Improving Meladoor road.	412	Annamanada	do.
135	Opening Karimanchira road.	1,050	Velukara	do.

APPENDIX I—(*contd.*)

S. No.	Name of Works.	Amount.	Panchayat.	Taluk.
		Rs.		
136	Improving Vattaparambu road.	500	Annamanada	Mukundapuram
137	Ration Shop Road, Improving.	195	Thrikkoor	do.
138	Improving Kallumad road.	2,475	Kallur-Vadak-kummuri	do.
139	Ernapally road, Improving.	190	Parathissery	do.
140	Improving Kottai Mathikunnu road.	220	Thrikkoor	do.
141	Sinking a trial well in Trikkoot.	230	do.	do.
142	Improving Karoor road.	695	Mala	do.
143	do. Vennoor Kaipola road.	380	Annamanada	do.
144	do. Urakom Church road.	535	Muriyad	do.
145	do. Kizhadoor road.	890	Annamanada	do.
146	do. Road from Tharakkal Temple.	665	Muriyad	do.
147	do. East of Kallara Church.	470	Alloor	do.
148	do. S. M. S. Road.	1,250	Thrikkoor	do.
149	do. Kalloor Muchira.	415	do.	do.
150	do. Colony road.	320	do.	do.
151	do. Kalloor road.	590	do.	do.
152	do. Meladoor Nada road.	675	Annamanada	do.
153	do. Lane in Poyya.	500	Poyya	do.
154	Constructing foot bridge over Purathuyattu thodu.	950	Njarakkal	Cochin-Kana-yannur
155	Improving Nadumpuzha road.	6,900	Thiruvankulam	do.
	Total	3,49,592		

APPENDIX II.

SCHEDULE

(*Please see Page 518.*)

1	2	3		
		Sums not exceeding		
No. of Vote	Services and purposes	Voted by the Assembly	Charged on the Consolidated Fund	Total
		In lakhs of Rs.	*In lakhs of Rs.*	*In lakhs of Rs.*
I	Agricultural Income Tax and Sales Tax ..	0.74	..	0.74
II	Land Revenue ..	2.18	..	2.18
III	Excise ..	1.56	..	1.56
IV	Stamps ..	0.27	..	0.27
V	Forest ..	5.86	..	5.86
VI	Registration ..	1.20	..	1.20
VII	Motor Vehicles Act ..	0.59	..	0.59
VIII	Irrigation ..	11.77	..	11.77
	Debt charges ..	..	1.00	1.00
IX	Heads of States, Ministers and Head-quarters staff ..	2.39	0.47	2.86
X	State Legislature ..	0.40	0.02	0.42
XI	Elections ..	0.39	..	0.39
XII	District Administration and Miscellaneous ..	2.02	..	2.02
XIII	Administration of Justice ..	3.90	0.39	4.29
XIV	Jails ..	0.68	..	0.68
XV	Police ..	8.45	..	8.45
XVI	Scientific Departments ..	0.30	..	0.30
XVII	Education ..	45.72	..	45.72
XVIII	Medical ..	11.30	..	11.30
XIX	Public Health ..	2.94	..	2.94
XX	Agriculture ..	5.03	..	5.03
XXI	Rural Development .	5.40	..	5.40
XXII	Veterinary ..	0.54	..	0.54
XXIII	Co-operation ..	0.61	..	0.61
XXIV	Industries ..	9.72	..	9.72
XXV	Labour and Miscellaneous ..	3.03	..	3.03
XXVI	Civil Works ..	38.27	..	38.27
XXVII	Electricity ..	7.35	..	7.35
XXVIII	Pensions ..	7.16	0.02	7.18
XXIX	Stationery and Printing ..	2.19	..	2.19
XXX	Miscellaneous ..	2.74	12.75	15.49
XXXI	Extraordinary charges ..	1.90	..	1.90
XXXII	Community Development Projects ..	9.27	..	9.27

SCHEDULE—(*contd.*)

1	2	3		
		Sums not exceeding		
No. of Vote	Services and purposes	Voted by the Assembly	Charged on the Consolidated Fund	Total
		In lakhs of Rs.	*In lakhs of Rs.*	*In lakhs of Rs.*
XXXIII	Transport Schemes ..	14.65	..	14.65
XXXIV	Capital Outlay on Irrigation .	4.94	..	4.94
XXXV	Do. on Agricultural Improvement ..	0.06	..	0.06
XXXVI	Do. on Industrial Development ..	5.60	..	5.60
XXXVII	Do. on Civil Works ..	7.93	..	7.93
XXXVIII	Do. on Electricity Schemes ..	28.48	..	28.48
XXXIX	Capital Account of other works outside the Revenue Account ..	9.28	..	9.28
XL	Capital outlay on Transport Schemes ..	2.00	..	2.00
XLI	Capital outlay on State Schemes of Govt. Trading ..	14.17	..	14.17
XLII	Loans and Advances bearing interest ..	14.38	..	14.38
	Public Debt repayment ..	..	19.44	19.44
	TOTAL ..	297.36	34.09	331.45